50

# ജ്യോതിഷം

(അമൃതാ ടിവി യിലൂടെ വിവരിച്ചതിന്റെ സംക്ഷിപ്തം)

| | | | |
|---|---|---|---|
| കേ | ബു ര | ശു | മ |
| |  | | ഗു |
| ല | | | |
| ച | കു | | രാ |


ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
(Scientist & Director IISH)



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018
www.iish.org

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 106


Scanned with CamScanner

# ജ്യോതിഷം

(അമൃതാ ടിവി യിലൂടെ വിവരിച്ചതിന്റെ സംക്ഷിപ്തം)

ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018
www.iish.org

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് -106

Scanned with CamScanner

**ജ്യോതിഷം** (അമൃതാ ടിവി യിലൂടെ വിവരിച്ചതിന്റെ സംക്ഷിപ്തം)

**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D., D.Litt.
(Scientist & Director IISH)

Published by:

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 0471 - 2490149)
Website : www.iish.org, www.heritagevision.tv
iishteam@gmail.com

**Rs. 50/-**

*Printed at:*

Sree Printers
Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

# ഇതു വായിച്ചതിനുശേഷം മുന്നോട്ടു പോകുക !

ജീവിതം ഒരു നാടകമാണെന്ന് പറയാറുണ്ട്. ഇന്നലെകളിലെ അനുഭ ങ്ങളയവിറക്കിയാൽ അതു ബോധ്യപ്പെടും. ഏകദേശം 80 വയസ്സുവരെ ജീവിക്കുന്ന നാം, ഓരോ ദിവസവും 23080 പ്രാവശ്യം ശ്വാസോച്ഛ്വാസം ചെയ്യുന്നു. 60 ടൺ ഭക്ഷണം ഇക്കാലയളവിൽ കഴിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ഈ ദിവസം നാം ഈ ഭൂമിയിലുണ്ടായിരുന്നില്ല. അടുത്ത നൂറ്റാണ്ടിൽ ഈ ദിവസവും നമ്മളിവിടെ ഉണ്ടായിരിക്കയില്ല. എത്രകാലം ജീവിക്കുന്നു എന്നതിനേക്കാൾ പ്രാധാന്യം കൽപ്പിക്കേണ്ടത് ജീവിക്കു ന്നിടത്തോളംകാലം എങ്ങിനെ ജിവിക്കുന്നു എന്നതിനാണ്. അതൊരു ധന്യമായ ജീവിതമായിത്തീരണം. അല്ലെങ്കിൽ ഇന്നുമുതൽക്കങ്ങിനെ ആക്കിത്തീർക്കണം. ധന്യമായ ജീവിതത്തിന്റെ അർത്ഥം; നമുക്കും നമ്മ ളുമായി ബന്ധപ്പെട്ടവർക്കും പ്രയോജനപ്രദമായതും ഫലപ്രദമായിട്ടു ള്ളതും ലക്ഷ്യബോധത്തോടെയുള്ളതും ശാന്തമായതുമായ ഒരു ധന്യ ജീവിതം എന്നാണ്. ജീവിതമെന്നത് ജീവിക്കാനുള്ള തയ്യാറെടുപ്പല്ല. ജീവിതാനുഭവങ്ങളാസ്വദിച്ചുകൊണ്ടുള്ള പ്രയാണമാണ്. അവിടെ ജീവി തത്തിൽ നാം അഭിമുഖീകരിക്കുന്നതെല്ലാം അനുഭവങ്ങളുടെ ആകത്തു കയാണ്, ജീവിതാനുഭവങ്ങൾ ! ജീവിതത്തിൽ നാമനുഷ്ഠിക്കുന്ന കർമ്മ ങ്ങളാണ് നമ്മുടെ ജീവിതമായി ജനത/ലോകം കാണുന്നത്. മോക്ഷ ത്തിന്നായി മാത്രം ഹിമാലയത്തിൽ തപസ്സ് ചെയ്യുന്നവരെ ആരുമറി യുന്നില്ല. തപസ്സനുഷ്ഠിച്ചു ലഭിച്ച അനുഗ്രഹത്തെ (രാമായണവും, മഹാ ഭാരതവും) വേദങ്ങളും, പുരാണങ്ങളും രാമായണവും മഹാഭാരതവുമാ ക്കിത്തീർത്തവരെ ലോകം ഇന്നും സ്മരിക്കുന്നു.

കർമ്മമുണ്ടാകുന്നത് ചിന്തകളിൽ നിന്നാണ്. ചിന്തകളുണ്ടാകുന്നത് മന സ്സിൽ നിന്നുമാണ്. കർമ്മങ്ങളിൽ നിന്നുണ്ടാകുന്നതാകട്ടെ കർമ്മഫല ങ്ങളും അതിന്റെ പ്രതിഫലങ്ങളുമാണ്. കഴിഞ്ഞ ജന്മത്തിൽ ചെയ്തു തീർത്ത അനവധി കർമ്മങ്ങളുണ്ട്. ഒരുപക്ഷേ അവയുടെ കർമ്മഫല ങ്ങളും പ്രതിഫലങ്ങളും അനുഭവിച്ചു തീർക്കേണ്ടത് തീർക്കാൻ സാധി ച്ചിട്ടില്ലെങ്കിൽ അതെല്ലാം സഞ്ചിതകർമ്മഫലവുമായി (അനുഭവിച്ചു തീർക്കാത്ത കർമ്മഫലങ്ങളായി) ആത്മാവ് പ്രയാണം ചെയ്യുമെന്ന് 5,140 വർഷങ്ങൾക്കു മുമ്പ് ശ്രീകൃഷ്ണനും 5 വർഷങ്ങൾക്കു മുമ്പ് കാലി ഫോർണിയ യൂണിവേഴ്സിറ്റിയിലെ സൈക്കാട്രി പ്രൊഫസറും യുക്തി വാദിയുമായ ഡോ. ബ്രയൻ എൽ.വെയ്സും (ഇപ്പോളദ്ദേഹം മിയാമി യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നു) പറഞ്ഞ് തെളിയിക്കുകയു ണ്ടായി. കർമ്മഫലവും പേറിവരുന്ന ആത്മാവ്, ആ ഫലങ്ങളനു ഭവിച്ചുത്തീർക്കാനായി ഒരു ശരീരം തെരഞ്ഞെടുക്കും. ഈ കർമ്മഫ



Scanned with CamScanner

ലങ്ങളെല്ലാം അനുഭവിച്ചുതീർക്കാൻ പറ്റിയ ദേശത്ത്, കുടുംബത്തിൽ, അതിന്നനുയോജ്യമായ അവസരത്തിൽ, അതിന്നനുയോജ്യമായ ഒരു ശരീരമായിരിക്കും തെരഞ്ഞെടുക്കുക.

അമ്മയുടെ ഗർഭത്തിൽ ആ ശരീരം വളരുമ്പോൾതന്നെ അതിന് പൂർവ്വ ജന്മ സ്മരണയുണ്ടാകുമെന്നത് നമ്മുടെ ഉപനിഷത്തുകളിലും പുരാണങ്ങളിലും പറയുന്നതുപോലെ ആധുനിക മനഃശാസ്ത്രം റിട്രോഗ്ര സ്സീവ് ഹിപ്നോട്ടിസ (റിഗ്രസ്സീവ് ഹിപ്നോട്ടിസം) ത്തിലൂടെ കണ്ടുപിടിച്ചിരിക്കുന്നു.

അങ്ങിനെ ആത്മാവ് തെരഞ്ഞെടുത്ത ശരീരം, പല പല രൂപഭാവങ്ങളിലും ഗുണദോഷപ്രദർശനങ്ങളുമായിട്ടായിരിക്കും ഭൂമിയിൽ വരുക. അത് കള്ളനായും, കുള്ളനായും, അന്ധനായും, ആചാര്യനായും, സേവകനായും, സേനാനിയായും, സംഗീതജ്ഞനായും സംന്യാസിയായും, മുൻകോപിയായും, മുജ്ജന്മസ്മരണയുള്ളവനായുമെല്ലാം ജനിച്ച് ജീവിച്ച് ഇഹലോകവാസം വെടിയുമ്പോൾ ഞാൻ ആര് എന്ന പരമമായ ചോദ്യത്തിനുത്തരം "ഞാൻ ശരീരമല്ല..... ഞാൻ ആത്മാവാ"ണെന്നതാണ്. അത് പരമജ്ഞാനികളായ ഋഷീശ്വരന്മാർ, അവരെപ്പോലെയുള്ളവർക്കായി നൽകിയതാണ്.

പക്ഷേ ഈ ഉത്തരം പരീക്ഷാഹാളിലെ ഹാൾടിക്കറ്റിലോ സർക്കാരാഫീസിലെ ഐഡന്റിറ്റികാർഡിലോ, വോട്ടേഴ്സ് കാർഡിലോ, പാസ്പോർട്ടിലോ എഴുതാനാകില്ലല്ലോ. പാരമാർത്ഥിക ലോകത്തിനു താഴെ ഒരു വ്യാവഹാരികലോകമുണ്ട്. എല്ലാവർക്കുമതുണ്ട്. അവിടെ നാമാര് എന്ന ചോദ്യത്തിന് ഊരും പേരും നാളും മാതാപിതാക്കളും, ശരീരപ്രകൃതിയും വിദ്യാഭ്യാസവുമെല്ലാം നമ്മെ വിവരിക്കാനുള്ളതിന്റെ വസ്തുതകളടങ്ങുന്ന ഘടകങ്ങളായിത്തീരണം. വ്യാവഹാരിക ലോകത്തിലെ 'ഞാൻ' അതാണ്. ആ ഞാൻ എന്നെ സമഗ്രമായി വിവരിച്ചാലും എന്റെ ഉൾവശം സ്കാൻ ചെയ്തു നോക്കിയാലും, ഓർമ്മശക്തി ഇന്റർവ്യൂ ചെയ്തു നോക്കിയാലും ബുദ്ധിവൈഭവം ക്വാളിഫിക്കേഷനിലൂടെ നോക്കിയാലും, എന്നെക്കുറിച്ചു കുറേയൊക്കെയറിയാൻ സാധിക്കും. എന്നാൽ എല്ലാമറിയാൻ സാധിക്കില്ല. അറിയാൻ സാധിക്കാത്ത കാര്യങ്ങളുമെന്നെക്കുറിച്ചുണ്ട്. ഞാനാരുടെ മകനായി ജനിച്ചു എന്ന ചോദ്യത്തിന്റെ ഉത്തരംപോലെ എളുപ്പമല്ല അവരുടെ മകനായിത്തന്നെ എന്തുകൊണ്ട് ജനിച്ചു എന്ന ചോദ്യത്തിനുത്തരം. അതുപോലെ ആ വീട്ടിലെന്തുകൊണ്ടു ജനിച്ചു? കുള്ളനായിട്ടെന്തുകൊണ്ടു ജനിച്ചു? മധുരപ്രിയനായി - സംഗീതാസ്വാദകനായി - രാഷ്ട്ര സേവകനായി -



Scanned with CamScanner

രാഷ്ട്രീയക്കാരനായി..... എന്തുകൊണ്ട് ജനിച്ചു? എന്നീ ചോദ്യങ്ങൾക്കു മുത്തരം അത്ര എളുപ്പമല്ല.

അന്ധനായി, ബധിരനായി, കള്ളത്തര തൽപരനായി, കള്ളനോട്ടടിക്കാരനായി, അൽപായുസ്സായി എന്തുകൊണ്ടു ജനിച്ചു എന്നിപ്രകാരമിനിയുമനവധി ചോദ്യങ്ങളുണ്ടാകും. യേശുദാസായി, സദ്ദാംഹുസൈനായി, വിവേകാനന്ദനായി, ഇഡി അമീനായി, മഹാത്മാഗാന്ധിയായി... എന്തുകൊണ്ട് ജനിച്ചു?.... ഇത് ജനിച്ചതിന്റെ ഭൂതകാലചോദ്യങ്ങൾമാത്രമേ ആയുള്ളൂ!

ഉത്തരം ലഭിക്കാത്ത വർത്തമാനകാല ചോദ്യങ്ങളുമുണ്ട്. ദുര്യോധനൻ ആത്മഗതം പറഞ്ഞതുപോലെ ധർമ്മമെന്താണെന്നെനിക്കറിയാം. അതെന്റെ പ്രവൃത്തിയിലില്ലെന്നുമെനിക്കറിയാം. അധർമ്മമെന്താണെന്നുമെനിക്കറിയാം. അതല്ലാതെ മറ്റൊന്നും ഞാൻ ചെയ്യുന്നില്ലെന്നുമറിയാം. എന്റെ ഹൃദയത്തിലിരുന്നുകൊണ്ട് ഏതോ ഒരു ശക്തി എന്തെല്ലാം എന്നെക്കൊണ്ടു ചെയ്യിക്കുന്നുവോ അതെല്ലാം ഞാൻ ചെയ്യുന്നു. എന്തുകൊണ്ട് ദുര്യോധനൻ അങ്ങിനെ ചെയ്യുന്നു? നാമെല്ലാവരും എന്തുകൊണ്ടിങ്ങിനെയൊക്കെ ചെയ്യുന്നു? ചിലർ നിരന്തരം കള്ളത്തരം ചെയ്യുന്നു, കള്ളവാറ്റ്, കള്ളനോട്ട്, ചിലർ സേവനം, ചിലർ പരസഹായം, ചിലർ തത്വശാസ്ത്രജ്ഞന്മാരായുമെല്ലാം ജീവിക്കുന്നു. മറ്റേതെങ്കിലും മണ്ഢലത്തിലുള്ളവർ സാവധാനത്തിലോ അപ്രതീക്ഷിതമായോ മറ്റൊരു മണ്ഢലത്തിലേക്കു വരുന്നു. വിപ്ലവകാരിയായ അരവിന്ദൻ, മഹർഷി അരവിന്ദനായി. യുക്തിവാദിയായ നരേന്ദ്രൻ, വിവേകാനന്ദനായി. ബാരിസ്റ്ററായ മോഹൻദാസ് കരംചന്ദ്ഗാന്ധി, മഹാത്മാഗാന്ധിയായി. ഹോട്ടലിലെ സപ്ലെയറായ ഒരു സ്ത്രീ ഭാരതഭാഗ്യവിധാതാവായ സോണിയാഗാന്ധിയായി. രാജാവായിരുന്ന സ്വാതിതിരുനാൾ സംഗീതജ്ഞനായി മാറി.... എവിടെയാണിതിനെല്ലാം ഉത്തരമുള്ളത്?

ആധുനിക വൈദ്യശാസ്ത്രത്തിനും, ഫ്യൂച്ചറോളജിക്കും, ഒന്നും പറയാനില്ല. ഉണ്ടെങ്കിൽതന്നെ അവർക്ക് സൗമ്യമായി പറയാം; പ്രകൃതിയുടെ വരദാനം, പ്രകൃതിയുടെ വികൃതി, അല്ലെങ്കിൽ ഡെസ്റ്റിനി/നിയതി. ഇത് ഒരൊഴുക്കൻ മട്ടിലുള്ള ഉത്തരമല്ലേ ആയുള്ളൂ. ഒന്നും പറയാനില്ലാതെ വന്നപ്പോൾ പറഞ്ഞതാണിത്. അളന്നുതൂക്കി എന്തിന്റേയെങ്കിലും അടിസ്ഥാനത്തിൽ പറഞ്ഞതല്ല. മറ്റൊരുത്തരവുമില്ലാത്തതുകൊണ്ട് പറഞ്ഞതാണിത്. ആ പറഞ്ഞതിനും അടിസ്ഥാനമൊന്നുമില്ലായിരുന്നു. 'വെറുതേ പറഞ്ഞു എന്നുമാത്രം'. ലോകത്തിലെ ഒരു ജ്ഞാന വിജ്ഞാന ശാഖയും വെറുതെ പറഞ്ഞതിന്റെ അടിസ്ഥാന



Scanned with CamScanner

ത്തിലുണ്ടായിട്ടില്ല. ഒരുപക്ഷേ ചില പദങ്ങൾ അപ്രകാരം ഉത്ഭവിച്ചേക്കാം. മനുഷ്യന്റെ ഭൂതകാലവും വർത്തമാനകാലവും പറയാനായി തെരഞ്ഞെടുക്കേണ്ടതിന് ഒരടിസ്ഥാനമുണ്ടായിരിക്കണം. ആ അടിസ്ഥാനം അചഞ്ചലമായിരിക്കുകയും വേണം! അതുപോലെയാണ് ഭാവിയും ! ഇന്നു വൈകുന്നേരം എന്തുസംഭവിക്കുമെന്ന് പ്രൊബബിലിറ്റി തിയറി ഉപയോഗിച്ചോ ഫ്യൂച്ചറോളജിയുപയോഗിച്ചോ ഇന്നുച്ചവരെ നടന്നതിന്റെ എക്സ്ട്രാപൊളേഷനുപയോഗിച്ചോ പറയാനാകില്ല. നല്ല നടൻ, സംഗീതജ്ഞർ, റാങ്കു വാങ്ങിച്ചവൻ.... അങ്ങിനെ നൂറായിരം പ്രഗത്ഭർ, ഏതു സുപ്രഭാതത്തിലിവർ മറഞ്ഞുപോകും? മുടിചൂടാമന്നന്മാർക്കെന്തു സംഭവിക്കും? ഭിക്ഷക്കാരൻ ആക്രിവിറ്റു നടന്നവൻ ഒരു വലിയ വിദ്യാഭ്യാസ സമുച്ചയത്തിന്റെ അധിപനാകുമെന്നെങ്ങിനെ പ്രവചിക്കാം? സദ്ദാം ഹുസൈന്റെ കഴുത്തിൽ കൊലക്കയറ് വീഴുമെന്നാരെങ്കിലും പറഞ്ഞോ? കൊല ചെയ്ത് 40 വർഷം കഴിഞ്ഞ് ഒരു ഉന്നത പോലീസുദ്യോഗസ്ഥന് ലഭിച്ച തടവുശിക്ഷയുടെ വിധി കണ്ടില്ലേ? ഒരു കറുത്ത വർഗക്കാരൻ അമേരിക്കയിലെ വെളുത്ത കൊട്ടാരത്തിൽ വരുമെന്നെന്തുകൊണ്ടാരും പറഞ്ഞില്ല?

ഭൂതകാലത്തിൽ നിന്നോ വർത്തമാനകാലത്തിൽ നിന്നോ ഭാവികാലത്തെക്കുറിച്ച് പറയാനെന്തെങ്കിലുമൊരു ഉപാധി വേണമെന്നുള്ളവർക്ക് വേണമെങ്കിലുപയോഗിക്കാനൊരു വഴിമാത്രമാണ് ജ്യോതിഷം! ജ്യോതിഷ നിർദ്ദേശങ്ങൾ അനുശാസിച്ചേതീരു എന്നു പറയാതെ നമ്മുടെ പൂർവ്വികർ നമുക്കതുതന്നു. ഇതനുസരിച്ച് ജീവിച്ചാൽ നല്ലതാണെന്നുപോലും അവർ നിർദ്ദേശിച്ചില്ല. അവർ ഈ കണ്ടുപിടുത്തത്തിലെത്തിയത് എങ്ങിനെയാണെന്ന് അസന്ദിഗ്ധമായി ആർക്കും പറയാൻ സാധിക്കില്ല. അവർ ഒരവകാശവാദവും മുന്നോട്ടുവച്ചിട്ടുമില്ല. ജ്യോതിഷത്തിലെ കുറേകാര്യങ്ങൾ ശുദ്ധസയൻസാണ്. കുറേ കാര്യങ്ങൾ സയൻസുമായി ഒരു ബന്ധവുമില്ല എന്നതാണ് സത്യം. ജ്യോതിഷം പൂർണ്ണമായും സയൻസാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചാൽ പരമ അബദ്ധമാകും. അനവധി വസ്തുതകളാണിതിലുള്ളത്. ആ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ജ്യോതിഷപ്രവചനം നടത്തുക. ആ പ്രവചനത്തിനുതന്നെ വ്യത്യസ്ത മാനദണ്ഡങ്ങളുമുണ്ട്. വ്യത്യസ്ത അടിസ്ഥാനങ്ങളും നിയമങ്ങളും, രീതികളും വീക്ഷണങ്ങളും, ന്യായീകരണങ്ങളും... അങ്ങിനെ പലതുമുണ്ട്. ധാരാളം കാര്യങ്ങളുമുണ്ട്. ഇവയൊന്നും സയൻസിലില്ലാത്തതാണ്. അതുകൊണ്ടുതന്നെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സയൻസുകൊണ്ട് ഒരിക്കലും മാറാത്ത



Scanned with CamScanner

ജ്യോതിഷത്തിന്റെ അടിത്തറയുടെ വിജ്ഞാനത്തെ വിലയിരുത്താൻ സാദ്ധ്യമല്ല.

ഓരോ മനുഷ്യനും, ഓരോ ഗ്രഹവും പ്രത്യേകം പ്രത്യേകം ഫലം തരുന്നു എന്നത് സയൻസിനു ചിന്തിക്കാനേ സാദ്ധ്യമല്ല. ലക്ഷക്കണക്കിന് കിലോമീറ്ററപ്പുറത്തുനിന്ന് ഈ ഗ്രഹം ഇങ്ങനെയുള്ളതു തരുന്നു എന്നു പറഞ്ഞാൽ അതിലും വലിയ അബദ്ധം മറ്റൊന്നുണ്ടാവാനിടയില്ല. അൽപ്പസ്വൽപ്പം സമയ വ്യത്യാസത്തിൽ ജനിച്ചവർക്കുപോലും ഒരേഗ്രഹം പരസ്പ്പര വിരുദ്ധമായ ഫലങ്ങളാണു നൽകുന്നതെന്നു പറഞ്ഞാൽ ചിലപ്പോൾ ശാസ്ത്രജ്ഞർ കളിയാക്കും, ബുദ്ധിസ്ഥിരതയില്ലേ എന്നും ചോദിച്ചേക്കാം.

കിണറിന്റെ അളവിലേക്കു ചുരുക്കി സമുദ്രത്തെ കിണറുമായി താരതമ്യം ചെയ്താൽ അബദ്ധമാവില്ലേ. ഇതാണ് ഭാരതീയ പൈതൃക വിജ്ഞാനങ്ങളാകുന്ന സാഗരങ്ങളും പാശ്ചാത്യ വിജ്ഞാനങ്ങളാകുന്ന കിണറും തമ്മിലുള്ള വ്യത്യാസം. അങ്ങിനെയുള്ള ജ്യോതിഷം ദേശവും കാലവും അതിജീവിച്ചു മുന്നോട്ടുപോകുന്നു. ആയിരക്കണക്കിനു വർഷങ്ങൾക്കുമുമ്പ് ഉദയം ചെയ്ത ജ്യോതിഷം, യോഗ, ആയുർവേദം, മന്ത്രം, ആരാധന, സംസ്കൃതഭാഷ, വേദഗണിതം, ഭാരതീയ സംഗീതം, നൃത്തം, വാസ്തു ............ ഇന്നുമുണ്ട്. പൂർവാധികം ശക്തിയായി അവയെല്ലാം തിരിച്ചുവരുന്നു. ദേശ ദേശാന്തരങ്ങൾ കീഴടക്കിക്കൊണ്ട് മുന്നോട്ടുപോകുന്നു.

ഒരു നൂറ്റാണ്ടിന്റെപോലും പഴക്കമില്ലാത്ത സോഷ്യലിസം, കമ്യൂണിസം, ക്യാപ്പിറ്റലിസം, സയിന്റിസം.... ഇന്നെവിടെ നിൽക്കുന്നു. മാനവരാശിക്കും പ്രകൃതിക്കും ചേരാത്തതെല്ലാം പ്രകൃതി തട്ടിത്തെറിപ്പിക്കും. വളരാനനുവദിക്കില്ല. വ്യക്തിക്കും സമൂഹത്തിനും പ്രപഞ്ചത്തിനും സമഞ്ജസമായി വരുന്നതെല്ലാം നിലനിൽക്കും. അത് പ്രചരിപ്പിക്കാൻ ഒരു നേതാവുപോലുമില്ലെങ്കിലും! അതിന്നാരാധകരില്ലെങ്കിലും, ആ മൂല്യങ്ങളെ ശ്വാസം മുട്ടിച്ചു കൊല്ലാൻ ശ്രമിച്ചാലും, അതെല്ലാം ചൈതന്യവത്തായി വളരും. വളർന്നു പന്തലിക്കുകതന്നെ ചെയ്യും. ഭാരതത്തിന്റെ മണ്ണിൽ ഭാരതീയമായതൊന്നും തളരില്ല, തകരില്ല. അതെല്ലാം ഇവിടെ നിന്നും ലോകത്തിലെവിടേക്കും പകരും പടരും. അതാണ് ഭാരതം മരിക്കാതിരിക്കാൻ കാരണം. നമ്മുടെ സംസ്കൃതിയും! അതിലുള്ളത് സത്യമാണ്, പ്രപഞ്ചസത്യം, ശാശ്വതസത്യം.

പക്ഷേ ഒന്നുണ്ട് ജാതകവും ജ്യോതിഷവും അന്ധവിശ്വാസത്തിലേക്കു നയിക്കുന്നില്ല. അതു കൈകാര്യം ചെയ്യുന്നവരാണ് അതിനെ അന്ധ



Scanned with CamScanner

**വിശ്വാസത്തിലേക്ക് കൊണ്ടുപോകുന്നത്.** വർത്തമാനവും ഭാവിയും ജ്യോതിഷത്തിലൂടെ അറിയുമ്പോൾ അത് ജാതകന് ഭയപ്പാടുണ്ടാക്കുന്നതായി തോന്നുന്നുവെങ്കിൽ ആ ഭയത്തിൽ നിന്നു മോചനം നേടാൻ ചിലർ ഒളിച്ചോടുന്നത് അന്ധവിശ്വാസത്തിലേക്കാണ്. ചിലർ മറ്റു ചിലരെ ഇപ്രകാരം അനാചാരത്തിലേക്കും ദുരാചാരത്തിലേക്കും ദുഷ്പ്രവൃത്തിയിലേക്കും നയിക്കുന്നു. ജ്യോതിഷം അപ്രകാരമൊരു നിർദ്ദേശം നൽകുന്നേയില്ല.

ജ്യോതിഷ വിവരങ്ങൾ ഇങ്ങിനെയെടുക്കാമെന്നു ചുണ്ടിക്കാണിക്കുന്നു. As is the microcosm so is the macrocosm പിണ്ഡാണ്ഡത്തിലുള്ളതുപോലെയാണ് ബ്രഹ്മാണ്ഡത്തിലെന്നു പറയുന്നു. ആ ബ്രഹ്മാണ്ഡത്തിന്റെ ഒരു സൂക്ഷ്മ രൂപമായ സൂര്യനേയും ചന്ദ്രനേയും അവയ്ക്കു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്ന സൗരയൂഥത്തിലെ ഗോളങ്ങളേയും സയന്റിഫിക്കായിത്തന്നെയെടുത്ത്, മനുഷ്യജീവിതം 120 വർഷമാണെന്നു വിലയിരുത്തുന്നു. ആ ജീവിതത്തിലെ ആദ്യശ്വാസം മുതൽ അന്ത്യശ്വാസം വരെയുള്ള പാരമാർത്ഥിക സത്യവും, വ്യാവഹാരികസത്യങ്ങളും **സ്പേസും, ടൈമും, മാറ്റവും** ചേർത്ത് വിവരിക്കാൻ പാകത്തിന് ആധുനിക സയൻസ് വളർന്നിട്ടില്ല. ആധുനിക സയൻസ് പുറമേ നിന്നുള്ളതിൽ നിന്നാണ് അകമേക്ക് പ്രയാണം ചെയ്യുന്നത്. ഭാരതീയ ശാസ്ത്രം അകമേ നിന്നാരംഭിച്ച് പുറമേക്കു വരുന്നു. പുറമേയുള്ളത് നിരന്തര മാറ്റങ്ങൾക്ക് വിധേയമാകുന്നതാണ്. അകമേയുള്ളത് അചഞ്ചലവുമാണ്. അചഞ്ചലമായ അടിത്തറയിൽ നിന്നാണ് ഭാരതീയ ഭൗതീകശാസ്ത്രവും ആത്മീയ ശാസ്ത്രവും അവയുടെ എല്ലാ ശാഖോപശാഖകളും വളർന്നത്. ഭാരതീയ അടിത്തറയുള്ള ഒന്നിന്റേയും അടിത്തറ മാറ്റേണ്ടി വരാത്തതും, ഇളകാത്തതായിത്തന്നെ നിലനിൽക്കുന്നതിനും കാരണം, അത് ശാശ്വത സത്യത്തിലധിഷ്ഠിതമായതിനാലാണ്. താൽകാലിക സത്യങ്ങളിൽ അടിത്തറയുറപ്പിച്ച ഇന്നത്തെ സയൻസ് അടിപതറിപ്പോയിക്കൊണ്ടിരിക്കുന്നു. ആ സയൻസ് കൈകാര്യം ചെയ്യുന്നവരിലും ഈ പതർച്ചയുണ്ട്. ആ സയൻസുപോലെ ഒന്നിന്റെ അഥവാ സയൻസിന്റെ പന്ഥാവിലൂടെ ഭാരതീയമായ പലതും വ്യാഖ്യാനിക്കാൻ ശ്രമിച്ചാലും വിജയിക്കില്ല. ജ്യോതിഷവും അപ്രകാരം കൈകാര്യം ചെയ്യാനും വ്യഖ്യാനിക്കാനും ശ്രമിച്ചാലും, ശ്രമിക്കുന്നവരിൽ തെറ്റിദ്ധാരണകളും അപഥസഞ്ചാരവും കാണാം. ആധുനിക സയൻസിലെ അധർമ്മങ്ങളെ നിയന്ത്രിക്കുന്നതുപോലെ ഭാരതീയ ചിന്താധാരകളിലെ അധാർമ്മിക പ്രയോഗങ്ങളേയും നമുക്കൊരുമിച്ച് കൈകാര്യം ചെയ്യാം. തെറ്റുകളെ തെറ്റുകളായികണ്ടുതന്നെ പ്രതികരി



Scanned with CamScanner

ക്കാം. അതിന് ആദ്യം വേണ്ടത് ആധുനിക സയൻസിലെ തിന്മകളറിയണം. പുരാതന ശാസ്ത്രത്തിലെ തിന്മകളുമറിയണം. രണ്ടിലേയും നന്മകളുമറിയണം. വേണ്ടവിധത്തിലിവയെല്ലാം നന്മക്കായി പ്രയോജനപ്പെടുത്തണം.

ആധുനിക വൈദ്യശാസ്ത്രം ഇന്ന് ഏതാണ്ട് പൂർണ്ണമായും അധാർമ്മിക പന്ഥാവിലൂടെ പോകുന്നു. അതൊരു ബിസിനസ്സാണിന്ന്. സർജറിയും, മരുന്നും, കിടക്കയുടെ വാടകയും, ആശുപത്രിയുമെല്ലാം കമ്മീഷന്റേയും, ശമ്പളത്തിന്റേയും, ആഡംബരത്തിന്റേയും അടിസ്ഥാനത്തിലാണിന്നു മുമ്പോട്ടു പോകുന്നത്. വേണ്ടതിനും വേണ്ടാത്തതിനും ഓപ്പറേഷൻ, വേണ്ടതിനേക്കാൾ പത്തിരട്ടി മരുന്ന്, മാരകവിഷംപോലും മരുന്നായി നൽകുന്നത്, മെഡിക്കൽ റെപ്രസന്റേറ്റീവ്സ് വച്ചുനീട്ടുന്ന കമ്മീഷൻതുക കണ്ടുകൊണ്ടും ആശുപത്രി കിടക്കയിൽ ദിവസങ്ങളോളം കിടത്തിയും, മുറിയുടെ വാടകക്കുവേണ്ടിയുമാണ്. ആരോഗ്യമുള്ളവന്റെ ഹൃദയ ശസ്ത്രക്രിയപോലും കമ്മീഷനുവേണ്ടി ചെയ്യുന്ന കാലത്തിൽ നാം വിരൽ ചൂണ്ടേണ്ടത് ശാസ്ത്രത്തിലേക്കാണ്. ആധുനിക സ്കാനിംഗ് മുതൽക്കാരംഭിക്കുന്നു ഡോക്ടർമാർക്കും ആശുപത്രിക്കാർക്കുമുള്ള കമ്മീഷൻ. രോഗിയുടെ കിഡ്നിയും, രക്തവും പ്ലാസ്മയും എടുത്തു വിൽക്കുന്നവർവരെ ഇന്ന് വൈദ്യ മണ്ഡലത്തിൽ സുലഭമായുണ്ട്.

ആധുനിക ശാസ്ത്ര മണ്ഡലത്തിൽ കാൽനൂറ്റാണ്ടിലധികം പ്രവർത്തിച്ചവനെന്ന നിലയിൽ ഞാൻ പറയന്നു; ഇന്നു ലോകത്തിൽ നടക്കുന്ന ശാസ്ത്രഗവേഷണങ്ങളിൽ 80 ശതമാനവും കള്ളത്തരവും അബദ്ധജടിലമായ അവകാശവാദമുന്നയിക്കലുമാണ്. മാരകമായ ഔഷധങ്ങളുണ്ടാക്കി കണ്ടുപിടുത്തമാക്കിയവരുണ്ട്. ഇല്ലാത്ത നൂറുകണക്കിന് പേറ്റന്റുകളുണ്ടാക്കി പ്രൊമോഷൻ വാങ്ങിയവരും! ചെയ്യാത്ത ഗവേഷണങ്ങൾ നടത്തി കൃത്രിമ ഗവേഷണ ഫലങ്ങളുണ്ടാക്കി വീരശൂര പരാക്രമഗവേഷണം നടത്തിയവരനവധിയാണ്. അവാർഡുകളും, പേറ്റന്റുകളും, പ്രബന്ധങ്ങളും, ലോകത്തിലെ മറ്റേതു മണ്ഡലങ്ങളേയും മലിനമാക്കിയതിനേക്കാൾ കൂടുതൽ ശാസ്ത്രഗവേഷണ മണ്ഡലങ്ങളേയും ശാസ്ത്രജ്ഞന്മാരേയും മലിനമാക്കിയിട്ടുണ്ട്. ഇന്നത്തെ ശാസ്ത്ര ഗവേഷണം മിക്കതും പ്രമോഷനും അധികാരത്തിനും വേണ്ടിയുള്ളതാണ്.

നീതിന്യായ വകുപ്പുകളും, വിധിന്യായങ്ങളും, വാദിക്കുന്ന അഡ്വക്കേറ്റുമാരും, വിധിപറയുന്ന ജഡ്ജിമാരും ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പിനെത്തന്നെ വെല്ലുവിളിക്കുന്ന അധാർമ്മികതയിലെത്തി നിൽക്കുന്നില്ലേ? അധർമ്മത്തിന്റേയും, അനീതിയുടേയും, അന്യായത്തിന്റേയും അഗ്നി



Scanned with CamScanner

ജ്വാലകൾ കെടുത്തേണ്ടവർതന്നെ അതാളിക്കത്തിക്കുന്നത് ഈ ലോകം കാണുന്നു.

ഭരണമണ്ഡലത്തിലെ അസത്യം, അധർമ്മം, എല്ലാം ഈ പുസ്തക ത്തിലെഴുതിയാൽ ഈ പുസ്തകവും നാറും. പ്രവചനങ്ങൾ ശാസ്ത്ര മണ്ഡലത്തിലും ചിലപ്പോൾ പൂർണ്ണമായും തെറ്റാറില്ലേ? കഴിഞ്ഞ ഏതാനും വർഷങ്ങളായി ലോകരാഷ്ട്രങ്ങളനുഭവിച്ച സാമ്പത്തിക മാന്ദ്യം ശാസ്ത്രത്തിനെന്തുകൊണ്ട് പ്രവചിക്കാൻ സാധിച്ചില്ല? അമേ രിക്കയിലെ സാമ്പത്തിക തകർച്ച, മതതീവ്രവാദം, ഇതൊന്നും പ്രവചി ക്കാനെന്തുകൊണ്ട് സാധിച്ചില്ല? കമ്മ്യൂണിസത്തിന്റെ തകർച്ച, ചൈന യുടെ ചുവടുമാറ്റം, റഷ്യ തകർന്നു തരിപ്പണമായത് ഇതൊക്കെ. എന്തു കൊണ്ട് ശാസ്ത്രജ്ഞന്മാരും, ബുദ്ധിജീവികളും പ്രവചിച്ചില്ല. മനുഷ്യ നുവേണ്ടിയാണിതെല്ലാമെങ്കിൽ മനുഷ്യനുവേണ്ടി വാദിക്കുന്നവരുടെ അനുഭവസമ്പത്തുകൊണ്ടും ബുദ്ധികൊണ്ടും ഇതെല്ലാം പ്രവചിക്കേ ണ്ടതല്ലേ? എയ്ഡ്സ് രോഗം മുതൽക്കിങ്ങോട്ട് നൂറ്റിയമ്പതിൽപരം പുതിയ രോഗങ്ങൾ സയൻസിന്റെ മഹത്തായ സംഭാവനയല്ലേ? വിനാ ശകാരിയായ മാരകായുധങ്ങൾ, കീടനാശിനികൾ, ഔഷധങ്ങളെന്നു പറഞ്ഞു വിൽക്കുന്ന രാസവസ്തുക്കൾ, പ്ലാസ്റ്റിക്കുകൾ, വിഷവാതക ങ്ങൾ, മാലിന്യങ്ങൾ, ഇവയെല്ലാം സയൻസിന്റെ ഉൽപ്പന്നങ്ങളല്ലേ. സയൻസിന്റെ സംഭാവനകളല്ലേ? ഇതിനെതിരെയല്ലേ ഇപ്പോൾ മുറവി ളികൂട്ടുന്നത്.

സയൻസാണെല്ലാമെന്നു പറഞ്ഞു നടക്കുന്നവർ യുക്തിവാദികളും ബുദ്ധിജീവികളുമായി കുറേക്കാലം പേപ്പട്ടികളെപോലെ നടന്ന് അവ സാനം അവരെല്ലാം ചെന്നെത്തിയതും എത്തിക്കൊണ്ടിരിക്കുന്നതും ഈ പൈതൃകത്തിലേക്കാണ്. ആധുനിക സയൻസും സാങ്കേതിക വിദ്യ കളും മാനവരാശിക്കും, ഭൂമിക്കും, സസ്യലതാദികൾക്കും, പ്രകൃതിക്കും ചെയ്തുകൊണ്ടിരിക്കുന്ന തിന്മയുടെ പത്തുകോടിയിലൊരംശം തിന്മ ജ്യോതിഷം മനുഷ്യനു ചെയ്തിട്ടില്ല, ചെയ്യുന്നില്ല, ചെയ്യുകയുമില്ല.

അത് ഭാരതത്തിന്റെ സംഭാവനയാണ്. മറ്റെല്ലാ ജ്ഞാനവിജ്ഞാന ശാഖ കളിലും ഭാരതീയർ നൽകിയ സംഭാവനപോലെ അതിബൃഹത്തായ ഒരു സംഭാവനയാണിത്. വേണമെങ്കിൽ സ്വീകരിക്കുക, അതല്ലെങ്കിൽ തിരസ്കരിക്കുക. രണ്ടിനുമുള്ള സ്വാതന്ത്ര്യം ഈ വിജ്ഞാനശാഖയുടെ സ്രഷ്ടാക്കൾ തടഞ്ഞിട്ടില്ല. ജ്യോതിഷമുപയോഗിച്ച് സ്വർഗ്ഗത്തിലേയ്ക്കു പോകാമെന്നോ ഈശ്വരനെ സന്തോഷിപ്പിക്കാമെന്നോ അമാനു ഷികസിദ്ധി കൈവരിക്കാമെന്നോ നമ്മുടെ പൂർവ്വികർ പറഞ്ഞിട്ടില്ല. ഒരു ഭൂപടം കാണിച്ച് അതിലെ റോഡുകളും, റെയിൽവേ ലൈനുകളും, നദി

കളും, മലകളും, കാണിച്ചുതരുന്നതുപോലെ മനുഷ്യന്റെ ജാതകമാകുന്ന ഭൂപടത്തിൽ ഉള്ളതെല്ലാം പ്രതീകാത്മകമായി അറിയാനാഗ്രഹിക്കുന്നവർക്കായി രാശിചക്രത്തിൽ എഴുതിവെക്കാമെന്നും അതു വ്യാഖ്യാനിച്ച് ഭൂത-വർത്തമാന-ഭാവികാലങ്ങളെക്കുറിച്ചറിയാമെന്നും അവർ പറഞ്ഞത്, അതേപടി വെട്ടിവിഴുങ്ങണമെന്നർ പറഞ്ഞിട്ടില്ല. മറ്റെല്ലാ മണ്ഡലങ്ങളിലും കള്ളവും കള്ളത്തരവുള്ളതുപോലെ ജ്യോതിഷം - ആയുർവേദം - വൈദിക - താന്ത്രിക - സംഗീത - നൃത്ത - പഠന പ്രചാരണങ്ങളിലും ഇതെല്ലാമുണ്ടാകും. അത് ആ ജ്ഞാനവിജ്ഞാന ശാഖകളുടെകുഴപ്പമല്ല. അതു കൈകാര്യംചെയ്യുന്നവരുടെ കുഴപ്പമാണ്. അവരെയാണ് നിലയ്ക്കു നിർത്തേണ്ടത്. നിലയ്ക്കു നിൽക്കേണ്ടവർ ആദ്യം നിന്നിട്ടുവേണം മറ്റുള്ളവരെ നിർത്താൻ. അതിന് മുഷ്ടി ചുരുട്ടി ആകാശത്തേക്ക് നീട്ടി "തോറ്റിട്ടില്ല തോറ്റിട്ടില്ല തോറ്റ ചരിത്രം കേട്ടിട്ടില്ല" എന്നാക്രോശിക്കലല്ല വേണ്ടത്. സത്യവും അസത്യവും, ധർമ്മവും അധർമ്മവും, ന്യായവും അന്യായവും ജനതയ്ക്ക്, ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. ജീവിത യാഥാർത്ഥങ്ങളറിയിക്കണം. അതിലെ ചില കാര്യങ്ങളുടെ സൂചന ലഭിക്കാൻ മാത്രമായി ജ്യോതിഷത്തെ വേണമെങ്കിൽ ഉപയോഗിക്കാനായി ഉപദേശിക്കണം. വേണ്ടതിനും വേണ്ടാത്തതിനും ജ്യോതിഷം ഉപയോഗിക്കാനുള്ള മാനസികവസ്ഥയാണ് മാറേണ്ടതെന്നറിയിക്കണം. ഇനി നമുക്ക് ജ്യോതിഷത്തിലേക്ക് കടക്കാം.

### ഇതാ മനുഷ്യരിൽ ചിലരുട കഥകൾ

ജാതകം വിശകലനം ചെയ്യുമ്പോൾ പലതരത്തിലുള്ള വസ്തുതകളും ഓർമ്മയിൽ വെക്കാനും ഓർമ്മയിൽ വെച്ചിരിക്കുന്ന തത്വങ്ങൾ ജാതക പരിശോധനയിൽ ഉപയോഗിക്കാനും എളുപ്പത്തിൽ സാധിക്കുന്നതിന് നമ്മുടെ ജീവിത യാഥാർത്ഥ്യങ്ങൾ തന്നെ ഉദാഹരണമായിട്ടെടുക്കുക.

ജീവിതത്തിൽ എല്ലാവർക്കും സുഖദുഃഖങ്ങളുണ്ട്. സാമ്പത്തികമായി ഉയർച്ചയും താഴ്ചയുമുണ്ട്. നന്മതിന്മകളുണ്ട്. അത് വ്യത്യസ്ത കാലഘട്ടങ്ങളിൽ അനുഭവിക്കേണ്ടിയും വരാറുണ്ട്. ഉയർന്നവർ താഴാറുണ്ട്. താഴ്ന്നവർ ഉയരുകയും ചെയ്യുന്ന കാഴ്ച കാണാം. വളരെ നല്ലവന് ചിലപ്പോൾ ദുഃഖപൂർണ്ണമായ കുടുംബബന്ധം ഉണ്ടായെന്നുവരാം. ചിലരുടെ ഭാഷാപ്രയോഗം കൊണ്ട് മാത്രം നല്ല അവസ്ഥ മാറി പരിതാപകരമായ അവസ്ഥയിലെത്തിയെന്നുവരാം. ചിലർക്ക് ബന്ധുക്കളുടെ സഹായത്തിലൂടെ വളരാൻ സാധിച്ചു എന്നുവരാം. ചിലർക്ക് അടുത്ത ബന്ധുക്കൾ ശത്രുക്കളെപ്പോലെ പെരുമാറുന്നു എന്നും കാണാം. ചിലർക്ക്

അപ്രതീക്ഷിതമായ ഭാഗ്യം വന്നുചേരുന്നു. ചിലർക്ക് അച്ഛനിലൂടെ / അമ്മയിലൂടെ / സർക്കാരിലൂടെ / ഓഫീസിലെ മാറ്റങ്ങളിലൂടെ ഉയരാനും ചിലപ്പോൾ തകരാനും ഇടവരുന്നതായിക്കാണാം. ഇതെല്ലാം ജീവിത യാഥാർത്ഥ്യങ്ങളാണ്. ഒരു വ്യക്തിക്കും ജീവിതം മുഴുവനും ഒരേ അവസ്ഥയുണ്ടായി എന്നുവരില്ല. അതികുലീനമായ കുടുംബത്തിൽ ജനിച്ചവർ മദ്യപിച്ചു കൂത്താടിനടക്കുന്നതു കാണാം. മരിച്ച് ദിവസങ്ങളോളം ചില മനുഷ്യരുടെ ശവശരീരം മോർച്ചറിയിൽ കിടന്നുവെന്നുവരാം. വീരശൂരപരാക്രമിയായി വാണരുളിയവൻ തൂക്കുകയറിൽ ജീവിതമൊടുക്കുന്നു. നന്മയുള്ളവർ വെടിയേറ്റു മരിക്കുന്നു. ഋഷിതുല്യരായവരിൽ ചിലർ ക്യാൻസർ വന്നുമരുക്കുന്നു. ഇനിയുമുണ്ട് ഒരായിരം ജീവിതാത്ഭുതങ്ങൾ പറയുവാൻ. അതെല്ലാം കഥകൾപോലെ കേൾക്കാനും, സിനിമ പോലെ കാണാനും സാധിക്കും. മാളികമുകളിലേറിയ മന്നന്റെ .................... അറിയാമല്ലോ? ഭാരതത്തെ വിറപ്പിച്ച ഇന്ദിരാഗാന്ധി വെടിയേറ്റു മരിച്ചു. മകനും അതുതന്നെ സംഭവിച്ചു. മഹാത്മാഗാന്ധിക്കും സംഭവിച്ചതു വ്യത്യസ്തമായിരുന്നില്ല. സുഭാഷ്ചന്ദ്രബോസിനെന്തു സംഭവിച്ചു എന്നു ഇന്നുമറിഞ്ഞുകൂടാ. ഇറ്റലിയിൽ ഹോട്ടൽ ജോലി ചെയ്തിരുന്ന ഒരു സ്ത്രീക്ക് ഇന്ന് ഭാരതത്തിന്റെ വർത്തമാനവും ഭാവിയും തീരുമാനിക്കാനുള്ള ഭാഗ്യം വന്നു ചേർന്നു. മുക്കുവക്കുടിലിൽ ജനിച്ച ഡോ. എ.പി.ജെ. അബ്ദുൾകലാം എവിടെവരെയെത്തി. വിപ്ലവകാരിയായിരുന്ന അരവിന്ദൻ, മഹർഷിപദത്തിലേക്കുയർന്നു. ഒരു വിദ്യാഭ്യാസവുമില്ലാതിരുന്ന രാമകൃഷ്ണ പരമഹംസർക്ക് ഒരു നരേന്ദ്രനെ വിവേകാനന്ദനാക്കുവാൻ സാധിച്ചു. ഒരു ശങ്കരാചാര്യർക്ക്, ഒരു ചാണക്യന്, ഒരു ശിവജിക്ക്,....... എന്തെല്ലാം ചെയ്യുവാൻ സാധിച്ചു. കാലചക്രം തിരിയുമ്പോൾ അതിന്റെ താളത്തിൽ തിരിയുന്ന മനുഷ്യൻ ഉയർന്നും താഴ്ന്നും ജീവിതത്തിലിങ്ങിനെ വളരുകയും തളരുകയും ചെയ്യുന്നതിന്റെ കാരണമന്വേഷിക്കാൻ, ആധുനിക ശാസ്ത്രത്തിന്റെ ഉപകരണങ്ങളുപയോഗിച്ച് എത്ര പരീക്ഷണഗവേഷണങ്ങൾ നടത്തിയാലും, ഒരു ശാസ്ത്രജ്ഞനും സാദ്ധ്യമല്ല. ഒരുപക്ഷേ ജ്യോതിഷത്തിന് കുറച്ചെങ്കിലും സാധിച്ചേക്കും. ഒരു കമ്പ്യൂട്ടറിനും, ഒരു ഫ്യൂച്ചറോളജസ്റ്റിനും നാളെ എന്തുസംഭവിക്കുമെന്നു പറയാൻ സാദ്ധ്യമല്ല! അതുകൊണ്ട് ഇനി ജ്യോതിഷത്തെ പരിചയപ്പെടാം.



Scanned with CamScanner

# ജ്യോതിഷ പരിചയം (ഒരു പഠനം)

## ജ്യോതിഷത്തെക്കുറിച്ചൊരു വിലയിരുത്തൽ

ജ്യോതിഷം പഠിക്കാനെളുപ്പമല്ല. മറ്റേതൊരു ഭാരതീയ പൈതൃകപഠനംപോലെ വിഷമമേറിയതാണ്, ജ്യോതിഷ വിഷയവും. ഗണിതശാസ്ത്രവും ജ്യോതിശ്ശാസ്ത്രവും കൊണ്ട് പൂരിതമായതിനാൽ ജ്യോതിഷപഠനം ഭൂരിഭാഗത്തിനും വളരെ ക്ലേശകരമാണ്. അനവധി വസ്തുതകൾ പരിശോധിച്ച് വിലയിരുത്തിവേണം ഏതുതരത്തിലുള്ള സന്ദേശവും കൊടുക്കാൻ. ഒരു ഡോക്ടർകൊടുക്കുന്ന മുന്നറിയിപ്പിനേക്കാൾ, ജനത ഭയപ്പെടുന്നത് ഒരു ജ്യോതിഷിയുടെ മുന്നറിയിപ്പും ഉപദേശവുമാണ്. ജ്യോതിഷപ്രവചനത്തിൽ വിശ്വാസവും അവിശ്വാസവും ഉണ്ടായേക്കാം. പക്ഷേ ആ പ്രവചനത്തെ ആധാരമാക്കുന്നവർക്ക് പ്രവചനം തന്നെ നന്മക്കും തിന്മക്കും കാരണമായേക്കാം. അതുകൊണ്ടുതന്നെ ഈ ഭാരതീയ പൈതൃക ജ്ഞാനവിജ്ഞാന സമ്പത്ത് എങ്ങിനെ പ്രയോജനപ്പെടുത്താമെന്നറിഞ്ഞാൽ നാം വഞ്ചിക്കപ്പെടുകയില്ല. മറ്റൊരർത്ഥച്ചിൽ ജീവിത യാഥാർത്ഥ്യങ്ങൾ വിവേചിച്ചറിയുമ്പോൾ സുഖദുഃഖങ്ങൾ സ്വാഭാവികമാണെന്ന തിരിച്ചറിവുണ്ടാകുമെന്നത് യുക്തിസഹമായി അറിയണം.

- പാപമോചനത്തിനോ പുണ്യശേഖരണത്തിനോ ഉള്ള പന്ഥാവല്ല ജ്യോതിഷവും ജ്യോതിഷിയും. ശരീരം പരിശോധിച്ച് അതിലെകാര്യങ്ങൾ വിവരിക്കുന്നതിന് ഡോക്ടറുടെ മുമ്പിലുള്ള ഇ.സി.ജി., ഇ.ഇ.ജി., എക്സ്റേ എന്നിവപോലെയാണ് രാശിചക്രം നോക്കുന്നതിൽ ജ്യോതിഷിക്കുള്ള പങ്ക്.

- ആ രാശിചക്രത്തിലെ ഓരോ ഗ്രഹവും അവയുടെ സ്ഥാനവും വിലയിരുത്താൻ ജ്യോതിഷി, പൂർവ്വീകർ നൽകിയ വിവരണമാണ് അടിസ്ഥാനമാക്കുന്നത്. പല വസ്തുതകളും കൂടിച്ചേരുമ്പോൾ എന്തു സംഭവിക്കുമെന്ന് പ്രവചിക്കാനുള്ള വിവേകം മാത്രമാണ് ഊഹാപോഹപടുവായിരിക്കേണ്ട ജ്യോതിഷിയുടെ കർത്തവ്യം. (കാര്യങ്ങൾ വിലയിരുത്തി പറയുക എന്നതാണ്)

- ജ്യോതിഷത്തിന്റെ അടിസ്ഥാനം ജ്യോതിർ ഗോളങ്ങളുടെ ചലനവും സ്ഥാനവുമാണ്. അത് ശുദ്ധശാസ്ത്രമാണ്. ആധുനിക ജ്യോതിശ്ശാസ്ത്രത്തിനുതുല്യമാണത്. അതുകൊണ്ടുതന്നെയാണ് രാശിചക്രം വരയ്ക്കാൻ കമ്പ്യൂട്ടർകൊണ്ടു സാധിക്കുന്നത്.

- ജ്യോതിഷന്മാർ ഉപയോഗിക്കുന്ന "ഗ്രഹം" എന്ന പദത്തിന്റെ അർത്ഥം സ്വാധീനിക്കുന്നത്, ഗ്രഹിക്കുന്നത്, എന്നെല്ലാമാണ്. അതു

കൊണ്ടാണ് ഗ്രഹം എന്ന പദം ചേർത്ത് സംസ്കൃതത്തിൽ മറ്റനവധി പദങ്ങളുണ്ടായത്. അനുഗ്രഹം, നിഗ്രഹം, പരിഗ്രഹം, പാണിഗ്രഹണം, എന്നിപ്രകാരമുള്ള പദങ്ങളുദാഹരണങ്ങളാണ്.

ജ്യോതിശ്ശാസ്ത്രത്തിലെ (അസ്ട്രോണമി) പ്ലാനറ്റിന് സംസ്കൃതത്തിൽ **താരാഗ്രഹമെന്നാണ്** പറയുക. ഭൂമി, ചൊവ്വ, ബുധൻ, ഗുരു, ശുക്രൻ, ശനി എന്നിവയാണ് താരാഗ്രഹങ്ങൾ. യുറാനസ്, നെപ്ട്യൂൺ, പ്ലൂട്ടോ എന്നിവ ഭാരത ജ്യോതിഷത്തിലില്ല. വിദേശ ജ്യോതിഷത്തിലുണ്ടെന്ന് പറയപ്പെടുന്നു.

താരാഗ്രഹങ്ങളും, സൂര്യനും ചന്ദ്രനുമെല്ലാം ചേർത്ത വിവരണമായതുകൊണ്ട് അവ സ്വാധീനിക്കുന്നു എന്ന അർത്ഥത്തിൽ മാത്രമാണ് എല്ലാറ്റിനേയും ഗ്രഹം എന്നു സൂചിപ്പിക്കുന്നത്. ജ്യോതിഷത്തിൽ അങ്ങിനെ ഒരു പദപ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്ന കാര്യങ്ങളെല്ലാം വിവരിക്കാൻ സാധിക്കുന്നതിനാൽ ഗ്രഹം എന്നു പറഞ്ഞാൽ മതി. താരാഗ്രഹവും, സൂര്യനും, ചന്ദ്രനും എല്ലാമെല്ലാം ഗ്രഹത്തിലുൾപ്പെടും.

ആയിരത്തിലധികം വരുന്ന പുരാതന ഭാരതീയ ജ്യോതിശ്ശാസ്ത്ര (അസ്ട്രോണമി) ഗ്രന്ഥങ്ങളിലെല്ലാം ചന്ദ്രനേയും സൂര്യനേയും മറ്റു പ്ലാനറ്റുകളുടെ കൂട്ടത്തിൽ പെടുത്തിയിട്ടില്ലെന്നു മാത്രമല്ല പ്ലാനറ്റുകൾ മാത്രമാണ് പ്രത്യേകമായി താരാഗ്രഹങ്ങൾ എന്നറിയപ്പെടുന്നത്.

രാഹു-കേതുക്കൾ, യുറാനസ്സും നെപ്ട്യൂണുമല്ല. അവ ഭൂഭ്രമണത്തിലെ രണ്ടു നോഡുകൾ മാത്രമാണ്.

ജ്യോതിഷ പഠനത്തിൽ മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാമത്തേത് ശുദ്ധ **ഗണിതശാസ്ത്രം**, രണ്ടാമത്തേത് ശുദ്ധ **ജ്യോതിശ്ശാസ്ത്രം**, മൂന്നാമത്തേത് **പ്രവചനം**. പ്രവചനകാര്യങ്ങൾ വളരെ വ്യക്തമായിത്തന്നെ അടുക്കും ചിട്ടയോടും കൂടി വിവരിച്ചിരിക്കുന്ന ഗ്രന്ഥമാണ് **ഹോരാശാസ്ത്രം, ബൃഹദ് ജാതകം**, എന്നിവ. ഈ ഗ്രന്ഥങ്ങൾ രചിച്ചതുതന്നെ അതിനെക്കാൾപൂർവമായ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വരാഹമിഹിരാചാര്യൻ പറയുന്നുണ്ട്.

ഭാരതത്തിലെ മറ്റെല്ലാ വിഷയങ്ങളെയുംപോലെ ജ്യോതിഷത്തിനും അനേകം ഗ്രന്ഥങ്ങളുണ്ട്. ജ്യോതിഷം ആയിരക്കണക്കിനു വർഷങ്ങളായി ഭാരതത്തിൽ നിലനിൽക്കുന്ന ജ്ഞാനവിജ്ഞാന ശാഖയാണ്. ത്രേതായുഗത്തിലെ ശ്രീരാമ-സീതമാരുടെ ജാതകപ്പൊരുത്തം നോക്കിയത് വസിഷ്ഠനെന്നു പറയുമ്പോൾ അന്നും ജാതകം നിലനിന്നിരുന്നുവെന്നു വ്യക്തം.

ജ്യോതിഷവും ജ്യോതിശ്ശാസ്ത്രവിജ്ഞാനവും ഭാരതത്തിന്റെ പൈതൃകമാണ്. ഭാരതവുമായി ബന്ധമുണ്ടായിരുന്ന മറ്റു സംസ്കാരങ്ങളുമായി ഈ വിജ്ഞാനശാഖയിൽ നിന്നും കൊടുക്കലും എടുക്കലും നടന്നിട്ടുണ്ടാകും. ജ്യോതിഷം വെളിയിൽ നിന്ന് ഭാരതത്തിലേക്ക് വന്നതാണെന്നവാദം ശുദ്ധ അബദ്ധമാണ്.

ജ്യോതിഷ പ്രവചനത്തെ അനുകൂലിക്കുന്നവരും എതിർക്കുന്നവരുമായ അനവധി പണ്ഡിതർ ഭാരതത്തിലുണ്ടായിരുന്നു. ഈശ്വരവിശ്വാസികളായ എല്ലാവരുംതന്നെ ജ്യോതിഷത്തെ ആസ്പദമാക്കിയല്ല ജീവിച്ചിരുന്നത്. അവരിൽ പലരും ജ്യോതിഷത്തെ ആദരിച്ചിരുന്നില്ല.

ജ്യോതിഷത്തിന്റെ ഒരു ഉപപ്രയോഗ ശാസ്ത്രമായിട്ടാണ് **പ്രശ്നം** എന്ന ശാഖ വളർന്നത്. അത് കേരളത്തിലാണ് കൂടുതലുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ പ്രശ്നം ഇവിടെയുള്ളത്രയും അളവിൽ പ്രയോഗിക്കാറില്ല. ചില സംസ്ഥാനങ്ങളിലിതില്ലതന്നെ.

ഹസ്തരേഖാ വിവരണത്തിലും ജ്യോതിഷത്തിന്റെ പ്രയോഗമുണ്ട്. അത് കൈയ്യിലെ ഓരോ ഭാഗവും ഓരോ ഗ്രഹത്തിന്റെ സ്ഥാനമാണെന്നു സങ്കല്പിച്ച് ആ ഭാഗത്തിന്റെ പ്രത്യേകതയും അതുമായി ബന്ധപ്പെടുന്ന രേഖയും ആ രേഖകളുടെ പ്രത്യകതയും ചേർത്താണ് ഹസ്തരേഖ വിലയിരുത്തപ്പെടുന്നത്.

**ഇനി നമുക്ക് രാശിചക്രത്തിലേക്ക് കടക്കാം**

ഭൂമിക്കു ചുറ്റും വൃത്താകൃതിയിലുള്ള ഒരു മണ്ഡലം സങ്കൽപിക്കുകയാണെങ്കിൽ ആ വൃത്തത്തിന് 360 ഡിഗ്രിയാണുള്ളത് എന്ന് നമുക്കറിയാം. ആ വൃത്തം ഭൂമിക്കു ചുറ്റുമുള്ള ഒരു ചക്രം പോലെയാണ്. ഈചക്രത്തെ നമുക്ക് **രാശിചക്രം** എന്നു പറയാം.

ആധുനിക സയൻസ്പ്രകാരവും ജ്യോതിഷ പ്രകാരവും ഈ 360 ഡിഗ്രിയെ 12 ഭാഗങ്ങളാക്കി തിരിച്ചിരിക്കുന്നു. അതിലെ ഓരോ ഭാഗവും **രാശി** എന്നറിയപ്പെടുന്നു. ഇത് സയൻസ്പരമായും ശരിയാണ്. 'രാശി' എന്നതിന് അളന്നുതിട്ടപ്പെടുത്തിയതെന്നു പറയുന്നതാവും കൂടുതൽ ശരി.

ഈ **രാശിചക്രം** ഉത്തരഭാരതത്തിൽ റോംബസാകൃതിയിലാണ് വരയ്ക്കാറുള്ളത്. കൂടുതൽ വ്യക്തതക്കായി ദക്ഷിണ ഭാരതത്തിൽ നാം അതൊരു **സമചതുരമായി** വരക്കുകയാണ് പതിവ്.

12 രാശിക്ക് പേരുകളും സ്ഥാനവും സ്ഥിരമായിത്തന്നെ കൊടുത്തിട്ടുണ്ട്. ഭൂമിക്കു ചുറ്റുമുള്ള ഈ രാശിചക്രത്തേയും നാലു ദിശകളായിത്തന്നെ കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് എന്ന് തിരിച്ചിട്ടുണ്ട്. അതിൽ പൂർണ്ണമായും കിഴക്കു വരുന്ന രണ്ടു രാശികളാണ് മേടവും, ഇടവം,



Scanned with CamScanner

കിഴക്ക് തെക്കു വരുന്ന രാശിയാണ് മിഥുനം. തെക്കു വരുന്ന രാശികളാണ് കർക്കിടകം, ചിങ്ങം. തെക്കുപടിഞ്ഞാറു വരുന്ന രാശി കന്നിയാണ്. പടിഞ്ഞാറു വരുന്ന രാശികളാണ് തുലാം, വൃശ്ചികം. പടിഞ്ഞാറു വടക്കുവരുന്ന രാശി ധനുവുമാകുന്നു. വടക്കു വരുന്ന രാശികളാണ് മകരവും, കുംഭവും. വടക്കു കിഴക്കുവരുന്ന രാശിയാണ് മീനമെന്നുമറിഞ്ഞാൽ രാശിചക്രമായി. ഇങ്ങിനെ നാലുദിശയിലായി ഈ രണ്ടു രാശി ചേർന്ന് എട്ട് രാശിയും നാലു മൂലകളിലായി നാലു രാശിയും വരുന്നു.

360 ഡിഗ്രിയെ ഈ പന്ത്രണ്ട് രാശികൾക്കായി ഭാഗിച്ചാൽ ഒരു രാശി എന്നത് 30 ഡിഗ്രിയാകും. ഓരോ രാശിയും ഏകദേശം 30 ഡിഗ്രി വീതമെന്നു പറയുകയാണ് കൂടുതൽ ശരി. ഭൂമിയുടെ സഞ്ചാരപഥത്തിന് അൽപം ദീർഘവൃത്താകൃതിയുള്ളതിനാലും അപ്രകാരമുള്ള പഥത്തിലൂടെതന്നെയാണ് ഓരോ ഗ്രഹവും ചലിക്കുന്നതെന്നതിനാലും ചില രാശികളുടെ ഡിഗ്രി അളവിൽ ചെറിയവ്യത്യാസമുണ്ടാകും. ഈ ഏറ്റക്കുറച്ചിലുള്ളതിനാലാണ് ഏകദേശം 30 ഡിഗ്രി എന്നു പറയുന്നത്.

രാശിചക്രം (ചതുരം)ത്തിന്റെ നടുക്കുള്ള ചതുരത്തിലാണ് ഭൂമി എന്ന് സങ്കൽപ്പിച്ചാൽ ആ ഭൂമി ഒരു പ്രാവശ്യം കറങ്ങുന്നതിന് 24 മണിക്കൂർവേണം. അപ്പോൾ ഭൂമിയിലൊരിടത്തു നിൽക്കുന്ന വ്യക്തി ഈ 24 മണിക്കൂറുകൊണ്ട് 12 രാശിയുടേയും നേരെ വരുന്നുണ്ട്. ആ വ്യക്തി ഓരോ രാശിക്കഭിമുഖമായി 24 ÷ 12 രണ്ടു മണിക്കൂർ വീതം ഉണ്ടായിരിക്കുമെന്നർത്ഥം. നമ്മുടെ വീടിനു മുന്നിൽ, നിന്ന സ്ഥലത്തുനിന്നുകൊണ്ട് ഒരു കറക്കം കറങ്ങിയാൽ മുഖത്തിനുനേരെവരുന്നവയേതെല്ലാമാണെന്നു പരിശോധിക്കാം.

ഭൂമിക്കു ചുറ്റുമുള്ള രാശിചക്രത്തിന്റെ ഒന്നാം രാശിയായി എടുത്തിരിക്കുന്നത് മേടം രാശിയാണ്. അതുകൊണ്ടാണ് 12-ാം രാശിയായ മീനം കഴിഞ്ഞ് സൂര്യൻ 1-ാം രാശിയായ മേടത്തിലേക്കു കടക്കുമ്പോൾ മേടസംക്രാന്തി, പുതുവത്സരമായി ആഘോഷിക്കുന്നത്.

ഓരോ രാശിയും കഴിഞ്ഞ് അടുത്ത രാശിയിലേക്ക് സൂര്യൻ കടക്കുന്നതായിട്ടാണ് വിവരിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഭൂമിയുടെ പ്രദക്ഷിണ പന്ഥാവിലൂടെയുള്ള അതിന്റെ ചലനത്താൽ സൂര്യൻ സ്ഥിതി ചെയ്യുന്ന രാശി മാറിക്കൊണ്ടിരിക്കും. ഏതുപോലെയാണിത് എന്ന സംശയം തോന്നേണ്ടയാവശ്യമില്ല. ഒരു പ്ലാവിന്റെ വടക്കുവശത്തു നിൽക്കുന്ന വ്യക്തിയുടെതെക്കുവശത്താണ് പ്ലാവ്. ആ വ്യക്തി പ്ലാവിനും ചുറ്റും പ്രദക്ഷിണം വച്ചാൽ ആ വ്യക്തിയെ അടിസ്ഥാനമാക്കി അനങ്ങാതെ നിൽക്കുന്ന പ്ലാവിന്റെ ദിശ മാറുന്നതുപോലെയാണീ



Scanned with CamScanner

ഭൂമിയുടെ ഭ്രമണവും, സൂര്യന്റെ സ്ഥാനചലനവും.

🪔 സൂര്യൻ ഒരേ സ്ഥാനത്തു സ്ഥിതി ചെയ്യുന്നു എന്നതു ശാസ്ത്രമാണ്. പക്ഷേ സൂര്യനു ചുറ്റും പ്രദക്ഷിണം വെയ്ക്കുന്ന ഭൂമിയിൽ നിന്ന് സൂര്യനിലേക്കുള്ള ദിശമാറുന്നതു മേൽ വിവരിച്ച ഉദാഹരണംപോലെയാണ് എന്നു വ്യക്തമായല്ലോ.

🪔 രാശി ചതുരത്തിന്റെ നടക്കു ഭൂമി വരുന്നു എന്നത് ഏവർക്കും വ്യക്തമായി അറിയാവുന്നതിനാൽ ജ്യോതിഷത്തിന്റെ രാശിചക്രത്തിൽ ഭൂമി എന്നെഴുതാറില്ല. പകരം സൂര്യൻ സ്ഥിതി ചെയ്യുന്ന രാശിയെ (ഭൂമിയുടെ ഭ്രമണം കാരണം) ഭൂമിയിൽ നിന്നു ദൃശ്യമാകുന്ന ഉദയസമയം ലഗ്നമായിട്ടെടുക്കുന്നു.

🪔 സൂര്യൻ ഏതുരാശിയിലാണോ സ്ഥിതി ചെയ്യുന്നത് ആരാശിയുടെ പേരാണ് ആ മാസത്തിനു കൊടുത്തിരിക്കുന്നത്. വൃശ്ചികമെന്നു പറഞ്ഞാൽ 30 ഡിഗ്രിയുള്ള വൃശ്ചികം രാശിയിൽ ഏകദേശം 30 ദിവസം സൂര്യൻ നിൽക്കുന്നതായി ഭൂമിയിൽ നിന്നു നോക്കിയാൽ വ്യക്തമാകുമെന്നർത്ഥം. ആ 30 ഡിഗ്രിക്കഭിമുഖമായി ഭൂമിയിൽ നാമിരിക്കുന്ന ഭാരതം / കേരളം / ഒരു ജില്ല വരുന്നത് ഏകദേശം 2 മണിക്കാണ്. അപ്പോൾ വൃശ്ചികം 1-ാം തീയതി ഉദയത്തിനുശേഷം രണ്ടുമണിക്കൂറിൽ ജനിക്കുന്ന വ്യക്തിയുടെ ലഗ്നം വൃശ്ചികത്തിലായിരിക്കുമെന്നു പറയുന്നു.

🪔 ആ രണ്ടു മണിക്കൂർ കഴിഞ്ഞാൽ ആ പ്രദേശം ധനുരാശിക്കഭിമുഖമായിവരും. ആ സമയത്തു ജനിക്കുന്ന കുട്ടിയുടെ ലഗ്നം ധനുവായിരിക്കും. ഈ സമയത്താണ് ഒരാളുടെ വിവാഹം നടക്കുന്നതെങ്കിൽ ക്ഷണപത്രികയിൽ ധനുലഗ്നത്തിൽ വിവാഹമൂഹൂർത്തം എന്നെഴുതിയിട്ടുണ്ടാകും.

🪔 ജാതകത്തിലെ ഏറ്റവും പ്രധാനപ്പെട്ടതാണ് വ്യക്തിയുമായി ബന്ധപ്പെട്ട ഭൂമിയുടെ ഭാഗം. ഭൂമി രാശിയിലേക്കഭിമുഖമായി ബന്ധപ്പെട്ടിരിക്കുന്നത് ലഗ്നം എന്നറിയപ്പെടുന്നു. പിന്നീട് വരുന്നത് ശരീരവുമായി ബന്ധപ്പെടുന്ന ശരീരകാരകനായ സൂര്യന്റെ സ്ഥിതിയാണ്. സൂര്യന്റെ സ്ഥാനത്തിന്റെ പ്രധാന്യം സൂചിപ്പിക്കാനാണ് ഏതുമാസം ജനിച്ചു എന്നു പറയുന്നത്.

🪔 ഇംഗ്ലീഷ് മാസവും ജ്യോതിഷത്തിലെ രാശിചക്രവും ജ്യോതിർഗോളങ്ങളുമായി ഒരു ബന്ധവുമില്ല. പക്ഷേ മലയാള മാസത്തിന് ആ പേരു വന്നതുതന്നെ സൂര്യസ്ഥാനമുള്ള രാശിയുടെ പേരിലൂടെയാണ്. അതായത് സൂര്യൻ നിൽക്കുന്ന രാശിയുടെ പേരാണ് ആ മാസത്തിനു നൽകിയിരിക്കുന്നതെന്നർത്ഥം.

🪔 മൂന്നാമതായി പ്രാധാന്യം വരുന്നത് ചന്ദ്രനാണ്. ചന്ദ്രനെ മനസ്സിന്റെ



Scanned with CamScanner

കാരകനായിട്ടാണ് വിവരിക്കാറുള്ളത്. ചന്ദ്രൻ ഏതു നക്ഷത്ര സമൂഹത്തിനഭിമുഖമായിട്ടാണോ വരുന്നത് ആ നക്ഷത്രമായിരിക്കും ആ ദിവസം. സൂര്യന്റെ അടിസ്ഥാനത്തിൽ ലഗ്നവും മാസവും വരുന്നു. ചന്ദ്രന്റെ അടിസ്ഥാനത്തിൽ നക്ഷത്രവും വരുന്നു, അതായത് വ്യക്തി ജനിച്ചനക്ഷത്രം.

- ഭൂമിക്കു ചുറ്റുമുള്ള 360 ഡിഗ്രിയെ 12 രാശികളായി ഭാഗിച്ചിരിക്കുന്നതുപോലെ 360 ഡിഗ്രിയെ 27 നക്ഷത്രങ്ങളായും ഭാഗിച്ചിരിക്കുന്നു. അപ്പോൾ ഒരു നക്ഷത്രം (അശ്വതി, ഭരണി, കാർത്തിക തുടങ്ങിയത്) എന്നത് $\frac{360}{27} = 13\frac{1}{3}$ ഡിഗ്രിയാണ്. മറ്റൊരർത്ഥത്തിൽ ഒരു രാശിയിൽ എത്ര നക്ഷത്രം വരുമെന്നറിയാൻ $\frac{27}{12} = 2\frac{1}{4}$ നക്ഷത്രം വരുന്നുണ്ട്.

- ആദ്യത്തെ രാശി മേടം എന്ന ക്രമത്തിൽ നക്ഷത്രങ്ങളെ അടുക്കിയാൽ അശ്വതി, ഭരണി, കാർത്തികയുടെ കാൽഭാഗം മേടം രാശിയിലായിരിക്കും വരുന്നത്. കാർത്തികയുടെ ബാക്കി മുക്കാൽ ഭാഗവും, രോഹിണി, മകയിരത്തിന്റെ പകുതിയും ഇടവം രാശിയിൽ വരും. ഇങ്ങിനെ ക്രമീകരിച്ചാണ് രാശിയും നക്ഷത്രവും തമ്മിൽ ബന്ധിപ്പിക്കുന്നത്. നക്ഷത്രത്തിന്റെ കാൽഭാഗമെന്നു പറഞ്ഞാൽ ഏകദേശം 60 നാഴികയുടെ (24 മണിക്കൂർ) കാൽഭാഗം = 15 നാഴിക (6 മണിക്കൂർ) എന്നാണർത്ഥം.

## രാശിചക്രത്തിൽ ഗ്രഹസ്ഥാനം പരിശോധിക്കുന്നതെങ്ങിനെ?






Scanned with CamScanner

ഭൂമിക്കു ചുറ്റുമുള്ള 360 ഡിഗ്രിയെ നാം (30 ഡിഗ്രി വീതമുള്ള) 12 രാശികളാക്കി തിരിച്ചു. ആ രാശികളിലേതിലാണ് അഥവാ ഏതു സ്ഥാനത്താണ് സൂര്യനും, ചന്ദ്രനും മറ്റു ഗ്രഹങ്ങളും നിൽക്കുന്നതെന്നറിഞ്ഞാൽ അതതു രാശിയിൽ നമുക്ക് അതതു ഗ്രഹത്തെ എഴുതാം.

**രാശിചക്രം സ്ഥിരമാണ്.** ഭൂഭ്രമണത്താൽ ഭൂമിയൽ നിന്നുമുള്ള ഈ രാശിചക്രത്തിലേക്കുള്ള ദിശ മാറുന്നു. എല്ലാ ഗ്രഹങ്ങളും ഭ്രമണം ചെയ്യുന്നതിനാൽ ഭൂമിയിൽ നിന്ന് അവയുടെ സ്ഥാനത്തിലേയ്ക്കുള്ള ദിശയും കൃത്യമായ അളവിൽ മാറിക്കൊണ്ടിരിക്കുന്നു. ഭൂമിയുടെ ഭ്രമണം പടിഞ്ഞാറു നിന്ന് കിഴക്കോട്ടായതിനാൽ ഭൂമിയുടെ ഓരോ ഭാഗവും അതാതു രാശിക്കഭിമുഖമായി വരുന്നു. മറ്റൊരർത്ഥത്തിൽ ഭൂമിയുടെ ഓരോ ഭാഗവും ഓരോ രാശിയിലുമുള്ള ഗ്രഹങ്ങൾക്കഭിമുഖമായി എല്ലാ ദിവസവും വരുന്നുണ്ടാകും.

താഴെ തന്നിരിക്കുന്ന രാശിചക്രം വ്യക്തമായി പരിശോധിച്ചു മനസ്സിലാക്കുക. ര = രവി (സൂര്യൻ); ച = ശശി (ചന്ദ്രൻ); കു = കുജൻ (ചൊവ്വ); ബു = ബുധൻ; ഗു = ഗുരു (വ്യാഴം); ശു = ശുക്രൻ; മ = മന്ദൻ (ശനി); രാ = രാഹു; കേ = കേതു; ല = ലഗ്നം. ഇതെല്ലാം രാശിചക്രത്തിലെഴുതിയാൽ അതിപ്രകാരമുണ്ടാകും.




ഈ ജാതകപ്രകാരം മേടം രാശിയിൽ ലഗ്നം; ഇടവം രാശിയിൽ കുജനും ഗുരുവും; മിഥുനം രാശിയിൽ രവി (ജനനം മിഥുന മാസത്തിലാണ്)



Scanned with CamScanner

കർക്കിടകം രാശിയിൽ ബുധൻ; ചിങ്ങത്തിൽ ചന്ദ്രൻ; കന്നിയിൽ കേതു; തുലാത്തിൽ മന്ദൻ (ശനി) വൃശ്ചികത്തിലാരുമില്ല; ധനുവിൽ ശുക്രൻ. മകരത്തിലാരുമില്ല; കുംഭത്തിലും ഗ്രഹങ്ങളില്ല. മീനത്തിൽ രാഹു. ഇതാണ് രാശിചക്രവും അതിലെ ഗ്രഹസ്ഥിതിയും.

മേൽ വിവരിച്ചത് നമുക്ക് ഡിഗ്രിയിൽ എഴുതാം. 360 ഡിഗ്രിയുള്ള രാശി ചക്രത്തിന്റെ ഡിഗ്രിയെണ്ണുന്നത് മേടരാശി ആരംഭം '0 '(പൂജ്യം) ഡിഗ്രി യായിട്ടെടുത്തിട്ടാണ്. ആ ഡിഗ്രിയിൽ നിന്ന് 12 ഡിഗ്രിയിൽ ലഗ്നം; 42 ഡിഗ്രിയിൽ കുജൻ, 58 ഡിഗ്രിയിൽ ഗുരു; 74 ഡിഗ്രിയിൽ രവി; 100 ഡിഗ്രിയിൽ ബുധൻ, 135 ഡിഗ്രിയിൽ ചന്ദ്രൻ; 162 ഡിഗ്രിയിൽ കേതു; 195 ഡിഗ്രിയിൽ ശനി; 252 ഡിഗ്രിയിൽ ശുക്രൻ; 342 ഡിഗ്രിയിൽ രാഹു എന്നായിട്ടെഴുതാം. ഈ സംഖ്യകളെല്ലാം രാശിയും ഡിഗ്രിയും തമ്മി ലുള്ള ബന്ധം അറിയാൻ എഴുതിയെന്നുമാത്രം.

- രാശിചക്രത്തിൽ രാഹു എത്ര ഡിഗ്രിയിലാണോ ഉള്ളത് അതി നോട് 180 ഡിഗ്രി ചേർത്താൽ കൃത്യം എതിർവശത്ത് കേതു വരണം (വരുന്നുണ്ടാകും)

- മുകളിൽ വിവരിച്ചതെല്ലാം ശുദ്ധ സയൻസാണ്. ഇത് ഏതുകോളേ ജിലും പഠിപ്പിക്കുന്ന astronomy യാണ്. ലഗ്നത്തിന് right ascension എന്ന് പറയുന്നു. രാശികൾക്കെല്ലാം ഇംഗ്ലീഷിലും പേരുണ്ട്. രാശികൾക്ക് പ്രത്യേകം പേരു കൊടുത്തിരിക്കുന്നത് ആകൃതിയുടേയോ രൂപത്തി ന്റേയോ എല്ലാ അടിസ്ഥാനത്തിലാണ്. മേടം = മേഷം (ആട്) ചിങ്ങം = സിംഹം; വൃശ്ചികം = തേൾ ............ എന്നിപ്രകാരം.

- ഓരോ ഗ്രഹവും സൂര്യനു ചുറ്റിലും പ്രദക്ഷിണം വെക്കുന്നു എന്ന തുപോലെത്തന്നെ ഭൂമിയിൽ നിന്നു നോക്കിയാൽ അവ ഭൂമിക്കു ചുറ്റും പ്രദക്ഷിണം വെക്കുന്നതായും നമുക്കനുഭവപ്പെടുന്നു.

- ഭൂമി 24 മണിക്കൂറിനുള്ളിൽ ഒരു ഭ്രമണം പൂർത്തിയാക്കുകയും ഒരു രാശിക്കഭിമുഖമായി 30 ഡിഗ്രി ദൈർഘ്യത്തിൽ 2 മണി മണിക്കൂർ വീതം സ്ഥിതി ചെയ്യുന്നുമുണ്ട്. മേടമാസം 1-ാം തീയതി സൂര്യോദയ ത്തിനുശേഷം രണ്ടു മണിക്കൂർ ഭൂമിയുടെ 30 ഡിഗ്രിയുള്ള ഒരു ഭാഗം സൂര്യന്നഭിമുഖമായി വരുന്നു. ഭൂമിയുടെ ഭ്രമണത്താൽ ആ ഭാഗം മേടം രാശിയിലെ 30 ഡിഗ്രിക്കഭിമുഖമായി വരുന്ന രണ്ടു മണിക്കൂറിന്റെ ആരം ഭത്തിൽ 0 ഡിഗ്രിയും, ഒരു മണിക്കൂർ കഴിയുമ്പോൾ 15 ഡിഗ്രിയും രണ്ടു മണിക്കൂർ കഴിയുമ്പോൾ 30 ഡിഗ്രിയും പിന്നിട്ടുകഴിഞ്ഞിട്ടുണ്ടാ കും. അപ്പോൾ 40 മിനിറ്റു കഴിഞ്ഞാൽ ഈ അഭിമുഖമായുള്ള വരവ്, എത്ര ഡിഗ്രി മേടം രാശിയിൽ പിന്നിട്ടിട്ടുണ്ടാകും? 30 ഡിഗ്രിക്ക് 120



Scanned with CamScanner

മിനിറ്റ് 40 മിനിറ്റിൽ $\frac{30 \times 40}{120}$ = 10 ഡിഗ്രി ഇങ്ങിനെസമയത്തിന്റെ അടിസ്ഥാനത്തിൽ ലഗ്നം കൃത്യമായി ഗണിച്ചെടുക്കുന്നതിനെലഗ്നസ്ഫുടം ചെയ്യൽ എന്നു പറയുന്നു.

ലഗ്നസ്ഫുടം ചെയ്യൽ വളരെ എളുപ്പമുള്ളതല്ല. മേടമാസം 1-ാം തീയതിക്കു പകരം മേടമാസം 20-ാം തീയതിയാണെങ്കിൽ ഭൂമി ഏകദേശം 20 ഡിഗ്രി പ്രദക്ഷിണപഥത്തിലൂടെ സഞ്ചരിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ സൂര്യൻ മേടരാശിയിൽ സ്ഥിതി ചെയ്യുന്നത് 20 ഡിഗ്രിയിലാണ്. പിന്നീട് 10 ഡിഗ്രിമാത്രമേ ലഗ്നം അവിടെയുണ്ടാകൂ. അതായത് മേടം 20-ാം തീയതി സൂര്യോദയം കഴിഞ്ഞ് 10 ഡിഗ്രി കഴിഞ്ഞാൽ ലഗ്നം ഇടവത്തിലേയ്ക്ക് കടക്കും. 30 ഡിഗ്രി കടക്കാൻ ഏകദേശം 120 മിനിറ്റ് (2 മണിക്കൂർ) എടുക്കുമെങ്കിൽ 10 ഡിഗ്രി കടക്കാൻ 40 മിനിറ്റ് എടുക്കുമല്ലോ. അപ്പോൾ മേടം 20-ാം തീയതി സൂര്യോദയത്തിനു ശേഷം 40 മിനിറ്റുമാത്രമേ ലഗ്നം മേടത്തിലുണ്ടാകൂ എന്നറിഞ്ഞു വേണം ലഗ്നസ്ഫുടം ചെയ്യാൻ; അതായത് ഓരോ മിനിറ്റു കഴിയുമ്പോഴും ലഗ്നത്തിന്റെ സ്ഥാനം ഗണിച്ചെടുക്കാൻ.

ലഗ്നസ്ഫുടം ചെയ്യുന്നതിന്റെ ശാസ്ത്രം; ഭൂമിയിലെ ഒരു ബിന്ദു രാശിചക്രത്തിലെ ഒരു രാശിയുടെ ആരംഭബിന്ദു മുതൽക്ക് ആ രാശിയുടെ അവസാനബിന്ദുവരെ രണ്ടു മണിക്കൂർ കടന്നു പോകുന്നു. അഥവാ മുപ്പത് ഡിഗ്രി കടന്നുപോയാൽ ജനനം പോലെയുള്ള കാര്യം നടക്കുന്ന സമയത്ത്, ആ ബിന്ദു ആ രാശിയുടെ എത്രാമത്തെ ഡിഗ്രിക്കുനേരെ വരുന്നു എന്നു ഗണിച്ചെടുക്കുന്നതാണ് ലഗ്നം ഗണിച്ചെടുക്കുന്നതെന്നു അറിയണം.

ധനുമാസം 10-ാം തീയതി രാവിലെ 8 മണിക്കാണ് ജനനം എന്നറിഞ്ഞാൽ ലഗ്നസ്ഫുടം നടത്തേണ്ടത് ഏകദേശം ഇപ്രകാരമാണ്. ധനുമാസം 10-ാം തീയതി ഉദയസമയത്ത് ഭൂമിയിലെ ജനനം നടക്കുന്ന സ്ഥലത്തെ ബിന്ദു, ധനുരാശിയിലെ 10-ാം ഡിഗ്രിയിലാണ്. 80 മിനിറ്റ് കഴിഞ്ഞാൽ മകരം രാശിയിലേക്ക് ലഗ്നം കടന്നു. ഉദയം രാവിലെ 6.30നാണെങ്കിൽ 7.50 ന് മകരം രാശിയിലേക്ക് ലഗ്നം കടന്നു. 8 മണിക്ക് ജനനമെങ്കിൽ, ലഗ്നം മകരത്തിലേക്ക് കടന്ന് 10 മിനിറ്റ് കഴിഞ്ഞു. 120 മിനിറ്റിന് 30 ഡിഗ്രി പോകുന്ന ലഗ്നബിന്ദു, 10 മിനിറ്റിലെത്രപോയിട്ടുണ്ടാകും. ഏകദേശം 2.5 ഡിഗ്രി. $\frac{30 \times 10}{120}$ = 2.5 ഡിഗ്രി. അതായത് കുട്ടി ജനിച്ച സമയത്തെ ലഗ്നസ്ഫുടം മകരം രാശിയിലെ 2.5 ഡിഗ്രിയാണ് എന്നർത്ഥം. കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിച്ചാൽ കൂടുതൽ കൃത്യമായ അളവ് ലഭിക്കും.



Scanned with CamScanner

ലഗ്നം സ്ഫുടം ചെയ്തതുപോലെ സൂര്യോദയത്തിന്, സൂര്യൻ ധനുരാശിയിലെ 10-ാം ഡിഗ്രിയിലാണിരിക്കുന്നത്. ഒരു രാശിയിൽ സൂര്യൻ സ്ഥിതി ചെയ്യുന്നത് 30 ദിവസമാണ്. അപ്പോൾ ഭൂമിയുടെ സൂര്യപ്രദക്ഷിണത്തിലൂടെ സൂര്യൻ ഒരു രാശി (30 ഡിഗ്രി) കടക്കുവാൻ ഏകദേശം 30 ദിവസം എടുക്കുമെങ്കിൽ ഒരു ഡിഗ്രി കടക്കാൻ ഒരു ദിവസം അഥവാ 24 മണിക്കൂർ എടുക്കുന്നു. അങ്ങിനെയെങ്കിൽ ധനുരാശിയിലെ 10-ാം ഡിഗ്രിയിലിരിക്കുന്ന സൂര്യൻ അന്നത്തെ ഉദയം 6.30ന് കഴിഞ്ഞ് 8.00 മണിയായപ്പോൾ 1 മണിക്കൂർ 30 മിനിറ്റു കൂടി ധനുരാശിയിലൂടെ സഞ്ചരിച്ചിട്ടുണ്ട്. അത് എത്ര ഡിഗ്രിയായിരിക്കുമെന്ന് ഗണിച്ചെടുക്കുന്നത്. $\frac{1 \text{ ഡിഗ്രി}}{24 \text{ മണിക്കൂർ}}$ X 1 മണിക്കൂർ 90 മിനിറ്റ് $= \frac{1}{16}$ ഡിഗ്രി. ഇതിനെ ആംഗുലർ മിനിറ്റാക്കിയാൽ $\frac{1}{16} \times 60 \approx 4$ ആംഗുലർ മിനിറ്റ്. അപ്പോൾ ധനുമാസം 10-ാം തീയതി കുട്ടി ജനിച്ച സമയത്ത് സൂര്യൻ ധനുരാശിയിൽ 10 ഡിഗ്രി 4 (ആംഗുലർ) മിനിറ്റിലാണ് $(10^{\circ}\ 4')$ ഉണ്ടാകുന്നത്. ഇതാണ് **സൂര്യസ്ഫുടം.**

ധനുമാസം 10-ാം തീയതി വൈകുന്നേരം 6.30 നാണ് ജനനമെങ്കിൽ സൂര്യൻ ധനുരാശിയിൽ $10^{\circ}\ 30'$ ലായിരിക്കും. അതായത് 24 മണിക്കൂർകൊണ്ട് 60 അംഗുലർ മിനിറ്റ് (1 ഡിഗ്രി) മാറുമ്പോൾ 12 മണിക്കൂർകൊണ്ട് മാറുന്നത്/ സഞ്ചരിക്കുന്നത്. $30'$ (30 ആംഗുലർ മിനിറ്റി)നുള്ളിലായിക്കും. ഇതൊരു ഏകദേശം കണക്കായിട്ടാണ് ഞാനെഴുതുന്നത് എന്ന് ഓർമ്മിക്കണം.

ഇതേ പ്രകാരം ചന്ദ്രന്റെ സ്ഥിതിയും ഗണിച്ചെടുക്കണം. ചന്ദ്രൻ 27 ദിവസംകൊണ്ട് രാശിചക്രം പൂർണമായും തിരിയുന്നു. അതായത് ഒരു ദിവസം $\frac{360}{27}$ ഡിഗ്രി. ഒരു ദിവസംകൊണ്ട് $13\frac{1}{3}$ ഡിഗ്രി എന്നർത്ഥം. ഒരു രാശിയുടെ ആരംഭത്തിൽ ചന്ദ്രൻ നിൽക്കുന്ന സമയം ലഭിച്ചാൽ 24 മണിക്കൂറിൽ $13\frac{1}{3}$ ഡിഗ്രി വേഗത്തിൽ സഞ്ചരിക്കുന്ന ചന്ദ്രൻ, കുട്ടി ജനിച്ച സമയത്തിൽ എവിടെയായിരിക്കുമെന്നു ഗണിച്ചെടുക്കുന്നത് **ചന്ദ്രസ്ഫുടം.**

മിഥുനം 7-ാം തീയതി രാവിലെ 10 മണിക്ക് തുലാം രാശിയുടെ ആരംഭത്തിൽ ചന്ദ്രൻ നിൽക്കുന്നു എന്നു വിചാരിക്കുക. മിഥുനമാസം 7-ാം തീയതി വൈകുന്നേരം 5 മണിക്കാണ് ശിശു ജനിച്ചതെങ്കിൽ ജനനസമയത്ത് ചന്ദ്രൻ തുലാം രാശിയിൽ ഏതു ഡിഗ്രിയിലുണ്ടാകും? മിഥുനം 7-ാം തീയതി 10 മണിയിൽ നിന്ന് 6 മണി വരെ ചന്ദ്രൻ യാത്ര



Scanned with CamScanner

ചെയ്തത് 8 മണിക്കൂറാണ്. ഒരു മണിക്കൂറിൽ ചന്ദ്രൻ സഞ്ചരിക്കുന്നത് $\frac{13\frac{1}{3}}{24}$ ഡിഗ്രിയായിരിക്കും. അപ്പോൾ 8 മണിക്കൂറിൽ സഞ്ചരിക്കുന്നത് = $\frac{13 \text{ ഡിഗ്രി } 20 \text{ മിനിറ്റ്}}{24} \times 8$ = 4 ഡിഗ്രി 27 മിനിറ്റ്. അതായത് ശിശു ജനിച്ച സമയത്ത് ചന്ദ്രൻ തുലാം രാശിയിൽ ആരംഭ ബിന്ദുവിൽ നിന്ന് 4 ഡിഗ്രി 27 മിനിറ്റ് ദൂരത്തിലായിരിക്കും. ഈ ബിന്ദു ഗണിച്ചെടുക്കുന്നത് രാശി ചക്രരചനയിൽ വളരെ പ്രധാനപ്പെട്ടതാണ്. അതുപോലെ ഓരോ ഗ്രഹത്തിനും, സൂര്യനും ലഗ്നത്തിനും പ്രധാന്യമുള്ളതാണ്, ഈ ഗണിത -ജ്യോതിശ്ശാസ്ത്ര പ്രയോഗം.

ഇത്രയും വിവരിച്ചതിൽ നിന്ന് നാം മനസ്സിലാക്കിയത്, ഭൂമിയിൽ നിന്ന് ഈ പ്രപഞ്ചത്തെ ദർശിക്കുമ്പോൾ ഭൂമിക്കു ചുറ്റുമുള്ള വൃത്തമണ്ഡലത്തെ 12 രാശികളായി തിരിക്കാമെന്നും, ഓരോ രാശിയും ഏകദേശം 30 ഡിഗ്രി വീതമുള്ളതാണെന്നും, ഭൂമിയുടെ ഭ്രമണം കൊണ്ടും, പ്രദക്ഷിണം കൊണ്ടും, ഗ്രഹങ്ങളുടെ സൂര്യപ്രദക്ഷിണംകൊണ്ടും ഭൂമിയിലെ ഓരോ ബിന്ദുവും ഇവയ്ക്ക് നേരെ വരുന്നുണ്ട് എന്നുമാണ്.

ഒരു ശിശുവിന്റെ ജനനംപോലെ ഏതെങ്കിലും ഒരു സംഭവം ഭൂമിയിലെ ഒരു ബിന്ദുവിൽ നടന്നാൽ ആ ബിന്ദുവിൽ നിന്ന് ദർശിക്കുമ്പോൾ ഭൂമിക്കു ചുറ്റുമുള്ള രാശിചക്രത്തിൽ ഏതെല്ലാം രാശികളിൽ ഏതെല്ലാം ഡിഗ്രികളിലാണ് ഈ ഗ്രഹങ്ങളെല്ലാം നിൽക്കുന്നത് എന്ന് കമ്പ്യൂട്ടർ ഉപയോഗിച്ചും ഗണിക്കാം. അല്ലെങ്കിൽ പഞ്ചാംഗത്തിൽ ഓരോ മാസവും ഒരു പ്രത്യേക ദിവസം പ്രത്യേക സമയത്ത് എല്ലാ ഗ്രഹങ്ങളുടെയും സ്ഥാനം നൽകിയിട്ടുള്ളതിൽ നിന്നും ശിശു ജനിച്ച സമയത്ത് ഈ ഗ്രഹങ്ങൾ എത്രകൂടി ചലിച്ചിട്ടുണ്ടാകും (മുന്നോട്ടു പോയിട്ടുണ്ടാകും) എന്നു ഗണിച്ചെടുത്ത് കൃത്യമായ രാശിചക്രം വരക്കുന്നത് പൂർണമായും സയൻസാണ്. എന്തുകൊണ്ടെന്നാൽ ഇത് അസ്ട്രോണമിയുടെ അടിസ്ഥാനത്തിലുള്ള ഗണനക്രിയയാണ്. അതുകൊണ്ടുതന്നെ ഈ ക്രിയകളെല്ലാം കമ്പ്യൂട്ടർ ഉപയോഗിച്ചും ശാസ്ത്രീയമായി ചെയ്യാം.

കമ്പ്യൂട്ടർ ജാതകത്തിൽ നാം സ്വയം ഗണിച്ചെടുക്കേണ്ട ആവശ്യമേ വരുന്നില്ലാത്തതിനാൽ ശിശു ജനിച്ച സമയം, ദിവസം, വർഷം, സ്ഥലം, ആ സ്ഥലത്തിന്റെ ലാറ്റിറ്റ്യൂഡ് ലോഞ്ചിറ്റ്യൂഡ് എന്നിവയെല്ലാം കമ്പ്യൂട്ടറിൽ നൽകിയാൽ മതിയാകും. ചിലപ്പോൾ ലാറ്റിറ്റ്യൂഡും ലോഞ്ചിറ്റ്യൂഡും അറിഞ്ഞുകൂടാത്ത ഒരു സ്ഥലമാണെങ്കിൽ ആ സ്ഥലത്തിന്നടുത്തുവരുന്ന അറിയപ്പെടുന്ന സ്ഥലത്തിന്റെ പേരു കൊടുത്താൽ അവിടത്തെ ലാറ്റിറ്റ്യൂഡും ലോഞ്ചിറ്റ്യൂഡും കമ്പ്യൂട്ടർ എടുത്തുകൊള്ളും.



Scanned with CamScanner

എല്ലാ ഗ്രഹങ്ങളും സൂര്യനുചുറ്റും നിരന്തരം പ്രദക്ഷിണം വെയ്ക്കുകയും ഭൂമി സ്വയം കറങ്ങി സൂര്യനു പ്രദക്ഷിണം വെക്കുകയും ചെയ്യുന്ന രണ്ടു ചലനങ്ങളും പ്രാധാന്യമുള്ളതായതിനാൽ കൃത്യമായ ജാതകരചനയ്ക്ക് കൃത്യമായ ജനനസമയം ആവശ്യമാണ്.

ഇതെല്ലാം സയൻസാണെന്നു പറഞ്ഞു. ഇനി ഗ്രഹങ്ങളുടെ ചലനം ജ്യോതിശ്ശാസ്ത്രപരമായി എടുക്കുമ്പോൾ അതിൽ ഒരു തരത്തിലുള്ള തെറ്റിദ്ധാരണകളും അന്ധവിശ്വാസങ്ങളും അശാസ്ത്രീയമായ വീക്ഷണങ്ങളും ഭാരതീയർക്കുണ്ടായിരുന്നില്ല എന്നും നാം അറിഞ്ഞിരിക്കണം.

ഭൂമിയുടെ ഗോളാകൃതി, വ്യാസം, അയനചലനം, ഉത്തര ദക്ഷിണ അയനം, ഭ്രമണം, പ്രദക്ഷിണം, അക്ഷാംശം, രേഖാംശം, ചെരിവ്, ഭൂമധ്യരേഖ, ഉത്തരധ്രുവം, ദക്ഷിണ ധ്രുവം, ഭൂമധ്യരേഖയിൽ നിന്ന് മുകളിലേക്കും താഴേക്കും പോകുന്തോറും രാശിചക്രത്തിലെ രാശിയുടെ ദൈർഘ്യത്തിലുണ്ടാകുന്ന വ്യത്യാസം, ചന്ദ്രന്റേയും മറ്റു ഗ്രഹങ്ങളുടേയും ഭ്രമണപഥം, വേഗത, എന്നിവയും ആംഗുലർ വെലോസിറ്റി ഡിഗ്രി, മിനിറ്റ്, സെക്കന്റിലും ഗണിച്ചെടുക്കാനുള്ള ജ്ഞാനം ഇവയെല്ലാം ജ്യോതിശ്ശാസ്ത്രഗണനയിൽ ഉപയോഗിച്ചിരുന്നു. ഇന്നും അതു തന്നെ ഉപയോഗിക്കുന്നു. അതെല്ലാം കൃത്യമായതുകൊണ്ടുതന്നെയാണ് അന്നു നിർവ്വചിച്ച് വിവരിച്ചിരുന്നതിൽ നിന്ന് ഇന്നും മാറ്റം വരുത്തേണ്ടി വരാത്തത്.

മേൽ വിവരിച്ച സ്ഫുടം ചെയ്യൽ പ്രക്രിയ പുരാതന ഭാരതീയ ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളിലും ജ്യോതിഷഗ്രന്ഥങ്ങളിലും (ഇവിടെ ഈ രണ്ടു പദങ്ങൾ ഉപയോഗിക്കുന്നത് അസ്ട്രോണമി അസ്ട്രോളജി എന്നിപ്രകാരമുള്ള അർത്ഥത്തിലാണ്) വ്യക്തമായി വിവരിച്ചിട്ടുണ്ട്. ഇത് എല്ലാ ഗ്രഹങ്ങൾക്കും ബാധകമാണ്. എല്ലാ ഗ്രഹങ്ങളുടേയും കൃത്യമായ സ്ഥാനം ഗണിച്ചെടുക്കുന്നത് പ്രവചനത്തിന് ആധാരമായ വസ്തുതയാണ്.

**ഭാവം ഗണിക്കുന്നത്**

ലഗ്നസ്ഫുടം ചെയ്തതിനു ശേഷമാണ്, ലഗ്നത്തിൽ നിന്ന് രണ്ടുവശത്തേക്കും 15 ഡിഗ്രിവീതം എടുത്ത് (30 ഡിഗ്രിയുള്ള) ഭാവം നിർണ്ണയിക്കുന്നത്. അതായത് ധനുരാശിയിൽ 27-ാം ഡിഗ്രിയിലാണ് ലഗ്നമെങ്കിൽ ഒന്നാം ഭാവത്തിന്റെ ആരംഭം എന്നത് 27-15 = 12 ഡിഗ്രി യാണ്. അതായത് ധനുരാശിയിലെ 12 ഡിഗ്രി മുതൽ മകരം രാശിയിൽ 12-ാം ഡിഗ്രി വരെയാണ് ഒന്നാം ഭാവം. മകരം രാശിയിലെ 12 ഡിഗ്രി ലഭിച്ചതാകട്ടെ, ധനുരാശിയിലെ 12 ഡിഗ്രിയോടുകൂടി 30 ഡിഗ്രി കൂട്ടിയെടുത്ത അളവാണ്.



Scanned with CamScanner

അതായത് ലഗ്നത്തിൽ നിന്ന് രണ്ട് വശത്തേക്കുള്ള 15 ഡിഗ്രി വീതമാണ് 1-ാം ഭാവം. അടുത്ത 30 ഡിഗ്രി രണ്ടാം ഭാവം. അതായത് മകരം 12 ഡിഗ്രിയിൽ നിന്ന് കുംഭം 12 ഡിഗ്രിവരെ (ഇവിടെ) രണ്ടാംഭാവം. മൂന്നാം ഭാവം കുംഭത്തിലെ 12 ഡിഗ്രിയിൽ നിന്ന് മീനം 12 വരെയാണ്. ഈ ഗണനക്രിയയും ആവശ്യമെങ്കിൽ കമ്പ്യൂട്ടർ നടത്തികൊള്ളും. കൂടാതെ രാശിചക്രവും ഭാവചക്രവും കമ്പ്യൂട്ടർതന്നെ വരച്ചുതരും.

ഇപ്പോൾ നമുക്ക് രാശിയും ഭാവവും മനസ്സിലായി. എല്ലാ രാശിചക്രത്തിലും 1-ാം രാശി മേടരാശിയാണ്. എന്നാൽ 1-ാം ഭാവമാകട്ടെ ലഗ്നത്തിൽ നിന്ന് രണ്ടുവശത്തേക്കും 15 ഡിഗ്രിവീതമെടുത്തുണ്ടാകുന്ന 30 ഡിഗ്രിയാണ് എന്നു നാം ഓർമ്മിക്കണം. കൂടുതൽ വിവരങ്ങൾ പിന്നീടു വരുന്നുണ്ടാകും.

സ്ഫുടം ചെയ്യുന്നതിന് ഓർമ്മിക്കാവുന്ന ഒരു പട്ടികകൂടി ഇവിടെ ചേർക്കട്ടെ. സൂര്യചന്ദ്രന്മാർ ഉൾപ്പടെ ഗ്രഹങ്ങളും താരാഗ്രഹങ്ങളും ഓരോ രാശിയിലൂടെയും കടന്നുപോകാൻ എത്ര സമയം എടുക്കുന്നു എന്നതിനായുള്ള ഈ പട്ടിക പഠിച്ചാൽ ഗ്രഹസ്ഫുടം എളുപ്പമായിരിക്കും.

സൂര്യ-ചന്ദ്ര-രാഹു-കേതു-ലഗ്നത്തിന്റേയും താരാഗ്രഹങ്ങളുടെയും ഒരു രാശിയിലൂടെയുള്ള സഞ്ചാര ദൈർഘ്യം

(1) സൂര്യൻ - 1 മാസം (2) ചന്ദ്രൻ 2 ¼ ദിവസം (കൃത്യമായിട്ടെഴുതിയാൽ 2 ദിവസം 6 മണിക്കൂർ 38 മിനിറ്റ്. (3) ചൊവ്വ 49 ദിവസം. (4) ബുധനും ശുക്രനും സൂര്യനെപ്പോലെ 1 മാസം വീതം. (5) വ്യാഴം 361 ദിവസം. (6) ശനി 2 വർഷം 5 മാസം 15 ദിവസം. (7) രാഹുവും കേതുവും 1 ½ വർഷം വീതം. (7) ലഗ്നം - 2 മണിക്കൂർ (ഏകദേശം). ഒരു രാശി = 30 ഡിഗ്രി.

ഓരോ രാശിയിലും 2¼ നക്ഷത്രങ്ങൾ വീതം വരുമെന്ന് പറഞ്ഞത് ഓർമ്മിക്കുമല്ലോ (27÷12) . ഓരോ നക്ഷത്രത്തിന്റെ പേരു പറയുമ്പോഴും അതൊരു നക്ഷത്ര സമൂഹമാണെന്നു മനസ്സിലാക്കണം, (ഒറ്റ നക്ഷത്ര മല്ല.) കാർത്തിക നക്ഷത്രം എന്നു പറഞ്ഞാൽ ഒരു നക്ഷത്ര സമൂഹമാണ്. (constellation) ഏതു നക്ഷത്ര സമൂഹത്തിനു നേരെയാണോ (ഭൂമിയിൽ നിന്നു നോക്കുമ്പോൾ) ചന്ദ്രനുള്ളത് അന്ന് ആ നക്ഷത്രമാണ്.

ഭൂമിയിൽ നിന്നു നോക്കുമ്പോൾ ചന്ദ്രൻ അവിട്ടം നക്ഷത്ര സമൂഹങ്ങളിലാണെങ്കിൽ അന്ന് അവിട്ടം നക്ഷത്രമാണ്. ഓരോ നക്ഷത്രവും കടക്കാൻ ചന്ദ്രൻ ഏകദേശം 24 മണിക്കൂറെടുക്കും. ചന്ദ്രൻ ആ നക്ഷത്ര



Scanned with CamScanner

സമൂഹങ്ങളുമായി ബന്ധപ്പെടുന്നതുകൊണ്ട് അതിനെ ചന്ദ്രക്കൂറ് എന്നു പറയുന്നു. മേടം രാശിയിൽ, അശ്വതിയും ഭരണിയും പൂർണമായും, കാർത്തിക കാൽഭാഗവും വരുന്നു. രണ്ടേകാൽ ദിവസം കൊണ്ട്, ചന്ദ്രൻ ഈ രാശിയിലൂടെ അഥവാ നക്ഷത്രങ്ങളിലൂടെ കടന്നുപോകുന്നു.

🪔 പലരാശികളുടെയും ദൈർഘ്യത്തിൽ ചെറിയ ചെറിയ വ്യത്യാസമുണ്ടെന്ന് സൂചിപ്പിച്ചു. അതുകൊണ്ട് എല്ലാരാശിയിലൂടെയും ഗ്രഹങ്ങൾ കടന്നു പോകുമ്പോൾ ഒരേ സമയ ദൈർഘ്യമല്ല വരുന്നത്. 24 മണിക്കൂറിനെ കൃത്യമായി 2 മണിക്കൂർ വീതമുള്ള 12 രാശികളായിട്ടല്ല ജ്യോതിശാസ്ത്രമെടുത്തിരിക്കുന്നത്. ആ വ്യത്യാസംകൂടി പരിഗണിച്ചുവേണം ഗ്രഹങ്ങളുടെ ചലനം, സ്ഫുടം, സ്ഥാനം എന്നിവ ഗണിച്ചെടുക്കാൻ. ഉദാഹരണത്തിന് (24 മണിക്കൂറിനെ 60 നാഴികയാക്കിത്തിരിച്ചിരിക്കുന്നു) അതിൽ ഏറ്റവും ചെറിയ രാശിയായ മീനം രാശിയിലൂടെ ലഗ്നം കടന്നുപോകുന്ന സമയദൈർഘ്യം 4 നാഴിക 18 വിനാഴിക (101 മിനിറ്റ്). എന്നാൽ ഏറ്റവും വലിയ രാശിയായ മിഥുനം രാശിയിലൂടെ ലഗ്നത്തിന്റ സമയദൈർഘ്യം 5 നാഴിക 28 വിനാഴിക (131 മിനിറ്റ്)

🪔 മേൽവിവരിച്ചതിന്റെ ഏകദേശ അർത്ഥം ഇപ്രകാരമാണ്. ലഗ്നം മീനം രാശിയിലൂടെ കടന്നുപോകാൻ 120 മിനിറ്റല്ല എടുക്കുന്നത്, 101 മിനിറ്റാണ്. മിഥുനം രാശിയിലൂടെ കടന്നുപോകാൻ 131 മിനിറ്റും വേണം. ഇവിടെ നാം മനസ്സിലാക്കാണം ജ്യോതിഷഗണനം വളരെ എളുപ്പമുള്ളതല്ല. മറ്റൊരു പ്രശ്നം കൂടിയുള്ളത്; പഞ്ചാംഗത്തിൽ മണിക്കൂർ മിനിറ്റല്ല നൽകിയിരിക്കുന്നത് പകരം നാഴിക വിനാഴികയാണ്. 1 നാഴിക എന്നത് 24 മിനിറ്റാണ്. 1 വിനാഴിക 24 സെക്കന്റും. ഇതിനെ നമ്മെപ്പോലുള്ളവർ പഠിച്ചെടുത്തിട്ടുവേണം പ്രായോഗികമായി സ്ഫുടം ചെയ്യാൻ.

🪔 **മേൽ വിവരിച്ചതെല്ലാം സയൻസാണ്. ഇനി നമുക്ക് സയൻസല്ലാത്തതിലേയ്ക്ക് കടക്കണം. സയൻസായ ഗണിതം + ജ്യോതിശ്ശാസ്ത്രം ഉപയോഗിച്ച് സയൻസല്ലാത്ത പ്രവചനത്തിലേക്കാണ് നാം പോകുന്നത്.**

## രാശി അധിപന്മാർ

🪔 ഈ വരികൾ സയൻസുകൊണ്ട് സമർത്ഥിക്കാൻ ഇന്നുവരെ സാധിച്ചിട്ടില്ലെന്നു തോന്നുന്നു. ആധുനിക സയൻസ് ഗ്രന്ഥങ്ങളിലും ഇനി വിവരിക്കുന്നതിന്റെ വസ്തുതകൾ നൽകിയിട്ടില്ല. നമ്മുടെ പൈതൃകത്തിന്റെ ആധാരശിലകൾ വിന്യസിച്ച ഋഷീശ്വരന്മാരും ആചാര്യന്മാരും പറഞ്ഞതിൽ ഇന്നുവരെ ആർക്കും തെറ്റു കണ്ടുപിടിക്കാൻ സാധിച്ചി



Scanned with CamScanner

ട്ടില്ല എന്ന വസ്തുതയാണ് ആയുർവ്വേദം, യോഗ, വേദഗണിതം, മാനേജ്മെന്റ് സംഗീതം, നൃത്തം, വേദമന്ത്രശ്രവണം, ധ്യാനം, സസ്യാഹാരം, ഭാരതീയ കുടുംബ ബന്ധം എന്നിവയിലൂടെ ഇന്ന് നിരന്തരം തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ പൂർവ്വികരുടെ സംഭാവനകൾ ആധുനിക സയൻസ്കൊണ്ട് വിവരിക്കുന്ന നിലവാരത്തിലേക്ക് ആധുനിക സയൻസ് വളരുകയാണിപ്പോൾ. ഒരുപക്ഷേ കുറച്ചുകാലംകൂടി കഴിഞ്ഞാൽ ജ്യോതിഷത്തിൽ ഇനി വിവരിക്കാൻ പോകുന്ന കാര്യങ്ങളും സയൻസുപയോഗിച്ച് വിവരിക്കാൻ സാധിച്ചേക്കും.

12 രാശികളുള്ള രാശിചക്രത്തിൽ ഓരോ രാശിക്കും അധിപന്മാരുണ്ട്. ആ രാശി ആ അധിപന്മാരുടെ **സ്വക്ഷേത്രം** ആണെന്നു പറയാറുണ്ട്. അതായത് സ്വന്തം ക്ഷേത്രം, ഓരോ രാശിക്കും ഉടമസ്ഥരുണ്ടെന്നു സാരം.

മേടം വൃശ്ചിക രാശികൾ ചൊവ്വയുടെ അധീനത്തിലാണ്. എടവം, തുലാം രാശികൾ ശുക്രന്റെ അധീനത്തിലാണ്. മിഥുനം, കന്നി രാശികൾ ബുധന്റെ അധീനത്തിലാണ്. മീനം, ധനു രാശികൾ ഗുരുവിന്റെ അധീനത്തിലാണ്. മകരം, കുംഭം രാശികൾ ശനിയുടെ അധീനത്തിലാണ്. കർക്കിടകം ചന്ദ്രന്റേയും ചിങ്ങം സൂര്യന്റേയും അധീനത്തിലാണ്.

ഈ ആധിപത്യം അഥവാ **സ്വക്ഷേത്രമെന്ന** വിവരണം എങ്ങിനെ കണ്ടുപിടിച്ചു എന്ന ചോദ്യത്തിനുത്തരം 'അറിഞ്ഞുകൂടാ' എന്നാണ്.

എല്ലാ വ്യക്തികൾക്കും അവനവന്റെ വീട്ടിലിരിക്കുമ്പോൾ ബലം/ശക്തി കൂടുതലാണ്. അതുപോലെ ഓരോ ഗ്രഹവും സ്വക്ഷേത്രത്തിലാകുമ്പോൾ **സ്വക്ഷേത്രബലമുണ്ടെന്ന്** പറയാറുണ്ട്. ഇനി എല്ലാ ഗ്രഹങ്ങളും സ്വക്ഷേത്രത്തിലിരിക്കുമ്പോഴുള്ള ബലത്തെക്കാൾ കൂടുതൽ ശക്തിയുള്ള സ്ഥലങ്ങളുണ്ട്. ചിലവ്യക്തികൾക്ക് സ്വന്തം വീട്ടിൽ താമസിക്കുന്നതിനേക്കാൾ ധൈര്യം പോലീസുകാരന്റെ വീട്ടിൽ താമസിക്കുന്നതുപോലെയാണെന്ന് ഇതിനെ ഉപമിക്കാം. അപ്രകാരമുള്ള രാശിക്ക് ആ ഗ്രഹത്തിന്റെ **ഉച്ചക്ഷേത്രമെന്നു** പറയുന്നു.

ഉച്ചക്ഷേത്രത്തിൽ ആ ഗ്രഹം കൂടുതൽ ബലവാനാണ്. ഉച്ചക്ഷേത്രത്തിൽത്തന്നെ ഒരു പ്രത്യേക സ്ഥാനത്ത് / ഡിഗ്രിയിൽ ആ ഗ്രഹത്തിന് അത്യധികം ബലം ഉണ്ടെന്നും പൂർവ്വികർ എഴുതിവച്ചിട്ടുണ്ട്. അതിനാൽ ഓരോ ഗ്രഹത്തിനും സൂര്യചന്ദ്രന്മാർക്കും സ്വക്ഷേത്രവും ഉച്ചക്ഷേത്രവുമുണ്ട്. കൂടാതെ രാശിയാകുന്ന ക്ഷേത്രത്തിൽ ഒരു പ്രത്യേക ഡിഗ്രിയിൽ **അത്യുച്ചാവസ്ഥയുമുണ്ട്.**

മേടം രാശി സൂര്യന്റെ ഉച്ചക്ഷേത്രമാണ്. അതിൽ 10-ാം ഡിഗ്രി (പത്താ



Scanned with CamScanner

മുദയ ദിവസം) സൂര്യൻ **അതി ബലവാനാണ്**. ചന്ദ്രന്റെ ഉച്ചക്ഷേത്രം ഇടവം രാശിയാണ്. അതിൽ മൂന്നാമത്തെ ഡിഗ്രി വളരെ ബലം ചന്ദ്രനു പകരുന്നു. ചൊവ്വയ്ക്ക് മകരം രാശിയാണ് (മകര ചൊവ്വ) ഉച്ചക്ഷേത്രം അതിലെ 28-ാം ഡിഗ്രിയിലെ സ്ഥാനം ചൊവ്വയ്ക്ക് വളരെ ശക്തി പകരുന്നു. ബുധന് കന്നി ഉച്ചക്ഷേത്രവും അതിൽ 15 ഡിഗ്രി അത്യുച്ചവും ശക്തവുമാണ്. ഗുരുവിന് (വ്യാഴം) കർക്കിടകം രാശി ഉച്ചക്ഷേത്രവും. അതിൽ 5-ാം ഡിഗ്രി അത്യുച്ചവുമാണ്. ശുക്രന്; മീനം രാശി ഉച്ചക്ഷേത്രവും 27-ാം ഡിഗ്രി വളരെ ശക്തി പകരുന്നതുമാണ്. ശനിക്ക് തുലാം രാശി ഉച്ചക്ഷേത്രവും 20-ാം ഡിഗ്രി അതിശക്തവുമാണ്. രാഹുകേതുക്കൾക്ക് ഉച്ചക്ഷേത്രം യഥാക്രമം ഇടവം വൃശ്ചികം രാശികളാണ്.

ഓരോ ഗ്രഹത്തിന്റേയും ഉച്ചക്ഷേത്രത്തിന്റെ നേരെ എതിരെ വരുന്ന 7-ാം രാശി ആ ഗ്രഹത്തിന്റെ **നീചക്ഷേത്രവും** ഉച്ചഡിഗ്രിയുടെ എതിർഡിഗ്രി **അതിനീച** ഡിഗ്രിയുമാണ്. നീചക്ഷേത്രത്തിൽ ഗ്രഹത്തിന്റെ ബലം വളരെ കുറഞ്ഞിരിക്കും. ഒരുവ്യക്തി ജയലിൽ കിടക്കുന്നതുപോലെയാണെന്ന് സങ്കൽപിക്കാം. അല്ലെങ്കിൽ മാരകരോഗം പിടിപെട്ടു കിടക്കുന്നതുപോലെയാണെന്നും പറയാം. തന്റെ ബലം പ്രയോഗിക്കാനോ ജാതകന് നന്മ കൊടുക്കാനോ സാധിക്കാത്ത അവസ്ഥയിലാണ് നീചക്ഷേത്രത്തിലുള്ള ഗ്രഹം.

ജ്യോതിഷത്തിലെ ഈ ഭാഗം വിവരിക്കുമ്പോൾ മനുഷ്യന്റെ അവസ്ഥയുമായി ഉപമിച്ച് വിവരിക്കുന്നത് അർത്ഥവും സന്ദേശവും മനസ്സിലാക്കാനെളുപ്പമായിരിക്കും. ഒരു വ്യക്തി സ്വന്തം വീട്ടിൽ താമസിക്കുമ്പോൾ ബലവാനാണ്. അവിടെയിരുന്നുകൊണ്ട് പലതും കാര്യമായി ചെയ്യാൻ സാധിക്കുന്നതുപോലെയാണ് ഗ്രഹങ്ങൾക്കു സ്വക്ഷേത്രം. ഉദ്യോഗസ്ഥനായിരിക്കുന്ന വ്യക്തിക്ക് തന്റെ ഓഫീസിലിരിക്കുമ്പോൾ കുറേക്കൂടി ശക്തിയുണ്ടാകും, അതുപോലെയാണ് ഉച്ചക്ഷേത്രം. സസ്പെൻഷനിലിരിക്കുന്ന വ്യക്തിയുടെ അവസ്ഥ, വീട്ടിലും ഓഫീസിലും ഒന്നും ചെയ്യാൻ പറ്റില്ല എന്നതാണ്. ചെയ്താൽ ചിലപ്പോൾ വിപരീതഫലമായിത്തീരും. അതുപോലെയാണ് ഗ്രഹങ്ങളുടെ നീചക്ഷേത്രവും ശത്രുക്ഷേത്രവും. നമ്മുടെ ബന്ധുവീട്ടിൽ വസിക്കുമ്പോഴും ശത്രുവിന്റെ വീട്ടിൽ വസിക്കുമ്പോഴും നാം എത്ര ശക്തരാണോ അഥവാ അശക്തരാണോ അതാണ് ഗ്രഹങ്ങൾക്ക് ബന്ധുക്കളും ബന്ധുക്ഷേത്രവും ശത്രുക്കളും ശത്രുക്ഷേത്രവും. ഇവയെല്ലാം പ്രവചനഭാഗത്ത് വളരെ അത്യാവശ്യമാണ്. **ഇതിലൊന്നിലും സയൻസില്ല.**

**സൂര്യന്റെ ബന്ധുക്കൾ** - വ്യാഴം, ചന്ദ്രൻ, ചൊവ്വ; ശത്രുക്കൾ - ശനി, ശുക്രൻ; ചന്ദ്രന് ബന്ധുക്കൾ - സൂര്യൻ, ബുധൻ; ശത്രുക്കളാരു



Scanned with CamScanner

മില്ല. കുജന് ബന്ധുക്കൾ വ്യാഴം, സൂര്യൻ, ചന്ദ്രൻ; ശത്രു - ബുധൻ. ബുധന് ബന്ധുക്കൾ സൂര്യൻ, ശുക്രൻ; ശത്രു - ചന്ദ്രൻ; വ്യാഴത്തിന് ബന്ധുക്കൾ സൂര്യൻ, ചന്ദ്രൻ, ചൊവ്വ; ശത്രുക്കൾ - ശുക്രൻ, ബുധൻ; ശുക്രന് ബന്ധുക്കൾ - ബുധൻ, ശനി; ശത്രുക്കൾ സൂര്യൻ, ചന്ദ്രൻ. ശനിക്ക് ബന്ധുക്കൾ ബുധൻ, ശുക്രൻ. ശത്രുക്കൾ - സൂര്യൻ, ചന്ദ്രൻ, ചൊവ്വ. രാഹുകേതുക്കൾക്ക് ബന്ധുക്കൾ ബുധൻ, ശുക്രൻ, ശനി ശത്രുക്കൾ - സൂര്യൻ, ചന്ദ്രൻ, വ്യാഴം.

ഇപ്രകാരമുള്ള ബന്ധുത്വവും ശതുത്വവും ഗ്രഹങ്ങൾ തമ്മിലുണ്ടായത് സയൻസുപയോഗിച്ച് വിവരിക്കാൻ സാധ്യമല്ല. ഓരോ വ്യക്തിയും ബന്ധുക്ഷേത്രത്തിൽ അഥവാ ശത്രുക്ഷേത്രത്തിൽ ഉള്ളപ്പോൾ ആ വ്യക്തിയുടെ ബലംപോലെയാണ് ഗ്രഹങ്ങൾക്ക് ബന്ധുക്കളോടൊപ്പമോ അവരുടെ ആധിപത്യമുള്ള രാശിയിലോ നിൽക്കുമ്പോൾ ഉണ്ടാകുന്ന ശക്തി അഥവാ ശക്തിക്ഷയം. ഗ്രഹങ്ങൾ ഏതു രാശിയിലാണുള്ളതെന്ന് ആ രാശി ആ ഗ്രഹത്തിന്റെ ബന്ധുവോ ശത്രുവോ എന്നെല്ലാം പരിശോധിച്ചതിനുശേഷമേ ഗ്രഹത്തിന്റെ ഗുണദോഷങ്ങൾ വിലയിരുത്താറുള്ളൂ.

ഇതുകൂടാതെ ഗ്രഹങ്ങൾ തമ്മിൽ **സമന്മാർ, അതിബന്ധുക്കൾ, അതി ശത്രുക്കൾ** എന്നീ പ്രയോഗവുമുണ്ട്. ഇവിടെയെല്ലാം നാം മനസ്സിലാക്കേണ്ടത് ഒരു ഗ്രഹത്തിന്റെ സാന്നിദ്ധ്യംകൊണ്ട്എന്തെല്ലാം ലഭിക്കുമെന്നാണോ സൂചിപ്പിക്കാനാഗ്രഹിക്കുന്നത് അതെല്ലാം ആ ഗ്രഹം എവിടെ നിൽക്കുന്നു എന്നതിനെക്കൂടി ആസ്പദമാക്കിയിരിക്കുന്നു. കുജൻ വാഹനവുമായി ബന്ധപ്പെട്ട ഗ്രഹമാണെന്നു വിചാരിക്കുക. കുജൻ ഉച്ചസ്ഥാനത്തിരുന്നുവെങ്കിൽ നല്ല വാഹനം ലഭിക്കും. നീചസ്ഥാനത്താണെങ്കിൽ അതനുസരിച്ചുള്ള മോശമായ വാഹനമോ വാഹനം കൊണ്ടുള്ള പ്രശ്നമോ ആയിരിക്കും ഉണ്ടാവുക.

ഗ്രഹത്തിന്റെ സ്ഥാനം, കൂടെയുള്ള ഗ്രഹങ്ങൾ, എവിടെയെങ്ങിനെ സ്ഥിതി ചെയ്യുന്നു എന്നതെല്ലാം ആ ഗ്രഹത്തിന്റേതായി നമുക്ക് ലഭിക്കുമെന്നു പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് അനുബന്ധമായി വിവരിക്കാൻ ഉപകരിക്കും. ഇതെല്ലാം ഒരു നല്ല ജ്യോതിഷന് മനപ്പാഠമാകണം. മനപ്പാഠമായത് ഓർമ്മയിൽ വരണം. ഓർമ്മയിൽ വരുന്നത് വേണ്ടതുപോലെ വ്യാഖ്യാനിക്കാൻ സാധിക്കണം. വ്യാഖ്യാനിച്ച് സന്ദർഭമനുസരിച്ച് വിവരിച്ചുകൊടുക്കാൻ സാധിക്കണം. ഇതിന് ഈശ്വരാനുഗ്രഹം വേണമെന്നും പറയാറുണ്ട്.

ഏതു ഗ്രഹത്തിന്റെ ഫലവും കുറേയെങ്കിലും ലഭ്യമാകണമെങ്കിൽ,



Scanned with CamScanner

ആചാര്യന്മാരുടെ അഭിപ്രായപ്രകാരം, ഓരോ ഗ്രഹവും സ്ഥിതി ചെയ്യുന്ന രാശി പ്രധാനമാണ്. ഉദാഹരത്തിന് സൂര്യൻ തുലാം രാശിയിൽ നീചത്തിലാണ്. ആ രാശിയിലെ 10–ാം ഡിഗ്രി ഏറ്റവും മോശമാണത്രെ. മേടരാശിയിൽ സൂര്യൻ ഉച്ചത്തിലാണ്, മേടം രാശി 10–ാം ഡിഗ്രിയിൽ ഉച്ചത്തിന്റെ ശൃംഖത്തിലാണെന്ന് പറഞ്ഞുവല്ലോ! ചിങ്ങം രാശിയിൽ സൂര്യൻ സ്വക്ഷേത്രത്തിലാണ്. സൂര്യൻ ധനുമീനം രാശിയിലാണെങ്കിൽ ബന്ധുക്ഷേത്രത്തിലാണ്. മകരം, കുംഭം, ഇടവം, തുലാം ക്ഷേത്രത്തിലാണെങ്കിൽ ശത്രുക്ഷേത്രത്തിലാണ്. മിഥുനം, കന്നി രാശികളിലാണെങ്കിൽ സമന്റെ ക്ഷേത്രത്തിലാണ്. ഇപ്രകാരമെഴുതിയത് വായിച്ചാൽത്തന്നെ, ആ ജാതകത്തിൽ സൂര്യൻ നൽകുന്ന നന്മതിന്മകളുടെ അളവ് എത്രയെന്ന് ഊഹിച്ചെടുക്കാം. സൂര്യൻ സർക്കാരുമായി ബന്ധപ്പെട്ടിരിക്കുന്നു. അപ്പോൾ സൂര്യൻ ഉച്ചത്തിലാണെങ്കിൽ സർക്കാർ ആനുകൂല്യം കൂടുതലായി ലഭിക്കും, നീചത്തിലാണെങ്കിൽ സർക്കാരിൽ നിന്ന് വിപരീതമായിരിക്കും ഫലം. ശത്രു ക്ഷേത്രത്തിലാണെങ്കിൽ സർക്കാർ ഓഫീസിൽതന്നെ ശത്രുക്കളുണ്ടാകും. അല്ലെങ്കിൽ അയാളുടെ പ്രവൃത്തി ശത്രുതാപര്യമായി കാണുന്നവരുണ്ടാകും, എന്നിപ്രകാരം വ്യാഖ്യാനിക്കാം.....

രാശികൾക്കും ഗ്രഹങ്ങൾക്കും **സ്ത്രീപുരുഷത്വമുണ്ട്.** മറ്റൊരർത്ഥത്തിൽ **യുഗ്മ ഓജരാശികളെന്നവ** അറിയപ്പെടുന്നു. മേടം മുതൽ ഒന്നിടവിട്ടുള്ള രാശികൾ പുരുഷ രാശികൾ അഥവാ ഓജരാശികളാണ്. മറ്റുള്ളവ സ്ത്രീ/യുഗ്മരാശികളാണ്. ഇങ്ങിനെ രാശി തിരിക്കുന്നതുകൊണ്ട് പ്രയോജനമുണ്ട്. സ്ത്രീ/യുഗ്മരാശിയിൽ, സ്ത്രീഗ്രഹം വന്നാൽ അത് സ്ത്രീയാകാനാണ് സാധ്യത. ഉദാഹരണം അഞ്ചാംഭാവം യുഗ്മരാശിയും അതിൽ ശുക്രനും വന്നാൽ അയാൾക്കു ജനിക്കുന്ന ശിശു പെൺകുഞ്ഞായിരിക്കാനാണ് സാദ്ധ്യത. 3–ാം ഭാവത്തിലിപ്രകാരമാണെങ്കിൽ ആ ജാതകന് സഹോദരിമാരായിരിക്കാനാണ് കൂടുതൽ സാദ്ധ്യത. ഉദാഹരണത്തിനിങ്ങിനെ ചൂണ്ടികാണിച്ചുവെന്നേയുള്ളൂ. ആൺ-പെൺകുട്ടികളുടെ കാര്യം, സഹോദരി സഹോദരന്മാരുടെ കാര്യമെല്ലാം ഒന്നോ രണ്ടോ വസ്തുതകൾ മാത്രം വിലയിരുത്തി പറയാനാകില്ല.

**ഗ്രഹങ്ങൾക്ക് സ്ത്രീ പുരുഷത്വം** വിവരിക്കുന്നതും മേൽ വിവരിച്ചതുപോലെ പ്രയോജനപ്രദമാണ്. വ്യാഴം, സൂര്യൻ, ചൊവ്വ, പുരുഷ ഗ്രഹങ്ങളാണ്. ചന്ദ്രൻ, ശുക്രൻ, രാഹു ഇവ സ്ത്രീ ഗ്രഹങ്ങളാണ്. ശനി, ബുധൻ, കേതു ഇവ നപുംസകങ്ങളാണ്. നമ്മുടെ ബന്ധുക്കളെക്കുറിച്ച് വിലയിരുത്താൻ രാശികളുടേയും ഗ്രഹങ്ങളുടേയും സ്ത്രീ–പുരുഷ–നപുസകത്വം ഉപയോഗിക്കാറുണ്ട്.



Scanned with CamScanner

ചില രാശികൾ **സ്ഥിരവും** ചിലത് **ചരവും,** ചിലത് **ഉഭയവുമാണ്.** മേടം ചരരാശിയാണ്. ഇടവം സ്ഥിരരാശിയും, മിഥുനം ഉഭയരാശിയുമാണ്. കർക്കിടകം ചരം, ചിങ്ങം സ്ഥിരം, കന്നി ഉഭയം എന്നിപ്രകാരമാണ്. അടുത്തതും ഇപ്രകാരംതന്നെയെന്നു മനസ്സിലാക്കണം. തുലാം രാശി ചരം, വൃശ്ചികം സ്ഥിരം ധനു ഉഭയം; മകരം ചരം, കുംഭം സ്ഥിരം, മീനം ഉഭയം. ഇപ്രകാരം ചരം, സ്ഥിരം ഉഭയം എന്നിങ്ങിനെ തരം തിരിക്കുന്നതുകൊണ്ടെന്താണ് പ്രയോജനം? ലഗ്നം ചരരാശിയിൽ വന്നാൽ ഇയാൾ ഒരിടത്തും സ്ഥിരമായി താമസിക്കില്ലെന്നനുമാനിക്കണം. 10-ാം ഭാവം ചരരാശിയിൽ വന്നാൽ ഇടക്കിടക്ക് ട്രാൻസ്ഫർ വന്നുകൊണ്ടേയിരിക്കും. അല്ലെങ്കിൽ റപ്രസന്റേറ്റീവ്പോലെയുള്ള ജോലിയായിരിക്കും. ഇങ്ങിനെ കാര്യങ്ങൾ വിവരിക്കണം.

രാശികളെ ഇനിയും പല വിധത്തിൽ വിഭജിച്ചിട്ടുണ്ട്. അഗാധതലത്തിലേക്കുപോകാൻ ഈ ചെറിയ പുസ്തകത്തിൽ സാധ്യമല്ല. ജ്യോതിഷത്തിന്റെ ഒരു രൂപഭാവസന്ദേശരേഖ മാത്രമേ ഈ പുസ്തകത്തിലൂടെ നൽകാനാകൂ!

**രാശിസ്ഥാനങ്ങൾ**

രാശികൾ തമ്മിൽ പല പ്രകാരത്തിലുള്ള സ്ഥാനബന്ധങ്ങളുണ്ട്. 1, 5, 9 രാശികൾ **മൂലത്രികോണ രാശികളാണെന്നു** പറയുന്നു. അവ പരസ്പരം ബന്ധപ്പെട്ടാൽ പ്രത്യേകബലമുണ്ട്. ലഗ്നവും 5-ാം ഭാവവും തമ്മിൽ നല്ല ബന്ധമുണ്ടെങ്കിൽ ജാതകനും അദ്ദേഹത്തിന്റെ മക്കളും തമ്മിൽ സുദൃഢബന്ധമുണ്ടെന്നു പറയണം. 1 ഉം 9 ഉം ബന്ധപ്പെട്ടാൽ ജാതകനും അദ്ദേഹത്തിന്റെ അച്ഛനും തമ്മിൽ ദൃഢബന്ധമെന്നു പറയാം. ഈ 1, 5, 9 ഒരുതരത്തിൽ ത്രികോണ രാശികളാണ്.

1, 4, 7, 10 സ്ഥാനങ്ങൾ **കേന്ദ്രരാശികളെന്നു പറയുന്നു.** ഈ നാലിലും നല്ല ശുഭഗ്രഹങ്ങളും, അവയിൽ ചിലതെങ്കിലും ഉച്ചത്തിലും വരുകയും ചെയ്താൽ ഉറച്ച നല്ല തൂണുകളിലെ കെട്ടിടംപോലെ ജാതകൻ നല്ല ബലവാനായിരിക്കും. **കേന്ദ്രാധിപത്യം** എന്നുമിതറയിപ്പെടുന്നു.

**ഗ്രഹങ്ങളുടെ വക്രഗതി, മൗഢ്യം**

ഗ്രഹങ്ങൾ സൂര്യനു ചുറ്റും ദീർഘവൃത്താകൃതിയിൽ ഭ്രമണം ചെയ്യുന്നു. അവ ഭൂമിയിൽ നിന്നു നോക്കുമ്പോൾ ചിലപ്പോൾ പുറകോട്ടു പോകുന്നതായി തോന്നാറുണ്ട്. യഥാർത്ഥത്തിൽ ഒരു ഗ്രഹവും പുറകോട്ടുപോകില്ല. ഭൂമിയിൽ നിന്ന് നോക്കുമ്പോൾ retrograde motion അഥവാ വക്രത്തിലാണെന്നു പറയും. ഇത് സയിന്റിഫിക്കാണുതാനും.



Scanned with CamScanner

ഗ്രഹം വക്രത്തിലേക്ക് പ്രയാണം ചെയ്യുന്ന ദിശ ആ ഗ്രഹത്തിന്റെ ഉച്ച ക്ഷേത്രമുള്ള ദിശയിലേക്കാണെങ്കിൽ ആ വക്രചലനം കൊണ്ട് ആ ഗ്രഹത്തിന് ബലം കൂടുതലാണത്രെ!

വക്രത്തിന്റെ ദിശ ആ ഗ്രഹത്തിന്റെ നീചത്തിലേക്കാണെങ്കിൽ ബലം കുറവുമായിരിക്കും. ഇവിടെ ബലം എന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത് ആ ഗ്രഹം ജാകതന് നൽകുന്നത് കൂടുതലായി നൽകാൻ സാധ്യതയുണ്ടെന്നും നന്മയായിരിക്കും നൽകുന്നതെന്നുമാണ്. വക്രദിശ ഉച്ചത്തിലേക്കാണെങ്കിൽ കൂടുതൽ നല്ലഫലങ്ങൾ നൽകുമെന്നർത്ഥം.

രണ്ടു ഗ്രഹങ്ങൾ, അല്ലെങ്കിൽ ഒരു ഗ്രഹം സൂര്യന്റെ അടുത്തുവന്നാൽ ശക്തമായ ഗ്രഹത്തിന്റെ സാന്നിദ്ധ്യത്തിൽ മറ്റേ ഗ്രഹത്തിന്റെ ബലം കുറയും. ഉദാഹരത്തിന് ഗുരുവിന്റെയടുത്ത് സൂര്യൻ വന്നാൽ വിദ്യാഭ്യാസത്തെ കാര്യമായി തകരാറിലാക്കും. ചന്ദ്രന്റെ കൂടെ സൂര്യൻ വന്നാൽ (കറുത്തവാവ്) ആ ജാതകന്റെ മനസ്സ് തളർന്നുകൊണ്ടിരിക്കും. ഇതിനെ **മൗഢ്യമെന്നു** പറയും.

## ഗ്രഹങ്ങളുടെ ദൃഷ്ടി

ഓരോ ഗ്രഹത്തിനും അതിനെ നോക്കുന്ന ഗ്രഹത്തിൽ നിന്നും ബലം എടുക്കാനും അതു നോക്കുന്ന ഗ്രഹത്തിനും രാശിക്കും ബലം കൊടുക്കാനും സാധിക്കും. ഇതിനെ ഗ്രഹങ്ങളുടെ ദൃഷ്ടി എന്നു പറയുന്നു. ഓരോ ഗ്രഹത്തിനും പ്രത്യേക രാശികളിലേക്കാണ് ദൃഷ്ടിയുള്ളതത്രെ. പക്ഷേ എല്ലാ ഗ്രഹത്തിനും അതിന്റെ ഏഴാം രാശിയിലേക്കും അതിൽ സ്ഥിതി ചെയ്യുന്ന ഗ്രഹത്തിലേക്കും ദൃഷ്ടിയുണ്ടാകും. എല്ലാ ഗ്രഹങ്ങൾക്കും 7 ലേയ്ക്ക് ദൃഷ്ടിയുണ്ടെന്നതിൽ വ്യത്യാസമില്ല. ഇപ്രകാരം ദൃഷ്ടിയുണ്ടെങ്കിൽ അതിന്റെ പ്രയോജനമെന്തെന്നാണെങ്കിൽ ലഗ്നാധിപന് സൂര്യന്റെ ദൃഷ്ടിയുണ്ടെങ്കിൽ അച്ഛന്റേയും സർക്കാരിന്റേയും സഹായം ലഭിക്കുമെന്ന് സൂചിപ്പിക്കാം. ലഗ്നത്തിന് ശനിയുടെ ദൃഷ്ടിയുണ്ടെങ്കിൽ അഥവാ ലഗ്നാധിപന് ശനിയുടെ ദൃഷ്ടിയുണ്ടെങ്കിൽ ആ വ്യക്തി ഏതു കാര്യവും വളരെ മന്ദഗതിയിലേ ചെയ്യൂ, അല്ലെങ്കിൽ കാര്യമായ തടസ്സങ്ങളുണ്ടാകും എന്നു പറയണം. ഉച്ചത്തിലുള്ള ശനിയുടെ ദൃഷ്ടിയാണ് ലഗ്നത്തിനോ ലഗ്നാധിപനോ ലഭിക്കുന്നതെങ്കിൽ ആ വ്യക്തി വളരെ ചിന്തിച്ച് അടുക്കും ചിട്ടയോടും കൂടി സാവധാനത്തിൽ കാര്യങ്ങൾ ചെയ്യുന്നവനായിരിക്കുമെന്നു സുചിപ്പിക്കാം. നീചത്തിലുള്ള ശനിയുടെ ദൃഷ്ടിയാണെങ്കിൽ എപ്പോഴും ഉറക്കം തൂങ്ങുന്നവനാണെന്നു പറയാം. കറുത്തനിറം, അപകർഷതാബോധം, എല്ലാവരോടും പുച്ഛം ഇതെല്ലാമയിരിക്കും നീചശനിയുടെ ദൃഷ്ടിയാൽ സംഭവിക്കുക. ഇവിടെ ഭാവം രാശി എന്നീ പ്രയോഗങ്ങൾ വലിയ വ്യത്യാ



Scanned with CamScanner

സമില്ലാതെ പ്രയോഗിക്കാം. വ്യാഴ ഗ്രഹത്തിന് അത് നിൽക്കുന്ന രാശിയിൽ നിന്ന് 5, 7, 9 ഭാവത്തിലേക്ക് ദൃഷ്ടിയുണ്ട്. ചൊവ്വയ്ക്ക് 4, 7, 8 ഭാവത്തിലേക്ക് ദൃഷ്ടിയുണ്ട്. ശനിക്ക് 3, 7, 10 ലേക്ക് ദൃഷ്ടിയുണ്ട്. സൂര്യൻ, ചന്ദ്രൻ, ബുധൻ, ശുക്രൻ, കേതു എന്നിവയ്ക്ക് 7-ാം ഭാവത്തിലേക്ക് മാത്രമേ ദൃഷ്ടിയുള്ളൂ.

**ശുഭഗ്രഹങ്ങളും പാപഗ്രഹങ്ങളും**

ഗ്രഹങ്ങളിൽ ഏറ്റവും പാപൻ ശനിയാണ്, പിന്നെ ചൊവ്വയും, തുടർന്ന് സൂര്യനും, **പാപഗ്രഹങ്ങളാണ്.** കറുത്ത വാവിലേയ്ക്ക് നീങ്ങുന്ന പക്ഷബലമില്ലാത്ത ചന്ദ്രനും പാപനാണ്. പാപഗ്രഹങ്ങളുടെ ദൃഷ്ടി ശുഭകരമല്ല എന്നു പറയാറുണ്ട്. ഇവിടെ പാപൻ എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് നല്ലമനുഷ്യരുടെകൂടെ മോശമായവരുണ്ടെങ്കിൽ എന്തു സംഭവിക്കുമോ അതിനു സമാനമാണ്. നല്ല ഗ്രഹത്തോടൊപ്പം പാപഗ്രഹമുണ്ടെങ്കിൽ നല്ലഗ്രഹത്തിന്റെ നന്മകൾ പൂർണമായും ലഭിക്കാതെ വരും. അല്ലെങ്കിൽ നന്മ മറ്റൊരുദിശയിലേക്ക് നയിക്കപ്പെടും.

**പാപകർത്തരിയോഗം** എന്നൊരു യോഗമുണ്ട്. ഒരു രാശിയിലെ ഗ്രഹത്തിന്റെ ഇരുവശത്തുമുള്ള രാശിയിൽ, മേൽ വിവരിച്ച പാപഗ്രഹങ്ങൾ വന്നാൽ ഗ്രഹത്തിന്റെ നന്മകൾ കുറയുമെന്നർത്ഥം. ഈ വിവരിച്ചതൊന്നും സയൻസുപയോഗിച്ചു വിവരിക്കാൻ സാദ്ധ്യമല്ല എന്നോർമ്മിക്കുമല്ലോ.

**ഗ്രഹകാരകത്വം**

ജ്യോതിഷത്തിൽ ഏറ്റവും അധികം തെറ്റിദ്ധാരണയുള്ള ഒരു വിഷയഭാഗമാണ് **ഗ്രഹകാരകത്വം.** നമ്മളിൽ പലരും ധരിച്ചുവെച്ചിരിക്കുന്നത് ഈ ഗ്രഹങ്ങൾ നമുക്കു പലതും തരുന്നു എന്നാണ്. ഇത്രയും അകലെയുള്ള ഗ്രഹങ്ങൾ നമുക്കെങ്ങിനെയാണിതൊക്കെ തരുന്നത്? അതെല്ലാം തരാനുള്ള എന്തുഘടകമാണ് ഈ ഗ്രഹങ്ങളിലുള്ളത്? ഈ ചോദ്യങ്ങൾക്കു വ്യക്തമായ ഉത്തരമുണ്ട്. ഇതേപോലെയാണ് ഈ ഗ്രഹങ്ങൾ മനുഷ്യരെ സ്വാധീനിക്കുന്നു എന്ന പദപ്രയോഗവും. ഗ്രഹങ്ങൾ മനുഷ്യനെ സ്വാധീനിക്കുന്നു എന്നതിന് ചിലർ അബദ്ധജടിലമായ ഉദാഹരണങ്ങളും നിരത്താറുണ്ട്; വെളുത്ത വാവിലും കറുത്തവാവിലും മനുഷ്യരിലും പക്ഷി മൃഗാദികളിലും ഉണ്ടാകുന്ന മാനസ്സീക-ശാരീരിക വ്യതിയാനങ്ങൾ, ഗ്രഹണ സമയത്തുണ്ടാകുമെന്നു ധരിച്ചുവെച്ചിരിക്കുന്ന ചില കാര്യങ്ങൾ, ഗ്രഹങ്ങൾ ഒരേരാശിയിൽ ഒരേ ആംഗിളിൽ വരുമ്പോളും നാലഞ്ചു ഗ്രഹങ്ങൾ നേർ രേഖയിൽ വരുമ്പോളും ചില പ്രശ്നങ്ങളുണ്ടാകുമെന്നെല്ലാമുള്ള പ്രവചനങ്ങൾ ഇവയൊന്നും നമ്മുടെ പൂർവ്വികർ ജ്യോതിഷത്തിന്നായി പറഞ്ഞിട്ടുള്ളതല്ല. ഇനി



Scanned with CamScanner

അവർ അതെല്ലാം പറഞ്ഞിട്ടുണ്ടെങ്കിൽ ഉദ്ദേശിക്കുന്നത് വ്യത്യസ്തമായ കാര്യങ്ങളാണ്. സൂര്യചന്ദ്രന്മാർ ശരീര-മനസ്സിന്റെ കാര്യത്തിൽ സ്വാധീനിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതിൽ ചിലത് ആയുർവേദബന്ധിതമായ കാര്യമായിരിക്കാം. പക്ഷേ ജ്യോതിഷത്തിൽ ഗ്രഹങ്ങളുടെ സ്വാധീനം എന്നത് ഗ്രഹകാരകത്ത്വത്തിലൂടെയും ഭാവ വിവരണത്തിലൂടെയുമാണ്. ഇതു രണ്ടും സയൻസിന് അംഗീകരിക്കാനേ ആകില്ല. അത് സയിന്റിഫിക്കല്ല. സയിന്റിഫിക്കല്ലാത്തതുകൊണ്ട് പ്രയോജനപ്രദമല്ല എന്നല്ല പറഞ്ഞത്.

ഈ ലോകത്തിലെ 60 ശതമാനത്തിൽ കൂടുതൽ കാര്യങ്ങളും ഇന്നത്തെ സയൻസുകൊണ്ടു വിവരിക്കാൻ സാദ്ധ്യമല്ല. ഏറ്റവും ലളിതമായ കാര്യങ്ങൾ നോക്കൂ. സ്നേഹം, ബഹുമാനം, ദയ, കരുണ, സംതൃപ്തി, ചാരിതാർത്ഥ്യം,. കടമ, കടപ്പാട്........ വാശി, പക, അസൂയ, ദേഷ്യം, അഹങ്കാരം, ....... ഇതിലേതിനെയെങ്കിലും സയൻസുകൊണ്ടു വിവരിക്കാൻ സാധിക്കുമോ? അമ്മയോടു തോന്നുന്ന സ്നേഹം, അദ്ധ്യാപകനോടു തോന്നുന്ന ബഹുമാനം, ചിലരോടു തോന്നുന്ന വെറുപ്പ്, ഇതെല്ലാം ചേർന്നതല്ലേ ഈ ജീവിതം. അതൊന്നും സയിന്റിഫിക്കല്ല എന്നു പറഞ്ഞാൽ അതൊന്നുമില്ല എന്നല്ലല്ലോ അർത്ഥം. അതുകൊണ്ട് ഗ്രഹകാരകങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ഇന്നത്തെ സയൻസിന് വിവരിക്കാൻ സാദ്ധ്യമല്ല എന്നേ അർത്ഥമുള്ളൂ. ഒരു പക്ഷേ കാലം കുറേകഴിഞ്ഞാൽ ജ്യോതിഷത്തിലെ ചിലതിനു സയൻസ് ഉത്തരം നൽകിയെന്നു വന്നേക്കാം. സയൻസ് ഉത്തരം നൽകുന്നോ ഇല്ലയോ എന്നുനോക്കിയല്ല മാനവരാശി ഇക്കാലമത്രയും ജീവിച്ചതും ഇനിയും ജീവിക്കുന്നതും. ജ്യോതിഷ പ്രവചനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് ഭാവത്തിന്റെ മഹത്വം ഗ്രഹത്തിന്റെ (സ്ഥാനവും യോഗവും, ദൃഷ്ടിയും) മഹത്വവും ഗ്രഹകാരകത്വവും എന്നു പറഞ്ഞുവല്ലോ.

ഓരോ ഭാവത്തിനും മനുഷ്യനുമായി ബന്ധപ്പെട്ട ഓരോ വലിയ കാര്യം വിവരിച്ചു നൽകാനുണ്ട്. അതിലേക്കു കടക്കുന്നതിനുമുമ്പ് നമുക്ക് ഗ്രഹങ്ങളുടെ **കാരകത്ത്വത്തിലേക്ക്** കൂടുതൽ ഗഹനമായി വിവരണത്തിലൂടെ കടക്കാം. ഈ വിവരണങ്ങളിൽ നിന്ന് കാര്യങ്ങൾ പൂർണരീതിയിൽ ഗ്രഹിക്കണമെങ്കിൽ ഒന്നുമുതൽ 12 വരെയുള്ള രാശിചക്രത്തിലെ ഭാവങ്ങൾ എന്തിനെ പ്രതിനിധാനം ചെയ്യുന്നു എന്നുമറിയേണ്ടതുണ്ട്. അതു നമ്മൾ പിന്നീട് സുദീർഘമായി വിവരിക്കുന്നുണ്ടാകും.

ഓരോ ഗ്രഹവും (സൂര്യനും, ചന്ദ്രനും, രാഹുവും കേതുവും ഉൾപ്പെടെയുള്ള ഗ്രഹങ്ങൾ) അനവധി കാര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നു.



Scanned with CamScanner

അവ ആ വസ്തുക്കളുടെ/വസ്തുതയുടെ പ്രതീകമാണെന്നേ ഈ വരികൊണ്ടർത്ഥമാക്കാവു. മറിച്ച് ആ ഗ്രഹം അങ്ങിനെയൊന്നു തരുന്നു എന്നു വിചാരിച്ചാൽ അത് അബദ്ധമായിരിക്കും. ആ ഗ്രഹത്തിന് ആ കാരകത്വത്തിലൂടെ പറയുന്നത് നൽകാനാവില്ല. അതിന്റെ അർത്ഥം ഇനി പ്പറയുന്ന വിവരണത്തിൽ നിന്നു മനസ്സിലാക്കണം.

❀ **സൂര്യന് കാരകത്വമായിട്ടുള്ളത്** - സർക്കാർ, പിതാവ്, ആയുസ്സ്, പ്രതാപം, അധികാരം, ധൈര്യം, ശൗര്യം, ഉത്സാഹം, കീർത്തി, ഈശ്വ രഭക്തി, ഉഷ്ണസംബന്ധമായതെല്ലാം, സ്വർണ്ണം, ധനം, ഇപ്രകാരമു ള്ളതെല്ലാം സൂര്യനുമായി ബന്ധപ്പെട്ടിരിക്കുന്നു. അവയെല്ലാം സൂര്യന്റെ കാരകത്വത്തിലുള്ളതാണെന്നും വിവരിക്കാം. **ഇതിനെയാണ് സൂര്യൻ ഇവയെല്ലാം നൽകുന്നു** എന്ന പദപ്രയോഗത്തിലൂടെ ജ്യോതിഷത്തിൽ അർത്ഥമാക്കുന്നത്. ചില സാധാരണ ഉദാഹരങ്ങൾ വിവരിക്കുമ്പോൾ ഈ കാരകത്വം കൂടുതൽ വ്യക്തമാകും. ജാതകത്തിലെ 10-ാം ഭാവം കർമ്മഭാവമാണ്. ഉദ്യോഗമാണ്. ആ ഭാവത്തിലാണ് സൂര്യൻ സ്ഥിതി ചെയ്യുന്നതെങ്കിൽ സർക്കാർ ഉദ്യോഗം ലഭിക്കുമെന്നർത്ഥം. സൂര്യൻ 10 -ാം ഭാവത്തിലാണ്, കൂടാതെ ഉച്ചത്തിലുമാണെന്ന് വിചാരിക്കുക ഒരു ഐ.എ.എസ്.കാരനായി ഉയർന്ന അധികാരമുള്ള വ്യക്തിയായിത്തീ രും. ലഗ്നത്തിൽ, അതായത് 1-ാം ഭാവത്തിൽ സൂര്യനുണ്ടെങ്കിൽ നല്ല രക്തപ്രസാദമുള്ള, ചുറുചുറുക്കുള്ള അധികാരമുഖമുള്ള, രാജകീയ പ്രൗഢിയുള്ള വ്യക്തിത്വമുള്ളവനായിരിക്കുമെന്നർത്ഥം. ഇപ്രകാരമാണ് കാരകത്വവും ഭാവവും തമ്മിൽ ബന്ധപ്പെടുത്തേണ്ടത്. അതുകൊണ്ട് 'കാരകത്വ'ത്തിന് നമുക്കു വേണമെങ്കിൽ attributor എന്ന പേരുകൊ ടുക്കാം. കണ്ണുകെട്ടി തുലാസു പിടിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ത്രീ നീതിന്യായ വ്യവസ്ഥയുടെ പ്രതീകമാകുന്നത് എങ്ങിനെയാണോ അതു പോലെ സൂര്യൻ ഏതുഭാവത്തിലാണോ ഉള്ളത് ആ ഭാവത്തിന് ഇവ യെല്ലാം attribute ചെയ്യുന്നു. എന്നു 'പറയണം'. നമുക്കു കൂടുതലായി കാരകത്വത്തെക്കുറിച്ച് അറിയാൻ ശ്രമിക്കാം.

❀ ചന്ദ്രന്റെ കാരകത്വമായ വസ്തുക്കളും വസ്തുതകളും; മാതാവ്, മനസ്സ്, മനോസൗഖ്യം, കീർത്തി, ശാന്തസ്വഭാവം, രാത്രി, കൃഷി, ബുദ്ധി, അജീർണം, ജലദോഷം, വെള്ളനിറം, വെള്ളി ഇവയെല്ലാമാണ്. ഇനി നമുക്കു ചന്ദ്രനെക്കുറിച്ച് ചിന്തിക്കാം. ചന്ദ്രനും സൂര്യനും ഒരേരാശി യിൽ വരുമ്പോൾ (കറുത്തവാവ്) ജാതകത്തിലെ മറ്റു ഗ്രഹങ്ങൾ ശക്ത രല്ലെങ്കിൽ ഈ വ്യക്തി മാനസികമായി ശക്തനാകില്ല. വികാരത്തിന്ന ടിമയായിരിക്കുമെന്നർത്ഥം. പലപ്പോഴും മാനസിക ദൗർബല്യത്താൽ ശാന്തനായിരിക്കും. നാലാം ഭാവത്തിലാണ് ചന്ദ്രനെങ്കിൽ മാതൃത്വം



Scanned with CamScanner

തുളുമ്പുന്ന അമ്മയുണ്ടെന്ന് പറയണം. അതേ സമയം സൂര്യനാണ് 4-ാം ഭാവത്തിലെങ്കിൽ ആധികാരിക രീതിയിൽ പെരുമാറുന്ന, മക്കളെ വരച്ച വരയിൽ നിർത്തുന്ന അമ്മയായിരിക്കും.

**കുജൻ അഥവാ ചൊവ്വയുടെ കാരകത്വം** : സഹോദരൻ, രക്തം, ഊർജ്ജസ്വലത, ആയുധം, പരാക്രമം, ഭൂമി, പട്ടാളം, പോലീസ്, ധൈര്യം, ക്രൂരത, യുദ്ധം, അഗ്നി, കൊലപാതകം, വ്യഭിചാരം, ശത്രു, ചൊറി, വ്രണം, ശസ്ത്രക്രിയ, കെമിസ്ട്രി, രാസവസ്തുക്കളുടെ ദുർഗന്ധം ..... ഇങ്ങിനെയുള്ളത് attribute ചെയ്യുന്നത് ചൊവ്വയാണ്. ചൊവ്വ 1-ാം (ലഗ്നം) ഭാവത്തിലുണ്ടെങ്കിൽ അസാധാരണ രക്തപ്രസാദമുള്ള വ്യക്തിയായിരിക്കും. രണ്ടാം ഭാവത്തിലാണ് ചൊവ്വയെങ്കിൽ വളരെ കഠിനമായ വാക്കുകളുപയോഗിക്കുന്ന വ്യക്തിയായിരിക്കും. ചൊവ്വാ ഉച്ചത്തിലാണെങ്കിൽ അതിശക്തമായ വാക്കുകളുപയോഗിക്കുന്ന വ്യക്തിയായിരിക്കും. രണ്ടാം ഭാവത്തിൽ നീചത്തിലുള്ള ചൊവ്വയാണെങ്കിൽ പച്ചത്തെറി പറയുന്നവനും ഭീഷണിപ്പെടുത്തുന്നവനും, വഴക്കാളിയുമായിരിക്കും.

**ബുധന്റെ കാരകത്വം** : വിദ്യ, തൊഴിൽ, മേധാശക്തി, പാണ്ഡിത്യം, വാക്ചാതുര്യം, കണക്ക്, ശാസ്ത്രവിദ്യ, കലാവിദ്യ, ഉന്നത വിദ്യാഭ്യാസം, അമ്മാവൻ, സുഹൃത്തുക്കൾ, ജ്യോതിഷം, കൊമേഴ്സ്, ബിസിനസ് എന്നിവയെല്ലാം ബുധന്റെ വരദാനമായി വ്യാഖ്യാനിക്കുന്നു. പത്താം ഭാവത്തിൽ ബുധൻ ഉച്ചത്തിലുണ്ടെങ്കിൽ ചാർട്ടേർഡ് അക്കൗണ്ടന്റാകാൻ സാധ്യതയുണ്ട്. അതിന്റെ കൂടെ സൂര്യനും കൂടിയുണ്ടെങ്കിൽ Accountant General / Auditor General എന്നിങ്ങനെയുമാകാം. നല്ല ജ്യോതിഷിയാകാനും ബുധൻ നല്ലസ്ഥാനത്ത് (ലഗ്നത്തിൽ, 4, 7, 10 ഭാവത്തിൽ (കേന്ദ്രസ്ഥാനത്ത്) ഉണ്ടാകുകയോ അഥവാ ശക്തമായ ബുധന്റെ ദൃഷ്ടിബലം ഉണ്ടാകുകയോ വേണം.

**വ്യാഴത്തിന്റെ കാരകത്വം** : ബുദ്ധി, ചൈതന്യം, ശരീരസുഖം, ശ്രേഷ്ഠത, കീർത്തി, ദൈവഭക്തി, ദയ, സദ്ഗതി, സത്കർമ്മം, ഉപദേശം, പ്രൊഫസോറിയൽ ഗുണങ്ങൾ, വിദ്വത്വം, ബുദ്ധി, നന്മനിറഞ്ഞ കുടുംബബന്ധം...... ഇവയെല്ലാം ഗുരുവിന്റെ സംഭാവനയാണ്. മറ്റൊരർത്ഥത്തിൽ ജാതകത്തിൽ വ്യാഴം/ഗുരു ഇത്രയും ഗുണങ്ങളുടെ പ്രതീകമാണ്. രണ്ടാം ഭാവത്തിൽ വ്യാഴമുണ്ടെങ്കിൽ ഉപദേശരൂപത്തിൽ സംസാരിക്കുന്നവനായിരിക്കും. വ്യാഴം ഉച്ചത്തിലാണെങ്കിൽ (കർക്കിടക രാശിയിലാണെങ്കിൽ) നല്ലവണ്ണം പഠിപ്പിക്കാൻ കഴിവുള്ള വ്യക്തിയായിരിക്കും. ഏഴാം ഭാവത്തിൽ വ്യാഴം വന്നാൽ നല്ലവണ്ണം ഉപദേശിക്കുന്ന ഭാര്യ/ഭർത്താവായിരിക്കും. 10-ാം ഭാവത്തിലാണ് വ്യാഴമെങ്കിൽ



Scanned with CamScanner

നല്ല ഒരദ്ധ്യാപകനായിരിക്കും.

**ശുക്രന്റെ കാരകത്വം** : ഭാര്യ, വിവാഹം, ഭക്ഷണം, മധുരം, ലൗകിക കാര്യങ്ങൾ, സൗന്ദര്യം, ആഭരണം, ഐശ്വര്യം, സംഗീതം, നൃത്തം, നിധി, മൈഥുനം, കവിത്വം, സ്ത്രൈണഭാവം, മദ്യം, ശയനസുഖം, ഭക്ഷണസുഖം, സ്ത്രൈണ ശബ്ദം, മധുരഭാഷ്യം ............ ഇപ്രകാരമുള്ളതെല്ലാം ശുക്രനിലൂടെ വിവരിക്കണം. 12-ാം ഭാവത്തിൽ (വ്യയഭാവത്തിൽ) ശുക്രനുണ്ടെങ്കിൽ ഭക്ഷണത്തിന്റേയും സ്ത്രീസുഖത്തിന്റേയും കാര്യത്തിൽ വിപരീതഫലമായിരിക്കും. രണ്ടാം ഭാവത്തിൽ ശുക്രനുള്ള പുരുഷന്റെ ശബ്ദവും സ്ത്രീയുടേതുപോലിരിക്കും. അഞ്ചാം ഭാവത്തിൽ ശുക്രനാണെങ്കിൽ ആ വ്യക്തിക്ക് പെൺമക്കളാകാനാണ് സാധ്യത കൂടുതൽ. മറ്റുപല വസ്തുതകളും, ഗ്രഹസ്ഥിതികളും യോഗങ്ങളും, ഗ്രഹദൃഷ്ടിയും, അവയുടെ ഉച്ചനീചത്വങ്ങളുമെല്ലാം വിശകലനം ചെയ്തുവേണം വ്യക്തമായി വിവരിക്കാനെന്നും നാമറിയണം. കാരകത്വത്തിലൂടെ പ്രഥമദൃഷ്ട്യാലുള്ള വിവരണമാണ് പറയാറുള്ളത്.

**ശനിയുടെ കാരകത്വം** : മരണം, രോഗം, തടസ്സം, കറുപ്പ്, അടിമ, അപമാനം, ദാരിദ്ര്യം, ആപത്ത്, വൃത്തിഹീനത, അശൗചം, ഇരുമ്പ്, നീചസംസർഗ്ഗം, നാശം, ഓർമ്മക്കുറവ്, വാതം, ശാസ്താവ്, കാരാഗൃഹം, ബന്ധനം, അടുക്കും ചിട്ടയും, എള്ള് ....... എന്നിവയാണ് ശനിയുടെ കാരകത്ത്വത്തിൽ ചിലത്. ലഗ്നത്തിൽ ശനിയുണ്ടെങ്കിൽ കറുത്തനിറം, പതുക്കെ കാര്യങ്ങൾ ചെയ്യുന്നവൻ, ഉറക്കം കൂടുതൽ എന്നിവയായിരിക്കും, ശനി നീചത്തിലാണെങ്കിൽ ഫലം. ശനി ഉച്ചത്തിലാണെങ്കിൽ അടുക്കും ചിട്ടയും മിതത്വവുമുള്ള ഒരു വ്യക്തിയായിരിക്കും. മരണത്തിന്റെ കാരകനാണെങ്കിലും മൃത്യുഭാവമായ 8-ാം ഭാവത്തി (നീചത്തിൽ മേടത്തിലാണെങ്കിൽ) ലാണെങ്കിൽ കട്ടിലിൽ കുറേക്കാലം മരിക്കാതെ കിടക്കും. എല്ലാത്തിനേയും തടയുക, തടസ്സങ്ങളുണ്ടാക്കുക എന്നതാണ് ശനിയുടെ പ്രത്യേകത.

**രാഹുവിന്റെ കാരകത്വം** : ചെപ്പടിവിദ്യ, ഔഷധ പ്രയോഗം, കുഷ്ഠം, ആസ്തമ, മന്ത്രവാദം, ജാലവിദ്യ ഇവയെല്ലാം രാഹുവിന്റേതാണ്.

**കേതുവിന്റെ കാരകത്വം** : മോക്ഷം, ദുഃഖം എന്നിവയെല്ലാം കേതുവിന്റെ സംഭാവനയായി ജ്യോതിഷികൾ പറയുന്നു.

ഇവയെല്ലാംകൂടാതെ വ്യത്യസ്ത ഗ്രന്ഥങ്ങളിൽ ഓരോ ഗ്രഹത്തിന്റേയും കാരകത്വങ്ങളെക്കുറിച്ച് വിവരണമുണ്ട്. അതെല്ലാം പഠിക്കണം. നിര

ന്തരം അഭ്യസിക്കണം. ചിലപ്പോൾ രണ്ടു ഗ്രഹങ്ങൾക്ക് ഒരേഗുണം വിവരിക്കുന്നുണ്ടാകും. ചിലപ്പോൾ വ്യത്യസ്ത വാക്കുകളുപയോഗിച്ച് ഒരേ കാര്യം വിവരിച്ചിട്ടുമുണ്ടാകും. മാനവരാശിയുടെ എല്ലാ വസ്തുതകളും ഗ്രഹകാരകത്വത്തിലൂടെ ഗ്രഹങ്ങൾക്കായി കൽപ്പിച്ചിട്ടുണ്ട്. സാധാരണയായി ഇതെല്ലാം ആ ഗ്രഹങ്ങൾ നൽകുന്നു എന്ന പദപ്രയോഗമാണുള്ളത്. യഥാർത്ഥത്തിൽ മനുഷ്യനുമായി ബന്ധപ്പെട്ട ഇവയെല്ലാം ഈ ഗ്രഹങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നു എന്നു വിചാരിക്കുകയാണ് ശരിയെന്നു സൂചിപ്പിച്ചുവല്ലോ.

മറ്റൊരർത്ഥത്തിൽ ഒരു മനുഷ്യന്റെ സഞ്ചിതകർമ്മത്താൽ ആത്മാവ് തെരഞ്ഞെടുത്തതാണ് ജാതകന്റെ ശരീരം. ശരീരമല്ല ആത്മാവിനെ തെരഞ്ഞെടുക്കുന്നത്, ആത്മാവ് ശരീരത്തെ തെരഞ്ഞെടുക്കുമ്പോൾ ആ ശരീരവും മനസ്സും അനുഭവിച്ചുതീർക്കേണ്ടതായ നന്മതിന്മകൾ നമുക്കറിയാൻ ജ്യോതിഷം എന്ന ഒരു മാർഗ്ഗമേയുള്ളൂ. ആ ആത്മാവ് തെരഞ്ഞെടുക്കുന്ന ശരീരത്തിന് ഇത്രയും ഗുണദോഷങ്ങളുണ്ടാകും, ഇത്രയും അനുഭവങ്ങൾ ജീവിതത്തിൽ അനുഭവിച്ചു തീർക്കേണ്ടതായിട്ടുണ്ടാകും എന്ന് അനുഭവിച്ചറിയുന്നതിനുമുമ്പോ അനുഭവിച്ചറിഞ്ഞു കൊണ്ടിരിക്കുന്ന വേളകളിലോ അറിഞ്ഞാൽ പോരാ, അതു നേരത്തെ അറിയണമെങ്കിൽ അത് പൂർണ്ണമായും വ്യക്തമായും നൂറുശതമാനം കൃത്യമായും വിവരിക്കാൻ അസാദ്ധ്യമാണ്. കാരണം സഞ്ചിത കർമ്മത്തിന്റെ ഗുണദോഷങ്ങളും പേറി വരുന്ന ആത്മാവ് തെരഞ്ഞെടുക്കുന്ന ശരീരം ചെയ്യുന്ന അർജ്ജിത കർമ്മങ്ങളും പ്രാരബ്ധകർമ്മങ്ങളും അവയുടെ അർജിത കർമ്മഫലവും പ്രാരബ്ധകർമ്മഫലവും ആ വ്യക്തിയുടെ ജീവിതത്തെ സ്വാധീനിക്കുന്നു, അയാൾ ഇന്നതെല്ലാം അനുഭവിക്കാനുണ്ടെന്നറിഞ്ഞാൽ മാത്രം പോരല്ലോ! ഇന്നതെല്ലാം ഏതുകാലത്താണ് അനുഭവിക്കാനുള്ളതെന്നുമറിയണം. എന്തെല്ലാം അനുഭവിക്കുമെന്നും അതെന്നനുഭവിക്കുമെന്നും അറിയണം. ഒരുപക്ഷേ അതിനാണ് ഫിംഗർ പ്രിന്റുപോലെ ഒരു ജാതകൻ ജനിക്കുന്ന വേളയിൽ പ്രപഞ്ച ചക്രത്തിൽ ഗ്രഹങ്ങളെ ചൂണ്ടിക്കാണിച്ച് അവയ്ക്ക് ഇന്ന ഇന്ന കാരകത്വമുണ്ടെന്ന് അറിയിക്കാൻ പ്രകൃതിയെടുത്ത മാർഗം നമ്മുടെ പൂർവ്വികർ നമുക്ക് കാണിച്ചുതന്നത്. അകക്കണ്ണുകൊണ്ട് നമ്മുടെ പൂർവ്വികർക്ക് ഇതു മനസ്സിലാക്കാൻ സാധിച്ചു. അതവരുടെ സാധനയിലൂടെയാണുതാനും. അതിനാൽ ജാതകത്തെ പ്രയോജനപ്രദമാക്കാൻ സാധിക്കുന്ന ഒരുപാധിയായിട്ടേ എടുക്കാവൂ. ഗ്രഹങ്ങൾക്കെല്ലാം ഈ കാരകത്വമുണ്ടാകാൻ കാരണമെന്തെന്നു ചോദിച്ചാൽ ഒരു ജ്യോതിഷ ഗ്രന്ഥത്തിൽ നിന്നും അതിന് മറുപടി ലഭിക്കില്ല. ഒരു ജ്യോതിഷിയിൽ



Scanned with CamScanner

നിന്നും വിവരണവും ലഭിക്കില്ല. പക്ഷേ നമ്മുടെപൂർവ്വികർ ചെയ്തത് ഒന്നുപോലും അസംബന്ധമാണെന്ന് ആധുനിക ശാസ്ത്രജ്ഞന്മാർ പറഞ്ഞിട്ടില്ല. പറഞ്ഞത് പിന്നീട് തിരുത്തേണ്ടിവന്നിട്ടുമുണ്ട്. നമ്മുടെ പൂർവ്വികരുടെ സംഭാവനയ്ക്കൊപ്പം കാലക്രമത്തിൽ പലരും പലതും തെറ്റായി ചേർത്തിട്ടുണ്ടെങ്കിൽ അത് കൂട്ടിച്ചേർത്തവന്റെ തെറ്റാണ്. നമ്മുടെ സാധകരായ പൂർവ്വികരുടെ അജ്ഞതയോ, അന്ധവിശ്വാസമോ ദുരാചാരമോ ആയിരുന്നില്ല.

അതുകൊണ്ട് ഗ്രഹങ്ങളുടെ ഉച്ചനീചത്വം, സ്വക്ഷേത്രം-ബന്ധുക്ഷേത്രം, ശത്രുക്ഷേത്രം, ഗ്രഹങ്ങൾ തമ്മിലുള്ള ബന്ധം, ദൃഷ്ടി അവയുടെ കേന്ദ്ര-മൂലത്രികോണ-സ്ഥാനങ്ങൾ എന്നിവ സയൻസുകൊണ്ട് വിവരിക്കാൻ സാധിക്കാത്തതുപോലെ ഗ്രഹങ്ങളുടെ കാരകത്വത്തിലൊന്നുപോലും സയൻസുകൊണ്ടു വിവരിക്കാൻ സാധ്യമല്ല. അപ്രകാരം ശാസ്ത്രം കൊണ്ട് വിവരിക്കാൻ ശ്രമിച്ചാൽ, അത് തെറ്റായി, ശാസ്ത്രവൽക്കരിക്കലായിത്തീരും. ജ്യോതിഷത്തിലെ പ്രവചനഭാഗം സയൻസല്ല എന്നതുകൊണ്ട് ജ്യോതിഷത്തിനോ നല്ല ജ്യോതിഷികൾക്കോ ഒരു കുറവും കുറ്റവും വരില്ല.

എത്രയോ കോളേജുകളിലും യൂണിവേഴ്സിറ്റികളിലും സയൻസല്ലാത്തതു പഠിപ്പിക്കുന്നു. സയൻസല്ലാത്ത നൂറുകണക്കിന് കളികളും, വിഷയങ്ങളും, സംഗീതവും, നൃത്തവും എല്ലാം ലോകം അംഗീകരിച്ചിട്ടുണ്ടെങ്കിൽ, സയൻസല്ലാത്ത പ്രവചനഭാഗമുള്ള ജ്യോതിഷത്തേയും വേണമെന്നുള്ളവർ അംഗീകരിക്കും. അല്ലാത്തവർ അംഗീകരിച്ചില്ലെങ്കിലും പ്രശ്നമൊന്നുമില്ലല്ലോ.

ഗ്രഹങ്ങൾക്ക് പല കാരകത്വങ്ങളും കൽപിച്ചിട്ടുണ്ടെങ്കിലും, ഓരോ ഗ്രഹത്തിനും പ്രധാനമായ ഒരു കാരകത്വത്തിന്റെ പേരും ചിലർ പറയാറുണ്ട്. സൂര്യൻ പിതൃകാരകനും, ചന്ദ്രൻ മാതൃകാരകനും, ചൊവ്വ സഹോദര കാരകനും, ബുധൻ വിദ്യാകാരകനും, വ്യാഴം പുത്രകാരകനും, ശുക്രൻ ഭാര്യാകാരകനും, ശനി മരണകാരകനും ആയി അറിയപ്പെടുന്നു. അതിനുള്ള കാരണവും സയൻസുകൊണ്ടു വിവരിക്കാൻ സാധ്യമല്ല.

**ഭാവം, രാശി, ദൈർഘ്യം എന്നിവ**

ഇനി ഗ്രഹകാരത്വംപോലെ പ്രാധാന്യത്തോടെ പഠിക്കേണ്ട ഒരു വിഷയമാണ് ഭാവം. ഭാവം ഗണിച്ചെടുക്കണം. അപ്രകാരം ഭാവം ഗണിച്ചെടുക്കേണ്ടത് ലഗ്നത്തെ ആസ്പദമാക്കിയാണ് എന്ന് ഉദാഹരണസഹിതം വിവരിച്ചു. വളരെ ലളിതമായ ഒരു ഗണിത ക്രിയയാണെങ്കിലും പഠിക്കുന്നവർക്ക് അത് ക്ലേശകരമായി തോന്നാറുണ്ട്. ഭാവം ഗണിച്ചെ



Scanned with CamScanner

ടുക്കുന്നത് പലവിധത്തിൽ വിവരിക്കാറുണ്ട്. അതിൽ എളുപ്പത്തിൽ വിവരിക്കാവുന്നതിപ്രകാരമാണെന്ന് തോന്നുന്നു. ആദ്യം ലഗ്നസ്ഫുടം ചെയ്യണം. ലഗ്നം, ഓരോ രാശിയിലൂടെയും കടന്നുപോകാൻ ഏകദേശം രണ്ടു മണിക്കൂർ വീതം വേണമെന്നു സൂചിപ്പിച്ചു. രാശിചക്രത്തിലെ ഓരോ രാശിക്കും അൽപസ്വൽപം വലിപ്പകൂടുതലും കുറവുമുണ്ടെന്നും സൂചിപ്പിച്ചു. ഓരോ രാശിയുടേയും അളവ് ലഗ്നബിന്ദു അതിലൂടെ കടന്നു പോകാനെടുക്കുന്ന സമയമായി കണക്കാക്കുന്നതിനാലാണ് ചില രാശികൾ 5 നാഴികയിൽ കൂടുതലും ചിലത് അഞ്ച് നാഴികയിൽക്കുറവുമുള്ളതായി വിവരിക്കുന്നത്. നാഴിക, വിനാഴിക എന്നീ മലയാള പദങ്ങൾ നാടിക, വിനാടിക എന്നീ സംസ്കൃത പദങ്ങളുടെ തദ്ഭാവമാണ്. 24 മിനിറ്റ് ഒരു നാഴിക 24 സെക്കന്റ് ഒരു വിനാഴിക മറ്റൊരർത്ഥത്തിൽ നാഴികയെ മണിക്കൂറാക്കാൻ $\frac{2}{5}$ കൊണ്ടു ഗുണിക്കണം. ഈ കാര്യം എല്ലാ ജ്യോതിഷികളും പഠിച്ചിരിക്കണം. കാരണം എല്ലാ പഞ്ചാംഗങ്ങളിലും മണിക്കൂറും മിനിറ്റും ഉപയോഗിച്ചിട്ടല്ല വിവരണം നൽകിയിരിക്കുന്നത്. നാഴിക വിനാഴികയുപയോഗിച്ചാണ്. ലഗ്നം ഓരോ രാശിയിലൂടെയും കടന്നുപോകാൻ എടുക്കുന്ന സമയം ചുവടെ ചേർക്കുന്നു. മനസ്സിലാക്കാൻ ശ്രമിക്കുക (ഇതിന്റെ ഒരു ചെറിയ വിവരണം നേരത്തേ സൂചിപ്പിച്ചിരുന്നു)

മേടം 4 നാഴിക 36 വിനാഴിക; ഇടവം 5 നാഴിക 9 വിനാഴിക; മിഥുനം 5 നാഴിക 28 വിനാഴിക; കർക്കിടകം 5 നാഴിക 19 വിനാഴിക; ചിങ്ങം 5 നാഴിക 1 വിനാഴിക; കന്നി 4 നാഴിക 57 വിനാഴിക; തുലാം 5 നാഴിക 11 വിനാഴിക; വൃശ്ചികം 5 നാഴിക 27 വിനാഴിക; ധനു 5 നാഴിക 22 വിനാഴിക; മകരം 4 നാഴിക 51 വിനാഴിക; കുംഭം 4 നാഴിക 23 വിനാഴിക; മീനം 4 നാഴിക 18 വിനാഴിക. ഇത് സയൻസ്പരമായും ശരിയാണ്. ഇത്രയും ശ്രദ്ധയോടെ നമ്മുടെ പൂർവ്വികർക്ക് ഒരു ടെലിസ്കോപ്പുമില്ലാതെ രാശിയുടെ ദൈർഘ്യം ഗണിച്ചെടുക്കാൻ സാധിച്ചു എന്നതാണ് മഹത്വമേറിയ കാര്യം.

24 മിനിറ്റ് = 1 നാഴിക. $2\frac{1}{2}$ നാഴിക = 1 മണിക്കൂർ. നാഴികയെ മണിക്കൂറാക്കാൻ $2\frac{1}{2}$ കൊണ്ട് ഹരിക്കണം. അഥവാ $\frac{2}{5}$ കൊണ്ട് ഗുണിക്കണം എന്നും മുകളിൽ സൂചിപ്പിച്ചു.

## ലഗ്നസ്ഫുടം ഉദാഹരണ സഹിതം ഒരിക്കൽകൂടി

ഇനി നമുക്ക് ലഗ്നത്തിലേക്ക് കടന്ന് ഒന്നുകൂടി ഭാവം എങ്ങിനെയാണ് ഗണിക്കുന്നതെന്നു പരിശോധിക്കാം. നേരത്തെ സൂചിപ്പിച്ചിരുന്നത് കൂടുതൽ വ്യക്തമായി ആവർത്തിക്കുകയാണിവിടെ. ഒരു ശിശു ധനുമാസം 10-ാം തീയതി രാവിലെ 7 മണിക്ക് ജനിച്ചു എന്നു വിചാരി



Scanned with CamScanner

ക്കുക. ആ ദിവസം സൂര്യോദയം കലണ്ടറിൽ നോക്കിയാൽ മനസ്സിലാകും 6.46നാണ്. ധനുമാസത്തിലെ 10 ദിവസം കഴിഞ്ഞതിനാൽ ആദ്യകിരണം വീഴുന്ന ലഗ്നബിന്ദു ആരംഭിക്കുന്നത് ധനുമാസം 10 ഡിഗ്രി കഴിഞ്ഞാണ്. അതായത് ഇനി ലഗ്നത്തിന് ധനുരാശിയിൽ സഞ്ചരിക്കാനുള്ളത് 20 ഡിഗ്രി മാത്രമാണ്. ധനുരാശിയുടെ ദൈർഘ്യം 5 നാഴിക 22 വിനാഴിക (2 മണി ക്കൂർ 9 മിനിറ്റ്). അതിൽ 10 ഡിഗ്രി കഴിഞ്ഞതുകൊണ്ട് ഇനി $\frac{2}{3}$ ഭാഗമേ സഞ്ചരിക്കാനുള്ളൂ. അതായത് 1 മണിക്കൂർ 26 മിനിറ്റേ ലഗ്നത്തിൽ സഞ്ചരിക്കാനുള്ളൂ. അതിൽ ശിശു ജനിച്ചത് 7 മണിക്കാണ്. ലഗ്നം ധനുരാശിയിലാരംഭിച്ച് (6.46നു ശേഷം) 14 മിനിറ്റു കഴിഞ്ഞു. അപ്പോൾ ധനുരാശിയിൽ ലഗ്നബിന്ദു 7 മണിക്ക് (10 ഡിഗ്രി $+\frac{14}{4}$ ഡിഗ്രി) 13 ഡിഗ്രി 30 ആംഗുലർ മിനിറ്റിലാണുള്ളത്.

ഇവിടെ 14 മിനിറ്റ് സഞ്ചരിച്ചു എന്നതിൽ നിന്ന് ഡിഗ്രിയെങ്ങിനെയെടുത്തു? ഏകദേശം 30 ഡിഗ്രിയുള്ള ഈ രാശിയിൽ ലഗ്നത്തിന്റെ വേഗത ഏകദേശം 2 മണിക്കൂറാണ് (120 മിനിറ്റ്) അപ്പോൾ 120 മിനിറ്റിൽ 30 ഡിഗ്രി പോകുമെങ്കിൽ 14 മിനിറ്റിൽ എത്രപോകുമെന്ന് കണ്ടുപിടിക്കാൻ $\frac{30 \times 14}{120} = \frac{14}{4} = 3\frac{1}{2}$ ഡിഗ്രി. അത് ഉദയ ഡിഗ്രിയോട് ചേർത്താൽ $13\frac{1}{2}$ ഡിഗ്രിയിൽ ലഗ്നം നിൽക്കുമ്പോഴാണ് കുട്ടി ജനിച്ചത്. ആ $13\frac{1}{2}$ ഡിഗ്രി ധനുരാശിയിലുള്ളതിനോട് 15 കൂട്ടുകയും കുറയ്ക്കുകയും ചെയ്ത് 30 ഡിഗ്രിയെടുത്താൽ 1-ാം ഭാവത്തിന്റെ ആരംഭവും അവസാനവും ലഭിക്കും. അതായത് വൃശ്ചിക രാശിയിൽ $28\frac{1}{2}$ ഡിഗ്രിക്കു ശേഷം ധനുരാശിയിൽ  ഡിഗ്രിവരെ (1-ാം ഭാവം).

ധനു $28\frac{1}{2}$ ഡിഗ്രിയിൽ നിന്ന് മകരം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 2; തുടർന്ന് കുംഭം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 3; മീനം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 4; മേടം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 5; എടവം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 6; മിഥുനം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 7; കർക്കിടകം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 8; ചിങ്ങം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 9, കന്നി $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 10; തുലാം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 11; വൃശ്ചികം $28\frac{1}{2}$ ഡിഗ്രി വരെ ഭാവം 12 വരുന്നു. ഇങ്ങിനെരാശിചക്രം ഭാവചക്രമായി വീണ്ടും വരയ്ക്കണം. നാം പഠിച്ച് സ്വയം വരയ്ക്കുകയോ കമ്പ്യൂട്ടറിലൂടെ ചെയ്യുകയോ ആകാമെന്നു സൂചിപ്പിച്ചിരുന്നു.

രാശിയും ഭാവവും തമ്മിലുള്ള ബന്ധം ശ്രദ്ധേയമാണ്. ചില ആംഗ്ലോ ഇന്ത്യൻ കുടുംബാംഗങ്ങളെപ്പോലെയിരിക്കും. അവരുടെ സംസ്കാരത്തിന്റെ ഒരു ഭാഗം ബ്രിട്ടീഷുകാരെപ്പോലെയും ഒരുഭാഗം ഇന്ത്യക്കാരെ പോലെയുമിരിക്കും. ചിലപ്പോൾ അവർക്ക് ഇംഗ്ലീഷുകാരുടെ



Scanned with CamScanner

സംസ്കാരം കൂടിയും ചിലപ്പോൾ ഇന്ത്യൻ സംസ്കാരം കൂടിയുമിരിക്കും. അതേപോലെ രണ്ടുരാശികളിലായി ഒരു ഭാവം വീതിക്കപ്പെട്ടാൽ രണ്ടു രാശികളുടേയും പ്രത്യേകതകൾ ജാതകനുണ്ടാകും. ഏതു രാശിയിലേക്കാണോ കൂടുതൽ വ്യാപിച്ചു കിടക്കുന്നത് ആ രാശിയുടെ സ്വഭാവമായിരിക്കും ജാതകന് കൂടുതലുണ്ടാകുക. രാശിക്ക്, അതതു രാശ്യാധിപന്റെ പ്രത്യേകതകളുണ്ടാകുന്നതുപോലെ രണ്ടുരാശികളിലായി ഭാവം വന്നാൽ രണ്ടിന്റേയും ഭാഗിക പ്രത്യേകതകളുമുണ്ടാകും.

☙ മേൽ വിവരിച്ച ശിശുവിന്റെ ജാതകത്തിൽ ഒന്നാം ഭാവം ഏകദേശം 1½ ഡിഗ്രി വൃശ്ചികത്തിലേക്ക് കടന്നിട്ടുണ്ട്. ബാക്കി $28\frac{1}{2}$ ഡിഗ്രി ധനുവിലാണ്. അതിന്റെ അർത്ഥമെന്താണെന്നോ? ധനുരാശിയുടെ സ്വഭാവമായിരിക്കും 1–ാം ഭാവത്തിൽ കൂടുതലുണ്ടാകുക. ഇനിയൊരുകാര്യം നോക്കൂ! ജനിച്ചത് 7 മണി എന്നതിനു പകരം 7½ ആണെന്നു വിചാരിക്കുക. അപ്പോൾ 30 മിനിറ്റുകൊണ്ട് ലഗ്നബിന്ദു 7½ ഡിഗ്രിയിൽ കൂടി ധനുവിൽ സഞ്ചരിച്ചു കഴിഞ്ഞിട്ടുണ്ടാകും. അപ്പോൾ ലഗ്നം എവിടെയായിരിക്കുമെന്നു നോക്കുക! 13½ ഡിഗ്രിയുടെ കൂടെ 7½ ഡിഗ്രി കൂടി ചേർത്താൽ 21 ഡിഗ്രിയാകും. അപ്പോൾ ഒന്നാം ഭാവം വൃശ്ചികത്തിൽ നിന്നാരംഭിക്കുന്നതിനുപകരം ധനുവിലെ 5–ാം ഡിഗ്രിയിൽ (20 –15) നിന്നാരംഭിച്ച് മകരത്തിലെ 5–ാം ഡിഗ്രി വരെവ്യാപിക്കുന്ന 30 ഡിഗ്രിയായിരിക്കും. ഇവിടെ എന്തു സംഭവിക്കുന്നു? വൃശ്ചികരാശിയുടെ സ്വഭാവ വിശേഷങ്ങളൊന്നുമുണ്ടാകില്ല, എന്നുമാത്രമല്ല മകരത്തിന്റെ കുറേ പ്രത്യേകതകൾകൂടി കയറുകയും ചെയ്യും. ധനുവിന്റെ സ്വഭാവം കാര്യമായിട്ടുണ്ടാകുകയും ചെയ്യും.

☙ മേൽ വിവരിച്ച ജാതകത്തിൽ 7 മണിക്ക് ജനിച്ച ശിശുവിന്റെ 1–ാം ഭാവം ആരംഭിക്കുന്നത് വൃശ്ചികം $28\frac{1}{2}$ ഡിഗ്രിക്കു ശേഷമാണെന്ന് പറഞ്ഞുവല്ലോ. വൃശ്ചികം രാശിയിൽ 29–ാം ഡിഗ്രിയിൽ ഒരു ഗ്രഹമുണ്ടെന്നു വിചാരിക്കുക. ആ ഗ്രഹത്തിന്റെ സ്ഥാനം 1–ാം ഭാവത്തിലായിരിക്കും. ലഗ്നം ധനുരാശിയിൽ 13½ ഡിഗ്രിയിലാണെങ്കിലും, ഭാവം ആരംഭിക്കുന്നത് വൃശ്ചികം $28\frac{1}{2}$ യായതുകൊണ്ടാണിത്.

☙ രണ്ടാം ജാതകത്തിൽ ആ ശിശു 7½ ക്കാണ് ജനിക്കുന്നത്. വൃശ്ചികത്തിലെ 29 ഡിഗ്രിയിലുള്ള ഗ്രഹത്തിന്റെ സ്വാധീനമുണ്ടാകില്ലെന്നുമാത്രമല്ല ധനുരാശിയിലെപ്പോലും ആദ്യത്തെ 7½ ഡിഗ്രിയിലുണ്ടാകുന്ന ഗ്രഹത്തിന്റെ സ്വാധീനവും കാര്യമായിട്ടുണ്ടാകില്ല. അതേസമയം മകരത്തിൽ ആദ്യത്തെ 7½ ഡിഗ്രിയിൽ ഏതെങ്കിലും ഗ്രഹമുണ്ടെങ്കിൽ ആ ഗ്രഹത്തിന്റെ സ്വാധീനവും കൂടെചേരും. ഇവിടെ അരമണിക്കൂർ വ്യത്യാസം വന്നപ്പോൾ എത്രകാര്യമായ സ്വാധീന വ്യത്യാസമാണുണ്ടാ



Scanned with CamScanner

യതെന്നു നോക്കുക.

ആദ്യം വിവരിച്ച ജാതകത്തിൽ 29-ാം ഡിഗ്രിയിലെ ഗ്രഹത്തിന്റെ സ്വാധീനം 1-ാം ഭാവഗണനയിൽ ഇല്ലാതാകാൻ ജനനസമയം 2 മിനിറ്റ് തെറ്റിപ്പോയാലും മതി. അങ്ങിനെ തെറ്റിയാൽ 1-ാം ഭാവാരംഭം 29° കഴിഞ്ഞിട്ടുണ്ടാകും. ഇതുകൊണ്ടാണ് ജാതകഗണനയിൽ ജനനസമയം കൃത്യമായിരിക്കണമെന്നു നിഷ്കർഷിക്കുന്നത്. എങ്കിലും മറ്റൊരു പ്രശ്നം നമുക്കാർക്കും പരിഹരിക്കാൻ സാധിക്കാതെ കിടക്കുന്നുണ്ട്. അതാണ് ജനന സമയത്തിന്റെ നിർവ്വചന പ്രശ്നം എന്നു പറയുന്നത്.

**ജനനസമയം നിർവചനം**

അഞ്ചു നിർവചനങ്ങളാണ് ജനനത്തിന്റെ ഗണനക്കായിട്ടുള്ളത് ജനിക്കുന്ന ശിശുവിന്റെ ശിരസ്സ് കാണുന്ന സമയം (ശിരോദർശനം) ഭൂമി സ്പർശിക്കുന്ന സമയം (ഭൂസ്പർശനം), കരയുന്ന സമയം (രോദനം). പൊക്കിൾകൊടി മുറിക്കുന്ന സമയം (കടീബന്ധനം), അഞ്ചാമത്തേത് അണ്ഡവും ബീജവും യോജിക്കുന്ന സമയം. അവസാനത്തേത് അറിയാൻ അസാദ്ധ്യമാണ്. അതുകൊണ്ട് മിക്കവാറും പൊക്കിൾകൊടി മുറിക്കുന്ന സമയമോ ഭൂമി സ്പർശിക്കുന്ന സമയമോ ആയിരിക്കും എടുക്കുക. ഇവയെല്ലാം തമ്മിൽ ചെറിയ വ്യത്യാസങ്ങളുണ്ടാകുമെന്നറിയാമല്ലോ.

ഇവയെല്ലാം തമ്മിൽ ചെറിയ വ്യത്യാസങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ജാതകം കൃത്യമായി എഴുതാൻ അസാദ്ധ്യമാണ്. അതുകൊണ്ടുതന്നെയാണ് ജാതകം നൂറുശതമാനവും പെർഫെക്റ്റ് ആക്കാൻ ബുദ്ധിമുട്ടാണെന്നു പറയാറുള്ളത്. ജാതകപ്രവചനം റീപ്രൊഡ്യൂസബിൾ ആണ്. അതു എഴുതിയത് (ജാതക/തലക്കുറി രചന) തെറ്റിയാൽ പ്രവചനം തെറ്റും. വീടിന്റെ അടിത്തറ ശരിയായില്ലെങ്കിൽ സംഭവിക്കുന്നതെന്തൊക്കെയാണോ അതൊക്കെ തെറ്റായെഴുതിയ ജാതകത്തിന്റെ അടിസ്ഥാനത്തിൽ പ്രവചനം നടത്തുമ്പോളും ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

മുകളിൽ സൂചിപ്പിച്ചതുപോലെ രാശിചക്രത്തിലെ ഗ്രഹങ്ങളുടെ അതേസ്ഥാനമായിരിക്കണമെന്നില്ല, ഭാവചക്രത്തിലെ ഗ്രഹങ്ങളുടെ സ്ഥാനം എന്നു സൂചിപ്പിച്ചു. ഭാവം ആരംഭിക്കുന്നത് ലഗ്നത്തിന്റെ അടിസ്ഥാനത്തിലാണ്. അത് 4 മിനിറ്റിന് ഒരു ഡിഗ്രി വീതം ചലിച്ചുകൊണ്ടേയിരിക്കുന്നു. എന്നാൽ രാശിയുടെ ആധാരം അചഞ്ചലമായ രാശിചക്രത്തിലെ രേഖതന്നെയാണ്. 1-ാം രാശി എല്ലായ്പ്പോഴും മേടരാശിയായിരിക്കും. ഒന്നാം ഭാവം പന്ത്രണ്ടുരാശികളിൽ ഏതിൽ നിന്നുവേ



Scanned with CamScanner

ണമെങ്കിലും ആരംഭിക്കാം. രാശിയുടെ തുടക്കവും അവസാനവും കൃത്യമായി ഗണിച്ചെടുത്താലെ കൃത്യമാവുകയുള്ളൂ. തുടക്കം കൃത്യമായാലേ അവസാനവും കൃത്യമാവുകയുള്ളൂ. തുടർന്നുള്ള ഭാവങ്ങളും ശരിയാകുകയുള്ളൂ.

ഗ്രഹങ്ങൾക്കു കാരകത്വമുള്ളതുപോലെ ഭാവങ്ങൾക്കും കാരകത്വമുണ്ട്. അതു നമ്മുടെ ജീവിതത്തിന്റെ ആധാരമായ പ്രധാന ഭാഗങ്ങളുടെ പ്രധാന വിഷയങ്ങളുമാണ്. ഈ പന്ത്രണ്ടു ഭാവങ്ങളുടെ ആകെത്തുകയാണ് ഒരു വ്യക്തിയുടെ ജീവതം. അതിൽ നന്മതിന്മകൾ ഒരേപോലെ എല്ലാവർക്കുമുണ്ട്. നല്ല ജാതകം എന്നൊന്ന് മനുഷ്യന് സൃഷ്ടിക്കാൻ സാദ്ധ്യമല്ല. നല്ല ജാതകമുള്ളവനെ അന്വേഷിച്ചാൽ കണ്ടുപിടിച്ചെടുക്കാം എന്നുമാത്രം. നല്ല മനുഷ്യരെ കണ്ടെത്തുന്നതുപോലെ നല്ല ജാതകനെ കണ്ടുപിടിക്കാം. നല്ല ജാതകം സൃഷ്ടിച്ചെടുക്കാൻ സാധ്യമല്ല.

ഭാവ പരിശോധനയുടെ ഒന്നാം ഭാഗം എന്നത് മേൽവിവരിച്ചതുപോലെ ലഗ്നബിന്ദുവിന്റെ സ്ഥാനം കമ്പ്യൂട്ടർ ഉപയോഗിച്ചോ അല്ലാതെയോ കണ്ടുപിടിക്കുക എന്നതാണ്. എന്നിട്ട് അതിൽ നിന്ന് ഭാവചക്രം കമ്പ്യൂട്ടർ ഉപയോഗിച്ചോ അല്ലാതെയോ വരച്ചെടുക്കുക. അതിലാദ്യത്തെതാണ് ഒന്നാംഭാവം. ഈ ഒന്നാം ഭാവം ഏതു രാശിയിൽനിന്നും ആരംഭിക്കാം. അടുത്തടുത്തു രണ്ടു രാശികൾ ചേർന്നുവരാം. ലഗ്നബിന്ദു ഒരു രാശിയുടെ കൃത്യം നടുക്കുവരുന്നുവെങ്കിൽ ആ രാശി തന്നെയായിരിക്കും, ഒന്നാം ഭാവമായി വരുന്നത്. അങ്ങിനെയാകുമ്പോൾ ആ രാശിയുടെ പൂർണ്ണസ്വഭാവങ്ങളും രാശ്യാധിപന്റെ ഗുണദോഷങ്ങളും, രാശിയിലുള്ളതും രാശിയിലേക്കു നോക്കുന്നതുമായ ഗ്രഹങ്ങളുടെ പൂർണ്ണബലവും ആ ഭാവത്തിന് ലഭിക്കും.

## ഭാവവിശകലനം

**ലഗ്നഭാവം അഥവാ ഒന്നാം ഭാവം** – ജാതകന്റെ വ്യക്തിപ്രഭാവം, നിറം, ആരോഗ്യം, ഓജസ്സ്, ശരീരപ്രകൃതി, സ്വഭാവം, കീർത്തി, സുഖം, സൗന്ദര്യം, ആത്മപ്രഭാവം എന്നിവയെല്ലാം ഇതിൽ വിലയിരുത്തണം. അഥവാ ഒന്നാം ഭാവമാണ് വ്യക്തിയുടെ സകലവിധവ്യക്തിത്വത്തിനും ആധാരമാകുന്നത്. മറ്റെല്ലാ ഭാവങ്ങളും ഈ ഒന്നാം ഭാവമായിട്ട് പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധം വന്നാൽ മാത്രമേ ആ ജാതകന് ജാതകത്തിലെ ഗ്രഹങ്ങളുടെ ഗുണദോഷങ്ങളനുഭവിക്കാൻ യോഗമുണ്ടാകൂ. ചിലപ്പോൾ പറയാറുണ്ട് ജാതകത്തിൽ ഗുരു കർക്കിടകത്തിൽ ഉച്ചത്തിൽ നിൽക്കുന്നു. പക്ഷേ ആ ഭാവം 1-ാം ഭാവവുമായി ഒരുതരത്തിലും ബന്ധപ്പെട്ടിട്ടില്ലാത്തതിനാൽ വ്യാഴ(ഗുരു)ത്തിന്റെ നന്മകളനു



Scanned with CamScanner

ഭവിക്കാൻ ജാതകന് യോഗമുണ്ടാകില്ല. അതുപോലെയാണ് എല്ലാ ഗുണങ്ങളും തികഞ്ഞ ജാതകമാണെങ്കിൽപ്പോലും അവയെല്ലാം 1-ാം ഭാവത്തിനോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെകൂടി അടിസ്ഥാനത്തിലാണ് അനുഭവയോഗ്യമാകുന്നത്.

1-ാം ഭാവത്തെ വിശകലനം ചെയ്യുകയെന്നു പറഞ്ഞാലർത്ഥം; ഒന്നാം ഭാവം ഏതെല്ലാം രാശിയുമായി ബന്ധപ്പെട്ടിരിക്കുന്നു, ആ രാശിയുടെ നാഥന്മാർ ആരെല്ലാമാണ്, ആ ഭാവത്തിൽ ഏതെല്ലാം ഗ്രഹങ്ങളുണ്ട്. ആ ഭാവത്തിന്നാധാരമായ രാശിയുടെ അധിപന്മാർ എവിടെയെല്ലാം എങ്ങിനെയെല്ലാം ആരോടെല്ലാം ചേർന്നു നിൽക്കുന്നു........... തീർന്നില്ല!

ഒന്നാം ഭാവത്തിന് ഏതെല്ലാം ഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ട്. ആ ദൃഷ്ടി തരുന്ന ഗ്രഹങ്ങൾ സ്വക്ഷേത്രത്തിലോ, മിത്രക്ഷേത്രത്തിലോ, ബന്ധുക്ഷേത്രത്തിലോ, ഉച്ചക്ഷേത്രത്തിലോ, ഇരിക്കുന്നതാണോ? ആ ഗ്രഹങ്ങളുടെയോ യോഗരാശിയുടേയോ അപ്പുറത്തുമിപ്പുറത്തും പാപഗ്രഹങ്ങളുണ്ടോ (പാപകർത്തരിയോഗമുണ്ടോ) എന്നിങ്ങിനെ പലതും നോക്കണം. എന്നിട്ട് അവയുടെയെല്ലാം കാരകത്വം ഈ ഭാവത്തിലേക്ക് ചേർക്കണം. അങ്ങിനെ പ്രവചിക്കുന്നതാണ് ജാതക വിശകലനം. ഇവിടെ ഉദാഹരണമായി വിവരിച്ചത് 1-ാം ഭാവമാണ്. ഇതേപോലെയാണ് 2-ാം ഭാവവും മറ്റുഭാവങ്ങളും വിശകലനം ചെയ്യേണ്ടത്.

**രണ്ടാം ഭാവം** – ഉന്നതവിദ്യാഭ്യാസം, ധനം, കുടുംബം, വിദ്യ, വാക്ക്, സത്യദീക്ഷ, സംസാര രീതി, എന്നിവയെല്ലാമാണ്. രണ്ടാം ഭാവത്തിൽ ശനിയുണ്ടെങ്കിൽ വിദ്യാഭ്യാസം തടസ്സപ്പെടും, സംസാരിക്കുന്നത് സാവധാനത്തിലായിരിക്കും. സ്വന്തം വാക്കുകൾ തന്നെ അവനവന്റെ ഉയർച്ചക്ക് ഹാനികരമായിരിക്കും. 1-ാം ഭാവത്തിനെ വിശകലനം ചെയ്തതുപോലെ വേണം. 2-ാം ഭാവത്തിലെ ഓരോ കാര്യവും വിശകലനം ചെയ്യാൻ.

**മൂന്നാം ഭാവം** : സഹോദര സ്ഥാനമെന്ന മൂന്നാം ഭാവം അറിയപ്പെടുന്നു. സഹോദരങ്ങൾ, ധൈര്യം, ശൗര്യം, അയൽക്കാർ, വേലക്കാർ, സൈന്യം, ബുദ്ധി എന്നിവയെല്ലാം മൂന്നാംഭാവത്തിലാണുള്ളത്. ഉദാഹരണത്തിന് പ്രത്യക്ഷമായോ പരോക്ഷമായോ മൂന്നാം ഭാവത്തിൽ ചൊവ്വ ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ ആ ചൊവ്വ നീചത്തിലുള്ളതുമാണെങ്കിൽ (കർക്കിടകം രാശിയിൽ) അയൽക്കാർ തമ്മിലുള്ള പ്രശ്നം തീരാത്ത അവസ്ഥയായിരിക്കും. വളരെ നീചമായി സഹോദരങ്ങളോടു പെരുമാറുന്ന വ്യക്തിയായിരിക്കും എന്ന് പറയാം. കയ്യക്ഷരം ഈ ഭാവത്തിൽ വരുന്നു.

**നാലാംഭാവം** : ഇതിലൂടെ വിലയിരുത്തേണ്ടത് വ്യക്തിയുടെ അമ്മ,



Scanned with CamScanner

മാതൃസ്വഭാവം, മാതൃസമ്പത്ത്, സുഖം, വീട്, ഭൂസ്വത്ത് കുലത്തൊഴിൽ, വാഹനം, കന്നുകാലി സമ്പത്ത്, ശയ്യോപകരണങ്ങൾ...... ! ഇവയെല്ലാം ഈ ഭാവത്തിൽ ചിന്തിക്കണം. ഉദാഹരണം നോക്കി വിലയിരുത്താൻ ശ്രമിക്കാം. നാലം ഭാവാധിപതി ലഗ്നഭാവത്തിൽ (1-ാം ഭാവത്തിൽ) ഉണ്ടെന്നു വിചാരിക്കുക. അതിനെ വ്യാഖ്യാനിക്കേണ്ടത് അമ്മ എന്നും കൂടെയുണ്ടാകും എന്നാണ്. ലഗ്നാധിപൻ 4-ാം ഭാവത്തിലാണുള്ളതെങ്കിൽ ഈ വ്യക്തി അമ്മയുടെ കൂടെയായിരിക്കുമെന്നു പറയാം. എത്ര കാലം അഥവാ ഏതുകാലത്താണ് അതെല്ലാം സംഭവിക്കുക എന്നത് അതതു ദശാകാലത്താണെന്നും പറയണം. എന്നാണ് സ്വന്തം വീടു വെക്കുന്നത്, ഭൂമി വാങ്ങിക്കുന്നത് എന്നെല്ലാം ഈ നാലം ഭാവവും അത് 1-ാം ഭാവവുമായുള്ള ബന്ധവും ചേർത്ത് പ്രവചിക്കണം. ഭൂമി വാങ്ങിക്കാനും വീടുവെക്കാനുമുള്ള കാലം ഇങ്ങിനെ ദശയുടെ അടിസ്ഥാനത്തിൽ വിവരിച്ചുകൊടുക്കണം. നാലാം ഭാവാധിപതിയുടെ ദശ ചെറുപ്പത്തിലേ കഴിഞ്ഞുപോയിട്ടുണ്ടെങ്കിൽ അക്കാലത്ത് തന്നെ ജാതകന്റെ പേരിൽ ഭൂമി വന്നിട്ടുണ്ടാകുമെന്നും പറയണം!

**അഞ്ചാം ഭാവം പുത്രഭാവമാണ്.** സന്താനങ്ങൾ, ബുദ്ധി, രാജപ്രീതി, മന്ത്രിസ്ഥാനം, ഉദ്യോഗം, പുണ്യകർമ്മഫലം, ജന്മം എന്നിവയെല്ലാം ഈ ഭാവത്തിലൂടെ വിശകലനം ചെയ്യണം. അഞ്ചാം ഭാവത്തിൽ ബുധനുണ്ടെങ്കിൽ മകനെ ചാർട്ടേഡ് അക്കൗണ്ടന്റ് ആക്കലാണ് അഭികാമ്യം. അഞ്ചാം ഭാവാധിപതി ലഗ്നത്തിലുണ്ടെങ്കിൽ മകൻ അച്ഛന്റെ കൂടെയുണ്ടാകും. ലഗ്നാധിപതി അഞ്ചാം ഭാവത്തിലാണെങ്കിൽ ജാതകന് മകന്റെ കൂടെ വസിക്കാൻ ഭാഗ്യമുണ്ട്. ലഗ്നാധിപതിയും അഞ്ചാം ഭാവാധിപതിയും മറ്റേതെങ്കിലും ഭാവത്തിലൊരുമിച്ചുണ്ടെങ്കിൽ ആ ഭാവാധിപതികളുടെ ദശയിൽ ഒരുമിച്ചു ജീവിക്കാൻ ഭാഗ്യമുണ്ടാകും, എന്നു പറയണം.

**ആറാം ഭാവം ശത്രുസ്ഥാനവുംരോഗസ്ഥാനവുമാണ്.** അസാന്മാർഗിക കർമ്മമണ്ഡല സ്ഥാനവുമാണ്. ഇതിലൂടെ കളവ്, ചതി, വഞ്ചന, കാരാഗൃഹം, രോഗം, മുറിവ്, വ്രണം, വ്യാധികൾ, ആയുധംകൊണ്ടുള്ള മരണം, എന്നിപ്രകാരമുള്ള വിപരീതങ്ങളെല്ലാം ചിന്തിക്കണം. എല്ലാ മനുഷ്യർക്കും അവർ നല്ലവരായാലും തിന്മ നിറഞ്ഞവരായാലും അവർക്കും 6-ാം ഭാവമുണ്ടെന്നോർക്കണം. അവരിലും ഈ വിവരിച്ചിരിക്കുന്ന തിന്മകളുടെ അംശമുണ്ടെന്നതാണതിന്നർത്ഥം. ആറാം ഭാവാധിപതി ലഗ്നത്തിലുണ്ടെങ്കിൽ ആ വ്യക്തി എത്ര നല്ലവനായി ചമഞ്ഞാലും ഉള്ളിന്റെയുള്ളിൽ കള്ളത്തരമുണ്ടായിരിക്കും. ഒരുപക്ഷേ ആ കള്ളത്തരം / സ്വാർത്ഥത / സ്ഥാപിത താൽപര്യം എന്നിവയെല്ലാം

നന്മയ്ക്കുവേണ്ടിയായിരിക്കും അദ്ദേഹം ഉപയോഗിക്കുക. ആറാം ഭാവത്തിൽ ചൊവ്വയുണ്ടെങ്കിൽ ആയുധം കൊണ്ടുള്ള മുറിവ്, വാഹനാപകടം എന്നിവ പറയാം. ലഗ്നാധിപൻ 6, 8 ഭാവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ 8-ാം ഭാവാധിപതിയുടെ ദശയിൽ വാഹനാപകടത്തിൽ മരിക്കാനിടയുണ്ട്. 6, 8, 12 മായി ലഗ്നാധിപതി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ ആ അപകടവുമായി ബന്ധപ്പെട്ട കുറേയേറെ പണച്ചെലവുമുണ്ടായിരിക്കും എന്ന് പ്രവചിക്കണം. ആശുപത്രി വാസവുമുണ്ടാകാം.

**ഏഴാം ഭാവമാണ് കളത്രഭാവം.** ഭാര്യാ-ഭർതൃ-പങ്കാളികളുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ഈ ഭാവത്തിൽ നിന്നു വിവരിക്കണം. വിവാഹം, ദാമ്പത്യജീവിതം, കാമവികാരം, ആഗ്രഹം, വ്യവഹാരം ക്രയവിക്രയം, ഔദാര്യം, ബഹുമാനം, സഞ്ചാരം എന്നിപ്രകാരം പാർട്ട്ണേഴ്സുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ഏഴാം ഭാവത്തിൽ വരുന്നു. ഈ ഉദാഹരത്തിൽ നിന്ന് നമുക്കെന്തു മനസ്സിലാക്കാൻ സാധിക്കും? ലഗ്നാധിപൻ 7-ാം ഭാവത്തിലുണ്ടെങ്കിൽ ഈ വ്യക്തി മിക്കവാറും ഭാര്യാവീട്ടിലായിരിക്കും. 7-ാം ഭാവാധിപതി 1-ാം ഭാവത്തിലാണെങ്കിൽ ഭാര്യ/ഭർത്താവ് എന്നും ആ ജാതകന്റെകൂടെ ഗൃഹത്തിലുണ്ടാകുമെന്നർത്ഥം. 7-ാം ഭാവാധിപതിക്കും 6-ാം ഭാവവുമായി ബന്ധമുണ്ടെങ്കിൽ ഈ ജാതകനുമായി പാർട്ടണർ ബന്ധപ്പെടുന്നതിന്റെ പുറകിൽ കുറച്ചു കള്ളത്തരമുണ്ടായിരിക്കും. 7-ാം ഭാവാധിപതി 12-ാം ഭാവത്തിലാണെങ്കിൽ പാർട്ടണർ / ഭാര്യ / ഭർത്താവ് കാരണം കുറേയേറെ സാമ്പത്തിക നഷ്ടമുണ്ടാകും. ഏഴാം ഭാവാധിപതി ശുഭഗ്രഹമാകുകയും 12-ാം ഭാവത്തിൽ ശുഭഗ്രഹങ്ങളുണ്ടാകുകയും അതിന്റെ കൂടെ 7-ാം ഭാവാധിപതിയും വരുന്നു എന്നതാണ് ജാതകത്തിന്റെ അവസ്ഥയെങ്കിൽ പാർട്ട്ണർ സാമ്പത്തികമായി ചെലവാക്കുന്നത് നല്ലകാര്യങ്ങൾക്കായിരിക്കും (സേവനം). ഇത്രയും വിവരിച്ചത് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്, വിവരണരീതികളറിയിക്കാൻവേണ്ടി മാത്രം.

സാമ്പാർ ഉണ്ടാക്കുന്നതുപോലെയാണ് ഭാവവിവരണമെന്നു വേണമെങ്കിൽ തമാശയ്ക്ക് പറയാം. സാമ്പാർ എന്നത് ഭാവത്തിന്റെ പ്രത്യേകതയാണെന്നു വെയ്ക്കുക. ആ സമ്പാറിൽ മല്ലിയിലയിട്ടാൽ സാമ്പാറിന്റെ സ്വാദിനോടൊപ്പം മല്ലിയിലയുടെ സ്വാദും ചേരും. കുറച്ചു വെളുത്തുള്ളി, ഏലക്കായ, സവാള വറുത്തത് എന്നിവയെല്ലാം ഇടുമ്പോൾ സാമ്പാറിന്റെ അടിസ്ഥാന സ്വാദിന് മാറ്റമുണ്ടാകാതെ കൂടുതൽ കൂടുതൽ സ്വാദുകൾ സാമ്പാറിന്റെ സ്വാദിനോടൊപ്പം ചേരുന്നതുപോലെയാണ് അതതു ഭാവത്തിൽ ഓരോ ഗ്രഹവും നിൽക്കുമ്പോഴും, ഗ്രഹങ്ങളുടെ ദൃഷ്ടി ഉണ്ടാകുമ്പോഴും, മറ്റുഗ്രഹങ്ങളുടെ യോഗം ഭാവാധി



Scanned with CamScanner

പനുണ്ടാകുമ്പോഴും ആ ഭാവത്തിന് സംഭവിക്കുന്ന മാറ്റങ്ങൾ. ശുഭഗ്രഹങ്ങളുമായിച്ചേർന്നാൽ ആ ഭാവത്തിന് ശുഭഫലം കൂടും. അശുഭഗ്രഹങ്ങളുമായിച്ചേർന്നാൽ അശുഭഫലംകൂടും. ചിലപ്പോൾ ശുഭഗ്രഹമാണെങ്കിലും അതെവിടെ നിൽക്കുന്നുവോ ആ സ്ഥാനത്തിന്റെ പ്രത്യേകതയും ഈ ഭാവത്തിൽ കാണിക്കും. 8-ാം ഭാവാധിപനെ പറയുന്നത് മൃത്യുഭാവാധിപനെന്നാണ്. അത് ശുഭഗ്രഹമാണെങ്കിലും, ആ ഭാവാധിപൻ 4-ാം ഭാവത്തിൽ സ്ഥിതി ചെയ്യുന്നു എങ്കിൽ ആ ജാതകന് 8-ാം ഭാവാധിപന്റെ ദശയിൽ അമ്മയുടെ മരണമുണ്ടാകാൻ സാധ്യതയുണ്ട്. ഇതെഴുതിയത് ഓരോ ഗ്രഹത്തിനും അതിന്റെ തനതായ പ്രത്യേകതയും, അത് ഏതുഭാവത്തിന്റെ ആധിപത്യമാണുള്ളതെന്ന വസ്തുതയും, എല്ലാം ചേർത്തുവേണം പ്രവചിക്കാൻ. ചിലശുഭഗ്രഹം ചില സ്ഥാനത്ത് ദോഷം ചെയ്യും. സാമ്പാറിന് ഉപ്പ് അത്യാവശ്യമാണ്. ആ ഉപ്പ് ചായക്കിട്ടാൽ നന്നാവില്ല. ചായയിലിടുന്ന പഞ്ചസാര സാമ്പാറിനും ചേരില്ല. അതുപോലെയാണ് വ്യാഴം/ഗുരു, വളരെ ശുഭഗ്രഹമാണ്. പക്ഷേ രണ്ടാംഭാവത്തിൽ വന്നാൽ എല്ലാഗുണങ്ങളും നൽകുന്നതോടൊപ്പം മാരകനായിപ്രവർത്തിക്കുകയും ചെയ്യുമത്രെ! 12-ാം ഭാവം വ്യയഭാവമാണ്. ജീവിതത്തിലെ ചിലവ് എന്നതെല്ലാം അതിൽ വരും. ആ ഭാവത്തിൽ ശനി എന്ന പാപഗ്രഹം/ അശുഭഗ്രഹമാണെങ്കിലും നല്ലതാണ്. ചിലവുകൾ തടയാൻ ശനിക്ക് സാധിക്കും. മറ്റൊരർത്ഥത്തിൽ ഇയാളൊരു നല്ല പിശുക്കനായിരിക്കും. ഗുരുവാണ് 12-ാം ഭാവത്തിലുള്ളതെങ്കിൽ ആത്മീയതക്കും നല്ലകാര്യങ്ങൾക്കും സമ്പത്തു ചെലവാക്കും. നീചത്തിലുള്ള ശുക്രനാണ് 12-ാം ഭാവത്തിലുള്ളതെങ്കിൽ കള്ളു കുടിച്ചു സമ്പത്ത് നശിപ്പിക്കുന്നവനായിരിക്കും എന്നു പറയണം. ഇവിടെ കള്ളു വന്നത് ശുക്രൻ നീചത്തിലും, 12-ാം ഭാവം വ്യയവും ചേരുന്നതുകൊണ്ടാണ്. ശുക്രൻ മദ്യത്തിന്റെ കാരകനുമാണ്.

**എട്ടാം ഭാവം** - ആയുർഭാവമെന്നും മൃത്യുഭാവമെന്നും ഈ ഭാവം അറിയപ്പെടുന്നു. ഒരു വ്യക്തിയുടെ മരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, രോഗം, കടം, ആപത്ത്, അപവാദം, നാശം, മനോവ്യാധി, വിഘ്നങ്ങൾ എന്നിവയെല്ലാം എട്ടാം ഭാവത്തെ ആധാരമാക്കിയിരിക്കുന്നു. ഒരു പക്ഷേ അതുകൊണ്ടായിരിക്കും മാതൃഭൂമി പത്രത്തിന്റെ എട്ടാംപേജിൽ മരണം, അപകടം, കവർച്ച തുടങ്ങിയ വിഷയങ്ങളെല്ലാമായി ബന്ധപ്പെട്ട വാർത്ത വരുന്നത്. സ്ത്രീകൾക്ക് ഈ ഭാവം പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ഭർത്തൃനാശം, മാംഗല്യദോഷം, വൈധവ്യം എന്നിവ ഈ ഭാവത്തെ ബന്ധപ്പെടുത്താറുണ്ട്.

മരണം എട്ടാം ഭാവത്തിന്റെ പ്രത്യേകതയാണ് എന്നു വിശദീകരിക്കാറുള്ളത്. അതിനുപ്രയോഗിക്കുന്ന പദമാകട്ടെ **അഷ്ടമാധിപത്യ**



Scanned with CamScanner

ദോഷം എന്നുമാണ്. സ്വാഭാവികമായും മൃത്യു, വിഘ്നം ഇവ രണ്ടും ആണല്ലോ ജീവിതത്തിന്റെ വേദനകൾക്കാധാരമെന്നു സാധാരണക്കാർ വിശ്വസിക്കുന്നത്. എട്ടാം ഭാവാധിപതിയുടെ ദശാകാലത്താണ് മരണം സംഭവിക്കാൻ സാധ്യത. അതേസമയം 8-ാം ഭാവാധിപതി അതിൽത്തന്നെ നിൽക്കുന്നുവെങ്കിൽ മരണത്തെ ഭാവാധിപൻ ഒഴിവാക്കും എന്നു പറയാറുണ്ട്. എട്ടാം ഭാവത്തിൽ ശനിയുണ്ടെങ്കിൽ, ശനി എല്ലാം തടസ്സപ്പെടുത്തുന്ന ഗ്രഹമാണല്ലോ. അതുകൊണ്ട് ശനി മരണത്തേയും തടസ്സപ്പെടുത്തുമെന്നു പറയണം. 8-ാം ഭാവാധിപതി 12-ാം ഭാവവുമായി ബന്ധം വന്നാൽ ആശുപത്രിയിൽ കിടന്നുള്ള മരണമാകാൻ സാധ്യതയുണ്ട്. അതുതന്നെ ചൊവ്വയുമായി ബന്ധപ്പെട്ടാൽ വാഹനാപകടവുമായി ബന്ധപ്പെട്ട മരണമായിരിക്കും. ഇങ്ങിനെവേണം വിവരണങ്ങൾ ശ്രദ്ധയോടെ വേദനിക്കാത്തവിധത്തിൽ പറയേണ്ടത്. വേദനാജനകമായ കാര്യങ്ങളാണ് ജാതകത്തിൽ കാണുന്നതെങ്കിൽ "അങ്ങിനെയാകാം/ആകാൻ സാധ്യതയുണ്ട്" എന്നേ പറയാവൂ. സത്യം പച്ചക്കു പറയാറില്ല മിതമായ ഭാഷയിലവതരിപ്പിക്കുകയാണ് പതിവ്.

**ഒമ്പതാം ഭാവം** - ഇത് ഭാഗ്യസ്ഥാനമാണ്. പൂർവ്വപുണ്യം സത്കർമ്മം, പിതൃസ്ഥാനം, മഹാവിഷ്ണു, ഭാഗ്യം, ഗുരുവുമായുള്ള ബന്ധം, ഔഷധം, ശുഭത്വം ശ്രേഷ്ഠന്മാരുമായി ബന്ധം, ദാനധർമ്മം, സൗശീല്യം, സത്യസന്ധത, ധർമ്മബോധം എന്നിവയെല്ലാം 9-ാംഭാവം കൊണ്ടും, അതിന്റെ അധിപതി, അതിലുള്ള ഗ്രഹം, അതിലേക്കു ദൃഷ്ടിയുള്ള ഗ്രഹം, ഭാവാധിപതി മറ്റേതെല്ലാം ശുഭ അശുഭഗ്രഹങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാവാധിപതിക്കുള്ള മൗഢ്യം (സൂര്യന്റെ അടുത്തു വരുന്ന അവസ്ഥ സൂര്യന്റെ 7½ ഡിഗ്രിക്കുള്ളിൽ ഏതു ഗ്രഹം വന്നാലും ആ ഗ്രഹത്തിന് ശക്തിയില്ലാതാകും. അതിനെ മൗഢ്യം എന്നു പറയുന്നു.) ഭാവാധിപതിക്ക് **മൗഢ്യ**മുണ്ടെങ്കിൽ ഭാവാധിപതിയിൽ നിന്ന് പ്രതീക്ഷിക്കുന്നതൊന്നും കാര്യമായി ലഭിക്കില്ല. അച്ഛൻ നന്മയുള്ളവനാണെങ്കിലും അടിമയാണ് എന്നു പറയുന്നതുപോലെയാണ് മൗഢ്യം വന്ന ഗ്രഹത്തിന്റെ അവസ്ഥ. നല്ല ഭാവാധിപതി പാപഗ്രഹങ്ങളുമായിച്ചേർന്നാൽ അതിനെ നല്ല മനുഷ്യനാണെങ്കിലും കൂട്ടുകെട്ട് കള്ളന്മാരുമായിട്ടാണ് എന്ന് പറയുന്നതുപോലെയാണ്. അപ്പോൾ 9-ാം ഭാവാധിപതിയുടെ മഹത്വം എന്നത് ഏറ്റവും വിലപിടിപ്പുള്ളതാണെന്നോർമ്മിക്കണം.

**പത്താം ഭാവം** - ഇതു കർമ്മഭാവമാണ്. ജോലിയും, ജോലിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വിവരിക്കേണ്ടത്, തൊഴിൽ/ഉദ്യോഗം, ജയം, സത്കീർത്തി, ആദരണീയത, ആജ്ഞാശക്തി, മേധാവിത്വം,



Scanned with CamScanner

വിജ്ഞാനം, കർമ്മ നൈപുണ്യം ഇവയെല്ലാം ഈ ഭാവത്തിലൂടെ വരണം. നേരത്തേ സൂചിപ്പിച്ചിരുന്നതുപോലെ ഈ ഭാവാധിപതി ബുധനാകുകയോ ബുധൻ ഈ ഭാവത്തിലുണ്ടാകുകയോ ചെയ്താൽ കർമ്മഭാവം ചാർട്ടേഡ് അക്കൗണ്ടിന്റേയോ, ആഡിറ്റിങ്ങിലോ, കോമേഴ്സ് വിഭാഗത്തിലോ ആയിരിക്കും. ആ ഭാവവും ബുധനോടു കൂടി 6-ാം ഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ പ്രധാന ജോലി കള്ളക്കണക്ക് തയ്യാറാക്കലായിരിക്കും. 10-ാം ഭാവം കുജനുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ കെമിസ്ട്രി, രാസവസ്തുക്കൾ, പെട്രോൾ എന്നിവയുമായി ബന്ധപ്പെട്ട തൊഴിലായിരിക്കും. അവിടെ ഗുരുവിന്റെ ദൃഷ്ടിയോ മറ്റുവിധ ബന്ധങ്ങളോ ഉണ്ടെങ്കിൽ കെമിസ്ട്രി അദ്ധ്യാപകനാകാൻ സാദ്ധ്യതയുണ്ട്. ഇവിടെ 'സാദ്ധ്യത' എന്ന വാക്കുപയോഗിക്കാൻ കാരണം 10-ാം ഭാവം, ഭാവാധിപൻ, ഭാവത്തിലിരിക്കുന്ന ഗ്രഹം, അതിന്റെ ഭാവാധിപനോട് ചേർന്നിരിക്കുന്ന ഗ്രഹം, ഈ ഭാവത്തിലേക്കും, ഭാവാധിപതിയിലേക്കും ദൃഷ്ടിയുള്ള ഗ്രഹങ്ങൾ, ഈ ഭാവത്തിനും ഭാവാധിപതിക്കും പാപകർത്തരിയോഗമുണ്ടോ എന്നിങ്ങനെ അനവധി കാര്യങ്ങൾ ചിന്തനം ചെയ്തിട്ടുവേണം വ്യക്തമായി കാര്യം പറയാൻ. ഞാനിവിടെ ഒരേകദേശ വിവരണം നൽകിയെന്നുമാത്രം. അപ്രകാരം വിവരണം നൽകിയതാകട്ടെ ഈ പുസ്തകം വായിക്കുന്ന വ്യക്തിക്ക് ഒരു മാർഗനിർദ്ദേശം ലഭിക്കാനായി മാത്രമാണ്.

**പതിനൊന്നാം ഭാവം** - ഈ ഭാവം **ആയഭാവം**, ലാഭസ്ഥാനം എന്നെല്ലാം അറിയപ്പെടുന്നു. എല്ലാവിധത്തിലുമുള്ള സാമ്പത്തിക വരവും ഈ ഭാവത്തിൽ നോക്കിയാണ് പറയേണ്ടത്. സമ്പാദ്യം, കീർത്തി, ജ്യേഷ്ഠ സഹോദര ബന്ധം എന്നിവയും ഇവിടെ വരണം. 11-ാം ഭാവത്തിൽ നാലാംഭാവാധിപതിയായ കുജനുണ്ടെങ്കിൽ കൃഷിയിൽ നിന്നും ഭൂമിയിൽ നിന്നും അഥവാ വാഹനത്തിൽ നിന്നും ലാഭമുണ്ടാകും. 9-ാം ഭാവാധിപതി 11 ലുണ്ടെങ്കിൽ പിതൃസ്വത്ത് ലഭിക്കാം. 4-ാം ഭാവാധിപതിയാണെങ്കിൽ മാതൃസ്വത്തും ലഭിക്കാം. 11-ാം ഭാവാധിപതി 5 ലുണ്ടെങ്കിൽ ജാതകനിൽ നിന്ന് മക്കൾക്ക് സ്വത്തുലഭിക്കാം. 6 ഉം 11 ഉം ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ കൈക്കൂലി, കള്ളത്തരം, വഞ്ചന, ചതി ഇവയിലൂടെ സ്വത്തുസമ്പാദിക്കാനുള്ള അഭിവാഞ്ഛയുണ്ടാകും.

**പന്ത്രണ്ടാം ഭാവം** - ഈ ഭാവത്തിന് വ്യയഭാവമെന്നുപേരുണ്ട്. ചെലവ്, ധൂർത്ത്, ദുഃഖം, നഷ്ടം, നാശം, യാത്ര, വിദേശവാസം, ദാരിദ്ര്യം, സ്ഥാനഭ്രംശം, അംഗവൈകല്യം, ആശുപത്രി വാസം എന്നിവയെല്ലാം ഈ ഭാവത്തിന്റെ പരിധിക്കുള്ളിൽ വരുന്നു. 5-ാം ഭാവാധിപതി 12 ലുണ്ടെങ്കിൽ, ഈ വ്യക്തിയുടെ മക്കൾക്ക് ഈ വ്യക്തി കാരണം



Scanned with CamScanner

ധാരാളം സമ്പത്ത് നഷ്ടപ്പെടാൻ സാധ്യതയുണ്ട്. 7-ാം ഭാവാധിപതി 12 ലാണെങ്കിൽ ഭാര്യ/ഭർത്താവ്, പാർട്ണർ, സുഹൃത്തുക്കൾ എന്നിവർ ഇയാൾക്കായി ധാരാളം ചെലവഴിക്കേണ്ടിവരും. ഇതു തന്നെ തിരിച്ചാണെങ്കിൽ 12-ാം ഭാവധിപതി 5 ലാണെങ്കിൽ ഇയാൾ മക്കൾക്കായും 7 ലാണെങ്കിൽ ഭാര്യ-ഭർത്താവ്-പങ്കാളി ഇവർക്കായും ചെലവാക്കേണ്ടിവരും. 8-ാം ഭാവാധിപതി 12 ലാണെങ്കിൽ ഇയാളുടെ സ്വത്ത് അയാളുടെ തന്നെ മരണവുമായി ബന്ധപ്പെട്ടോ ആശുപത്രിവാസത്തിനു വേണ്ടിയോ ചെലഴിക്കേണ്ടിവരും. പാപഗ്രഹമാണ് 12 ലെങ്കിൽ തെറ്റായ കാര്യങ്ങൾക്കും ശുഭഗ്രഹങ്ങളാണെങ്കിൽ സത്കർമ്മങ്ങൾക്കും ചെലവഴിക്കേണ്ടി വരുന്നുണ്ടാകും.

ഇനി ഭാവങ്ങളുടെ സയൻസ് പരിശോധിച്ചാൽ ഓരോ ഭാവത്തിനും ഇങ്ങിനെയൊരു ഉത്തരവാദിത്വം ഏൽപ്പിച്ചതിന്റെ പുറകിലെ തത്വമെന്താണ്? ഉത്തരം കൃത്യമായി പറയാൻ സാധിക്കും. **'അറിഞ്ഞുകൂടാ'** എന്നു മാത്രം. ഓരോ ഭാവത്തിനും മേൽവിവരിച്ചതുപോലുള്ള കാരകത്വം കൊടുത്തതിന് ഒരുതരത്തിലുള്ള വ്യഖ്യാനവും ഇന്നുലഭ്യമായ സയൻസുകൊണ്ട് സാദ്ധ്യമല്ല. പക്ഷേ അനുഭവത്തിന്റെ പാഠമാണോ ഉൾക്കണ്ണുകൊണ്ടുകണ്ടതാണോ, ജ്ഞാനദൃഷ്ടിയാണോ, ദൈവികാനുഗ്രഹമാണോ, ഋഷിവര്യന്മാരുടെ സിദ്ധിയാണോ എന്നു ചോദിച്ചാലും ഉത്തരം 'അറിഞ്ഞുകൂടാ' എന്നായിരിക്കും. അതായത് ഗ്രഹങ്ങൾക്കു കാരകത്വവും ഭാവത്തിന് അതിന്റെ ഗുണദോഷങ്ങളും എങ്ങിനെവന്നുവെന്ന് അറിഞ്ഞുകൂടാ.

ഭൂമികാരകനായ ചൊവ്വ വരവുമായ ബന്ധപ്പെട്ട് 11-ാം ഭാവത്തിൽ സ്ഥിതിചെയ്യുന്നു എന്നു പറഞ്ഞാൽ യുക്തിയുപയോഗിച്ചുമാത്രം പറയാം ഭൂമിയിൽ നിന്നു വരവുണ്ടാകുമെന്ന്. ഭാര്യ/ഭർത്തൃ/പങ്കാളികളുടെ സ്ഥാനമായ 7-ാം ഭാവത്തിന്റെ അധിപതി ചെലവിന്റെ ഭാവമായ 12 ലാണെങ്കിൽ ഇവർക്ക് ഈ ജാതകനുവേണ്ടി സമ്പത്ത് ചിലവാക്കേണ്ടിവരുമെന്നു പറയാം. മറിച്ചാണെങ്കിൽ എന്താണു പറയേണ്ടതെന്നു മറിയണം. ചെലവുമാത്രമല്ല ദുഷ്കീർത്തി, സ്ഥാനഭ്രംശം എന്നിവയും അപ്രകാരമാണ്.

പൊതുവേ പ്രശ്നമുള്ള ഭാവം 6 ഉം 12 ഉം മാത്രമാണെന്നു പറയാറുണ്ടെങ്കിലും ഏതെങ്കിലും ഗ്രഹത്തിന് ത്രി-ഷഡ്-ആയം (3, 6, 11) ഭാവാധിപത്യമുണ്ടെങ്കിൽ പ്രശ്നമാണെന്നാണ് വിവരിക്കാറുള്ളത്. ശുഭഗ്രഹങ്ങൾപോലും ഈ ഭാവത്തിന്റെ ആധിപത്യമുണ്ടെങ്കിൽ അശുഭഗ്രഹങ്ങളായിത്തീരും. ചന്ദ്രൻ ശുഭഗ്രഹമാണെങ്കിലും കറുത്തവാവിലേയ്ക്ക് നിങ്ങുന്ന ചന്ദ്രൻ അശുഭഗ്രഹമാണ്. ബുധൻ, സ്വതവേ ശുഭ



Scanned with CamScanner

ഗ്രഹമാണ്. പാപഗ്രഹങ്ങളുമായി ചേർന്നാൽ ബുധനും പാപഗ്രഹമായിത്തീരും. ഈ വിവരിച്ചതിനെ മനുഷ്യനുമായി താരതമ്യം ചെയ്താൽ എങ്ങിനെ വിവരിക്കാൻ സാധിക്കും. കൈകേയി നന്മമാത്രമുള്ളവളായിരുന്നു, മന്ഥരയുമായി ചേർന്നപ്പോഴാണ് കൈകേയിയും തിന്മനിറഞ്ഞവളായത്. ജഡായു ശക്തനായിരുന്നു പക്ഷേ അതിശക്തനായ രാവണന്റെ മുമ്പിൽ തകർന്നുപോയതുപോലെ! ചന്ദ്രൻ നന്മനിറഞ്ഞവനാണ് പക്ഷേ അതിതേജസ്വിയായ സൂര്യന്റെ സമീപത്ത് ചന്ദ്രൻ ഒന്നുമല്ലാതായി കറുത്തവാവിലേക്കു പോകുന്നു. വളരെ നല്ല മനുഷ്യനാണെങ്കിലും ഔദ്യോഗികമായി അയാൾ ആരാച്ചാരാണെങ്കിൽ എങ്ങിനെയിരിക്കും. ചിലപ്പോൾ നാം പറയാറില്ലേ. "ആളുനല്ല മനുഷ്യനാ ഓഫീസിൽ കയറിയാൽ പിന്നെ കൈക്കൂലിക്കാരനാ" സ്ഥാനദോഷങ്ങളും ഗുണങ്ങളും എല്ലാവർക്കുമുണ്ട്. സംസർഗ്ഗദോഷം, ഗുണം, ഇതെല്ലാം തന്നെയാണ് ഗ്രഹങ്ങളുടെ കാര്യത്തിലുമുള്ളത്.

എട്ടാംഭാവ (മൃത്യുഭാവം / ആയുർഭാവം) അധിപൻ ഏതു ഗ്രഹമായാലും ആ ഗ്രഹത്തിന് അഷ്ടമാധിപത്യദോഷമുണ്ട്. അപ്രകാരം ദോഷമുള്ള ഗ്രഹം 1-ാം ഭാവത്തിലുണ്ടെങ്കിൽ അയാൾക്ക് ജീവിതത്തിൽ പ്രശ്നങ്ങളനവധിയുണ്ടാകാം, 4-ലാണുള്ളതെങ്കിൽ അമ്മയ്ക്ക്, 5-ലാണുള്ളതെങ്കിൽ മക്കൾക്ക് 7-ലാണെങ്കിൽ ഭാര്യക്ക്/ഭർത്താവിന്, 9-ലാണെങ്കിൽ പിതാവിന്, 10-ലാണെങ്കിൽ കർമ്മമണ്ഡലത്തിൽ പ്രശ്നങ്ങളുണ്ടാകും.

1-ാം ഭാവാധിപൻ അഥവാ ലഗ്നാധിപനായ ഗ്രഹം എന്തെല്ലാം കുഴപ്പക്കാരനാണെങ്കിലും ആ വ്യക്തിക്ക് ലഗ്നാധിപന് നല്ലതേ ചെയ്യുവാൻ സാധിക്കുകയുള്ളൂ. തൻകുഞ്ഞ് പൊൻകുഞ്ഞ്. അച്ഛൻ കൊടും വഞ്ചകനാണെങ്കിലും മക്കൾക്ക് നന്മയല്ലേ ചെയ്യൂ. അതുപോലെയാണിത്. ഗ്രഹങ്ങളെയെല്ലാം മനുഷ്യന്റെ സ്വഭാവവിശേഷങ്ങളുടെ ഉദാഹരണങ്ങളുമായി താരതമ്യം ചെയ്താൽ പഠനം എളുപ്പമാകും.

ഭാവം വിശകലനം ചെയ്യാൻ നാം അറിഞ്ഞിരിക്കേണ്ടതായ ഒരുപ്രധാന കാര്യം എന്നത് ആ ഭാവത്തിലേക്ക്, ഭാവാധിപതിയിലേക്ക്, മറ്റു ശുഭഅശുഭ ഗ്രഹങ്ങളുടെ സ്വാധീനം. മറ്റു ഗ്രഹങ്ങളുമായുള്ള യോഗം, അവയുടെ സാന്നിദ്ധ്യം, ഇതുകൂടാതെ ആ ഗ്രഹങ്ങളുടെ ദൃഷ്ടി. (ഇവിടെ ദൃഷ്ടിയെന്നത് കൊടുക്കുന്നതിനു തുല്യമാണ്.) ഗുരുവിന്റെ ദൃഷ്ടി 10-ാം ഭാവത്തിലേക്കുണ്ടെന്നു പറഞ്ഞാൽ ഗുരു (വ്യാഴം) അതിന്റെ കുറേ നന്മകൾ ഉദ്യോഗകർമ്മത്തിലേക്കായി നൽകുന്നു എന്നർത്ഥം. ഗുരുവിന്റെ കാരകത്വഗുണം നൽകുകമാത്രമല്ല. ഗുരു ഏതു ഭാവത്തിന്റെ അധിപനാണോ ആ ഭാവത്തിന്റെ ഗുണങ്ങളും നൽകുമെ



Scanned with CamScanner

ന്നർത്ഥം. അമ്മാവൻ നല്ലവനായതിനാൽ വന്നു കണ്ടപ്പോൾ കുറേകാശുതന്നു. അത് അമ്മാവന്റെ വ്യക്തിപരമായ ഗുണം. അമ്മാവൻ വന്നത് ദുബായിൽ നിന്നായതിനാൽ അവിടെനിന്നു കൊണ്ടുവന്ന കുറേസാധനങ്ങളും തന്നു, അതു സ്ഥാനമഹത്വം. അമ്മാവൻ അദ്ധ്യാപകനാണ്, അതുകൊണ്ട് കുറേ ഉപദേശിച്ചു. അദ്ദേഹം ഒരു കോളേജിന്റെ ഡയറക്ടറായതിനാൽ പലർക്കും ജോലി ശരിയാക്കിക്കൊടുക്കുകയും ചെയ്തു. അതുപോലെയാണ് ഗ്രഹങ്ങൾ എന്നും താരതമ്യംചെയ്തു പഠിക്കാം.

ഇത്രയും മനസ്സിലാക്കി തുടങ്ങിയതിനാൽ **ഗ്രഹദൃഷ്ടികളുടെ** കാര്യം ഒന്നുകൂടി ആവർത്തിക്കാം. വ്യാഴത്തിന് അതു നിൽക്കുന്ന ഭാവത്തിൽ നിന്ന് 5, 7, 9-ാം ഭാവത്തിലേക്കും ചൊവ്വക്ക് 4, 7, 8, ലേക്കും ശനിക്ക് 3, 7, 10 ലേക്കും ദൃഷ്ടിയുള്ളതാണ് പ്രധാനം. ഗുരുവിന്റെ ദൃഷ്ടി 5, 7, 9 ലേക്കെന്നു പറയുമ്പോൾ ഗുരുവിന്റെ കൂടെ ആരൊക്കെയുണ്ട്, ഉച്ചക്ഷേത്രത്തിലോ, നീചക്ഷേത്രത്തിലോ, സ്വക്ഷേത്രത്തിലോ ബന്ധുക്ഷേത്രത്തിലോ ശത്രുക്ഷേത്രത്തിലോ, വക്രത്തിലോ, മൗഢ്യമുള്ള അവസ്ഥയിലോ ഉള്ള വ്യാഴത്തിന് (ഗുരു) അതതു സ്ഥാനത്തിന്റെ ബലമാണുള്ളത്. അങ്ങിനെയുള്ളതിന്റെ ഫലമാണ് കൂടുതലായിട്ടുണ്ടാകുകയെന്നുമോർക്കണം. 8-ാം ഭാവത്തിന്റെ ഫലമാണ് കൂടുതലായിട്ടുണ്ടാകുകയെന്നുമോർക്കണം. 8-ാം ഭാവാധിപതിയായ ഗുരു/വ്യാഴം മരണത്തെ പ്രദാനം ചെയ്യുന്നു എന്നുകൂടി മനസ്സിലുണ്ടാകണം. അതായത് ഗുരു മാരകനായിത്തിരുന്ന അവസ്ഥ.

### ഗ്രഹങ്ങളുടെ ദേവതാ കാരകത്വം

ഗ്രഹങ്ങൾക്ക് പലതരത്തിലുള്ള കാരകത്വമുണ്ടെന്നു പറഞ്ഞുവല്ലോ. അതേപ്രകാരം ഓരോ ഗ്രഹത്തിനും ദേവതാ കാരകത്വമുണ്ട്. ദേവതകളുണ്ടെന്നർത്ഥം. സൂര്യന്റെ ദേവത രുദ്രനാണ്. ചന്ദ്രന് ശക്തിയും, ചൊവ്വയ്ക്ക് ഭദ്രകാളിയും മുരുകനും, ബുധന് വിഷ്ണുവും, വ്യാഴത്തിന് ബ്രഹ്മാവും, ശുക്രന് മഹാലക്ഷ്മിയും, ശനിക്ക് കാലനും, രാഹുവിന് സർപ്പവും, കേതുവിന് മായയുമാണെന്ന് ഒരു വീക്ഷണമുണ്ട്. മറ്റൊരു വീക്ഷണപ്രകാരം ബുധന് ബ്രഹ്മാവും വ്യാഴത്തിന് വിഷ്ണുവും ശനിക്ക് ശിവനുമാണ് ദേവതയത്രെ.

വെളുത്തവാവിന് ഭഗവതിപൂജ നടത്തുന്നതും, ചൊവ്വാഴ്ച ദിവസം ഭദ്രകാളി ക്ഷേത്രദർശനവും, വ്യാഴാഴ്ച വിഷ്ണുക്ഷേത്രദർശനവും വെള്ളിയാഴ്ച ദേവീക്ഷേത്രപൂജകളും ദർശനവും, ശനിയാഴ്ച ശിവപൂജ/ ശിവന് മൃത്യുഞ്ജയഹോമം എന്നിവയെല്ലാം വരാൻ കാരണമി



Scanned with CamScanner

താണ്.

മറ്റൊരർത്ഥത്തിൽ ഏതെങ്കിലും ഗ്രഹം ജാതകന്റെ ദോഷഭാവത്തിൽ 6-ാം ഭാവം, 12-ാം ഭാവം എന്നിവിടങ്ങളിൽ നിൽക്കുന്നതുകാരണം പ്രശ്നമുണ്ടെന്ന് ജ്യോതിഷനു തോന്നിയാൽ ആ ഗ്രഹവുമായി ബന്ധപ്പെട്ട ദേവതയുള്ള ക്ഷേത്രത്തിൽ ദർശനം, പൂജ, വഴിപാട് ഇവ നടത്താനുപദേശിക്കുന്നതിനും കാരണമിതാണ്.

**ആരൂഢലഗ്നം**

പ്രശ്നം വെക്കുന്ന സമയത്ത് വളരെ കാര്യമായി ഉപയോഗിക്കുന്ന പദമാണ് ആരുഢലഗ്നം. (പ്രശ്നം വെക്കുന്നത് ഈ പുസ്തകത്തിലെ വിവരണ വിഷയമല്ല) ലഗ്നാധിപൻ ഏതു രാശിയിൽ നിൽക്കുന്നുവോ ആ രാശിയിൽ നിന്ന് എട്ടാമത്തെ രാശിയാണ് ആരുഢലഗ്നം. പ്രത്യേകം ശ്രദ്ധിക്കേണ്ടത് ഇവിടെ രാശിയാണ് പറഞ്ഞിരിക്കുന്നത് ഭാവമല്ല. ലഗ്നാധിപൻ നിൽക്കുന്നത്, ലഗ്നത്തിൽ നിന്ന് എത്ര രാശി അകലെയാണോ, അവിടെ നിന്നും അത്രയും രാശിയകലെയുള്ള രാശിയാണ് ആരൂഢലഗ്നമെന്നും പറയാറുണ്ട്. അതായത് ലഗ്നം മേടത്തിലും ലഗ്നാധിപനായ ചൊവ്വ കന്നിയിലുമാണെങ്കിൽ ലഗ്നാധിപൻ ലഗ്നത്തിൽ നിന്ന് 6 രാശി അകലെയാണ് (മേടം മുതൽക്ക് എണ്ണണം) അപ്പോൾ ആരൂഢലഗ്നം ആദ്യത്തെ അഭിപ്രായപ്രകാരം മേടം രാശിയിൽത്തന്നെ വരുന്നു. രണ്ടാമത്ത അഭിപ്രായപ്രകാരം ആരൂഢലഗ്നം കുംഭം രാശിയിൽ വരുന്നു.

ഇങ്ങിനെ രണ്ടഭിപ്രായം വരുന്നതു ശരിയാണോ എന്നു ചിലർക്ക് തോന്നിയേക്കാം. എല്ലാ ആധുനിക ശാസ്ത്രം കൈകാര്യം ചെയ്യുന്നവർക്കും പല അഭിപ്രായങ്ങളില്ലേ. ഒരേ രോഗമുള്ള വ്യക്തി രണ്ടു ഡോകർമാരുടെ അടുത്തുചെന്നു പരിശോധിച്ചാൽ ഒരേ മരുന്നാണോ അവർ തരുന്നത്? ചില ഗൈനക്കോളജിസ്റ്റുമാർ സിസ്സേറിയൻ വേണമെന്നു പറയും, ചിലർ വേണമെങ്കിലാകാമെന്നു പറയും. മറ്റുചിലർ കുറേക്കൂടി കാത്തിരുന്നതിനുശേഷം തീരുമാനിക്കാമെന്നു പറയും. ചിലർ പറയും സിസ്സേറിയനേ വേണ്ട എന്ന്.

കോടതി വിധി, സാമ്പത്തികകാര്യം, ഷെയർ ബിസിനസ്, സാധനങ്ങളുടെ വില, പണപ്പെരുപ്പം ഇവയെല്ലാം പലരും പലരീതിയിലല്ലേ വിലയിരുത്തുന്നത്. ഇതും ഒരേകാര്യത്തിൽ പല വീക്ഷണമുണ്ടെന്നതിനു തെളിവാണ്.

ലഗ്നാധിപനും ആരൂഢ ലഗ്നാധിപനും തമ്മിൽ നല്ല ബന്ധമാണെങ്കിൽ (ഇതിന്റെ അർത്ഥം മനസ്സിലായിക്കാണുമല്ലോ) ആ വ്യക്തിക്ക്



Scanned with CamScanner

ദീർഘായുസ്സുണ്ടാകുമത്രെ.

ഇത്രയും എഴുതിയതിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിച്ച കാര്യങ്ങൾ എന്നു പറയുന്നത്. രാശിചക്രം, ഭാവചക്രം, ഗ്രഹങ്ങളുടെ സ്വക്ഷേത്രം, ഉച്ചക്ഷേത്രം, നീചക്ഷേത്രം, ഗ്രഹങ്ങൾ തമ്മിലുള്ള ബന്ധം, ഗ്രഹങ്ങളുടെ കാരകത്വം, ഓരോ ദിവസവും അതിലൂടെ ജാതകന് ലഭിക്കുന്ന അഥവാ ജാതകനിൽ നിന്ന് കുടുംബാംഗങ്ങൾക്ക് ലഭിക്കുന്ന കാര്യങ്ങളുമാണ്. ഇനിയും ആ വഴിയിലൂടെ നമുക്ക് പോകാനുണ്ട്. ഓരോ ഭാവവും വിചിന്തനം ചെയ്യേണ്ടതെങ്ങിനെയാണെന്നറിയണം. എന്തെല്ലാം സംഭവിക്കുമെന്നറിഞ്ഞു. അത് ഏതെല്ലാം ഗ്രഹങ്ങളും ഭാവങ്ങളും കാരണമാണെന്നുമറിഞ്ഞു. ഇനി അറിയാനുള്ളത് സംഭവിക്കാനുള്ളതെല്ലാം എന്നു സംഭവിക്കുമെന്നാണ്.

**ദശ കണ്ടുപിടിക്കുന്നത്**

വിവാഹയോഗമുണ്ട് എന്നു പറയുമ്പോൾ ജാതകന് 3 വയസ്സായിട്ടേയുള്ളൂ എന്നു പറഞ്ഞാലും, ജാതകന് 87 വയസ്സായിട്ടുണ്ട് എന്നറിഞ്ഞാലും ശ്രദ്ധിച്ചു പറയേണ്ടതല്ലേ. അതുകൊണ്ട് നാം കഴിഞ്ഞുപോയ ദശ, നടക്കുന്ന ദശ, ഇനി വരാൻപോകുന്ന ദശ എന്നിവ കണ്ടുപിടിക്കണം. അതിൽ ഗർഭത്തിൽ വച്ചുകഴിഞ്ഞുപോയതും പുറത്തുവന്നതിനുശേഷമുള്ള ഗർഭശിഷ്ട ദശയും കണ്ടുപിടിക്കണം. പിന്നെ മറ്റുദശകൾ ക്രമത്തിൽ കണ്ടുപിടിക്കാൻ സാധിക്കും.

ഒരു വ്യക്തിയുടെ ദശയെങ്ങിനെയാണു കണ്ടുപിടിക്കുക എന്നത് വളരെ ശ്രദ്ധയോടെ വേണം പഠിക്കാൻ. അതത്രയ്ക്ക് എളുപ്പമല്ല. ജന്മനക്ഷത്രത്തിലൂടെയാണതു കണ്ടുപിടിക്കേണ്ടത്.

27 നക്ഷത്രങ്ങളെ 9 ഗ്രഹങ്ങൾക്കായി വീതിച്ചു കൊടുത്തിരിക്കുന്നതു ശ്രദ്ധിക്കുക.

| | | | | | | |
|---|---|---|---|---|---|---|
| 1. | അശ്വതി | മകം | മൂലം | → | കേതുദശ | 7 വർഷം |
| 2. | ഭരണി | പൂരം | പൂരാടം | → | ശുക്രദശ | 20 വർഷം |
| 3. | കാർത്തിക | ഉത്രം | ഉത്രാടം | → | രവിദശ | 6 വർഷം |
| 4. | രോഹിണി | അത്തം | തിരുവോണം | → | ചന്ദ്രദശ | 10 വർഷം |
| 5. | മകയിരം | ചിത്തിര | അവിട്ടം | → | കുജദശ | 7 വർഷം |
| 6. | തിരുവാതിര | ചോതി | ചതയം | → | രാഹുദശ | 18 വർഷം |
| 7. | പുണർതം | വിശാഖം | പൂരുരുട്ടാതി | → | ഗുരുദശ | 16 വർഷം |
| 8. | പൂയം | അനിഴം | ഉത്രട്ടാതി | → | ശനിദശ | 19 വർഷം |
| 9. | ആയില്യം | തൃക്കേട്ട | രേവതി | → | ബുധദശ | 17 വർഷം |



Scanned with CamScanner

മേൽവിവരിച്ച പട്ടികപ്രകാരം അശ്വതി, മകം, മൂലം എന്നീ നക്ഷത്രക്കാർക്ക് ആരംഭദശ എന്നത് കേതുദശയാണ്. ഭരണി, പൂരം, പൂരാടക്കാർക്ക് ശുക്രദശയാണ് ആരംഭം. അങ്ങിനെമൂന്നു മൂന്നു നക്ഷത്രങ്ങൾ വീതമുള്ള 9 സെറ്റിലൂടെ ദശ മനഃപാഠം പഠിക്കാൻ ശ്രമിക്കുന്നതോടൊപ്പം ഓരോ ദശയും എത്രവർഷം വീതമുണ്ടെന്നും പഠിക്കണം.

അശ്വതി, മകം, മൂലക്കാർക്ക് കേതുദശ കഴിഞ്ഞാൽ പിന്നെ പട്ടികയിൽ തന്നിരിക്കുന്ന അടുത്ത ദശകൾ ക്രമത്തിൽ വരുന്നു. ശുക്രദശ, രവിദശ, ചന്ദ്രദശ, കുജദശ, രാഹുദശ, എന്നിങ്ങനെ120 വർഷക്കാലത്തെ പുരുഷായുസ് 9 ദശകളിലൂടെ കടന്നുപോകുമ്പോൾ പൂർണ്ണമാകുന്നു. അല്ലെങ്കിൽ എത്രകാലം ജീവിക്കുന്നുവോ അത്രയും കാലം വരെയുള്ള ദശകളുണ്ടാകുന്നു.

ചോതി നക്ഷത്രക്കാരന് ജനിച്ച ഉടനെആരംഭിക്കുന്ന ദശ രാഹുദശയാണ്. അതിനുശേഷം ക്രമത്തിൽ ഗുരുദശ, ശനിദശ, ബുധദശ, കേതുദശ, ശുക്രദശ, രവിദശ എന്നിപ്രകാരമായിരിക്കും വരുക.

ഇനി നാം പഠിക്കേണ്ടത് അശ്വതി നക്ഷത്രക്കാരന് ജനിക്കുന്ന സമയത്ത് പൂർണ്ണമായും അശ്വതി നക്ഷത്രം ഉണ്ടെങ്കിലേ 7 വർഷമുള്ള കേതുദശ പൂർണ്ണമായും അയാൾക്കനുഭവിക്കേണ്ടിവരുകയുള്ളൂ.

**ഗർഭശിഷ്ടദശ**

അശ്വതി നക്ഷത്രം 60 നാഴിക (24 മണിക്കൂർ)യുള്ളതിൽ 30 നാഴികയും കഴിഞ്ഞതിനുശേഷമാണ് ശിശു ജനിച്ചതെങ്കിൽ നക്ഷത്രത്തിന്റെ പകുതി കഴിഞ്ഞതോടൊപ്പം കേതുദശയുടെ പകുതിയും കഴിഞ്ഞിട്ടുണ്ടാകും. അശ്വതി നക്ഷത്രത്തിലെ 60 നാഴികയിൽ ഇനി 5 നാഴികയെ ബാക്കുയുള്ളൂവെങ്കിൽ കേതുദശ എത്ര ബാക്കിയുണ്ടാകും. 7 വർഷം $\times \frac{5}{60}$ = 7 മാസം. ഈ ഗണനപ്രകാരം അശ്വതി നക്ഷത്രം തീരാൻ 5 നാഴിക (2 മണിക്കൂർ) മാത്രം ബാക്കിയുള്ളപ്പോൾ ജനിച്ച ശിശുവിന് കേതുദശ ഇനി 7 മാസം മാത്രമേ ബാക്കിയുണ്ടാകൂ. ആ ഏഴുമാസത്തിന്റെ പേരാണ് ഗർഭശിഷ്ടദശ = 7 മാസം. തുടർന്ന് ശുക്രദശ 20 വർഷം, രവിദശ 6 വർഷം ..... എന്നിങ്ങനെവരും.

ഉത്രട്ടാതി നക്ഷത്രം തുടങ്ങി 40 നാഴിക കഴിഞ്ഞതിനുശേഷമാണ് ശിശു ജനനമെങ്കിൽ ഗർഭശിഷ്ടദശയും അതിൽ ബാക്കിയുള്ളതും എത്രയാണ്. ഉത്രട്ടാതി 60 നാഴികയുണ്ടെങ്കിൽ അതിൽ അവശേഷിക്കുന്നത് $\frac{20}{60} = \frac{1}{3}$ ഭാഗമാണ്. ഉത്രട്ടാതിക്കാരുടെ ആരംഭദശ എന്നത് ശനിദശയാണ്. അത് 19 വർഷമുണ്ട്. ഗർഭത്തിൽ തീർന്നുപോയത് 19 $\times \frac{40}{60}$ ആണ്. ഗർഭത്തിൽ നിന്നു പുറത്തുവന്നതിനുശേഷമുള്ള ശനി

ദശ 19 x $\frac{1}{3}$ = 6 വർഷം 4 മാസമാണ്. അപ്പോൾ 6 വർഷം 4 മാസമാണ് ഗർഭശിഷ്ട ശനിദശ, തുടർന്ന് ബുധദശ 17 വർഷം, കേതുദശ 7 വർഷം, ശുക്രദശ 20 വർഷം....

ഇവിടെയും ജനനസമയത്തിന്റെ കൃത്യതയുടെ ആവശ്യകത ശ്രദ്ധിക്കുക. പൂയം നക്ഷത്രക്കാരന് 19 വർഷമുള്ള ആരംഭദശയിൽ 24 മണിക്കൂറുള്ള നക്ഷത്രത്തിൽ 10 മിനിറ്റ് ജനനസമയം വൈകിയാണെടുത്തതെങ്കിൽ നഷ്ടപ്പെടുന്ന ഗർഭശിഷ്ട ദശയെത്രയായിരിക്കും. 24 മണിക്കൂറി (24 X 60 മിനിറ്റ്)ന് 19 വർഷത്തിന് സമാനമാണെങ്കിൽ 10 മിനിറ്റിലെത്ര കാലദൈർഘ്യമുണ്ടായിരിക്കും. അത് ഗർഭശിഷ്ടത്തിൽ നിന്നു വിട്ടുപോയിട്ടുണ്ടാകും. അതായത് മാസക്കണക്കിലെഴുതിയാൽ 19 X 12 $\frac{10}{24 \times 60}$ = 1 മാസം 18 ദിവസം ഗണനത്തിൽ നഷ്ടപ്പെട്ട ജനനസമയമാണ് 10 മിനിറ്റ് വൈകിയപ്പോൾ.

ഓരോ ഗ്രഹത്തിനും ദശാകാലം ഇത്രവീതമാണെന്ന് കണ്ടുപിടിക്കാൻ നമ്മുടെ പൂർവ്വികർക്ക് സാധിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നു ചോദിച്ചാൽ കൃത്യമായ ഒരുത്തരമേയുള്ളൂ "അറിഞ്ഞുകൂടാ". ഒരു സയൻസിനും ഈ ദശ കണ്ടുപിടിച്ചതിന്റെ പുറകിലുള്ള വീക്ഷണം വിവരിക്കാൻ സാധിച്ചിട്ടില്ല. ഒരു ജ്യോതിഷനും സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല. ഇന്നത്തെ സയൻസുപയോഗിച്ച് സാധിക്കുമെന്നും തോന്നുന്നില്ല. സയൻസ് ഇനിയും വളർന്നാൽ ഒരു പക്ഷേ സാധിച്ചേക്കാം.

ഈ ഗ്രഹങ്ങളെല്ലാം ജാതകനെ ഇത്രയും വർഷംവീതം സ്വാധീനിക്കുമെന്നു പറയുന്നത് സയിന്റിഫിക് ആണോ എന്നു ചോദിച്ചാൽ ഇന്നത്തെ സയൻസുപ്രകാരം സയൻസല്ല എന്നേ പറയാനാകൂ. ശാസ്ത്രീയമാണോ എന്നു ചോദിച്ചാൽ അതു ശാസ്ത്രമാണ്, ശാസ്ത്രീയവുമാണെന്നു പറയാം. എന്താണതിനു കാരണം? ശാസ്ത്രം എന്ന പദത്തിനു സയൻസെന്നല്ല അർത്ഥം. അതിന്റെ അർത്ഥം നിർദ്ദേശിക്കുന്നത്, മാർഗ്ഗദർശനം തരുന്നത് എന്നെല്ലാമാണ്. അതുകൊണ്ടാണ് ശാസ്ത്രമാണ് സയൻസല്ല എന്നു പറയുന്നത്.

ഇവിടെ നക്ഷത്രത്തിന്റെ കഴിഞ്ഞുപോയ സമയവും ഇനി ബാക്കിയുള്ള സമയവും, നക്ഷത്രത്തിന്റെ ആകെ ദൈർഘ്യവും ചേർന്നാണ് ആ നക്ഷത്രത്തിലെ ഒരു പ്രത്യേക സമയത്ത് ജനിച്ച ശിശുവിന്റെ ഗർഭത്തിനു പുറത്ത് (ജനിച്ചതിനുശേഷം) അനുഭവിക്കേണ്ടതായ ഗർഭശിഷ്ട ദശഗണിക്കേണ്ടത്. ഇവിടെ ശ്രദ്ധിക്കാനുള്ള ഏറ്റവും ലളിതമായ കാര്യം (പലരും തെറ്റിക്കാറുള്ളത്) വർഷത്തെ മാസമാക്കാൻ 12 കൊണ്ട് ഗുണിക്കണം, മാസത്തെ ദിവസമാക്കാൻ 30 കൊണ്ട് ഗുണിക്കണം, ദിവസത്തെ



Scanned with CamScanner

മണിക്കൂറുകളാക്കാൻ 24കൊണ്ട് ഗുണിക്കണം എന്ന സർവസാധാരണ നിയമം തെറ്റരുത് എന്നതാണ്.

ഗർഭശിഷ്ടം $3\frac{1}{8}$ വർഷമാണെന്നു പറഞ്ഞാൽ 3 വർഷം 1 മാസം 15 ദിവസമാണെന്നറിയണം. $3\frac{1}{9}$ വർഷമെന്നു കാണാൻ 3 വർഷം 1 മാസം 10 ദിവസം ആകുന്നു എന്ന് ഗണിക്കാനറിയണം. 100 ഉം ദശാംശവും അടിസ്ഥാനമാക്കി ഗണിച്ചു ശീലിച്ച നാം 30, 12, 60 എന്നിവ അടിസ്ഥാനമാക്കി ഗണിക്കാനിവിടെ ഓർമ്മിക്കണം.

രാശിചക്രത്തിലെ ഓരോ ഗ്രഹവും, ഭാവവും, ഗ്രഹവുമായി ചേർന്നിരിക്കുന്നതും ദൃഷ്ടിയുള്ളതുമായ ഗ്രഹങ്ങളുടെയെല്ലാം സ്വാധീനം ആ ജാതകന്റെ ജീവിതത്തിലുണ്ടാകുന്നത് അതതു ഗ്രഹത്തിന്റെ ദശാകാലത്താണ്; അതുകൊണ്ട് ജാതകം നോക്കിയ ഉടനെ അത് നല്ല ജാതകമാണെന്നോ പാപജാതകമാണെന്നോ പറയുന്നത് അബദ്ധമാണ്. ഒരു പ്രത്യേക നക്ഷത്രത്തിൽ ജനിച്ചു എന്നതിനാൽ അയാൾക്കിപ്പോൾ ഇന്ന ദശയാണെന്നു പറയാൻ സാധിക്കില്ല. 20 വർഷമുള്ള ശുക്രദശ ജന്മനാൽ വരുന്നത് ഭരണി, പൂരം, പൂരാടക്കാർക്കാണെന്നു നമുക്കറിയാം. ഈ നക്ഷത്രത്തിന്റെ ആരംഭത്തിലാണ് ജനനമെങ്കിൽ ശുക്രദശ ഏകദേശം പൂർണമായും ഗർഭശിഷ്ടദശയായിവരും. അതേസമയം ഈ മൂന്നു നക്ഷത്രങ്ങളുടെ അവസാനത്തിലാണ് ജനനമെങ്കിൽ ഒന്നോ രണ്ടോ വർഷമേ ഗർഭശിഷ്ടമായി ശുക്രദശയുണ്ടാകൂ. അതുകൊണ്ടു തന്നെ കൃത്യമായി കമ്പ്യൂട്ടറിലൂടെയോ സ്വയം ഗണിച്ചെടുത്തോ ഗർഭശിഷ്ടദശ കണ്ടുപിടിക്കാത്തിടത്തോളം ഒരു നക്ഷത്രത്തിൽ ജനിച്ചവനെന്നു കേട്ടഉടനെ അയാളുടെ ഇപ്പോഴത്തെ ദശ ഇന്നതാണെന്നു പറയുന്നതബദ്ധമാണ്.

അതേപോലെ രാശിചക്രം അഥവാ തലക്കുറി നോക്കി ലഗ്നത്തെ ആധാരമാക്കി 9 ൽ ഈ ഗ്രഹമാണ് 5 ൽ ഈ ഗ്രഹമാണ് എന്നു പറഞ്ഞ് നല്ല ജാതകമാണെന്നു വിലയിരുത്തുന്നതും അബദ്ധം. രാശിചക്രത്തിൽ നിന്ന് ലഗ്നസ്ഫുടം ചെയ്ത് അതിനെ കേന്ദ്രമാക്കി 30 ഡിഗ്രിയെടുത്ത് ഭാവചക്രം വരയ്ക്കണം. ഭാവചക്രത്തിൽ ചിലപ്പോൾ 9-ാം രാശിയിലുള്ള ഗ്രഹം 8-ാം ഭാവത്തിലേക്കുപോയി എന്നുവരാം. 5-ാം രാശിയിലുള്ള ഗ്രഹം 6-ാം ഭാവത്തിലേക്കു പോയിട്ടുണ്ടാകും. ശുഭസ്ഥാനങ്ങളെന്നു ധരിച്ച് 9, 5 രാശികളെ വ്യാഖ്യാനിച്ചപ്പോൾ ഭാവചക്രത്തിൽ അവ രണ്ടും ഏറ്റവും അശുഭസ്ഥാനത്തേയ്ക്ക് പോയി. ഇതിൽ നിന്ന് പ്രധാനപ്പെട്ട കാര്യം നമുക്ക് മനസ്സിലാക്കാനുള്ളത് രാശിചക്രം (തലക്കുറി) നോക്കി ആരെന്തു പ്രവചിച്ചാലും ശരിയാകണമെന്നില്ല.



Scanned with CamScanner

നക്ഷത്രം മാത്രം കേട്ട് മകം പിറന്ന മങ്ക, പൂരം പിറന്ന പുരുഷൻ, കരിം പൂരാടം എന്നൊക്കെ പറയുന്നതും അബദ്ധമാണ്.

### വാരഫലവും മാസഫലവും

അതേപ്രകാരം ജാതകത്തിലെ ഒരു രേഖപോലും നോക്കാതെ പത്ര മാധ്യമങ്ങളിലൂടെ "ഈ ആഴ്ച നിങ്ങൾക്ക്, മാസഫലം" എന്നൊക്കെ പ്രസിദ്ധീകരിക്കുന്നത് എത്രത്തോളം തെറ്റാണെന്നറിയണമെങ്കിൽ ഈ വരികൾ നോക്കുക.

'അശ്വതി, ഭരണി, കാർത്തികക്കാൽ ജന്മനക്ഷത്രമായി വരുന്നവർക്ക് വിവാഹയോഗമുണ്ട്.' ഈ വരിയുടെ അർത്ഥശൂന്യതയറിയണമെങ്കിൽ, ഈ നക്ഷത്രത്തിൽ ജനിച്ച 1 വയസ്സുകാരനും, 10 വയസുകാരനും, 55 വയസ്സുകാരനും, 84 വയസ്സുകാരനുമൊക്കെയുണ്ടാകില്ലെ? അവർക്ക് വിവാഹയോഗമെന്നു പറഞ്ഞാൽ എന്താണർത്ഥം. ഈ നക്ഷത്ര ക്കാർക്ക് വാഹനയോഗമുണ്ടെന്നു പറഞ്ഞാലോ അതും അർത്ഥശൂന്യ മല്ലേ. ഈ നക്ഷത്രക്കാർക്ക് വീടുവെയ്ക്കാനുള്ള യോഗമുണ്ട് എന്നു പറഞ്ഞാൽ ശരിയായിരിക്കുമോ? ഇങ്ങിനെപറയുമ്പോഴാണ് ജാതകം തികച്ചും തെറ്റാകുന്നത്. ഈ തെറ്റു പ്രചരിപ്പിക്കാൻ പത്രക്കാരും അതു വായിക്കാൻ ആയിരങ്ങളുമുണ്ട്. ഇതാണ് ജ്യോതിഷമെന്നു തെറ്റിദ്ധ രിച്ച് അതിനെ വിമർശിക്കാൻ നൂറുകണക്കിനാൾക്കാരും വേറെയുണ്ട്.

അൽപ്പംകൂടി ശ്രദ്ധയോടെ ചിന്തിച്ചു നോക്കൂ. മേൽ വിവരിച്ചതുപ്ര കാരം 27 നക്ഷത്രങ്ങളെ 12 രാശികളാക്കിയാണല്ലോ പ്രവചനം. ലോക ത്തിലെ 750 കോടി ജനതയും 27 നക്ഷത്രങ്ങളിലേതിലെങ്കിലും പെട്ട വരായിരിക്കില്ലേ. അതിനാൽ അവർ 12 രാശിയിൽ പെടുന്നവരുമായിരി ക്കും. അതുകൊണ്ട് നക്ഷത്രാടിസ്ഥാനത്തിൽ മാത്രം എന്തെങ്കിലും പ്രവ ചിച്ചാൽ ലോകത്തിലെ 750 ÷ 27 = 27 കോടി ജനങ്ങൾക്ക് വീതം ഒരേ പ്രവചനമായിരിക്കും വേണ്ടിവരുക. അല്ലെങ്കിൽ അവയെ 12 രാശിക ളാക്കിയാൽ 750 കോടി ജനത 12 ഗ്രൂപ്പുകളാകും. അതിലെ ഒരു ഗ്രൂപ്പിന് വിവാഹയോഗമുണ്ട്, വാഹനയോഗമുണ്ട്, അസ്ത്മയുണ്ട്, ലോട്ടറിയ ടിക്കുമെന്നു പറയുന്നതിൽ അൽപ്പംപോലും യുക്തിയില്ലതന്നെ. 750 ÷ 27 കോടി ജനത അവിട്ടത്തിൽ ജനിച്ചതിനാൽ അവർക്ക് ലോട്ടറിയടി ക്കുമെന്നു പറഞ്ഞാലത്തെ സ്ഥിതിയെന്തായിരിക്കും!

നമ്മൾ ഇനിയും ദശയിലൂടെ പഠിച്ചുപോകണം. ഓരോ ഗ്രഹത്തി ന്റേയും ദശയിൽ ആ ഗ്രഹത്തിന്റെ സ്വാധീനം മാത്രമല്ല ഉണ്ടാകുന്നത്. നമ്മുടെ വീട്ടിൽ വളരുന്ന ശിശുവിന് അമ്മ, അച്ഛൻ, മുത്തച്ഛൻ, മുത്ത ശ്ശി, സഹോദരീസഹോദരന്മാർ, കൂട്ടുകാർ, എന്നിപ്രകാരം പലരുടേയും സ്വാധീനമുണ്ടാകും. അതുപോലെയാണ് ഒരു ഗ്രഹത്തിന്റെ ദശയിൽ



Scanned with CamScanner

മറ്റെല്ലാ ഗ്രഹങ്ങളുടെയും സ്വാധീനവും കുറെയുണ്ടാകും. ഒരു മനുഷ്യായുസ്സ് അഥവാ പുരുഷായുസ്സ് എന്നു പറയുന്നത് 120 വർഷമാണ്. ഒമ്പതു ഗ്രഹങ്ങളുടെയും ദശാകാലം കൂട്ടിയാൽ 120 വർഷം ലഭിക്കും. ഇനി ഓരോ ഗ്രഹത്തിന്റേയും ദശാകാലത്തിനുള്ളിൽ ആ ദശയുടെ ആനുപാതികമായ അപഹാരം വരും, തുടർന്ന് മറ്റെല്ലാ ഗ്രഹങ്ങളുടെയും അനുപാതികമായ അപഹാരം വരുന്നു. അതും ഗണിച്ചെടുക്കണം

അപഹാരം ഗണിച്ചെടുക്കുന്നത് ക്ലേശകരമല്ല. പക്ഷേ ശ്രദ്ധയോടെ ചെയ്തില്ലെങ്കിൽ തെറ്റുകളുണ്ടാകും. കാരണം ഭിന്നസംഖ്യ വരുമ്പോൾ വർഷത്തെ മാസമായും, മാസത്തെ ദിവസമായും ദിവസത്തെ മണിക്കൂറായും മാറ്റുന്നത് രൂപയെ പൈസയാക്കുന്നതുപോലെയല്ല.

20 വർഷം നീണ്ടു നിൽക്കുന്ന ശുക്രദശയിൽ മറ്റെല്ലാ ഗ്രഹങ്ങൾക്കും (ശുക്രൻ → രവി → ചന്ദ്രൻ → കുജൻ → രാഹു → ഗുരു → ശനി → ബുധൻ → കേതു എന്നീ ക്രമത്തിൽ) അപഹാരകാലം ശുക്രദശയ്ക്കകത്ത് (20 വർഷത്തിൽ) തന്നെ വരുന്നുണ്ടാകും. ഉദാഹരണം പുണർതം നക്ഷത്രക്കാരന് ശനിദശയാരംഭിച്ചുവെങ്കിൽ ആ ശനിദശയ്ക്കകത്ത് അപഹാരം വരുന്നത് (ശനി → ബുധൻ → കേതു → ശുക്രൻ → രവി → ചന്ദ്രൻ → കുജൻ .....) എന്നീക്രമത്തിലായിരിക്കും. അതായത് ഒരു ദശയിൽ ദശാകാലം മുഴുവനും ആ ദശാനാഥന്റെ സ്വാധീനം മാത്രമല്ല ഉണ്ടാകുന്നത്. പ്രധാനമായും ദശാനാഥന്റെയും പിന്നെ ക്രമത്തിൽ മറ്റു ഗ്രഹങ്ങളുടെയും **അപഹാരം** വരുന്നതിനനുസരിച്ച് എല്ലാ അപഹാരനാഥന്മാരുടെയും സ്വാധീനമുണ്ടാകും.

ഒരു ഗ്രഹത്തിന്റെ ദശയിൽ ആ ദശാനാഥന്റെ തന്നെ അപഹാരമാണ് ആദ്യം വരുന്നത്. അതിനെ സ്വന്തം അപഹാരം അഥവാ **സ്വാപഹാരം** എന്നു പറയുന്നു. ഒരു ദശയുടെ ആദ്യഭാഗമായ ദശാനാഥന്റെ തന്നെ അപഹാരത്തിലായിരിക്കും, ദശാനാഥന്റെ പൂർണ്ണബലവും കാണിച്ച് പൂർണ്ണഫലവും തരുന്നത്. പിന്നെ ആ ദശാനാഥന്റെ ബലത്തോടൊപ്പം തുടർന്നു വരുന്ന അപഹാരനാഥന്മാരുടെ ബലവും ഫലവും ദൃശ്യമാകും.

ഓരോ ദശയിലേയും അപഹാരങ്ങൾ കണ്ടുപിടിക്കാൻ ഏറെ ബുദ്ധിമുട്ടില്ല. എല്ലാ ഗ്രഹങ്ങളുടെയും ചേർന്നുള്ള ദശാകാലമാണ് ഒരു പുരുഷായുസ്സായ 120 വർഷം. അതുകൊണ്ട് ഓരോ ദശയുടേയും ദൈർഘ്യത്തെ ഓരോ പുരുഷായുസ്സുകൊണ്ട് ഹരിച്ച് ലഭിക്കുന്ന ഭിന്നസംഖ്യയെ അതതു ദശയുടെ ദൈർഘ്യം കൊണ്ടു ഗുണിക്കുക. ഈ ഭിന്നസംഖ്യ എല്ലാ ഗ്രഹത്തിന്റേയും ദശക്കും കണ്ടുപിടിക്കണം. അതാ



Scanned with CamScanner

യത് കേതുദശ എന്നത് 7 വർഷം. ഇതിൽ നിന്നു ലഭിക്കുന്ന ഭിന്ന സംഖ്യ $\frac{7}{120}$ . ഇതുപയോഗിച്ച് കേതു ദശാകാലത്തെ ഗുണിച്ചാൽ $7 \times \frac{7}{120}$ വർഷം ആ ദശയിലെ കേതു അപഹാരകാലമായി (സ്വാപ ഹാരകാലം) ലഭിക്കും. അതിനുശേഷം ശുക്രദശയാണ് വരേണ്ടത്. അപ്പോൾ ശുക്രന്റെ ഭിന്നസംഖ്യ $\frac{20}{120}$ ഇതുപയോഗിച്ച് കേതുദശയായ 7 വർഷത്തെ ഗുണിച്ചാൽ ലഭിക്കുന്ന കാലം $7 \times \frac{20}{120}$ ആയിരിക്കും. കേതുവിന്റെ സ്വാപഹാരത്തിനുശേഷം കേതുദശയിലെ ശുക്രാപഹാ രകാലം. പിന്നെ രവിദശയായതിനാൽ കേതുദശയിലെ രവിയപഹാരം $7 \times \frac{6}{120}$ വർഷമായിരിക്കും. അതായത് എല്ലാ ഗ്രഹത്തിനും ചേർന്ന് 120 വർഷമാണ് ദശാകാലമെങ്കിൽ, അവയിലോരോന്നിനും 120 ന്റെ എത്ര അംശമാണോ ഉള്ളത് അത്രയും ഭാഗം അതതു ഗ്രഹത്തിന്റെ ദശയിലു മുണ്ടെന്ന തത്വമനുസരിച്ചാണ് നാം അപഹാരം ഗണിച്ചെടുക്കുന്നത്. അതതു ഗ്രഹത്തിന്റെ ദശയിൽ ദശാനാഥന് 50 ശതമാനം സ്വാധീന മുണ്ട് എന്നു വിചാരിക്കുക. ആ ദശാനാഥന്റെ സ്വാപഹാരത്തിൽ 25 ശതമാനംകൂടി ചേരും. അതായത് ശനിദശയിലെ ശനിയുടെ സ്വാപ ഹാരത്തിൽ ശനിയുടെ ദശാബലം 50 പോയിന്റും സ്വാപഹാര ബലം 25 പോയിന്റും ചേർത്താൽ ജാതകത്തിൽ ശനിയുടെ സ്ഥാനം ഏതു ഭാവത്തിലാണെന്നുനോക്കി അതിൽ നിന്നുണ്ടാകുന്ന ഫലങ്ങൾ പ്രവ ചിക്കാൻ സാധിക്കും. ശനിദശയിൽ ശനിയുടെ സ്വാപഹാരം കഴിഞ്ഞാൽ പിന്നെ ശനിയുടെ ദശയിൽ വരുന്നത് ബുധന്റെ അപഹാരമാണ്. അതെത്രവർഷമായിരിക്കുമെന്നും ഗണിക്കു ന്നതിന് ശനിദശയെ ബുധന്റെയും 120 ന്റെ ഭാഗംകൊണ്ടു ഗുണിച്ചാൽ മതി. $19 \times \frac{17}{120}$ (ഇവിടെ 19 എന്നത് ശനിയുടെ ദശാകാലം, 17 എന്നത് ബുധന്റെ ദശാകാലം 120 എന്നത് എല്ലാ ഗ്രഹങ്ങളുടെയും ദശകൾ ചേർന്നാൽ ലഭിക്കുന്ന സംഖ്യ. അതായത് ഒരു പുരുഷായുസ്സ്) ഇനി ശനിദശയിലെ കേതു അപഹാരം എന്നത് $19 \times \frac{7}{120}$ ; ശുക്രാപഹാരം $19 \times \frac{20}{120}$ ; രവി അപഹാരം $19 \times \frac{6}{120}$

മുകളിൽ സൂചിപ്പിച്ചതുപോലെ ദശാനാഥന് 50 പോയിന്റും ബുധാ പഹാരത്തിൽ ബുധന് 25 പോയിന്റും ശക്തിയുണ്ടായിരിക്കുമെന്നു വിചാ രിക്കുക. അപ്പോൾ അപഹാരകാലത്തിലെന്തു സംഭവിക്കുമെന്നറിയാൻ ദശാനാഥൻ ജാതകത്തിൽ ഏതു ഭാവത്തിലിരിക്കുന്നു, ആ ദശാനാഥ നുമായി ബുധന് എങ്ങിനെയുള്ള ബന്ധമാണുള്ളത്. ആ ജാതകത്തി ലുള്ളതെന്തെല്ലാമാണ്............ എന്നെല്ലാം പരിശോധിച്ചു പ്രവചിക്കണം. ദശാനാഥൻ നല്ല ഭാവത്തിലും, ബുധനും നല്ല അവസ്ഥയിലുമാണെ ങ്കിൽ ദശാനാഥന്റെ ദശയിൽ അപഹാരനാഥന്റെ സമയത്തിൽ ആ ഗ്രഹ



Scanned with CamScanner

ങ്ങളുടെ കാരകത്വത്തിലും ഭാവകാരകത്വത്തിലും പറഞ്ഞിരിക്കുന്നത് സംഭവിക്കാം.

മേൽപ്പറഞ്ഞത് ജാതകത്തിൽ നിന്നു വിവരിച്ചുകൊടുക്കേണ്ടതാണ്. ഇനി ജാതകന് വിവാഹം, ശിശുജനനം, വീടുവാങ്ങൽ പ്രൊമോഷൻ എന്നിവയെല്ലാം അറിയണമെങ്കിൽ അതതു ഭാവം പരിശോധിക്കണം. വിവാഹമാണെങ്കിൽ എഴാംഭാവം. വിവാഹകാരകനാണെങ്കിൽ ശുക്രൻ ഇവ രണ്ടും ചേർന്ന ഈ ഗ്രഹങ്ങളുടെ ദശ പരിശോധിക്കണം. ഏഴാം ഭാവാധിപന്റെ ദശ അല്ലെങ്കിൽ അപഹാരം എപ്പോൾ വരുമെന്നറിയണം. അതേപോലെ വിവാഹകാരകനായ ശുക്രന്റെ ദശയോ അപഹാരമോ എപ്പോൾ വരുമെന്നും പരിശോധിക്കണം. ദശയും അപഹാരവും 7-ാം ഭാവാധിപതിയുടെ അവസ്ഥയും, 7-ാം ഭാവത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രഹവുമെല്ലാം ശ്രദ്ധയോടെ വിലയിരുത്തി വിവാഹം എന്നു നടക്കാൻ സാധ്യതയുണ്ടെന്നു പറയണം. 7-ാം ഭാവത്തിലേക്കോ, ഭാവാധിപതിക്കോ ശനിയുടെ ദൃഷ്ടിയോ യോഗമോ ഉണ്ടെങ്കിൽ വിവാഹത്തിന് തടസ്സങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്നും പറയണം.

വീടുവെയ്ക്കുന്ന കാലം അറിയുന്നതിന് 4-ാം ഭാവാധിപതി, കുജൻ, നാലാം ഭാവത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രഹം ഇവയുടെയെല്ലാം ദശയും അപഹാരവും വരുന്നതെന്നാണെന്ന് ഗണിച്ചെടുക്കണം. അതിൽ ഏറ്റവും അനുയോജ്യമായ സമയം നോക്കി വിവരിച്ചുകൊടുക്കണം. അതേപ്രകാരമാണ് ജോലിയുടെ കാര്യവും പരിശോധിക്കേണ്ടത്. (അത് 10-ാം ഭാവം) വരവ് കൂടുന്നത് 11-ാം ഭാവാധിപന്റെ ദശ പരിശോധിക്കണം. ഇതിന്റെ അധിപതി, അവരുടെ അപഹാരകാലം എന്നിപ്രകാരം ഗണിച്ചെടുത്തുവേണം ഓരോന്നും ചേർത്ത് വ്യഖ്യാനിക്കാൻ അറിവും ഈശ്വരാനുഗ്രഹവും ചേർന്നു വേണം.

ദശ ഗണിച്ചെടുക്കേണ്ടത് ഗർഭശിഷ്ടദശ സൂക്ഷ്മമായി പരീക്ഷിച്ച് തുടർദശകളിലേക്ക് പ്രയാണം ചെയ്യുന്നതും പഠിച്ചു. അതേപ്രകാരം ഒരു ദശയിൽത്തന്നെ വരുന്ന മാറ്റം 9 ഗ്രഹങ്ങളുടെ അപഹാരകാലം ഗണിച്ചെടുക്കുന്നതും പഠിച്ചു. ഇതെല്ലാം പഞ്ചാംഗത്തിൽ കൃത്യമായും ഗണിച്ചുവച്ചിരിക്കുന്നതിനാൽ അതെങ്ങിനെ ഉപയോഗിക്കണമെന്നുമാത്രം അറിഞ്ഞാൽ മതിയാകും. ഓരോ ദശയുടെയും അപഹാര കാലയളവ് വർഷം, മാസം, ദിവസം, മണിക്കൂർ (നാഴിക) എന്നിപ്രകാരം പഞ്ചാംഗങ്ങളിൽ നൽകിയിട്ടുണ്ട്. ഈ ദശാകാലവും അപഹാരകാലവും കൃത്യമാണ് അതിന് മാറ്റമില്ല. മാറ്റമുള്ളത് ദശാകാലദൈർഘ്യമല്ല, ദശ എന്നു തുടങ്ങുന്നു എന്ന ആരംഭദിവസത്തിന് മാത്രമേയുള്ളൂ. അതിനാൽ ഏതു പഞ്ചാംഗത്തിൽ (അതെത്രപഴക്കമുള്ളതാണെങ്കലും)

അതിൽ രണ്ടു മൂന്നു ഷീറ്റുകളിലായി നൽകിയിട്ടുള്ള ദശാ അപഹാര കാലയളവ് പട്ടികയായി നൽകിയിട്ടുള്ളത്, ഒരു കോപ്പിയെടുത്തുവച്ചാൽ ജ്യോതിഷ ഗണിതം അറിയാനാഗ്രഹമുള്ള വ്യക്തിക്ക് അത് വളരെയെറെ പ്രയോജനപ്പെടും.

**അപഹാരത്തിന്റെ വിഭജനം**

പുരാതന ഋഷിമാരുടെ വ്യാഖ്യാനങ്ങളവസാനിക്കുന്നില്ല. ദശയുടെ ഭാഗമായ അപഹാരങ്ങൾ വിവരിച്ചു. അപഹാരത്തെയും ഇതേപ്രകാരം **സൂക്ഷ്മം** എന്ന പദത്തിന്റെ ഭാഗമായി വിഭജിച്ചിട്ടുണ്ട്. അതായത് ഓരോ അപഹാരകാലത്തേയും അപഹാരം കണ്ടുപിടിക്കാൻ ചെയ്തതുപോലെതന്നെ ഗുണിച്ചെടുക്കണം. അപഹാരകാലം 1 വർഷം 3 മാസം രണ്ടു ദിവസമെങ്കിൽ അതിനെ ദിവസമാക്കി, മുമ്പ് ചെയ്തതുപോലെ സൂക്ഷ്മം കണ്ടുപിടിക്കാനായി ഗുണനം ആവർത്തിക്കുക. 1 വർഷം 3 മാസം രണ്ടുദിവസം = 456 ദിവസം. ഇതിൽ കേതുവിന്റെ ദശയിലെ കേതുവിന്റെതന്നെ സൂക്ഷ്മം കാണാൻ $456 \times \frac{7}{120}$ ; ശുക്രന്റെ സൂക്ഷ്മം $456 \times \frac{20}{120}$; രവിയുടെ സൂക്ഷ്മം $456 \times \frac{6}{120}$ ; എന്നിപ്രകാരം അപഹാര കാലമായ 456 ദിവസത്തിനുള്ളിൽ 9 ഗ്രഹങ്ങളുടേയും സ്വാധീനം സൂക്ഷ്മം എന്ന പേരിലും വരുന്നു. ദശാനാഥന്റെ കാലത്ത് അപഹാര നാഥന്റെയും സ്വാധീനം വരുന്നതുപോലെ അപഹാരനാഥന്റേയും സ്വാധീനവും വരും. അതായത് ദശാനാഥൻ + അപഹാര നാഥൻ + സൂക്ഷ്മ നാഥൻ എന്നിവരുടെ സ്വാധീനമുണ്ടാകുന്നു.

ഇവിടെ (വീണ്ടും ആവർത്തിക്കട്ടെ) ദശാനാഥന്റെ ബലം + അപഹാരനാഥന്റെ ഫലം + സൂക്ഷ്മനാഥന്റെ ബലം ഇവരെല്ലാം പരസ്പരം അനുകൂലമായോ, പ്രതികൂലമായോ, ഉച്ചത്തിലോ, നീചത്തിലോ, സ്വക്ഷേത്രത്തിലോ മറ്റേതെങ്കിലും ഗ്രഹങ്ങളുടെ യോഗം ചെയ്തോ.... എല്ലാം വരാൻ സാദ്ധ്യതയുള്ളതിനാൽ അവയുടെയെല്ലാം അപഹാര കാലത്തും സൂക്ഷ്മകാലത്തുമെല്ലാം ബലങ്ങളും ഫലങ്ങളും മിശ്രിതമായിട്ടായിരിക്കും വരുകയെന്നറിയണം.

ചിലപ്പോൾ പറയാറുണ്ട് "ഇന്ന മാസത്തിൽ 16 മുതൽ 29 വരെ ദിവസങ്ങളിൽ കുട്ടിയുടെ അമ്മയുടെ ബന്ധത്തിലുള്ളവർ ശ്രമിച്ചാൽ കുട്ടിയുടെ വിവാഹം നടക്കു"മെന്ന്. ഇതെങ്ങിനെയാണ് പറയാൻ സാധിക്കുന്നതെന്നതിനുത്തരം ഇപ്പോൾ ലഭിച്ചുകാണുമല്ലോ. ദശകണ്ടുപിടിച്ച് അപഹാരം കണ്ടുപിടിച്ച്, സൂക്ഷ്മവും വേണ്ടി വന്നാൽ അതിലും താഴെ **'ഛിദ്രവും'** കണ്ടുപിടിച്ച് സമയം പറയണം. 'കുട്ടിയുടെ അമ്മയുടെ ഭാഗത്തുള്ളവർ' എന്ന പ്രയോഗം വന്നതെങ്ങിനെയാണെന്നാണങ്കിൽ, 7-ാം ഭാവവും നാലാം ഭാവവും ഈ കുട്ടിയുടെ ജാതകത്തിൽ ബന്ധ



Scanned with CamScanner

പ്പെട്ടിരിക്കുന്നു. 4-ാം ഭാവത്തിന്റെ 3-ാം ഭാവം അമ്മയുടെ സഹോദര ഭാവമാണ് ആ ബന്ധവുമെടുത്ത് പറയാം. ഇതിനെ ഭാവാത് ഭാവം ഗണിക്കുകയെന്നു പറയുന്നു.

ഒരു കാര്യംകൂടി ശ്രദ്ധിക്കാനുള്ളത് എല്ലാ നക്ഷത്രങ്ങൾക്കും എല്ലാ മാസത്തിലും ഒരേ ദൈർഘ്യമല്ല. ചിലപ്പോൾ മേടമാസത്തിൽ കാർത്തിക നക്ഷത്രത്തിന് 64 നാഴിക (25 മണിക്കൂർ 36 മിനിറ്റുണ്ടെങ്കിൽ) തുലാത്തിലോ മറ്റേതെങ്കിലും മാസത്തിലോ ചിലപ്പോൾ കാർത്തികയ്ക്ക് 23½ മണിക്കൂറെ ഉണ്ടാകുകയുള്ളൂ. ഇതിനു കാരണം ഭൂമിയുടെ ദീർഘവൃത്താകൃതിയുടെ സഞ്ചാരമാണ്. ഇത് ഗർഭശിഷ്ടദശ കണക്കാക്കുന്നതിന്റെ സമയ ദൈർഘ്യത്തെ ഒരു സങ്കീർണമായ പ്രധാന ഘടകമാക്കുന്നു. ഓരോ നക്ഷത്രവും ഓരോ മാസത്തിലും വ്യത്യസ്ത ദൈർഘ്യമുള്ളതായിരിക്കുമെന്നർത്ഥം. ആ ദൈർഘ്യം വെച്ചുവേണം ഗർഭശിഷ്ട ദശയിലെത്താൻ.

ഇനി അൽപംകൂടി ഗഹനമായ കാര്യങ്ങളിലേയ്ക്ക് നമുക്കൊന്നു പ്രവേശിക്കാം. അതായത് ഭാവങ്ങൾ എങ്ങിനെയാണ് വിലയിരുത്തേണ്ടതെന്നും ജാതകത്തിൽ ഓരോ ഭാവവും അതിലുള്ള ഗ്രഹങ്ങളും, അതിലേയ്ക്കു ദൃഷ്ടിയുള്ള ഗ്രഹങ്ങളും, ഭാവാധിപതിയുടെ അവസ്ഥയുമെല്ലാം ചേർത്തുവേണം ഭാവവിവരണം നടത്താൻ. അതിന് ഭാവ **നിരൂപണമെന്നു** പറയും.

**ഒന്നാം ഭാവം വിലയിരുത്തുന്ന രീതി**

ഒന്നാം ഭാവം അഥവാ ലഗ്നമുള്ള ഭാവം നിരൂപിക്കുന്നത് എങ്ങിനെയെന്നു പരിശോധിക്കാം. നേരത്തേ സൂചിപ്പിച്ചിരുന്നതുപോലെ ലഗ്നം ഏതുരാശിയിൽ എത്ര ഡിഗ്രിയിലാണോ നിൽക്കുന്നത് ആ ഡിഗ്രിയിൽ നിന്നും +15 ഉം −15 ഉം ചേർന്ന് 30 ഡിഗ്രി ദൈർഘ്യമുള്ളതാണ് ലഗ്നഭാവം അഥവാ ഒന്നാം ഭാവം. മിക്കവാറും ഓരോ ഭാവവും രണ്ടുരാശികളിൽ സ്പർശിച്ചിട്ടുണ്ടാകും. ഒരു രാശിയിൽ മാത്രം ഒന്നാം ഭാവം പൂർണ്ണമായും വരണമെങ്കിൽ ആ രാശിയുടെ 15-ാം ഡിഗ്രിയിലായിരിക്കണം ലഗ്നസ്ഥിതി.

ഒരു രാശിയിൽത്തന്നെ പൂർണ്ണമായും നിൽക്കുകയെന്നാൽ ആ രാശിയുടെ തന്നെ വ്യക്തമായ, പൂർണ്ണ സ്വാധീനമായിരിക്കും ഉണ്ടായിരിക്കുകയെന്നു പറഞ്ഞു. അതേസമയം ലഗ്നം വരുന്നത് ഒരു രാശിയുടെ തുടക്കത്തിലാണെങ്കിൽ ആ രാശിക്കു മുമ്പുള്ള രാശിയിലേക്ക് ഒന്നാം ഭാവം വ്യാപിച്ചു കിടക്കുന്നുണ്ടാകും. അതനുസരിച്ച് രണ്ടുരാശിയുടേയും പ്രത്യേകതകൾ ഒന്നാം ഭാവത്തിന് ലഭ്യമാകുന്നുണ്ടാകും. രണ്ടു വീടുകൾ അടുത്തടുത്തായി വരുകയും, അവയ്ക്കിടയ്ക്ക് മതിലുകളി



Scanned with CamScanner

ല്ലാതെ വരുകയും ചെയ്യുമ്പോൾ ഒരു വീട്ടിലെ കുട്ടി രണ്ടുവീട്ടിലും കുറെസമയം ചിലവഴിച്ചാൽ രണ്ടിലേയും കുറേ സംസ്കാരം അവനു ലഭിക്കുന്നതുപോലെയാണിത്.

അതുപോലെ വലിയ ഒരു പറമ്പിൽ നാലഞ്ചു വീടുകളുണ്ടാകുകയും അവയിൽ പലരും ഒരുമിച്ചു കഴിയുകയും, വേർതിരിവില്ലാത്ത വിധത്തിൽ സഹകരിക്കുകയും ചെയ്താൽ പല ഗൃഹങ്ങളിലുമുള്ള അംഗങ്ങൾ അവരുടെ സാംസ്കാരിക മൂല്യങ്ങൾ പങ്കുവെക്കുന്നതുപോലെയാണ് പല രാശികളുടെ ആധിപത്യമുള്ള ഗ്രഹങ്ങൾ ഒന്നാം ഭാവത്തിൽ വരുന്നത്. അഥവാ 1-ാം ഭാവത്തിലേക്ക് ദൃഷ്ടിയുണ്ടെങ്കിൽ അഥവാ ഒന്നാം ഭാവാധിപനുമായി യോഗം ചെയ്താൽ.... ലഭിക്കുന്നത്. ഓരോരുത്തരും അവരവരുടെ സംസ്കാരം ഓരോ ഭാവത്തിനും ഭാവാധിപതിക്കും നൽകുകയാണ് ചെയ്യുന്നതെന്ന് താരതമ്യംചെയ്യുന്ന രൂപത്തിൽ പറയാം.

എന്തെല്ലാമാണെങ്കിലും ആരോടെല്ലാം സംസർഗ്ഗമുണ്ടെങ്കിലും അതതു ഭാവത്തിനും അതതു ഭാവാധിപതിക്കുമുള്ള പ്രത്യേകതയെന്നത് അവനവന്റെ വീട്ടിൽ നിന്നു ലഭിക്കുന്ന സംസ്കാരം പോലെയാണ്. 1-ാം ഭാവത്തെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ ആ ഭാവം വെച്ച് ശരീരത്തിന്റെ പ്രത്യേക നിറം, പ്രകൃതി, ആകൃതി, ശക്തി, ഓജസ്സ്, സൗന്ദര്യം, ശാരീരിക വ്യക്തിത്വം എന്നിവയെല്ലാം വിവരിക്കണം. ആ ഭാവം ഒരു ശുഭഗ്രഹത്തിന്റെ (ബുധൻ, ഗുരു, ശുക്രൻ, ചന്ദ്രൻ, എന്നീ ഗ്രഹങ്ങളുടെ ക്ഷേത്രം / രാശി) സ്വക്ഷേത്രമായാൽ അതൊരു ശുഭകാര്യമാണ്. നാം പറയാറില്ലേ, തറവാട്ടിൽ പിറന്നവനാണെന്ന്. കുടുംബമഹിമ, തറവാടിത്തം ഇതെല്ലാം നാം പറയുന്നത് ആ കുടുംബത്തിന്റെ പ്രസിദ്ധി അതിലെ അംഗങ്ങളുടെ കീർത്തി, മഹത്വം, അവരുടെ ബന്ധുക്കളുടെ മഹത്വം അവർ സമൂഹത്തിനുവേണ്ടി ചെയ്തിരിക്കുന്നത്, എന്നതിന്റെയെല്ലാം അടിസ്ഥാനത്തിലാണ്. അതുപോലെയാണ് 1-ാം ഭാവാധിപന്റെ മഹത്വം (ഗൃഹനാഥന്റെ / അച്ഛന്റെ മഹത്വം പോലെയാണ്) നോക്കുക. ഉച്ചക്ഷേത്രത്തിലാണെങ്കിൽ ഈ വ്യക്തി വളരെ ഉയർന്നു പോകുന്നവനായിരിക്കും. ലഗ്നാധിപൻ 4, 7, 10 ൽ അല്ലെങ്കിൽ മൂലത്രികോണത്തിൽ 1, 5, 9 ൽ വരുന്നുവെങ്കിൽ പ്രസിദ്ധനാകും. എന്നാൽ 6, 8, 12 ഭാവങ്ങളുടെ ബന്ധം വന്നാൽ അറിയപ്പെടാത്തവനായിത്തീരും. ചിലപ്പോൾ കള്ളത്തരം വഞ്ചന ഇവയുടെ നേതൃത്വമുണ്ടായെന്നും വരും. ലഗ്നാധിപതി ശനി, കുജൻ, രാഹു എന്നിവയോടു ചേർന്നുനിന്നാൽ ദോഷകരമായ അവസ്ഥയുണ്ടാകും. ശനിയുമായി 1-ാം ഭാവം ബന്ധപ്പെട്ടാൽ ഇടപെടുന്നകാര്യങ്ങളിലെല്ലാം തടസ്സമുണ്ടാകും. കുജ



Scanned with CamScanner

നുമായി ബന്ധപ്പെട്ടാൽ വളരെ ഊർജ്ജസ്വലനായിരിക്കും. പക്ഷേ അത് ഉച്ചത്തിലുള്ള (മകരം രാശിയിലുള്ള) ചൊവ്വയാണെങ്കിലേ സംഭവിക്കൂ. നീചത്തിലുള്ള ചൊവ്വയാണെങ്കിൽ (കർക്കിടകം രാശിയിൽ) ജാതകൻ ഏർപ്പെടുന്ന കാര്യങ്ങളിലെല്ലാം അപകടം സ്വയം ഉണ്ടാക്കിവെയ്ക്കും. ലഗ്നത്തിൽ പാപഗ്രഹങ്ങൾ നിൽകുകയോ ലഗ്നാധിപൻ 6, 8, 12 ൽ നിൽക്കുകയോ 6, 8, 12 ഭാവാധിപതികളുടെ ദൃഷ്ടി വരുകയോ ചെയ്താൽ അതനുസരിച്ച് ആ വ്യക്തിയുടെ ആരോഗ്യത്തിൽ പ്രശ്നങ്ങളായി അത് പ്രതിഫലിക്കുമെന്നറിയണം.

ലഗ്നാധിപൻ ലഗ്നത്തിലോ, ഉച്ചത്തിലോ, വ്യാഴം, തുടങ്ങിയ ഗ്രഹങ്ങളും ഉച്ചത്തിലുണ്ടെങ്കിലോ അവയുമായി ചേർന്നുനിന്നാലോ രാജതുല്യവളർച്ചയുണ്ടാകും.

ലഗ്നാധിപൻ രണ്ടിൽ നിന്നാലും കീർത്തിമാനാകും. കൂടെ മറ്റേതെല്ലാം ഗ്രഹങ്ങളുണ്ടോയെന്ന് വിശകലനം ചെയ്തുവേണം വ്യക്തമായി പറയാൻ. ലഗ്നാധിപൻ രണ്ടിൽ നിന്നാൽ കീർത്തിമാനാകും എന്നു പറഞ്ഞുവല്ലോ. ലഗ്നാധിപന്റെ നീചക്ഷേത്രമാണ് രണ്ടാം ഭാവമെങ്കിൽ കീർത്തിമാനാകില്ല. രണ്ടാം ഭാവത്തിൽ ലഗ്നാധിപന്റെ കൂടെ ശനിയുണ്ടെങ്കിലും കീർത്തിമാനാകുന്നത് തടയപ്പെടും.

ലഗ്നാധിപന്റെ കൂടെ ഒന്നിലോ രണ്ടിലോ കറുത്തവാവിന്റെ ചന്ദ്രനോ ലഗ്നാധിപന്റെ വളരെയെടുത്ത് 7½ ഡിഗ്രിക്കുള്ളിൽ സൂര്യനോ വന്നാൽ മൗഢ്യമുണ്ടാകും. ഫലസിദ്ധി കുറയുമെന്നു പറയാറുണ്ട്. ചിലപ്പോൾ സൂര്യതേജസ്സാകുമെന്നും പറയാറുണ്ട്. ഈ രണ്ടാമത്തെ സന്ദേശം ശരിയാകുന്നത് സൂര്യൻ ലഗ്നാധിപന്റെ ഡിഗ്രി സ്ഥാനത്തിന് 7½ ഡിഗ്രിക്കപ്പുറത്തുവരുമ്പോളാണ്. അതായത് സൂര്യന്റെ ശക്തിയാൽ ലഗ്നാധിപന്റെശക്തി ക്ഷയിക്കാതിരുന്നാൽ മാത്രമെന്നർത്ഥം.

ലഗ്നം ചരരാശിയിലാണെങ്കിൽ, അഥവാ ലഗ്നാധിപൻ ചരരാശിയിലാണെങ്കിൽ ജാതകന് നിരന്തരം യാത്രയുണ്ടായിരിക്കും. സ്ഥിരരാശിയിലാണ് ഒന്നാം ഭാവം വരുന്നത് അല്ലെങ്കിൽ ഭാവാധിപതിയുള്ളതെങ്കിൽ അയാൾക്ക് യാത്രയേ വേണ്ടിവരില്ല. ചരരാശി എന്നാൽ കർക്കിടകം, തുലാം, മകരം, മേടം എന്നിവയാണ്. ഉഭയരാശിയിലാണ് ലഗ്നാധിപനും 1-ാം ഭാവവും വരുന്നതെങ്കിൽ (മിഥുനം, കന്നി, ധനു, മീനം) ഇടയ്ക്കിടയ്ക്ക് യാത്രയുണ്ടായിരിക്കും.

ഈ ചര-സ്ഥിര-ഉഭയ രാശികളുടെ വിവരണം എല്ലാ ഭാവങ്ങൾക്കും ബാധകമാണ്. 10-ാം ഭാവം സ്ഥിര രാശിയാണെങ്കിൽ ജീവിതകാലം മുഴുവനും ഒരു സ്ഥലത്തായിരിക്കും, ജോലി. ചരരാശിയാണെങ്കിൽ മെഡിക്കൽ റെപ്രസന്റേറ്റീവിനെപോലെ നടന്നുകൊണ്ടിരിക്കും. ഉഭയ



Scanned with CamScanner

രാശിയാണെങ്കിൽ ചില പോലീസ് ഡി.ഐ.ജിമാരെപോലെ ഇടയ്ക്കിടക്ക് ഒരു സ്ഥലത്തും ഇടക്ക് ട്രാൻസ്ഫറുമുണ്ടാകും. ഇത് ആവർത്തിച്ചു പറയുവാൻ കരാണം ഈ വിഷയം ജീവിതത്തിലെ ഒരു പ്രധാനഘടകമാണ്.

ലഗ്നാധിപൻ നീചനാകുക + ലഗ്നം പാപഗ്രഹങ്ങളുമായി ബന്ധം വരുക + 7ൽ സൂര്യനും + 10ൽ രാഹുവുമുണ്ടാകുകയാണെങ്കിൽ എപ്പോഴും തോൽവി ഏറ്റുവാങ്ങുന്നവനാകും, ജാതകൻ.

ലഗ്നം ബലമുള്ള ക്ഷേത്രമാകുക + ലഗ്നാധിപൻ ബലവാനാകുക + ഇവയ്ക്ക് ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടാകുക + പത്തിൽ രാഹു ശ്രേഷ്ഠഗ്രഹവുമായിച്ചേർന്നു നിൽക്കുക എന്നാൽ ഡോക്ടറാകും.

ലഗ്നവുമായി വ്യാഴം ബന്ധപ്പെട്ടാലും, ശുക്രൻ വീക്ഷിച്ചാലും ലഗ്നാധിപനുമായി യോഗം ചേർന്നാലും ധനലാഭം, കീർത്തി, ഭക്ഷണ സുഖം, മറ്റു സുഖസൗകര്യങ്ങളെന്നിവ ലഭിക്കും.

എട്ടാം ഭാവം മൃത്യുഭാവമാണ്. എങ്കിലും ലഗ്നാധിപന് എട്ടിലേക്ക് ദൃഷ്ടിയുണ്ടെങ്കിൽ ദീർഘായുസ്സുണ്ടായിരിക്കും. ലഗ്നാധിപൻ ഏതു ഭാവത്തിലേക്കു നോക്കിയാലും ആ ഭാവം ബലമുള്ളതും ഫലപ്രദവുമായിരിക്കും.

രണ്ടാം ഭാവാധിപൻ ലഗ്നത്തിലും ലഗ്നാധിപൻ രണ്ടാം ഭാവത്തിലും നിന്നാൽ ധനവാനാകും. 2 + 9 + 11 ഭാവാധികൾ തമ്മിൽ പലതരത്തിലുമുള്ള നല്ല ബന്ധമുണ്ടായാൽ സമ്പത് സമൃദ്ധിയുണ്ടാകും.

**രണ്ടാം ഭാവം വിശകലനം** - രണ്ടാം ഭാവാധിപൻ എവിടെ നിൽക്കുന്നു എന്നു പരിശോധിക്കണം. 6, 8, 12 ലാണെങ്കിൽ നല്ലതല്ല. രണ്ടാം ഭാവത്തിലാരെല്ലാം നിൽക്കുന്നു. ശനി, രാഹു, ക്ഷീണചന്ദ്രൻ (കറുത്ത വാവിനോടടുക്കുന്ന ചന്ദ്രൻ) ഇവരുണ്ടെങ്കിൽ നല്ലതല്ല. 6, 8, 12 ഭാവാധികൾ രണ്ടാം ഭാവത്തിലുണ്ടെങ്കിലും ഇവർ രണ്ടാം ഭാവാധിപതിയോടു ചേർന്നു നിൽക്കുന്നുണ്ടെങ്കിലും നല്ലതല്ല. നല്ലതല്ല എന്നു പറയുന്നതിന്റെ അർത്ഥമറിയണമെങ്കിൽ ആ നല്ലതല്ലാത്ത ഗ്രഹങ്ങളുടെ കാരകത്വവും ചേർത്തു പറഞ്ഞുനോക്കുക. രണ്ടാം ഭാവം വാക് / സംസാരം / സംഭാഷണം, ഇത് 6-ാം ഭാവാധിപതിയോ ഭാവമോ ആയി ബന്ധപ്പെട്ടാൽ സംഭാഷണത്തിൽ കള്ളത്തരമുണ്ടായിരിക്കും. നുണ പറയുന്നവനായിരിക്കും. കള്ളസാക്ഷിക്കും കള്ളത്തരത്തിനും പ്രോത്സാഹനം നൽകുന്നവനായിരിക്കും. 8-ാം ഭാവം 2-ാം ഭാവത്തിനോട് ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ ദുഃഖം, വേദന, തടസ്സം, സങ്കീർണമായ മറ്റു പ്രശ്നങ്ങളെന്നിവയെല്ലാം ഈ വ്യക്തിയനുഭവിക്കേണ്ടിവരും. 12-ാം



Scanned with CamScanner

ഭാവമോ ഭാവാധിപതിയോ ആയി 2-ാം ഭാവത്തിന് ബന്ധം വന്നാൽ സംസാര ദൂഷ്യം കൊണ്ട് വൻ നഷ്ടങ്ങളുണ്ടാകും. സാമ്പത്തികമായും വൻ നഷ്ടങ്ങളുണ്ടാകും. മറ്റു പലതും ജീവിതത്തിൽ നഷ്ടപ്പെടും. ചിലവ്, അപകീർത്തി എന്നിവയുണ്ടാകുകയും ചെയ്യും. ഈ നഷ്ടങ്ങളുടെ കണക്ക് മാറിയും മറഞ്ഞും കൂടിയും കുറഞ്ഞുമിരിക്കും. മറ്റു ശുഭഗ്രഹങ്ങൾ ഈ സ്ഥാനങ്ങളിലുണ്ടാകുകയോ ശുഭഗ്രഹമായി യോഗമുണ്ടാകുകയോ, ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടാകുകയോ ചെയ്യുമ്പോൾ തിന്മകളുടെ ഫലം കുറയുന്നു. 2-ാം ഭാവത്തിൽ പാപഗ്രഹമാണെങ്കിൽ ആ ഗ്രഹത്തിന്റെ ദശയിലും അപഹാരത്തിലുമായിരിക്കും രണ്ടാം ഭാവത്തിലെ പ്രശ്നങ്ങൾ സങ്കീർണങ്ങളാകുക.

🪔 ലഗ്നം, ലഗ്നാധിപൻ, അവരുടെ അവസ്ഥ ജീവിതകാലം മുഴുവനും ബാധകമാണെന്നും പറയാറുണ്ട്. അതായത് ലഗ്നത്തിൽ ശനിയുള്ളവൻ കറുത്തനിറമായിരിക്കുമെന്നു പറഞ്ഞാൽ ശനിദശയിൽ മാത്രം കറുത്ത നിറവും പിന്നെ അതല്ലാത്ത നിറവും വരുമെന്നർത്ഥമില്ല. 1-ാം ഭാവത്തിൽ 12-ാം ഭാവാധിപന്റെ കാര്യമായ ബന്ധമുണ്ടെങ്കിൽ ജീവിതകാലമത്രയും ചെലവുകളുണ്ടായിക്കൊണ്ടേയിരിക്കും. എന്നാൽ 2-ാം ഭാവത്തിലേക്ക് ഭാവാധിപതിയുടെ ദൃഷ്ടിയുണ്ടെങ്കിൽ നന്മകളേ വരൂ. എല്ലാ നന്മതിന്മകളും അതതുഭാവാധിപന്റേയും ഭാവത്തിലിരിക്കുന്ന ഗ്രഹത്തിന്റേയും ഭാവാധിപനുമായി യോഗം ചെയ്യുന്ന ഗ്രഹത്തിന്റെയും ദശയിലോ അപഹാരത്തിലോ ആയിരിക്കും കൂടുതലായി അനുഭവയോഗ്യമാകുക.

🪔 ജാതക പ്രവചനം നടത്തുന്ന വ്യക്തി ശ്രദ്ധിക്കേണ്ട അത്യാവശ്യമായ ഒരു കാര്യം രണ്ടാം ഭാവത്തിന്റെ അവസ്ഥ എത്രനന്മനിറഞ്ഞതാണെങ്കിലും എത്രയെല്ലാം തിന്മനിറഞ്ഞതാണെങ്കിലും 1-ാം ഭാവമോ, ലഗ്നാധിപനോ പ്രത്യക്ഷമായി രണ്ടാം ഭാവവുമായി ബന്ധമില്ലെങ്കിൽ രണ്ടാം ഭാവത്തിലെ ഗുണവും ദോഷവും വ്യക്തിക്ക് അനുഭവിക്കാൻ സാദ്ധ്യമല്ല. അനുഭവിക്കേണ്ടിവരില്ല. അച്ഛന് സ്വന്തമായ സ്വത്തുണ്ട്. അതൊന്നും മക്കൾക്കെഴുതിവച്ചിട്ടില്ലെങ്കിലുള്ള അവസ്ഥയാണ് ഉണ്ടാവുക.

🪔 ഇത് രണ്ടാം ഭാവത്തെ മാത്രം സംബന്ധിക്കുന്ന കാര്യമല്ല. ഏതു ഭാവത്തിൽ എത്രയെല്ലാം നന്മകളുണ്ടെങ്കിലും എത്രയെല്ലാം തിന്മകളുണ്ടെങ്കിലും ഏതെല്ലാം ഗ്രഹങ്ങളുണ്ടെങ്കിലും അതെല്ലാം ലഗ്നാധിപനോ ഒന്നാം ഭാവമോ ആയി ബന്ധം വരണം. എന്നാലെ അനുഭവിക്കാൻ സാധിക്കൂ. പലരുടേയും ജാതകം ഒറ്റനോട്ടത്തിൽ കെങ്കേമമായിരിക്കും. പക്ഷേ ഒരു നന്മയും ആയാൾക്കനുഭവിക്കാൻ സാധിക്കാതെ വരുന്ന



Scanned with CamScanner

തായും കാണാം. അതിനുകാരണം ആ നന്മകളുടെ ഭാവവും / ഭാവാധിപതിയും / ഗ്രഹവും, ലഗ്നവുമായി ബന്ധപ്പെടുന്നില്ല. ധാരാളം മധുരപലഹാരങ്ങളുള്ള വീട്ടിൽ ഡയബറ്റിക്സുള്ളവനനുഭവിക്കേണ്ടിവരുന്ന അവസ്ഥയാണെന്നു വേണമെങ്കിൽ പറയാം.

കാരകതത്വത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഭാവം വിവരിച്ചാൽ ഇപ്രകാരമായിരിക്കുമെന്നു ഇതുവരെയുള്ള വിവരണങ്ങളിൽ നിന്ന് നിങ്ങൾക്കു മനസിലായിട്ടുണ്ടാകും. രണ്ടാം ഭാവത്തിൽ ഉച്ചത്തിലുള്ള സൂര്യനുണ്ടെങ്കിൽ (മേടം രാശി) ആധികാരിക ശബ്ദം, സർക്കാരിൽ നിന്നും പിതാവിൽ നിന്നും ധനം, നല്ല ഉദ്യോഗം, പിതൃസഹജമായ സ്നേഹം എന്നിങ്ങനെയായിരിക്കും ഫലം. ചന്ദ്രനാണെങ്കിൽ മാതൃസഹജമായ ശബ്ദം, സ്നേഹം നിറയുന്ന ശബ്ദം, മാതാവിൽ നിന്നും തറവാടിൽ നിന്നും സമ്പത്ത്.... നീചത്തിലുള്ള സൂര്യനാണെങ്കിൽ ആധികാരികമെങ്കിലും ആസുരികമായ വാക്കുകൾ പിതാവിൽ നിന്നു ഇഷ്ടമില്ലാതെയും സർക്കാരിനെപ്പറ്റിച്ചും ലഭിക്കുന്ന സ്വത്ത്. ചന്ദ്രൻ പക്ഷബലമില്ലാതെ നിൽക്കുകയാണെങ്കിൽ മാനസിക സ്വസ്ഥതയില്ലാത്ത സംസാരം. ഉള്ള സ്വത്തും മറ്റും സംതൃപ്തിയില്ലാതെലഭിച്ചതും ലഭിക്കുന്നതുമാകാം. കുടുംബ ബന്ധങ്ങളുടെ നന്മയില്ലാതെ ലഭിക്കുന്ന ദ്രവ്യങ്ങൾ അനുഭവിക്കാനുള്ള യോഗം, ഉച്ചത്തിലുള്ള കുജനാണെങ്കിൽ അതിശക്തമായ വേദനിപ്പിക്കുന്ന നിർദ്ദേശങ്ങളും വാക്കുകളും കൊടുക്കുന്ന വ്യക്തി, വാഹനം, ഭൂമി, ഗൃഹം, രാസവസ്തുക്കൾ, എന്നിവയിൽ നിന്നെല്ലാം സമ്പത്ത് ലഭ്യമാക്കാനുള്ള സാധ്യത. നീചത്തിലുള്ള ചൊവ്വയാണെങ്കിൽ പച്ചത്തെറി പറയുന്നവനും കള്ളം പറയാനും, നികൃഷ്ടമായ ഭാഷാ പ്രയോഗത്തിലും വാഹനങ്ങൾ, ഭൂമി ഗൃഹം ഇവയുടെ നീചമായ ഉപയോഗത്തിലൂടെ സമ്പത്ത് ലഭിക്കാനുമുള്ള അവസ്ഥയുണ്ടാകും.

ഇങ്ങിനെയുള്ള ഓരോ കാര്യവും പ്രവചിക്കുമ്പോൾ ഓർക്കേണ്ടതായ ചിലത് നാം നിത്യജീവിതത്തിൽ പ്രയോഗിക്കാറുള്ളതുതന്നെയെന്ന ഓർമ്മവേണം; "അവൻ സ്വതവേ പ്രശ്നക്കാരനാണ്. പക്ഷേ അമ്മാവന്റെ വീട്ടിലായതുകൊണ്ട് അടങ്ങിയിരിക്കുന്നു എന്നേയുള്ളൂ." ഇതുപോലെയാണ് ചില ഗ്രഹങ്ങൾ നല്ലതുതരാത്തവരാണെങ്കിലും സ്ഥാനബലംകൊണ്ടും കൂടെയുള്ളവരുടെ സ്വാധീനംകൊണ്ടും ബലവ്യത്യാസവും ഫലവ്യത്യാസവുമുണ്ടാകും. തിന്മ തരേണ്ട ഗ്രഹം ചിലപ്പോൾ തിന്മയുണ്ടാക്കാതെയിരിക്കും.

ചിലപ്പോൾ ചിലരെക്കുറിച്ച് പറയാറുണ്ട് "അവൻ നല്ലവനാണ്. പക്ഷേ കൂട്ടുകൂടിയാൽപ്പിന്നെ ചെകുത്താനാണ്." അർത്ഥമെന്താണെ



Scanned with CamScanner

ന്നറിയാമല്ലോ. നല്ലഗ്രഹങ്ങളും ചിലപ്പോൾ ഗുണം ചെയ്യില്ല. ദോഷം ചെയ്തേക്കാം. പണ്ട് അദ്ദേഹം വളരെയേറെ ദാനധർമ്മങ്ങൾ ചെയ്തിരുന്നു, ഇപ്പോൾ അധപ്പതിച്ചു. അതുകൊണ്ട് തൻകാര്യം മാത്രം നോക്കി ജീവിക്കുന്നു. ഇതുതന്നെയാണ് ഗ്രഹങ്ങളുടേയും അവസ്ഥ. വളരെ നീചത്തിലിരിക്കുക, ശത്രുക്ഷേത്രത്തിലിരിക്കുക എന്നെല്ലാം വരുമ്പോൾ അവയുടെ നന്മകളില്ലാതെ വരും. "ഇപ്പോൾ അദ്ദേഹത്തെ മക്കൾ വരച്ച വരയിൽ നിർത്തിയിരിക്കുകയാണ്. അതുകൊണ്ട് ഒന്നും ചെയ്യാൻ വയ്യാത്ത അവസ്ഥയിലാണ്." പല ഗ്രഹങ്ങൾക്കും മൗഢ്യം വരുമ്പോൾ (സൂര്യന്റെ 7½ ഡിഗ്രിക്കടുത്ത് വരുമ്പോൾ) സർവ്വ ശക്തിയും ക്ഷയിക്കുന്നവയായിത്തിരുന്നു. ഇങ്ങിനെ മനുഷ്യരുടെ അവസ്ഥപോലെയാണ് ഗ്രഹങ്ങളുടെ കാരകത്വദാനവും വിവരിക്കേണ്ടത്.

**മൂന്നാം ഭാവ വിശകലനം -** മൂന്നാം ഭാവത്തിൽ എന്തെല്ലാം കാര്യങ്ങൾ ചിന്തിക്കണമെന്ന് നേരത്തെ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് സഹോദരന്മാർ, ധൈര്യം, ശൗര്യം, സൈന്യം, പോലീസ്, ഭക്ഷണം, ജോലിക്കാർ, അയൽക്കാർ, ബുദ്ധി എന്നിപ്രകാരം പലതും ഈ ഭാവത്തിലൂടെ ചിന്തിക്കണമെന്നു പറഞ്ഞത് ഓർക്കുമല്ലോ. സഹോദരന്മാരാണുള്ളതെങ്കിൽ അഥവാ ഉണ്ടാകാനുള്ളതെങ്കിൽ മൂന്നാം ഭാവത്തിൽ പുരുഷഗ്രഹമുണ്ടാകണം, മൂന്നാം ഭാവം പുരുഷഗ്രഹത്തിന്റെ ആധിപത്യമുള്ളതായിരിക്കണം. പുരുഷഗ്രഹങ്ങളുമായി മൂന്നാം ഭാവാധിപന് ബന്ധമുണ്ടാകണം ദൃഷ്ടി / യോഗം എന്നിവയുണ്ടാകണം. മൂന്നാം ഭാവം യുഗ്മരാശിയാവുകയും, അതിൽ ശുക്രൻ, ചന്ദ്രൻ എന്നി സ്ത്രീഗ്രഹങ്ങൾ ബന്ധം വരുകയും, ചെയ്താൽ പകരം ജാതകന് സഹോദരിമാരായിരിക്കും ഉണ്ടാകുക.

ലഗ്നാധിപൻ 3-ാം ഭാവത്തിൽ നിന്നാൽ ജാതകൻ കാരണം സഹോദരീ സഹോദരന്മാർക്കും അയൽക്കാർക്കും സേവകർക്കും നല്ല പ്രയോജനമുണ്ടാകും എന്നർത്ഥം. തിരിച്ചാണെങ്കിൽ മൂന്നാം ഭാവാധിപതി ലഗ്നത്തിലാണെങ്കിൽ അഥവാ ലഗ്നത്തിലേക്ക് ദൃഷ്ടിയുണ്ടെങ്കിൽ സഹോദരീ സഹോദരന്മാരിൽ നിന്നും അയൽക്കാരിൽ നിന്നും ജാതകന് നല്ല പ്രയോജനമുണ്ടാകുമെന്നുമറിയണം. ഇനിയുമുണ്ട് അനന്തമായ വിവരണം; ലഗ്നാധിപനും മൂന്നാം ഭാവാധിപനും മറ്റേതെങ്കിലും ഭാവത്തിൽ ചേർന്നിരിക്കുന്നു അഥവാ യോഗം ചെയ്യുന്നുവെങ്കിൽ അവർ പരസ്പരം വളരെ യോജിച്ചു പ്രവർത്തിക്കുന്നു എന്നു മനസ്സിലാക്കാം. ഈ യോഗം ചെയ്യൽ 4-ാം ഭാവത്തിലാണെങ്കിൽ അമ്മയുടെ സാന്നിദ്ധ്യത്തിൽ അവർ വളരെയേറെ യോജിക്കുന്നു എന്നർത്ഥം വരുന്നു. 9-ാം ഭാവത്തിലാണെങ്കിൽ അച്ഛന്റെ സാന്നിദ്ധ്യത്തിൽ നല്ലവണ്ണം യോജിച്ചു പ്രവർത്തി

ക്കുന്നു എന്നു സാരം. 6-ാം ഭാവത്തിലാണെങ്കിലോ കള്ളത്തരങ്ങൾ ചെയ്യുന്നതിന് സഹോദരങ്ങൾ ഒറ്റക്കെട്ടാണെന്നായിത്തീരും. 5-ാം ഭാവത്തിലാണെങ്കിൽ ജാതകന്റെ മകന്റെ വളർച്ചയിലും ഉയർച്ചയിലുമെല്ലാം സഹോദരന്മാർക്കും വളരെയേറെ താൽപര്യമുണ്ടെന്നായിത്തീരും. 10-ാം ഭാവത്തിലാണ് ലഗ്നാധിപനും 3-ാം ഭാവാധിപനും ഒരുമിച്ച് യോഗം ചെയ്യുന്നതെങ്കിൽ ജാതകന്റെ കർമ്മമണ്ഡലത്തിൽ സഹോദരന്മാർ വന്നു സഹായിക്കുന്നവരാണെന്നും വരുന്നു. ലഗ്നാധിപനും 3-ാം ഭാവാധിപനും 12-ാം ഭാവത്തിലാണിരിക്കുന്നതെങ്കിൽ, അതിൽ ശുഭഗ്രഹങ്ങളുണ്ടെങ്കിൽ (വ്യാഴം, ശുക്രൻ, ചന്ദ്രൻ) നല്ലകാര്യത്തിന് അവരൊരുമിച്ച് സമ്പത്ത് ചിലവഴിക്കുന്നവരാണെന്നായി. പാപഗ്രഹത്തോടു ചേർന്നോ നീചത്തിലോ. 6, 8 ഭാവാധിപന്റെ ദൃഷ്ടിയോ യോഗമോ ചെയ്തു നിൽക്കുന്നുവെങ്കിൽ കള്ളത്തരങ്ങൾക്കും നീചകർമ്മങ്ങൾ ചെയ്യുന്നതിനും, ചെയ്തതിനുമായി കുറേ സമ്പത്ത് ചെലവാക്കുന്നവരാണെന്നും വ്യക്തമാകുന്നു. ഇതേഭാവത്തിൽ 7-ാം ഭാവാധിപതിയുടെ സാന്നിദ്ധ്യം പ്രത്യക്ഷമായോ പരോക്ഷമായോ ഉണ്ടെങ്കിൽ ജാതകന്റെ ഭാര്യയും പാർട്ട്ണർമാരും ഇതിന് സഹകരിക്കുന്നു എന്നുമായിത്തീരുന്നു. നീചഗ്രഹങ്ങളുമായി ബന്ധമുണ്ടെങ്കിൽ തിന്മകൾക്ക് ഭാര്യയുടെ /പങ്കാളിയുടെ സഹകരണമുണ്ടെന്നും ശുഭഗ്രഹങ്ങളാണെങ്കിൽ നന്മകൾക്ക് സമ്പത്ത് ചെലവിടുന്നതിന് ഭാര്യയുടെ/ഭർത്താവിന്റെ സഹകരണമുണ്ടാകുമെന്നും 7-ാം ഭാവത്തിന്റെ സാന്നിദ്ധ്യമുണ്ടെങ്കിൽ പറയാം.

ഇനി മൂന്നാം ഭാവത്തിലെ ഗ്രഹങ്ങളുടെ സാന്നിദ്ധ്യം, യോഗം, ദൃഷ്ടി എന്നിവയെല്ലാം അതതു ഗ്രഹങ്ങളുടെ ഉച്ചനീചത്വവുമായി ബന്ധപ്പെടുത്തിവേണം വ്യക്തമാക്കാൻ. കാരകത്വത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ മൂന്നാം ഭാവത്തിൽ സൂര്യനുണ്ടെങ്കിൽ കൂടെപ്പിറപ്പായി സഹോദരനായിരിക്കുമുണ്ടായിരിക്കുക. സർക്കാരുമായി ബന്ധപ്പെട്ടവനും ആധികാരികമായി സംസാരിക്കാൻ കഴിവുള്ളവുമായിരിക്കും, സഹോദരൻ. സൂര്യൻ നീചത്തിലാണെങ്കിൽ അധികാരം ദുർവിനിയോഗം ചെയ്യുന്ന സഹോദരനായിരിക്കും. 3-ാം ഭാവവും ഭാവാധിപതിയും ലഗ്നവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുണ്ടെങ്കിൽ മാത്രമേ ജാതകന് സഹോദരന്റെ/സഹോദരിയുടെ ഗുണങ്ങൾ ലഭ്യമാകുകയുള്ളൂ എന്നുമറിയണം. അങ്ങിനെയൊരു ലഗ്നബന്ധമില്ലെങ്കിൽ സഹോദരന്മാർ ബന്ധമില്ലാത്ത സ്വഭാവക്കാരായിരിക്കും.

കുജനാണ് 3-ാം ഭാവത്തിലെങ്കിൽ വീരശൂരപരാക്രമികളായ സഹോദരന്മാരുണ്ടാകും. കുജൻ നീചത്തിലുള്ളയവസ്ഥയാണെങ്കിൽ ആ പരാക്രമം സഹോദരന്മാർ നീചകർമ്മത്തിനുപയോഗിക്കുന്നവരും, ഉച്ചത്തി



Scanned with CamScanner

ലുള്ള കുജനാണെങ്കിൽ നന്മയ്ക്കുപയോഗിക്കുന്നവരുമായിരിക്കും. മറ്റൊരു രീതിയിലെഴുതിയാൽ കുജൻ പാപഗ്രഹങ്ങളുമായി യോജിച്ച് 3 ലുണ്ടെങ്കിലും സഹോദരന്മാർ നീചപ്രവൃത്തി ചെയ്യുന്നവരായിരിക്കും. ശുഭഗ്രഹങ്ങളുമായി യോജിച്ചിട്ടാണെങ്കിൽ ഈ ഊർജ്ജസ്വലത നന്മയ്ക്കായി ഉപയോഗിക്കുകയും ചെയ്യുന്നവരായിരിക്കും. മൂന്നാം ഭാവത്തിൽ ശുക്രനാണെങ്കിൽ സഹോദരിമാരായിരിക്കാനാണ് സാധ്യത. കുജനും ശുക്രനും ചേർന്നിരുന്നാൽ പുരുഷത്വമുള്ള സഹോദരീയായിരിക്കും. അല്ലെങ്കിൽ സ്ത്രൈണഭാവമുള്ള സഹോദരന്മാരായിരിക്കും. ശനിയാണ് 3-ാം ഭാവത്തിലെങ്കിൽ സഹോദരി സഹോദരന്മാരുണ്ടായിരിക്കാൻ സാധ്യത കുറവാണ്. ഉച്ചത്തിലുള്ള (തുലാം) ശനിയാണെങ്കിൽ അച്ചടക്കവും സാവധാനത്തിൽ കാര്യങ്ങൾ ചെയ്യുന്നവനും സൂക്ഷിച്ചു സംസാരിക്കുന്നവനുമായ സഹോദരനായിരിക്കും ഉണ്ടായിരിക്കുക. ഇങ്ങിനെ ഓരോ ഗ്രഹവും അവയുടെ അനവധി കാരകത്വവും ചേർത്ത് ആ ഗ്രഹങ്ങളുടെ ഭാവാധിപത്യവും ചേർത്തുവേണം ഏതു ഭാവവും വിലയിരുത്തി പറയുവാൻ. വിവിധ ഭാവാധിപതികൾ 3ൽ വരുകയോ അതിലേക്കു നോക്കുകയോ ചെയ്യുമ്പോൾ ജാതകനിൽ നിന്ന് 3-ാം ഭാവത്തിലേക്കാണ് ഗുണദോഷങ്ങളെത്തുക. 3-ാം ഭാവാധിപതിക്ക് വിവിധ ഭാവങ്ങളിലേക്കാണ് ദൃഷ്ടി, സാന്നിദ്ധ്യം എന്നിവയുള്ളതെങ്കിൽ സഹോദരന്മാരിൽ / 3-ാം ഭാവത്തിന്റെ കാരകത്വത്തിൽ നിന്ന് ജാതകന്റെ ആ ഭാവത്തിലേക്കാണ് ഗുണദോഷങ്ങൾ വരുന്നതെന്നും പറയണം.

🪔 **നാലാം ഭാവ വിശകലനം** - ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, കൃഷി, ഗൃഹം, നിധി, വാഹനം, കുലത്തൊഴിൽ, മാതൃസ്ഥാനം എന്നിങ്ങിനെയുള്ളതെല്ലാം ഈ ഭാവത്തിലൂടെ ചിന്തിക്കണം. നാലാം ഭാവത്തിൽ ബന്ധപ്പെടുന്നത് ലഗ്നത്തിനോട്, അല്ലെങ്കിൽ ലഗ്നത്തിന് നാലാം ഭാവത്തോട് ബന്ധം വന്നാലേ ആ ഭാവത്തിന്റെ നന്മതിന്മകൾ ജാതകന് അനുഭവയോഗ്യമാകുകയുള്ളൂ.

🪔 ഇതെല്ലാം വായിക്കുമ്പോഴും ജാതകവിശകലനമെല്ലാം പഠിക്കുമ്പോഴും നമ്മുടെ മനസ്സിലുണ്ടായിരിക്കേണ്ടതായ പ്രധാന കാര്യം. ഇപ്പറഞ്ഞതൊന്നും സയൻസുകൊണ്ട് വിവരിക്കാൻ സാധ്യമല്ല എന്നതാണ്. ഇവിടെ കാരകത്വവും, ഭാവവും, ഭാവാധിപത്യവും, ദൃഷ്ടിയും, യോഗവും, ഗ്രഹങ്ങളുടെ ഉച്ച-നീച-സ്വക്ഷേത്രങ്ങളൊന്നും ഇന്നു ലഭ്യമായ സയൻസിന്റെ തത്വങ്ങൾകൊണ്ട് വിവരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് അതൊന്നും സയൻസല്ല! സയൻസല്ല എന്നതുകൊണ്ട് പ്രയോജനപ്രദമല്ലാ എന്നർത്ഥമില്ല. പ്രയോജനപ്രദമായതോ അല്ലാത്തതോ



Scanned with CamScanner

ആയപലതും ജീവിതത്തെ നരകമാക്കുന്നതും സ്വർഗ്ഗമാക്കുന്നതുമെല്ലാം സയൻസുകൊണ്ട് വിവരിക്കാൻ സാധിക്കില്ല. എന്തുകൊണ്ട് ചിലർ പാട്ടുകാരാകുന്നു, ചിലർ നല്ല ചിത്രകാരന്മായിത്തീരുന്നു, ചിലർക്ക് സ്പോർട്സിൽ ഇഷ്ടം, ചിലർക്ക് കവിത രചിക്കാൻ സാധിക്കുന്നു എന്നെല്ലാം അന്വേഷിച്ചാലും സയൻസുകൊണ്ട് ഉത്തരം ലഭിച്ചു എന്നു വരില്ല.

ചിലപ്പോൾ ഇവയ്ക്കുള്ള ഉത്തരം ജ്യോതിഷത്തിൽ നിന്ന് ലഭിച്ചു എന്നുവരാം. രണ്ടാം ഭാവത്തിൽ ശുക്രനുണ്ടെങ്കിൽ നല്ല സ്വരമാധുരി യുണ്ടാകും. ലഗ്നത്തിൽ ശുക്രനുണ്ടെങ്കിൽ കലാപരമായ ജീവിതം, നൃത്തനൃത്യങ്ങളിലഭിരുചി എന്നിവയുണ്ടാകുമെന്നുപറയാം. ലഗ്നത്തിൽ കുജനുണ്ടെങ്കിൽ എരിവിഷ്ടമായിരിക്കും, ശുക്രനാണെങ്കിൽ മധുരമായിരിക്കും പ്രിയം. കേന്ദ്രസ്ഥാനങ്ങളിൽ ചൊവ്വ നീചത്തിലുണ്ടെങ്കിൽ വാശിയും പകയുമുണ്ടാകും. കേന്ദ്രത്തിൽ ചന്ദ്രനും ശുക്രനും നല്ല അവസ്ഥയിലുണ്ടെങ്കിൽ ദയ, കരുണ, എന്നിവയുണ്ടാകും എന്നും പറയാം. പക്ഷേ ഇവർക്ക് സയൻസിന്റെ അടിസ്ഥാനമുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നുതന്നെ പറയേണ്ടിവരും.

സയൻസിന്റെ അടിസ്ഥാനമില്ലെന്നു പറയാൻകാരണം എത്രയോ ലക്ഷം കിലോമീറ്റർ ദൂരത്തിരിക്കുന്ന ഗ്രഹങ്ങൾ ജാതകത്തിന്റെ പല രാശിയിലിരിക്കുമ്പോൾ പലതരത്തിലുള്ള സ്വാധീനമുണ്ടാക്കുന്നു എന്ന് ആ ഗോളത്തിന്റെ ആസ്ട്രോണമിക്കൽ ജ്ഞാനമുപയോഗിച്ചു പറഞ്ഞാൽ അത് യുക്തിക്ക് നിരക്കുന്നതാകില്ല എന്നതാണ് സത്യം. ലക്ഷക്കണക്കിന് കിലോമീറ്റർ ദൂരത്തു കറങ്ങുന്ന ശുക്രൻ എന്നെ മധുരപ്രിയനാക്കുന്നു എന്നും, ബുധൻ എന്നെ ബിസിനസ്സുകാരനാക്കുന്നു എന്നും, വ്യാഴം എന്നെ അദ്ധ്യാപകനാക്കുന്നു എന്നും, കുജൻ എനിക്ക് കെമിസ്ട്രിയിൽ താൽപര്യമുണ്ടാക്കുന്നുവെന്നും സയൻസുപയോഗിച്ച് വിവരിക്കാനും വാദിക്കാനും ശ്രമിച്ചാൽ ഫലപ്രദമാവില്ലെന്നുതന്നെ പറയട്ടെ. സാമാന്യബുദ്ധിക്കുപോലും അത് അംഗീകരിക്കാനാകില്ല.

ലഗ്നാധിപൻ നാലാം ഭാവത്തിലിരുന്നാൽ തറവാട്, മാതാവ്, പൈതൃകകലകൾ, പൈതൃക തൊഴിൽ, കൃഷി, ഭൂമി എന്നിവയെല്ലാമായി ബന്ധപ്പെട്ടിരിക്കും. നാലാം ഭാവാധിപതി ലഗ്നത്തിലാണെങ്കിൽ അമ്മ, അമ്മയുടെ സ്വത്ത്, പൈതൃകം, ഗൃഹം എന്നിവ ജാതകന് വന്നുചേരും. നാലാം ഭാവത്തിൽ ശനിയുണ്ടെങ്കിൽ അമ്മയുടെയും അതുപോലുള്ളതെല്ലാം, കൂടാതെ നാലാംഭാവബന്ധമുള്ളതിനെല്ലാം തടസ്സമുണ്ടാകും. നാലാം ഭാവാധിപതി ശനിയാകുകയും, ശനി ലഗ്നത്തിലേക്ക് നോക്കുകയും ചെയ്താൽ ഉച്ചത്തിലുള്ള ശനിയാണെങ്കിൽ അമ്മ, ജാതകനെ



Scanned with CamScanner

അടുക്കും ചിട്ടയും, ഈശ്വരഭക്തിയും, ശാന്തമായ പെരുമാറ്റവുമുള്ള സംസ്കാരമുള്ളവനായി വളർത്തുന്നവളാണെന്നു പറയാം. ശനിനീച ത്തിലാണെങ്കിൽ ജാതകന്റെ ഏതു പ്രവൃത്തിയേയും ജാത കനെത്തന്നെയും (മകനെ/മകളെ) എതിർക്കുന്നവളാണ് അമ്മയെന്നും പറയേണ്ടതുണ്ട്.

നാലാം ഭാവം ഗുരുവുമായി ബന്ധപ്പെട്ടാൽ അമ്മയ്ക്ക് പ്രൊഫ സോറിയൽ ഗുണങ്ങളുണ്ടാകും. കുജനാണെങ്കിൽ അമ്മ തീപ്പൊരി സ്വഭാവമുള്ളവളായിരിക്കും. ഇങ്ങിനെ പല കാര്യങ്ങളും വിശകലനം ചെയ്തുവേണം ആ ഭാവത്തെ നിരൂപിക്കാൻ.

അഞ്ചാം ഭാവം മുതൽ 12 ഭാവങ്ങൾ വരെ ഇങ്ങിനെ വിശകലനം ചെയ്യണം. കുറേ പരിശീലിച്ചാൽ എളുപ്പത്തിൽ സാധിക്കും. ഓരോ ഭാവവും പരിശോധിക്കുമ്പോൾ വിലയിരുത്തി പ്രവചിക്കേണ്ട കാര്യ ങ്ങളും വസ്തുതകളും സംക്ഷിപ്തമായിട്ടെഴുതിയാൽ

1. ഭാവവമുമായി ബന്ധപ്പെട്ട രാശികളുടെ സ്വഭാവം
2. രാശികളുടെ ഗുണങ്ങളും ദോഷങ്ങളും
3. ഭാവാധിപതിയുടെ പ്രത്യേകതകൾ
4. ഭാവാധിപതി ഏതു രാശിയിൽ / ക്ഷേത്രത്തിലിരിക്കുന്നു
6. ഭാവാധിപതി ഏതു ഭാവത്തിലിരിക്കുന്നു.
7. ഭാവാധിപതി ഉച്ചം, നീചം, സ്വക്ഷേത്രം, ബന്ധുക്ഷേത്രം, ശത്രു ക്ഷേത്രം, കേന്ദ്രസ്ഥാനം, മൂലത്രികോണസ്ഥാനം ഇവയിലേതെല്ലാ മായി സ്ഥിതിചെയ്യുന്നു.
8. ഭാവത്തിന് ഏതെല്ലാം ഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ട്.
9. ദൃഷ്ടി തരുന്ന ഗ്രഹങ്ങൾ ഏതു ക്ഷേത്രത്തിലാണിരിക്കുന്നത്.
10. ഭാവാധിപതിക്ക് ഏതെല്ലാം ഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ട്.
11. ആ ഗ്രഹങ്ങൾ ഏതു ക്ഷേത്രത്തിലാണിരിക്കുന്നത്.
12. ദൃഷ്ടി തരുന്ന ഗ്രഹങ്ങൾ മറ്റേതെല്ലാം ഗ്രഹങ്ങളോടു ചേർന്നിരി ക്കുന്നു.
13. ഭാവാധിപതി ഏതെല്ലാം ഗ്രഹങ്ങളോടു ചേർന്നിരിക്കുന്നു.
14. ആ ക്ഷേത്രങ്ങൾക്കും ആ ഗ്രഹങ്ങൾക്കും എത്രബലം ഉള്ളതാണ്.
15. ഭാവവും ഭാവാധിപനും ഏതെല്ലാം ഭാവവും ഗ്രഹങ്ങളുമായി പ്രത്യ ക്ഷമായും പരോക്ഷമായും എങ്ങിനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു. ഭാവം ഗണിച്ചെടുത്ത്, പഠിച്ച് വരച്ചെടുത്ത് വേണം പഠിക്കാനും പഠി



Scanned with CamScanner

പ്പിക്കാനും, പ്രവചിക്കാനും.

15. അതുകൊണ്ടുതന്നെയാണ് അനവധി വസ്തുതകൾ, പഠിച്ചതും, യുക്തിക്കും ബുദ്ധിക്കും അനുഭവത്തിനും നിരക്കുന്നതും ചേർത്തുവെച്ചുവേണം നല്ലവണ്ണം ഏകാഗ്രമനസ്സാക്കി മാറ്റിയതിനു ശേഷം ഈ ഊഹാപോഹ പടുവായ ജ്യോതിഷൻ കാര്യങ്ങൾ വിവരിച്ചുകൊടുക്കാൻ എന്നു പറയുന്നത്.

ഈ സമ്പ്രദായം തന്നെയാണ് ആധുനിക വൈദ്യശാസ്ത്രവുമുപയോഗിക്കുന്നത്. എന്തെല്ലാം ടെസ്റ്റുകൾ നടത്തി, എന്തെല്ലാം കാര്യങ്ങൾ വിലയിരുത്തിയാണ് രോഗനിർണ്ണയം നടത്തുന്നത്. അതേ രോഗി മറ്റൊരു ഡോക്ടറുടെ അടുത്തുപോയാൽ ചിലപ്പോൾ ഈ ടെസ്റ്റുകളുടെ വസ്തുതകളെല്ലാമുണ്ടെങ്കിലും മറ്റൊരു പ്രവചനമായിരിക്കും രോഗത്തെക്കുറിച്ചു നടത്തുക. കാൻസർ വരാൻ സാദ്ധ്യതയുണ്ടെന്നു പറയണമെങ്കിൽ ഡസൻ കണക്കിന് വസ്തുതകൾ പരിഗണിക്കണം. ഇതലേതെങ്കിലും തെറ്റിയാൽ പ്രവചനം പാളിപ്പോകാനും സാദ്ധ്യതയുണ്ട്.

ഇതിൽനിന്നും ഭിന്നമല്ല കാലാവസ്ഥാ പ്രവചനവും. അനവധി വസ്തുതകൾ വിലയിരുത്തി കാറ്റിന്റെ ചലനവേഗത കൂടി കൃത്യമായും പ്രത്യക്ഷമായും കമ്പ്യൂട്ടറിലൂടെയും അറിഞ്ഞുമാണ് കാലാവസ്ഥ പ്രവചിക്കുന്നതെങ്കിൽപ്പോലും തെറ്റിപ്പോകാറുണ്ട്. ഒരു കാര്യംകൂടി നാമറിയണം. ജൂൺ 3 ന് കാലവർഷം ആരംഭിക്കുമെന്നു പറഞ്ഞാലും അത് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രവചിച്ചതാണ്. ഇതിന്റെയുള്ളിലും സയൻസിനു വിവരിക്കാൻ പറ്റാത്ത സംശയങ്ങളില്ലേ? കേരളത്തിൽ കാലവർഷം ജൂൺ 3 ന് ആരംഭിക്കാൻ കാരണം കാലവർഷ മൺസൂൺകാറ്റ് കേരളത്തിനു മുകളിലൂടെ വരാനാരംഭിക്കുന്നത് അന്നു മുതൽക്കാണ്. അടുത്ത ഒരു ചോദ്യം എന്തുകൊണ്ട് ജൂൺ 1 ന് വന്നില്ല? അതിനുത്തരമെന്തായിരിക്കും. കേരളത്തിനു മുകളിൽ വന്ന കാറ്റ് കർണാടകത്തിലും ആന്ധ്രയിലും ഡൽഹിവരേയും മഴപെയ്യിക്കുന്നു. എന്തുകൊണ്ട് തമിഴ്നാട്ടിൽ മാത്രം മഴ പെയ്യിക്കുന്നില്ല? എന്തുകൊണ്ട് കാലവർഷത്തിന് കാര്യമായ ഇടിവെട്ടില്ല? തുലാവർഷത്തിന് നല്ല ഇടിവെട്ട് പതിവുണ്ട്? രണ്ടു മഴയും പെയ്യിക്കുന്നത് മേഘങ്ങളും മൺസൂൺ കാറ്റുമാണെങ്കിൽ ഇവയിലൊന്നിൽ ഇടിയും മിന്നലും വേണമെന്നു തോന്നാൻ കാരണമെന്താണ്? ഇവിടെയെല്ലാം കണ്ടതു പറയാനേ സയൻസിനാകുകയുള്ളൂ. അതിനപ്പുറത്തേക്കുപോകാൻ സയൻസിന് ആകുകയില്ലെന്നും നാമറിയണം. ഇതുപോലെതന്നെയാണ് ജാതകപ്രവചനവുമെന്നും നാമറിഞ്ഞിരിക്കണം.



Scanned with CamScanner

🪔 ചിലപ്പോൾ ജാതകത്തിൽ നിന്ന്, കാര്യത്തിലേക്ക് പോകുന്നത് ഒരു വ്യക്തി ആശുപത്രിയിൽ പോയി ഫുൾ ചെക്കപ്പ് നടത്തുന്നതു പോലെയാണ്. ജാതകം നോക്കി സമഗ്രമായി വിശകലനം ചെയ്യുന്നവരുണ്ട്. ഭൂരിഭാഗം വ്യക്തികൾക്കും ഫുൾ ചെക്കപ്പ് വേണ്ട. രോഗമുണ്ട്, അതിന് പരിഹാരം വേണം അത്രയേയുള്ളൂ. ജോലി, വിവാഹം, വീടുവെയ്ക്കൽ എന്നിങ്ങനെ ചിലകാര്യങ്ങളുമറിയണം. അതുപോലെയാണ് ജാതകം വിലയിരുത്തൽ വേണ്ടിവരുക. പലരും വരുന്നത് മകളുടെ വിവാഹം എന്നു നടക്കുമെന്നറിയണം, പല കാര്യത്തിലും തടസ്സമുണ്ടാകുന്നു. അതെന്നുമാറുമെന്നറിയണം. വീടുവെയ്ക്കാൻ യോഗമുണ്ടോയെന്നും, വിദേശവാസം, വിദ്യാഭ്യാസം, രോഗം, കടം, എന്നീ കാര്യങ്ങൾ ഉണ്ടാകുമോ, എന്നെല്ലാം അറിയാനാണ്, പലരും വരുന്നത്. ഇവിടെ ജാതകത്തിൽ ആ വിഷയത്തിലേക്ക് മാത്രമായി പോകുന്നതാണ് സമയലാഭവും ഉത്തമവും. അത്രയ്ക്കുള്ള ആവശ്യമേയുള്ളൂ എന്നു തിരിച്ചറിയണം.

🪔 ഒരു കാര്യം മാത്രം വിലയിരുത്തുമ്പോൾ, വിവാഹത്തെക്കുറിച്ചാണെങ്കിൽ പരിശോധിക്കേണ്ടത് 7-ാം ഭാവം, ഭാവാധിപതി, അതിന് ലഗ്നവുമായുള്ള ബന്ധം, ആ ഭാവത്തിനും ഭാവാധിപതിക്കും ഏതെല്ലാം ഗ്രഹങ്ങളുമായി യോഗമുണ്ട്, ദൃഷ്ടിയുണ്ട്, അവരുടെ അവസ്ഥയെന്തെല്ലാമാണ് എന്നു പരിശോധിക്കണം.

🪔 7-ാം ഭാവാധിപതിയുടെ ദശാകാലം, സ്വാപഹാരം, ആ ദിശയിൽ ശുക്രന്റെ അപഹാരം എപ്പോൾ വരുന്നു. 7-ാം ഭാവത്തിൽ ഗ്രഹത്തിന്റെ ദശയെന്നു വരുന്നു. അതിൽ 7-ാം ഭാവാധിപന്റെ അപഹാരം, ശുക്രന്റെ അപഹാരം ഇവയെല്ലാം ഗണിച്ചെടുത്തുവേണം പറയാൻ. ഏറ്റവും അധികം പ്രധാന്യം നൽകേണ്ടത് ഏഴാം ഭാവാധിപതിയുടെ ദശക്കാണ്. തൊട്ടടുത്ത പ്രാധാന്യം വരുന്നത് ശുക്രന്റെ ദശയ്ക്ക്. പിന്നെ 7-ാം ഭാവത്തിലിരിക്കുന്ന ഗ്രഹത്തിന്റെ ദശയ്ക്ക്. അവയിൽ നിന്നെല്ലാം ഈ മൂന്നിന്റേയും അപഹാരകാലവും ഗണിച്ചെടുക്കണം. ഏഴാം ഭാവാധിപതിയുടെ ദശ ചെറുപ്പത്തിലേ തീർന്നുപോയിട്ടുണ്ടെങ്കിൽ, ശുക്രന്റെ ദശയിൽ 7-ാം ഭാവാധിപതിയുടെ അപഹാരകാലമെടുക്കണം. അല്ലെങ്കിൽ ശുക്രദശയിൽ 7-ാം ഭാവത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രഹത്തിന്റെ അപഹാരം പരിശോധിക്കണം. ശുക്രദശയും അടുത്തൊന്നുമില്ല അല്ലെങ്കിൽ അതു കഴിഞ്ഞുപോയിട്ടുണ്ടെന്ന അവസ്ഥയാണ് ജാതകത്തിലുള്ളതെങ്കിൽ 7-ാം ഭാവത്തിലുള്ള ഗ്രഹത്തിന്റെ ദശയിൽ 7-ാം ഭാവാധിപന്റെ അപഹാരമോ ശുക്രന്റെ അപഹാരമോ എന്നാണെന്നു നോക്കി അക്കാലയളവിൽ വിവാഹം നടക്കാൻ സാധ്യതയുണ്ടെന്നു പറയണം.

🪔 മേൽപ്പറഞ്ഞ ഗ്രഹങ്ങൾ 4, 9 എന്നീ ഭാവങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ നാലം ഭാവവുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അമ്മയുടെ ബന്ധുക്കൾ വഴി വിവാഹാലോചന നടത്തുന്നത് നന്നായിരിക്കുമെന്നും, 9-ാം ഭാവവുമായി 7-ാം ഭാവം ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ പിതാവ് വഴിക്ക് വിവാഹാലോചനയാണുത്തമമെന്നും പറയണം. 9-ാം ഭാവാധിപതി ശനി യോടു ചേർന്ന് 7-ാം ഭാവത്തിലേക്ക് പരോക്ഷ ബന്ധമുണ്ടെങ്കിൽ കഴി വതും അച്ഛനിലൂടെ വിവാഹാലോചന ചെയ്യുന്നത് ഒഴിവാക്കണം. ഇതു തന്നെ ഓരോ ഭാവത്തിനും ബാധകമാണ്.

🪔 7-ാം ഭാവത്തിലോ, ഭാവാധിപതിക്കോ, ശുക്രനോ ശനിയുടെ ദൃഷ്ടി, സാന്നിദ്ധ്യം, യോഗം, എന്നിവയുണ്ടെങ്കിൽ വിവാഹത്തിന് തടസ്സമുണ്ടാകും. 7-ാം ഭാവാധിപതി 10-ാം ഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ കർമ്മ മണ്ഡലത്തിലുള്ളവരായിരിക്കും ജീവിത പങ്കാളികളാകുക എന്നും സൂചിപ്പിക്കാം.

🪔 മരണവും രോഗവുമായി ബന്ധപ്പെട്ട കാര്യങ്ങളറിയാനാണ് താൽപ്പ ര്യമെങ്കിൽ 6, 8, 12 എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും (വിവാഹത്തിനായി പരിശോധിച്ചതുപോലെ) പരിശോധിക്കണം. ജോലി യെക്കുറിച്ചാണെങ്കിൽ 10-ാം ഭാവമാണ് നിഷ്കർഷയോടെ പരിശോധി ക്കേണ്ടത്.

🪔 ഇതെല്ലാം പരിശോധിക്കുമ്പോഴും നാമറിഞ്ഞിരിക്കേണ്ട പ്രത്യേക കാര്യം ഭാവം ഏതെല്ലാം രാശിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു ഭാവ ത്തിന്റെ പകുതി മേടം രാശിയിലും മറ്റേപകുതി ഇടവം രാശിയിലുമാ ണെങ്കിൽ രണ്ട് രാശിയുടേയും അധിപന്മാരായ കുജൻ + ശുക്രൻ ഇവ രുടെ സ്വാധീനം പകുതി പകുതിയുണ്ടാകുമെന്ന് ഓർമ്മയിൽ വേണം. ഇത് സാധാരണ ജ്യോതിഷകൾ വിലയിരുത്താറില്ല. ഭാവത്തിന് 50 % ഭാവാധിപതിയും മറ്റെ 50% മറ്റേ ഭാവാധിപതിയുമായി കാര്യങ്ങൾ ഗണി ച്ചെടുക്കാൻ വളരെ വിഷമമാണ്. അതുകൊണ്ട് ഗഹനമായ പഠനമാണ് ജ്യോതിഷം എന്നുതിരിച്ചറിയണം.

🪔 ഇതുപോലെത്തന്നെ അറിഞ്ഞിരിക്കേണ്ട വസ്തുതയാണ് **ഭാവസ ന്ധി, രാശി സന്ധി** എന്നെല്ലാം പറയുന്നതിന്റെ സ്വാധീനം. രാശിചക്ര ത്തിൽ തുലാം രാശി കഴിയാറാകുമ്പോൾ വൃശ്ചികരാശി ആരംഭിക്കാ റാകുമ്പോഴുള്ള സന്ധിയിൽ ഒരു ഗ്രഹം നിൽക്കുകയാണെങ്കിൽ അത് **രാശിസന്ധിയിലാണെന്നു** പറയുന്നതുപോലെ ഒരു ഭാവത്തിന്റെയവ സാനത്തിലും അടുത്ത ഭാവത്തിന്റെ ആരംഭത്തിലും സ്ഥിതി ചെയ്യുന്ന ഗ്രഹം ഒരു പക്ഷേ ഗണിതപ്രകാരം നോക്കുമ്പോൾ ഒരു ഭാവത്തിൽ സ്ഥിതി തെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടാകും. എന്നാൽ അത്



Scanned with CamScanner

ആ ഭാവത്തിന്റെ അവസാന ഡിഗ്രിയിലാണെങ്കിൽ ആ ഗ്രഹം ഭാവസ **ന്ധിയിൽ** നിൽക്കുന്നതാണെന്ന് ജാതകത്തിലെ ഡിഗ്രിയളവ് പരിശോധിച്ച് മനസ്സിലാക്കണം. ഭാവസന്ധിയിൽ വരുന്ന ഗ്രഹത്തിന്റെ സ്വാധീനത്തിന്റെ പകുതിയെ ആദ്യത്തെ ഭാവത്തിന് ലഭിക്കുകയുള്ളൂ. ബാക്കി പകുതി അടുത്ത ഭാവത്തിന്നായിരിക്കും ലഭിക്കുക. ഇത് ഒരു ഭാവത്തിൽ നിൽക്കുന്ന ഗ്രഹത്തെക്കുറിച്ചുള്ള കാര്യമാണ്. ഓരോ ഭാവത്തിന്റേയും മദ്ധ്യത്തിൽ ഗ്രഹങ്ങൾ ഒരിക്കലും വരണമെന്നില്ല. അവ പലയിടത്തായിരിക്കും. അങ്ങിനെ വരുമ്പോൾ ഓരോ ഭാവവും വിശകലനം ചെയ്യുന്ന ജ്യോതിഷൻ ലഗ്നം സ്ഫുടം ചെയ്തതുപോലെ ഗ്രഹസ്ഫുടവും ചെയ്ത് ഓരോ ഗ്രഹവും എവിടെ നിൽക്കുന്നു എന്നറിഞ്ഞ് ആ രാശിയെ ഭാവമാക്കി മാറ്റിയെഴുതുമ്പോൾ അതിൽ ഓരോ ഗ്രഹവും എവിടെയുണ്ടാകുമെന്നു തിരിച്ചറിഞ്ഞുവേണം ഗ്രഹങ്ങളുടെ ഗുണദോഷങ്ങളെ ഭാവാടിസ്ഥാനത്തിൽ വിലയിരുത്താൻ. ഇവിടെ ശ്രദ്ധിക്കേണ്ടത് രാശിയിൽ ഗ്രഹങ്ങളുടെ സ്ഥാനവും പിന്നെ ഭാവം രചിച്ച് അതിൽ ഗ്രഹങ്ങളുടെ സ്ഥാനവും ഗണിച്ചെടുക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഇക്കാലത്ത് ഈ കർമ്മം മുഴുവനും കമ്പ്യൂട്ടറുകൾ നിർവ്വഹിക്കും. പക്ഷേ കമ്പ്യൂട്ടറിലൂടെ നമുക്ക് ജാതകത്തിലെ രാശിചക്രവും ഭാവചക്രവും മാത്രമേ കൃത്യതയോടെ ലഭിക്കുകയുള്ളൂ. ഇന്ത്യ കാണാൻ വന്നവന് ഇന്ത്യയുടെ ഭൂപടം കൊടുക്കുന്നതുപോലെ മാത്രമാണ് വ്യക്തിയെ അറിയാനാഗ്രഹിക്കുന്നവന്റെ കയ്യിൽ ഈ രാശിചക്രം കൊടുക്കുന്നത്.

പത്രങ്ങളിൽ മാട്രിമോണിയൽ കോളത്തിലും ഈ രാശിചക്രം പ്രസിദ്ധീകരിച്ചിരിക്കുന്നത് കാണാം. ഇവിടെ മറ്റൊരു വിവരവുമില്ലാതെ രാശിചക്രം കണ്ട് പലരും പലതും പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നു പരിശോധിച്ചാൽ വ്യക്തമാകും; രാശിചക്രത്തെയും അതിലെ ഗ്രഹങ്ങളേയും ഭാവചക്രമാണെന്നു സങ്കൽപിച്ച് ആ രാശിയിലുള്ള ഗ്രഹങ്ങൾ ഭാവങ്ങളാണെന്നും ധരിച്ച് ജാതകനിരൂപണം നടത്തുകയാണവർ ചെയ്യുന്നത്. അതേ രാശിചക്രത്തിൽ നിന്ന് പലപ്പോഴും ഭിന്നമായിരിക്കും, ഭാവചക്രത്തിൽ ഗ്രഹങ്ങളുടെ സാന്നിദ്ധ്യം. രാശിചക്രം നോക്കി ഭാവചക്രം വരക്കാത്ത പ്രവചനവും തെറ്റും. രാശിചക്രപ്രകാരം ശനി 11 ൽ നിൽക്കുന്നു. അതിനെ ഭാവമാണെന്നു ധരിച്ച് പറഞ്ഞാൽ ഈ വ്യക്തിക്ക് സാമ്പത്തിക വരവുണ്ടാകില്ലെന്നു പറയേണ്ടിവരും. പക്ഷേ ഭാവചക്രപ്രകാരം രാശിചക്രത്തിൽ 11 ൽ നിൽക്കുന്ന രാശി ഭാവചക്രത്തിൽ 12 ലാണെങ്കിൽ വിവരണം വരുന്നത് ഇയാൾ സമ്പത്ത് ചെലവാക്കാത്തവനാണെന്നാണ്. 4-ാം രാശിയിലെ ശനി, 5-ാം

ഭാവത്തിലെ ശനിയാകാം. അങ്ങിനെയാണെങ്കിൽ മാതാവിന്റെ കർമ്മ മണ്ഡലത്തിൽ തടസ്സങ്ങളുണ്ടാകുമെന്നു പറഞ്ഞാൽ തെറ്റും. പറയേണ്ടത് ഇയാൾക്ക് സന്താന സൗഭാഗ്യമുണ്ടാകാൻ വിഷമമാണെന്നാണ്. അതായത് രാശിചക്രം നോക്കി ഭാവചക്രം പോലെ ജാതകന്റെ ഗുണദോഷങ്ങൾ പ്രവചിച്ചാൽ അബദ്ധങ്ങളായിരിക്കും സംഭവിക്കാൻ സാദ്ധ്യത കൂടുതൽ.

ഭാവത്തിലിരിക്കുന്നത് പാപനായ ഭാവാധിപതിയാണെങ്കിലും ആ ഭാവത്തിന് കേടില്ലെന്നു പറയാറുണ്ട്. പിള്ള ചവിട്ടിയാൽ തള്ളക്കു കേടു വരില്ലെന്നു പറയുന്നതുപോലെ. അതതു ഭാവത്തിൽ അതിന്റെ അധിപതിയായ പാപഗ്രഹമിരുന്നാലും ആ ഭാവത്തെ ആ ഭാവാധിപതി സംരക്ഷിക്കുമത്രേ. ഏഴാം ഭാവത്തിൽ ശനിയിരുന്നാൽ വിവാഹതടസ്സമുണ്ടാകുമെന്നു പറയാറുണ്ട്. ഇതിനൊരു അപവാദം എന്നുപറയുന്നത് 7-ാം ഭാവത്തിൽ ഭാവാധിപതിയായി (മകരം കുംഭം രാശികളേതെങ്കിലുമൊന്ന് 7-ാം ഭാവമായിവരണമെങ്കിൽ ലഗ്നം കർക്കിടകമോ ചിങ്ങമോ ആകണം) ശനി വരുകയാണെങ്കിൽ വിവാഹതടസ്സമുണ്ടാകില്ല എന്നു പറയാറുണ്ട്. ഇതിനു കാരണം ഭാവത്തെ ബലവത്താക്കേണ്ടത് ഭാവാധിപതിയുടെ ഉത്തരവാദിത്വമാണ്. അച്ഛൻ കള്ളനാണെങ്കിലും മകന് അച്ഛനിൽ നിന്നൊരു പ്രശ്നവുമുണ്ടാകില്ലെന്നു പറയുന്നതുപോലെയാണ്. അച്ഛന്റെ ഉത്തരവാദിത്വമാണല്ലോ മകനെ വളർത്തേണ്ടത് എന്ന ന്യായത്തിലൂടെ ഇത് പ്രവർത്തിക്കുന്നു.

7-ാം ഭാവത്തിൽ ചൊവ്വയുണ്ടെങ്കിൽ ചൊവ്വയ്ക്ക് കുറേ ദോഷമുണ്ടെന്ന കാരണത്താൽ ജീവിത പങ്കാളിക്ക് അത് ദോഷകരമാണെന്നു പറയാറുണ്ട്. ഇതിന് **ചൊവ്വാദോഷം** എന്നു പറയും. സ്ത്രീക്കും പുരുഷനും ചൊവ്വാദോഷമുണ്ട്. ഇവിടെയും ശ്രദ്ധയോടെ നോക്കേണ്ടത് 7-ാം ഭാവാധിപതി ഏഴിൽ നിന്നാൽ ചൊവ്വാദോഷമില്ല. അതായത് വൃശ്ചികം രാശിയോ മേടം രാശിയോ 7-ാം ഭാവമായി വരുകയും (അതായത് ലഗ്നം ഇടവത്തിലോ തുലാത്തിലോ വരുകയാണെങ്കിൽ) അതിൽ കുജൻ നിൽക്കുകയും ചെയ്താൽ ചൊവ്വാദോഷമില്ല.

ചില ജ്യോതിഷ ഗണിതപ്രകാരം 8-ാം ഭാവത്തിൽ ചൊവ്വ നിന്നാലും ചൊവ്വ ദോഷം പറയാറുണ്ട്. അവിടേയും ഈ നിയമം ബാധകമാണ്. എട്ടിന്റെ ഭാവാധിപതി എട്ടിൽതന്നെ നിൽക്കുന്നുവെങ്കിൽ അഷ്ടമാധിപത്യ ദോഷമില്ല.

ഗുരു ഏറ്റവും ശുഭഗ്രഹമാണ്. ഒരു ജാതകത്തിലെ ഏറ്റവും ചൈതന്യമുള്ള ശ്രേഷ്ഠ ഗ്രഹം ഗുരുവാണ്. പക്ഷേ ഗുരു 2, 7 ഭാവങ്ങളിൽ വന്നാൽ എന്തെല്ലാം ഗുണമുള്ള ഗുരുവാണെങ്കിലും ഇതുരണ്ടും മാര

കസ്ഥാനമാണെന്നതിനാൽ ഗുരു അവിടെയുണ്ടെങ്കിൽ അപകടമുണ്ടാകുകയാണെങ്കിൽ അത് മാരകമായ അപകടമായിത്തീരുമെന്നു സൂചിപ്പിക്കാറുണ്ട്. എന്നാൽ ഗുരു മറ്റെല്ലാ ഗുണങ്ങളും തരുകതന്നെ ചെയ്യും. സത്യസന്ധനായ ജഡ്ജി കർക്കശമായി നിയമം നടപ്പിലാക്കുന്നതുപോലെ.

ഇവിടെ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടത് എല്ലാ ഗ്രഹങ്ങൾക്കും ശുഭഫലവും ദോഷഫലവും നൽകാൻ സാധിക്കും. ഒരു ജാതകത്തിലും എല്ലാ ഗ്രഹങ്ങളും ശുഭകരമല്ല. അതുപോലെ ദോഷകരവുമല്ല. ഇതുവരെ വിവരിച്ച എല്ലാ പ്രത്യേകതകളും നോക്കിവിശകലനംചെയ്തതിനുശേഷമേ പ്രത്യേകതകൾ വിവരിക്കാനാകൂ എന്നതാണ് സത്യം എന്നു തിരിച്ചറിയണം.

**തെറ്റായ വിലയിരുത്തലുകൾ**

ചിലപ്പോൾ ചിലർ പറയാറുണ്ടല്ലോ " അയാൾക്കെന്തിന്റെ കുറവാണ്, ശുക്രദശയാണിപ്പോൾ" എന്ന ഈ വരിക്ക് ഒരർത്ഥമല്ല ജ്യോതിഷത്തിലുള്ളത്. ശുക്രൻ നല്ലഭാവത്തിൽ, ഉച്ചത്തിലോ, സ്വക്ഷേത്രത്തിലോ, ബന്ധുക്ഷേത്രത്തിലോ നിൽക്കുമ്പോഴാണ് ശുക്രന് മഹത്വമേറുന്നത്. അതേ ശുക്രൻ 12-ാം ഭാവത്തിലാണെങ്കിൽ ശുക്രനുമായി ബന്ധപ്പെട്ട മദ്യം, മധുരം, ആഡംബരം, ഭക്ഷണം, ഡയബറ്റിക്സ്, ചൂതുകളി, കളികൾ, വേശ്യാവൃത്തി ഇവയ്ക്കായിത്തന്നെ സമ്പത്ത് ചെലവഴിക്കുന്നവനാകുന്നതും ശുക്രദശയിലായിരിക്കും. അപ്പോൾ ശുക്രദശ എന്നു പറയുന്നത് സമ്പൂർണമായും ശ്രേഷ്ഠമായ അവസ്ഥയാണെന്നർത്ഥമേയില്ല. ശുക്രദശ നല്ലതാണെങ്കിൽപോലും 20 വർഷം ദീർഘമുള്ള ഈ ദശയിൽ ഏതാണ്ട് 3¼ വർഷം മാത്രമേ ശുക്രദശയിൽ ശുക്രന്റെ സ്വാപഹാരമുള്ളൂ. ബാക്കി മുഴുവനും രവി, ചന്ദ്രൻ, കുജൻ, രാഹു, ഗുരു,ശനി എന്നിവരുടെ അപഹാരകാലമാണ്. അതിൽ എല്ലാ ഗ്രഹങ്ങളും ശുഭകരമാകില്ലല്ലോ. അതിന്റേതായ എല്ലാ പ്രശ്നങ്ങളും ഗുണങ്ങളും ആ സമയത്തുണ്ടാകുമെന്നറിയണം. അതായത് ശുക്രദശയിൽ അപഹാരകാലം വ്യത്യാസപ്പെട്ടിരിക്കുന്നു.

ചിലപ്പോൾ പറയാറുണ്ട് മകം പിറന്ന മങ്ക, പൂരം പിറന്ന പുരുഷൻ എന്നൊക്കെ. അതിൽ വല്ല അർത്ഥവുമുണ്ടോ എന്നു പരിശോധിക്കുക. എല്ലാ മാസത്തിലും മകവും പൂരവും വരും. ഈ മകം, പൂരം എന്ന നക്ഷത്ര സമൂഹത്തിൽ ചന്ദ്രൻ വരുമ്പോഴാണ് ആ നക്ഷത്രം വരുന്നത്. ചന്ദ്രൻ മാത്രമേ ആ ദിവസം എല്ലാ മാസത്തിലും ഒരു സ്ഥാനത്തു വരുന്നുള്ളൂ. മറ്റെല്ലാ ഗ്രഹങ്ങളും സൂര്യനും തികച്ചും വ്യത്യസ്ഥങ്ങളായ ഭാവത്തിലും രാശിയിലുമായിരിക്കും. മാത്രമല്ല, മകം നക്ഷത്ര



Scanned with CamScanner

ത്തിൽ ഏതു സമയത്താണ് ജനിച്ചത് എന്നതിന്റെ അടിസ്ഥാനത്തിലല്ലേ ലഗ്നം ഗുണിച്ചെടുക്കുന്നതും ഭാവം തീരുമാനിക്കുന്നതുമെല്ലാം. അപ്പോൾ ഏതെങ്കിലും നക്ഷത്രത്തിൽ ജനിച്ച വ്യക്തിക്ക് എന്തോ ശ്രേഷ്ഠത്വമുണ്ടെന്നോ അല്ലെങ്കിൽ അയാളുടെ ജാതകത്തിൽ കുഴപ്പമുണ്ടെന്നോ പറയുന്നതിലെന്തർത്ഥമാണുള്ളത്. ചന്ദ്രനൊഴിച്ച് ബാക്കി ഗ്രഹങ്ങളും ലഗ്നവുമെല്ലാം വ്യത്യസ്ഥ മാസങ്ങളിൽ ഒരേ നക്ഷത്രക്കാർക്ക് മാറിക്കൊണ്ടേയിരിക്കും. മേടത്തിലെ പൂരം, ഇടവത്തിലെ പൂരം ഇങ്ങിനെയുള്ള മാറ്റം മേടം 7 മണിക്ക്, 10 മണിക്ക്, 12 മണിക്ക്........ ജനിക്കുമ്പോൾ ലഗ്നത്തിനുണ്ടാകുന്ന മാറ്റം. ഇതെല്ലാം ജാതകത്തിൽ വലിയ പ്രാധാന്യമുള്ളതാണ്.

**ദശാസന്ധി** എന്നൊന്നുകൂടി നാമറിയണം. ചില ദശകൾ കഴിഞ്ഞ് അതിന്റെയടുത്ത ദശ ആരംഭിക്കുന്നതിനുമിടക്കുള്ളത് ഒരു സന്ധിയാണ് (ജോയിന്റ്) ഇതൊരു പാലം പോലെയോ കൈകാലുകളിലെ സന്ധി പോലെയോ ആണ്. പാലത്തിന് ക്ഷതം വന്നാലും അഥവാ ശരീരത്തിന് ക്ഷതം വന്നാലും അസ്ഥി സന്ധികൾക്കാണ് പെട്ടെന്ന് അപകടമുണ്ടാകുന്നത്. എന്നതിനാലും ചിലപ്പോൾ ഉയർന്ന നല്ലദശയിൽ നിന്ന് പെട്ടെന്ന് മറ്റൊരു ദശയിലേക്കുള്ള മാറ്റം ഒരു വീഴ്ചയായിത്തീരാനിടയുണ്ട്. **കുജരാഹുസന്ധി** കുജൻ ഒരു ഭാവത്തിലിരിന്നു മോശമായ ഭാവത്തിലോ പാപഗ്രഹങ്ങളുമായ ചേർന്നോ ഇരിക്കുന്ന രാഹുവിന്റെ ദശയിലേക്ക് മാറുമ്പോഴുണ്ടാകുന്ന മാറ്റം ചിലപ്പോൾ പ്രശ്നങ്ങളുണ്ടാക്കിയേക്കാം. ചില സന്ധികൾ വളരെ നന്നായും വരാവുന്നതാണ്. ശനിയുടെ ദശ അവസാനിച്ച് ലഗ്നാധിപനോ, ഉച്ചത്തിലുള്ളവനോ, നല്ല ഗ്രഹങ്ങളുമായി യോഗം ചെയ്തിരിക്കുന്നവനോ ആയ ബുധന്റെ ദശയിലേക്ക് കയറുമ്പോൾ, തളർന്നിരിക്കുന്ന ബിസിനസ് അടിവെച്ചടിവച്ച് പുരോഗമിക്കുന്നതുകാണാം. ഇവിടെ സന്ധി നന്നായിരിക്കും. ഒന്നിൽ നിന്ന് മറ്റൊന്നിലേക്കുള്ള ദശയുടെ മാറ്റമാണ് സന്ധി.

**കണ്ടകശനി**

ചിലപ്പോൾ ശനിയുടെ ആധിപത്യമോ സ്ഥാനമോ 4, 7, 10 എന്നീ ഭാവങ്ങളിലാകുകയും ശനിക്ക് ശുഭഗ്രഹങ്ങളുമായി ഒരു ബന്ധവുമില്ലാതിരിക്കുകുയം ചെയ്താൽ ആ ശനി ദോഷം ചെയ്യുമെന്നു പറയാറുണ്ട്. 4, 7, 10 ഭാവങ്ങൾ ജാതകത്തിൽ കേന്ദ്രസ്ഥാനമാണ്. അടുപ്പിലെ മൂന്നു കല്ലുകൾപോലെയാണത്. ആ കേന്ദ്രസ്ഥാനത്തിനൊരുപേരുകൂടിയുണ്ട് കണ്ടകസ്ഥാനം. അതുകൊണ്ട് ഈ കേന്ദ്രസ്ഥാനത്തിരിക്കുന്ന ശനിയെ **കണ്ടക ശനിയെന്നു** പറയുന്നു. പക്ഷേ ശനി ലഗ്നാധിപനായാലും, ലഗ്നാധിപനോടു ചേർന്നു നിന്നാലും, ശനി ഉച്ചത്തിൽ തുലാം രാശിയിൽ നിന്നാലും വലിയ ദോഷകാരിയല്ല എന്നു പറയാറുണ്ട്.



Scanned with CamScanner

ചില പാപഗ്രഹങ്ങൾ ഉച്ചത്തിൽ നിൽക്കുന്നതും നീചത്തിൽ നിൽക്കുന്നതും തമ്മിലുള്ള വ്യത്യാസമെന്തെന്നന്വേഷിച്ചാൽ മനസിലാക്കാൻ സാധിക്കുന്നതിപ്രകാരമാണ്. പാപഗ്രഹമെന്നും പാപ ഗ്രഹം തന്നെയാണ്. ആ പാപഗ്രഹം ഉച്ചത്തിലായാൽ കള്ളനെ പോലീസിലേക്ക് തെരഞ്ഞെടുത്തതുപോലെ എന്നു പറയാം. നീചത്തിലുള്ള ചൊവ്വ വിശക്കുന്ന പുലിയെപോലെയാണ്. ഉച്ചത്തിലുള്ള ചൊവ്വ വയറു നിറഞ്ഞിരിക്കുന്ന പുലിയെപോലെയാണെന്നും സങ്കൽപിക്കാം.

**ഭാവാത്ഭാവം ചിന്ത്യം** ജാതകന്റെ ജീവിതത്തെക്കുറിച്ചും, ഭാവിയെക്കുറിച്ചും കൂടുതൽ കാര്യങ്ങളറിഞ്ഞ് വിലയിരുത്താനാണ്, ഭാവത്തിൽ നിന്ന് ഭാവം ചിന്തിക്കൽ. ജ്യോതിഷം ഇതുപോലെ ശാഖോപശാഖകളായി വളരുന്നതും ഓരോ വിഷയവും പുതിയ ജ്യോതിഷികൾ പഠിച്ചും സാധന ചെയ്തും കണ്ടുപിടിച്ചതും കണ്ടുപഠിച്ചതും എഴുതി വക്കുന്നതിനലൂടെയാണ്. പണ്ട് ഡോക്ടർമാർ ഒരു സ്റ്റെതസ്കോപ്പു വെച്ചും, കണ്ണിലെ രക്തപ്രസാദവും, തൊണ്ടയിലെ നിറവും നോക്കിയും, കുറെ ചോദ്യങ്ങൾ ചോദിച്ചും രോഗം നിർണ്ണയിച്ച് മരുന്നു കൊടുത്തിരുന്നു. എന്നാലിന്ന് ഇ.സി.ജി., ഇ.ഇ.ജി, സ്കാനിംഗ്, എക്സ്റേ, ആഞ്ജിയോഗ്രാം ഇവയുപയോഗിച്ചും എച്.ഡി.എൽ., എൽ.ഡി.എൽ., കൊളസ്റ്ററോൾ, ട്രൈഗ്ലിസറൈഡ്സ് എന്നിങ്ങനെ പലതും പരിശോധിച്ചതിനുശേഷമാണ് രോഗം മനസ്സിലാക്കുന്നത്. ഇത് വൈദ്യശാസ്ത്രം പുരോഗമിക്കുന്നതിന്റെ തെളിവായിട്ടാണെടുക്കാറുള്ളത്. എന്നാൽ ജാതകത്തിൽ പലപല വസ്തുതകളും നൂതനമാർഗം കണ്ടുപിടിച്ച് വിലയിരുത്തിയാൽ അതംഗീകരിക്കാൻ ചിലർക്ക് മടിയാണ്.

തലക്കുറി/ജാതകം തന്നാൽ അതാണിന്റേതാണോ പെണ്ണിന്റേതാണോ എന്നും, ആ ജാതകൻ ജീവിച്ചിരിപ്പുണ്ടോ മരിച്ചോ എന്നും, പറയണം. ആ പറയുന്നത് ശരിയായാൽ, ജ്യോതിഷം ഞാൻ വിശ്വസിക്കാമെന്നാണ് ചിലരുടെ കണ്ടീഷൻ. ഈ ന്യായം ആധുനിക ഡോക്ടർമാർക്കും ബാധകമാക്കേണ്ടതല്ലേ? പത്തു വ്യക്തികളെ കൊണ്ടുവരാം. അതിൽ ആരോഗ്യമുള്ളവർ, രോഗികൾ, അവർക്കുള്ള രോഗം ഇവയെല്ലാം പറയണം. രോഗിയോട് ഒന്നും ചോദിക്കരുത് എന്നും പറയേണ്ടതല്ലേ.

ഇനി നമുക്ക് വീണ്ടും വിഷയത്തിലേക്ക് വരാം. **ഭാവത്തിൽ നിന്ന് ഭാവം** വിശകലനം ചെയ്യുന്നതാണ് ഈ പദ്ധതി. മൂന്നാം ഭാവം സഹോദരഭാവമാണെങ്കിൽ സഹോദരപത്നി എങ്ങിനെയുള്ളവളായിരിക്കുമെന്നറിയാൻ 3-ാം ഭാവത്തിന്റെ 7-ാം ഭാവമെടുത്ത് നേരത്തെ വിവരിച്ചതുപോലെ ആ ഭാവത്തിന്റേയും ഭാവാധിപന്റേയും ഭാവത്തിലിരിക്കുന്ന



Scanned with CamScanner

ഗ്രഹങ്ങളുടേയുമെല്ലാം പ്രത്യേകതകൾ വിശകലനം ചെയ്ത് സഹോദരപത്നി ജാതകനോടെങ്ങിനെയിരിക്കുമെന്ന പ്രത്യേകതകളറിയാം. 3-ാം ഭാവത്തിന്റെ 7-ാം ഭാവമെന്നു പറഞ്ഞാൽ 9-ാം ഭാവമാണ്. (ജ്യോതിഷത്തിൽ എണ്ണിതുടങ്ങേണ്ടത് അതാതു ഭാവത്തിൽ നിന്നാണ്) അപ്പോൾ ജാതകന്റെ 9-ാം ഭാവം വിശകലനം ചെയ്താൽ സഹോദര പത്നിയുടെ പ്രത്യേകതകളുമറിയുമെന്ന് പറയപ്പെടുന്നു.

നാലാം ഭാവത്തിന്റെ മൂന്നാം ഭാവം വിശകലനം ചെയ്താൽ (ജാതകന്റെ 6-ാം ഭാവം) അമ്മയുടെ സഹോദരന്മാരുടെ അഥവാ ജാതകന്റെ അമ്മാവന്റെ പ്രത്യേകതകളറിയാൻ സാധിക്കുമെന്നർത്ഥം. ഇപ്രകാരം സ്വന്തം മക്കളുടെ ജീവിത പങ്കാളിയെക്കുറിച്ച് ഭാവാത് ഭാവത്തിൽ നിന്ന് ചിന്തിച്ചെടുക്കാമത്രെ! ഇതെല്ലാം കുറേ വിവരങ്ങൾ തരാനുതകുമെന്നേ വിചാരിക്കേണ്ടതുള്ളൂ. അമ്മയെക്കുറിച്ചും സഹോദരങ്ങളെക്കുറിച്ചും മക്കളെക്കുറിച്ചുമെല്ലാം ഭാവത്തിൽ നിന്ന് ഭാവം ചിന്തിച്ചപ്പോൾ ലഭിക്കുന്നതും അതാതുവ്യക്തികളുടെ ജാതകവും തമ്മിൽ വലിയ വ്യത്യാസമുള്ളതായി ഞാൻ കണ്ടു. മാത്രമല്ല, ജാതകന്റെ സഹോദരന്മാർ എന്നു പറഞ്ഞാൽ ഒരാളായിരിക്കണമെന്നില്ലല്ലോ. എന്നാൽ ജാതകന്റെ 3-ാം ഭാവത്തിന്റെ 7-ാം ഭാവം വിശകലനം ചെയ്താൽ രണ്ടു മൂന്നു സഹോദരന്മാരുടെ ഭാര്യമാരെക്കുറിച്ചെല്ലാം വിവരണം ലഭിക്കാൻ വിഷമവുമാണല്ലോ. ഇവിടെ ഇത്തരത്തിലുള്ള ജാതകവിശകലനം കാര്യമായി പാളിപ്പോകാറുണ്ട് എന്നു തോന്നുന്നു.

## ചന്ദ്രാൽ ഭാവം വിചിന്തനവും ചന്ദ്രന്റെ കൂറും

ചന്ദ്രാൽ ഭാവം ചിന്തിക്കുന്നത് പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. സൂര്യൻ ശരീരകാരകനാണ് പിതൃകാരകനുമാണ്. ചന്ദ്രനാകട്ടെ മനഃക്കാരകനാണ് മാതൃകാരകനുമാണ്. അപ്പോൾ ജീവിതത്തിൽ പലതും ശരീരവുമായി ബന്ധപ്പെട്ടുമാത്രം ചിന്തിച്ചാൽ പോരല്ലോ. മനസ്സുമായും ചിന്തിക്കണം. വിവാഹം തുടങ്ങിയ കാര്യങ്ങളും മാനസീക നന്മകളും തിന്മകളുമുണ്ടാകുന്ന കാരണങ്ങളും ചന്ദ്രാൽകൂടി പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന് ജ്യോതിഷികൾ പറയാറുണ്ട്. ലഗ്നത്തെ ആധാരമാക്കി എന്നു പറഞ്ഞാൽ സൂര്യനെ ആധാരമാക്കി (സൂര്യോദയത്തെ) എന്നർത്ഥം. അപ്പോൾ ചന്ദ്രനെ ആധാരമാക്കുമ്പോൾ അത് നക്ഷത്രത്തെക്കൂടി ആധാരമാക്കിയാണെന്നു മനസ്സിലാക്കണം. ചന്ദ്രാൽ 1 മുതൽ 12 ഭാവം എടുക്കുമ്പോഴും ഭാവങ്ങൾക്കും ഭാവാധിപതികൾക്കുമുള്ള ഉത്തരവാദിത്വം ലഗ്നാൽ എടുക്കുന്നതുപോലെയാണ്. ചന്ദ്രാൽ 7-ാം ഭാവത്തിൽ വിവാഹം, എട്ടാം ഭാവത്തിൽ മരണം, എന്നുകൂടി ചിലർ പരിശോധിക്കാറുണ്ട്. ഇത് നമ്മുടെ ഹൃദയത്തിന്റെ അടിസ്ഥാനത്തിൽ



Scanned with CamScanner

ആരോഗ്യം വിലയിരുത്തുന്നതും തലച്ചോറിന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ (ഇ.സി.ജിയും, ഇ.ഇ.ജിയും) ആരോഗ്യം വിലയിരുത്തുന്നതും പോലെയാണ്. ചന്ദ്രൻ നിൽക്കുന്ന ഡിഗ്രിയിൽ 15 ഡിഗ്രി അപ്പുറത്തേക്കും ഇപ്പുറത്തേക്കുമെടുത്ത് 30 ഡിഗ്രിയാക്കി അതിനെ 1-ാം ഭാവമായിട്ടെടുക്കണം. അതാണ് ചന്ദ്രാൽ ഒന്നാം ഭാവം - ചന്ദ്രലഗ്നം. തുടർന്നുള്ള ഓരോ 30 ഡിഗ്രിയും അടുത്ത ഭാവങ്ങളായിട്ടെടുത്തു വേണം 12 ഭാവങ്ങൾ ഗണിച്ചെടുത്ത് ചന്ദ്രാൽ കാര്യങ്ങൾ വിലയിരുത്താൻ.

### കാളസർപ്പയോഗം

കാളസർപ്പയോഗമെന്നൊരു യോഗമുണ്ട്. ഗ്രഹയോഗത്തെക്കുറിച്ച് നാം പിന്നീട് കൂടുതൽ ചർച്ച ചെയ്യുന്നുണ്ടാകും. ഇവിടെ രാഹുകേതുക്കളെ പ്രത്യേകം സൂചിപ്പിക്കാനാണ് കാളസർപ്പയോഗത്തെക്കുറിച്ച് പറയുന്നത്. രാഹുവും കേതുവും ഭൂമി സൂര്യനും ചുറ്റും പ്രദക്ഷിണം വെക്കുന്ന വേളയിൽ ഉണ്ടാകുന്ന രണ്ടു സാങ്കൽപിക നോഡുകളാണത്രെ. രാശി ചക്രത്തിൽ എല്ലാ ഗ്രഹങ്ങളും (താൽകാലികമായ വക്രത്തിൽ ഭ്രമണമുള്ളവയൊഴികെ) വലത്തേയ്ക്കാണ് ചരിക്കുന്നത്. അതായത് ക്ലോക്ക്വൈസായി പ്രദക്ഷിണം വെക്കുന്നു. എന്നാൽ രാഹുവും കേതുവും മാത്രം ആന്റിക്ലോക്ക്വൈസായിട്ടായിരികും ചരിക്കുന്നത്. രാഹുനിൽക്കുന്ന രാശിയുടെ കൃത്യം എതിർദിശയിലായിരിക്കും കേതു നിൽക്കുക. മറ്റൊരർത്ഥത്തിൽ രാഹുവും കേതുവും രാശിചക്രത്തെ 180 ഡിഗ്രി വീതമുള്ള രണ്ടർദ്ധവൃത്തങ്ങളാക്കുന്നു. ഇത് എല്ലായിപ്പോഴും സംഭവിക്കുന്നു. രാഹുകേതുക്കൾ എന്നും എതിർ ദിശയിലേ ഉണ്ടാകൂ. രാഹു, മേടം രാശിയിൽ 10 ഡിഗ്രിയാണെങ്കിൽ കേതു തുലാം രാശിയിൽ 10 ഡിഗ്രിയിലായിരിക്കും. ഓരോദിവസവും രാഹു ഉദിക്കുന്ന സമയം മാറ്റമില്ലാത്തതാണ്.

ഈ രാഹുകേതുക്കൾക്കപ്പുറത്തും ഇപ്പുറത്തുമുള്ള 180 ഡിഗ്രികളിൽ രണ്ടിലും (360 ഡിഗ്രിയിലുമെന്നർത്ഥം), പലഗ്രഹങ്ങളും പല സമയത്തുമുണ്ടായിരിക്കും. എന്നാൽ ചിലപ്പോൾ ചില ജാതകത്തിൽ എല്ലാ ഗ്രഹങ്ങളും രാഹുകേതുക്കളുടെ ഒരേവശത്തു തന്നെ വരുന്നു. അതായത് ഒരുവശത്തെ 180 ഡിഗ്രിയിലായി എല്ലാ ഗ്രഹങ്ങളും വരുന്നു. ഇങ്ങിനെയൊരു പ്രതിഭാസത്തിന് **കാളസർപ്പയോഗമെന്നു** പറയുന്നു. കാളസർപ്പയോഗമെന്നു കേൾക്കുമ്പോൾ പരിഭ്രമിക്കേണ്ടതില്ല. ജീവിതത്തിലെന്തെല്ലാമുണ്ടെങ്കിലും സ്വസ്ഥത ഇല്ലാത്ത ഒരവസ്ഥയുണ്ടാകുകയെന്ന ഒരു യോഗമാണിത്. ശരിയായിട്ടുറങ്ങാൻ സാദ്ധ്യമല്ലാത്ത ഒരു ജീവിതം. പുറമേനിന്നു നോക്കുന്നവർക്ക് എല്ലാം മംഗളകരമാണ്. പക്ഷേ



Scanned with CamScanner

അകത്ത് സ്വസ്ഥതയില്ലാത്ത അവസ്ഥയായിരിക്കും. ഇതൊരു മാനസീക അവസ്ഥമാത്രമാണ്. ജവഹർലാൽ നെഹ്റുവിന് കാളസർപ്പയോഗമുണ്ടായിരുന്നുവത്രെ.

കാളസർപ്പയോഗത്തിൽ, രാഹു-കേതുക്കളുടെ ഒരുവശത്ത് എല്ലാ ഗ്രഹങ്ങളും വന്നുചേരുന്നതാണെന്ന് ഒറ്റനോട്ടത്തിൽ കണ്ടാൽതന്നെ ഏകദേശം മനസ്സിലാകും. ചിലപ്പോൾ കാണുന്നതുപോലെയാകില്ല ഗണിച്ചെടുക്കുമ്പോൾ. രാഹു മിഥുനരാശിയിൽ 20 ഡിഗ്രിയിലും കേതു അപ്പോൾ ധനുരാശിയിൽ 20 ഡിഗ്രിയിലുമായിരിക്കും. ഈ വേളയിൽ മറ്റു ഗ്രഹങ്ങളെല്ലാം മിഥുനരാശിയിൽ 20 ഡിഗ്രി കഴിഞ്ഞും ധനുരാശിയിൽ 20 ഡിഗ്രിക്കകത്തും വരുന്നത് മാത്രമാണ് കാളസർപ്പയോഗം. അതായത് ധനുരാശിയിൽ 20 ഡിഗ്രിക്കുശേഷം മിഥുനം രാശിയിൽ 20 ഡിഗ്രിക്കു മുമ്പുമായി (ധനുവിൽ 20 ഡിഗ്രിക്കുശേഷവും-മകരം - കുംഭം - മീനം - മേടം - ഇടവം - മിഥുനം 20 ഡിഗ്രിക്കു മുമ്പുമായി വരുന്നത്). രാശിചക്രത്തിൽ മിഥുനം രാശിയിലും ധനുരാശിയിലും സ്ഥിതി ചെയ്യുന്ന ഗ്രഹങ്ങളുടെ ഡിഗ്രിയളവ് ഗണിച്ചെടുത്തിട്ടുവേണം രാഹു കേതുക്കളുടെ ഒരു വശത്താണോ എന്നു പരിശോധിക്കേണ്ടത്. കമ്പ്യൂട്ടർ ജാതക ഗണനയിൽ ഇതെളുപ്പം മനസ്സിലാക്കാൻ സാധിക്കും. രാഹു/കേതു ഉള്ള രാശിയിൽ നിൽക്കുന്ന ഗ്രഹങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറിയാണു നിൽക്കുന്നതെങ്കിൽ അത് കാളസർപ്പയോഗമാവില്ല. ഓരേ 180 ഡിഗ്രിയിൽതന്നെ ഒരു വശത്തായിവന്നാലേ കാളസർപ്പയോഗമാകു.

രാശിചക്രത്തിൽ നോക്കിയാൽ സൂര്യനും ചന്ദ്രനും ഒരേ രാശിയിൽ ഒരേ ഡിഗ്രിയിൽ വന്നാൽ അന്ന് **കറുത്തവാവായിരിക്കും.** ഒരേ രാശിയിൽ സൂര്യ-ചന്ദ്രന്മാർ വന്നതുകൊണ്ട് കറുത്തവാവകണമെന്നില്ല. കാരണം ഒരു രാശിയുടെ 29-ാം ഡിഗ്രിയിൽ സൂര്യനും 2-ാം ഡിഗ്രിയിൽ ചന്ദ്രനും വന്നാൽ അന്ന് കറുത്തവാവല്ല. കറുത്തവാവു ദിവസം ജനിക്കുന്ന വ്യക്തിക്ക് മനോബലം കുറയുമെന്നു പറയാറുണ്ട്. രാശിയിൽ സൂര്യ-ചന്ദ്രന്മാരുടെ സ്ഥിതി കണ്ട് കറുത്തവാവെന്ന് പറയരുത്. ഡിഗ്രികൂടി മനസ്സിലാക്കിവേണം പറയാൻ.

**ചില ദശകളുടെ പ്രത്യേകതകൾ**

ഇത് ഓർമ്മിക്കുന്നത് നന്നായിരിക്കും. ശനിയുടെ ദശ നാലാമതായി വരുക, വ്യാഴദശ ആറാമതായി വരുക, കുജദശ അഞ്ചാമതായി വരുക ഇത് കഷ്ടതകളനുഭവിക്കാൻ കാരണമാകും. രാഹുവിന്റെ ദശയുടെ അവസാനം കഷ്ടതയുള്ളതായിരിക്കും. രാഹു-ഗുരു ദശാസന്ധികൾ പുരുഷന്മാർക്കും. ശുക്ര-രവി-ദശാസന്ധികൾ സ്ത്രീകൾക്കും, കുജ-



Scanned with CamScanner

രാഹു സന്ധികൾ എല്ലാവർക്കും കഷ്ടതയുള്ള ദിവസങ്ങളായിരിക്കു മത്രെ. എട്ടാം ഭാവാധിപന്റെ ദശയും അപഹാരവും ദുഃഖകരമായിരിക്കും. അതുപോലെ അഷ്ടമാധിപത്യമുള്ള ശുക്രദശയും പ്രശ്ന സങ്കീർണമായിരിക്കും. സൂര്യനും ചന്ദ്രനും അഷ്ടമാധിപത്യ ദോഷമില്ലെന്നു പ്രത്യേകം ഓർമ്മിക്കണം. 3, 6, 11 (ത്രഷഡ് ആയം) ഭാവാധിപത്യമുള്ള ഗ്രഹങ്ങളുടെ ദശ ക്ലേശകരമായിരിക്കും. പാപഗ്രഹത്തിന്റെ ദശയും ശുഭഗ്രഹത്തിന്റെ അപഹാരവും വന്നാൽ പാപഗ്രഹത്തിന്റെ ദോഷമുണ്ടാകില്ല. ശുഭഗ്രഹത്തിന്റെ ഗുണങ്ങൾ വലുതായിട്ടനുഭവിക്കാനുമിടയില്ല. രണ്ടും പാപ ഗ്രഹമായാൽ കൂടുതൽ ദോഷമായിരിക്കും ഫലം.

ദശകളുടെ ഫലങ്ങളും പഠിക്കുന്നത് നല്ലതാണ്. എല്ലാ ദശകളിലും ജാതകന് കുറേയേറെ ഗുണങ്ങളും അഥവാ സത്ഫലങ്ങളും കുറേ ദോഷഫലങ്ങളുമുണ്ടായിരിക്കും. ഒരു ദശയും നല്ലതുമാത്രം നൽകുന്നതായിട്ടുണ്ടാകില്ല, കാരണം ദശക്കുള്ളിൽ അപഹാരകാലമുണ്ട്. ഓരോ ദശയിലും എല്ലാ ഗ്രഹങ്ങളുടേയും അപഹാരമുണ്ട്. പക്ഷേ ഓരോ ഗ്രഹത്തിനും കാരകത്ത്വം പറഞ്ഞിരിക്കുന്നത് ലഭിക്കുന്ന കാലം ആ ഗ്രഹത്തിന്റെ ദശാകാലമായിരിക്കും. 11-ാം ഭാവത്തിൽ ശുക്രൻ നിൽക്കുകയോ ഭാവാധിപതിയാകുകയോ ചെയ്യുന്നുവെങ്കിൽ ശുക്രദശയിൽ സമ്പത്ത് കുമിഞ്ഞുകൂടിക്കൊണ്ടേയിരിക്കും. അതേ ശുക്രൻ 11-ാം ഭാവാധിപത്യമുണ്ടാകുകയും 12ൽ നിൽക്കുകയും ചെയ്താൽ ശുക്രദശയിൽ സ്വാപഹാരത്തിൽ വരുന്ന സമ്പത്ത് പൊയ്ക്കൊണ്ടേയിരിക്കുമെന്നുമറിയണം.

ദശ മാത്രം വിശദീകരിച്ചാൽ ഏകപക്ഷീയമായി ചിന്തിച്ചാൽ സൂര്യദശ എങ്ങിനെയായിരിക്കാനാണ് സാധ്യത. സൂര്യൻ പിതൃകാരകനാണ്, സർക്കാർ, രാജാവ്, അധികാരം, അരോഗ്യം, ചൈതന്യം, ഊർജ്ജം, തേജസ്, പൂർവപുണ്യം, എന്നിവയെല്ലാം സൂര്യദശയിൽ ലഭിക്കും. ഈ നന്മകളെല്ലാംലഭിക്കുന്നത് സൂര്യൻ ജാതകത്തിൽ ബലവാനായി നല്ല രാശിയിൽ, ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടെ, ശുഭസ്ഥാനത്ത് ശുഭഗ്രഹങ്ങളുടെ യോഗമെല്ലാമുണ്ടെങ്കിൽ മാത്രമാണെന്നറിയണം.

ഇതറിയണമെങ്കിൽ സ്വന്തം പിതാവിന്റെ കാര്യമെടുത്തു താരതമ്യം ചെയ്താൽ മനസ്സിലാകും. പിതാവ് നല്ല വിദ്യാഭ്യാസമുള്ളവനും തറവാടിത്തമുള്ളവനും നല്ല ജോലിയുള്ളവനും നല്ലകൂട്ടുകെട്ടുള്ളവനും ലോകപരിചയമുള്ളവനും, നല്ല ആചാരങ്ങൾ അനുഷ്ഠിക്കുന്നവനുമെല്ലാമാണെങ്കിലല്ലേ, അച്ഛനിൽ നിന്നു മക്കൾക്ക് ഈ ഗുണങ്ങളുടെ ഫലമനുഷ്ഠിക്കാൻ സാധിക്കൂ. ഇതുപോലെയാണ് സൂര്യദശയിൽ സൂര്യൻ



Scanned with CamScanner

നന്മനിറഞ്ഞ സ്ഥാനങ്ങളിലാണെങ്കിൽ സംഭവിക്കുന്നത്. പിതാവ് വിദ്യാഭ്യാസമില്ലാത്തവനും, സംസ്കാരശൂന്യമായ ഗൃഹത്തിൽ ജനിച്ചുവളർന്നവനും, കൂട്ടുകെട്ടും, ജോലിയും എല്ലാം പ്രശ്നസങ്കീർണങ്ങളുള്ളതുമാണെങ്കിൽ ആ പിതാവിൽ നിന്ന് മക്കൾക്ക് ലഭിക്കുന്നത് അത്തരത്തിലുള്ള ദോഷഫലങ്ങളായിരിക്കും. സൂര്യദശ 6 വർഷമാണ്. അതിൽ സൂര്യന്റെ സ്വാപഹാരം, പിന്നെ ചന്ദ്രൻ, കുജൻ, രാഹു, ശനി, ബുധൻ, കേതു, ശുക്രൻ എന്നിപ്രകാരമുള്ള അപഹാരങ്ങളുമാണെന്നറിയാമല്ലോ. സൂര്യൻ മോശമായ സ്ഥാനത്താണെങ്കിൽ അനാരോഗ്യം, അച്ഛന് പ്രശ്നങ്ങൾ, സർക്കാരിൽ നിന്ന് ശിക്ഷ, അപകടം, തുടങ്ങിയവയായിരിക്കും ഫലം.

ചന്ദ്രദശ 10 വർഷമാണ്. സൂര്യനെക്കുറിച്ച് ചിന്തിച്ചതുപോലയാണ് ചന്ദ്രദശയിൽ ചന്ദ്രന്റേതായ ഗുണദോഷങ്ങൾ ചിന്തിക്കേണ്ടത്. ചന്ദ്രന്റെകാര്യത്തിൽ മാത്രം ഒരു പ്രത്യേകത കൂടി കണക്കിലെടുക്കണം. പക്ഷബലവും കൂടി കണക്കിലെടുക്കണം. സപ്തമി മുതൽക്ക് കൃഷ്ണപക്ഷത്തിലും സപ്തമി വരെ ശുക്ലപക്ഷത്തിലും ചന്ദ്രനു ബലമില്ലാത്തതിനാൽ സ്വക്ഷേത്രത്തിൽ (കർക്കിടകം രാശി) നിൽക്കുന്ന ചന്ദ്രനുപോലും ഉദ്ദേശിച്ച ഫലം നൽകാനാകില്ല. അതുകൊണ്ട് ചന്ദ്രദശയിൽ മറ്റേതൊരു ഗ്രഹത്തിന്റെ ദശയിലും ആ ഗ്രഹത്തെക്കുറിച്ച് ചിന്തിച്ചതിനുശേഷം വിവരിക്കുന്നതുപോലെ, ചന്ദ്രനെക്കുറിച്ചും നിരൂപണം ചെയ്തും പക്ഷബലം അറിഞ്ഞുംവേണം കാര്യങ്ങൾ വിലയിരുത്താൻ. മറ്റൊരർത്ഥത്തിൽ ചന്ദ്രനിൽ നിന്ന് എത്ര അകലെയാണ് രാശിചക്രത്തിൽ സൂര്യനെന്നു വിലയിരുത്തിവേണം ചന്ദ്രന്റെ പക്ഷബലം തീരുമാനിക്കാൻ.

പക്ഷബലമുള്ള/സ്ഥാനബലമുള്ള ചന്ദ്രൻ ചന്ദ്രദശയിൽ മാതൃസൗഖ്യം, ഗൃഹനിർമ്മാണം, വിവാഹം, സ്ഥാനമാനങ്ങൾ, മനഃസൗഖ്യം, സന്തോഷം, ഐശ്വര്യം ഇവയെല്ലാം ലഭ്യമാക്കുന്നു. പക്ഷേ പക്ഷബലവും സ്ഥാനബലവുമില്ലാത്ത ചന്ദ്രൻ ഇതിന്റെ നേർവിപരീതഫലങ്ങളായിരിക്കും ചന്ദ്രദശയിൽ നൽകുകയെന്നുമറിയണം. ചന്ദ്രദശയുടെ പത്തുവർഷം, ചന്ദ്രന്റെ സ്വാപഹാരം കഴിഞ്ഞ് കുജൻ, രാഹു, ഗുരു, ശനി, ബുധൻ, കേതു, ശുക്രൻ, ആദിത്യൻ ഇവരുടെ അപഹാരങ്ങൾ യഥാകാലം, ക്രമത്തിൽ വരുന്നുണ്ടാകും.

കുജദശ 7 വർഷവും അതിലും ക്രമത്തിൽ കുജന്റെ സ്വാപഹാരം കഴിഞ്ഞ് ബാക്കിയുള്ള ഗ്രഹങ്ങളുടെ ക്രമത്തിൽ അവയുടെ അപഹാരങ്ങൾ വരുന്നുണ്ടാകും. ശ്രദ്ധികാനുള്ള കാര്യങ്ങൾ വിവരിച്ചുവല്ലോ. കുജന്റെ എല്ലാ പ്രത്യേകതകളും, സ്ഥാനബലം, യോഗബലം, ദൃഷ്ടി



Scanned with CamScanner

ബലം എല്ലാം വച്ചുവേണം കുജദശയിലെ ഗുണദോഷങ്ങൾ പ്രവചിക്കാൻ. എല്ലാവർക്കും കുജദശ ഒരുപോലെയായിരിക്കില്ല; കാരണം ഓരോ ജാതകത്തിലും കുജന്റെ സ്ഥിതി, കുജന്റെ ഭാവാധിപത്യം, കുജനെ നോക്കുന്ന ഗ്രഹങ്ങൾ, കുജന്റെ കൂടെ യോഗം ചെയ്യുന്ന ഗ്രഹങ്ങൾ ഇവയെല്ലാം വ്യത്യാസമുണ്ടായിരിക്കും. അതനുസരിച്ച് കുജന്റെ ദശയിലുണ്ടാകുന്ന ഗുണങ്ങളും, ദോഷങ്ങളും സത്ഫലങ്ങളും, ദുഷ്ഫലങ്ങളും എല്ലാം മാറിക്കൊണ്ടേയിരിക്കും. കൂടാതെ കുജന്റെ ദശാകാലത്തിൽ വരുന്ന അപഹാരനാഥന്മാരുടെ സ്ഥിതിയും വ്യത്യാസമുണ്ടായിരിക്കും. അതുകൊണ്ടുതന്നെ കുജദശ ഓരോരുത്തർക്കും ഓരോ രീതിയിലായിരിക്കും. എല്ലാ ദശയും ഓരോ വ്യക്തിക്കും വ്യത്യസ്ഥമായിരിക്കും, കാരണം ജാതകത്തിലെ വ്യത്യാസം.

കുജനു മാത്രം ഒരു പ്രത്യേകതയുള്ളത് 7-ാം ഭാവത്തിലും 8-ാം ഭാവത്തിലുമുള്ള കുജൻ ജാതകന്റെ പങ്കാളിക്ക് ദോഷഫലങ്ങൾ നൽകുന്നു. അതിനെ **ചൊവ്വാദോഷം** എന്നു പറയാറുണ്ട്. മൗഢ്യത്തിലുള്ള ചൊവ്വ ജാതകന് ചൊവ്വാദശയിൽ മരണത്തിനുവരെ കാരണമാകാറുണ്ട്. 3, 11 ൽ നിൽക്കുന്ന ചൊവ്വ കുറേ സത്ഫലങ്ങൾ തരുമത്രെ. ശുഭഗ്രഹങ്ങൽക്ക് 3, 11 നല്ലസ്ഥാനങ്ങല്ല. പാപഗ്രഹങ്ങൾക്ക് ഈ മോശസ്ഥാനങ്ങൾ - X - = + എന്നു പറയുന്നതുപോലെയാണ് എന്നു വിവരിക്കാറുണ്ട്.

യഥാർത്ഥത്തിൽ ചൊവ്വ, ഗൃഹം, ഭൂമി, വാഹനം, വീട്, ഊർജ്ജസ്വലത എന്നിവയുടെയെല്ലാം കാരകനാണ്. അതുകൊണ്ട് ചൊവ്വക്ക് നല്ല സ്ഥാനവും ബലവും സ്ഥിതിയുമാണെങ്കിൽ ആ ഗുണങ്ങളെല്ലാം ജാതകനു ലഭിക്കുന്നു. നല്ലതല്ലെങ്കിൽ ശക്തമായ ദോഷഫലങ്ങളുമുണ്ടാകുന്നു. അതേസമയം കുജൻ നീചനായിട്ടോ ശത്രുക്ഷേത്രത്തിലോ മൗഢ്യത്തിലോ നീചത്തിലോ ആണെങ്കിൽ വിശക്കുന്ന പുലിയെപ്പോലെയായിരിക്കും. സർവതിനേയും കടിച്ചുകീറാനുള്ളവ്യഗ്രതയുള്ളതുപോലെ.

രാഹു യഥാർത്ഥത്തിൽ ഒരു ഗ്രഹമല്ല. അതു സർപ്പത്തിന്റെ സ്വഭാവമുള്ളതാണെന്നുപറയാം. ഏതു രാശിയിലാണോ രാഹു നിൽക്കുന്നത് ആ രാശിയുടെ സ്വഭാവം കാണിക്കുമെന്നു പറയപ്പെടുന്നു. രാഹുവിൽ നിന്ന് കാര്യമായ ഗുണങ്ങളൊന്നും പ്രതീക്ഷിക്കാറില്ല. അത്ഭുതകരമെന്നോ ദുഃഖകരമോന്നോ പറയാം, രാഹുദശ വളരെക്കാലമുള്ളതാണ്.

18 വർഷം നീണ്ടുകിടക്കുന്ന രാഹു ദശക്ക് സ്വാപഹാരംതന്നെ



Scanned with CamScanner

ഏതാണ്ട് 3 വർഷം വരും. കുജൻ പാപഗ്രഹമാകുകയും പ്രശ്നക്കാര നാകുകയും ചെയ്ത് ഒരു ഗർത്തത്തിൽ നിന്ന് അതിലും നീചമായ രാഹുദശയിലേക്ക് വീഴുന്നതുകൊണ്ടാണ് കുജ-രാഹുസന്ധി ക്ലേശ കരമായിരിക്കുമെന്നു പറയാറുള്ളത്. അസുഖങ്ങൾ, ശ്വാസതടസ്സം, ത്വക്‌രോഗങ്ങൾ, കുഷ്ഠം, രക്തവാതം, കുടുംബഛിദ്രം, വായ്-നാക്ക്-പല്ല് രോഗങ്ങൾ എന്നിവയാണ് രാഹുദശാഫലങ്ങൾ. ശുഭഗ്രഹത്തോട് ചേർന്ന് ശുഭരാശിയിലും ഭാവത്തിലും നിൽക്കുകയാണെങ്കിൽ രാഹു അത്രക്കും പ്രശ്നങ്ങളുണ്ടാക്കില്ല, കുറേ നന്മകളൊക്കെ തരുമത്രെ. ഏതൊരു കള്ളനിലും കൊലയാളിയിലും കുറെയൊക്കെ നന്മകളു ണ്ടാകും എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് രാഹു കുറേ യൊക്കെ നന്മകൾ തരുമെന്നു പറയുന്നത്. അത് ശുഭസ്ഥാനത്തും ശുഭ ന്മാരുടെ കൂടെ നിൽക്കുമ്പോഴും മാത്രമേയുള്ളൂ.

🪔 മേടം, ഇടവം, ചിങ്ങം രാശിയിൽ രാഹു കുറേ നന്മകൾ തരുന്നു ണ്ടാകും. രാഹുവിന്റെ കൂടെ ശുക്രൻ നിന്നാൽ സത്ഫലങ്ങൾ ലഭി ക്കുമത്രെ. നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ജാതകത്തിൽ 3, 6, 11 ത്രിഷഡായം മോശമായ ഭാവങ്ങളാണ്. അതിൽ പാപഗ്രഹം നിന്നാൽ രാഹുവിന്റെ കാര്യത്തിൽ കുറേ നന്മകൾ ലഭിക്കുമത്രെ. കള്ളൻ ജയി ലിൽ കിടന്നാൽ കുറേ ജോലി ചെയ്യുന്നതുപോലെയായിരിക്കാം. അതാ യത് വിപരീതത്തിന്റെ വിപരീതം എന്നതത്വം, അല്ലെങ്കിൽ ഉഷ്ണം ഉഷ്ണേന ശാന്തി. ചിലരുടെ അഭിപ്രായത്തിൽ രാഹുക്രൂരഗ്രഹമാണ്. ചിലപ്പോൾ അവൻ നല്ലതുതന്നാൽ ആ കാര്യത്തിൽ അവനോളം നല്ല വനില്ലത്രെ. ഇങ്ങിനെയൊരു വീക്ഷണവുമുണ്ടെന്നു പറഞ്ഞു എന്നു മാത്രം. രാഹു നിൽക്കുന്ന രാശിയുടെ 7 ലേക്കും 5 ലേക്കും (7, 5 രാശി കളിലേയ്ക്ക്) രാഹുവിന്റെ ദൃഷ്ടിയുള്ളതിനാൽ ആ ഭാവത്തിനും രാഹു വന്റെ ഗുണദോഷ ഫലങ്ങൾ ഉണ്ടാകും.

🪔 വ്യാഴദശ 16 വർഷം നീണ്ടുനിൽക്കുന്നു. ഓരോ ഗ്രഹത്തിനും സൂര്യനും ചന്ദ്രനും രാഹുവിനും കേതുവിനുമെല്ലാം ദശയുടെകാലയ ളവ് ഇത്രവീതമാണെന്ന് കണ്ടുപിടിച്ചതെങ്ങിനെയെന്ന് സയൻസുപര മായോ അല്ലാതെയോ പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇവിടെ ഗുരുദശ എന്നത് ഒരു വ്യക്തിയുടെ ജീവിതത്തിൽ പൊതുവേ വളരെ നല്ല ദശയായിരിക്കും. ഗുരു നീചത്തിൽ വന്നാൽ പോലും ദോഷം ചെയ്യി ല്ല. 2, 7 ഭാവത്തിൽ നീചത്തിൽ വന്നാൽ മാത്രം അപകടമുണ്ടായാൽ ഗുരു കൂടുതൽ മാരകസ്വഭാവം കാണിക്കുമെന്നുമാത്രം.

ഗുരുവിന് നീചം, ശത്രുക്ഷേത്ര സ്ഥിതി, പാപഗ്രഹയോഗം, ഇരുവ ശത്തും പാപഗ്രഹങ്ങൾ വരുക, സൂര്യനോട് ചേർന്ന് രാശിചക്രത്തിൽ

നിൽക്കുമ്പോൾ മൗഢ്യമുണ്ടാകുക... ഇതെല്ലാം വരുമ്പോൾ ഗുരു അശുഭകരമായതൊന്നും തരില്ല. പക്ഷേ ഗുരുവിൽ നിന്ന് നന്മകൾ കാര്യമായി ലഭിക്കില്ല എന്നുമാത്രം. ശുഭഗ്രഹത്തിന്റെ നന്മകൾ അശുഭസ്ഥാനം കുറക്കുന്നു. നല്ല വ്യക്തികൾ മോശമായ വ്യക്തികളുടെ കൂടെ ചേർന്നാലും ഇതാണല്ലോ പരിണതഫലം. മോശമായ വ്യക്തികളുടെ ദുഷ്ടത്വം കുറക്കുന്നു!

**ഗ്രഹങ്ങളുടെ വക്രഗതി**

ഭൂമിയിൽ നിന്നു നോക്കുമ്പോൾ ചില ഗ്രഹങ്ങൾ ചിലപ്പോൾ പുറകോട്ടു പോകുന്നുപോലെ തോന്നാറുണ്ട് എന്ന് വിവരിച്ചുവല്ലോ. അതിനെ വക്രഗതിയെന്നു പറയുന്നു. വക്രത്തിലുള്ള ഗുരു വളരെ നല്ല ഫലങ്ങൾ തരുമെന്നു പറയുന്നു. ഇതെല്ലാം വിവരിക്കുന്നത് ഗുരുദശയിൽ ലഭിക്കുന്ന പ്രത്യേകതകളാണെന്ന് മറക്കരുത്. ഇവിടെ ഇപ്പോൾ നൽകുന്ന വിവരണങ്ങളെല്ലാംതന്നെ ദശാഫലപ്രവചനമാണ്.

വ്യാഴദശയിൽ വ്യാഴം പ്രധാനമന്ത്രിയപോലെ പെരുമാറും. അപഹാരനാഥന്മാർ വകുപ്പുമന്ത്രിമാരെപോലെ പെരുമാറും. ഇത് എല്ലാ ഗ്രഹത്തിന്റെയും ദശാപഹാരത്തിനും ബാധകമാണ്. ഓരോ ദശയിലേയും അപഹാരത്തിലേയും സത്ഫലങ്ങളും ദുഷ്ഫലങ്ങളും ദശാനാഥനേയും അപഹാരനാഥനേയും ആശ്രയിച്ചിരിക്കുന്നു. എല്ലാ ദശയിലും എല്ലാ ഗ്രഹങ്ങളും അപഹാരനാഥന്മാരായി വരുന്നുണ്ടെന്നറിയാമല്ലോ. അതുകൊണ്ട് ഗുണദോഷ സമ്മിശ്രമാണ് ജീവിതം. എല്ലാ ജാതകനും, 12 ഭാവങ്ങളുമുണ്ട്, 9 ഗ്രഹങ്ങളുമുണ്ട്, 27 നക്ഷത്രങ്ങളുമുണ്ട്. അതുകൊണ്ട് ഗുണങ്ങലും ദോഷങ്ങളും പൊതുവേ അൽപം വ്യത്യാസപ്പെട്ടിരിക്കും. വളരെ വിരളമായി മാത്രമേ അതിഗഹനമായ അന്തരം ഉണ്ടാകുകയുള്ളൂ.

എന്നുമെന്നും നാം ശ്രദ്ധിക്കേണ്ടായ കാര്യം വ്യാഴദശയെക്കുറിച്ചു വിലയിരുത്തുമ്പോൾ വ്യാഴവുമായി ബന്ധപ്പെട്ട അനവധികാര്യങ്ങൾ പരിശോധിക്കണം. വ്യാഴം, കർക്കിടകത്തിൽ ഉച്ചത്തിലാണെന്നു കണ്ട ഉടനെ 'കോളടിച്ചല്ലോ' എന്നു പറഞ്ഞേക്കരുത്. കാരണം അച്ഛൻ മന്ത്രിയായതുകൊണ്ട് കാര്യമില്ല. അച്ഛന്റെ പാർട്ടിക്കാരും മറ്റുമന്ത്രിമാരും ചേർന്നാണ് തീരുമാനമെടുക്കുന്നത്. പിന്നെ ആ തീരുമാനം നടപ്പാക്കേണ്ടത് സെക്രട്ടറിമാരാണ്. ആ സെക്രട്ടറിക്ക് ഫയൽ വച്ചു നീട്ടുന്നത് ക്ലാർക്കുമാരാണ്. ഓരോ സെക്രട്ടറിയുടേയും തീരുമാനം പലവകുപ്പുകളിലൂടെയും കയറിയിറങ്ങണം. അവസാനം നടപ്പാക്കുന്നത് പഞ്ചായത്തുകാരോ, കോർപ്പറേഷൻകാരോ, കോൺട്രാക്ടറോ, പല വകുപ്പികളിലേയും ഉദ്യോഗസ്ഥരോ ആണ്. ഇവർ പരസ്പരം കടിപിടി



Scanned with CamScanner

കൂടാനും സാദ്ധ്യതയുണ്ട്. വകുപ്പുദ്യോഗസ്ഥന്മാർക്ക് പല രാഷ്ട്രീയ വുമുണ്ടാകാം. ഒരുപക്ഷേ പ്രധാനപ്പെട്ട എഞ്ചിനീയർ ലീവിലാകാം, ടൂർ ആകാം, ചിലപ്പോൾ മീറ്റിംഗ് വെച്ച ദിവസം വേറെ പ്രശ്നങ്ങളുണ്ടാകാം. ഇതെല്ലാം കഴിഞ്ഞിട്ടുവേണം ഒരു നല്ലകാര്യം നടപ്പിൽ വരുത്താൻ. ചിലപ്പോൾ നടപ്പിൽ വരുത്താൻ തീരുമാനിക്കുന്ന ദിവസം മുതൽക്ക് മഴയാകാം, ഹർത്താലാകം, ഇതുപോലെ വ്യാഴ ഗ്രഹത്തിന്റെ ഉച്ചത്തിലുള്ള സ്ഥിതികൊണ്ടുമാത്രം അയാൾക്ക് സ്വർഗസുഖമാണെന്നു പറയരുത്. പൂയം അനിഴം, ഉത്തൃട്ടാതി, ആയില്യം തുടങ്ങി അനവധി നക്ഷത്രങ്ങളിൽ ജനിക്കുന്നവർക്ക് പ്രത്യേകിച്ചും ശനി, ബുധ, ദശക്കാർക്ക് ഗുരുദശയേ ജീവിതത്തിലുണ്ടാകില്ല. അഥവാ ഉണ്ടായാലും 80 വയസു കഴിഞ്ഞിട്ടായിരിക്കും. പന്നെ ചിലർക്ക് ഉച്ചത്തിലുള്ള ഗുരുവിന്റെ കൂടെ ശനിയുണ്ടായേക്കാം. നീചത്തിലുള്ള ചൊവ്വയുണ്ടായേക്കാം, കർക്കിടകത്തിലെ കറുത്തവാവിന് ചിലപ്പോൾ പക്ഷബലമൊട്ടുമില്ലാത്ത ചന്ദ്രനും സ്വക്ഷേത്രത്തിന്റെ വ്യയരാശിയിലുള്ള സൂര്യനുമുണ്ടായേക്കാം. ഇങ്ങിനെ പലതും നോക്കി വേണം ഗുരു ഉച്ചത്തിലാണെന്നു പറഞ്ഞ് 'സന്തോഷിക്കാൻ' അഥവാ സന്തോഷിപ്പിക്കാൻ.

ഗുരു ഏതു ഭാവത്തിൽ നിൽക്കുന്നു എന്നുനോക്കി ബാക്കി ഗ്രഹങ്ങളെയെല്ലാം ചേർത്ത് വിലയിരുത്തിവേണം ഗുരുവിന്റെ ഗുണങ്ങളും ദോഷങ്ങളും വിവരിക്കാൻ എന്നു ചുരുക്കിപ്പറയാം. വീണ്ടുമാവർത്തിക്കട്ടെ ഇത് ഓരോ ഗ്രഹത്തിന്റെ കാര്യത്തിലും ബാധകമാണ്.

ശനിദശ 19 വർഷമാണ്. ശനിദശ പ്രശ്നങ്ങളുണ്ടാകുന്ന കാലമാണെന്നു ധരിക്കരുത്. പ്രശ്നങ്ങളുണ്ടാകാമെന്നു ധരിക്കുന്നതിൽ തെറ്റില്ല. പ്രത്യേകിച്ചും ഇറങ്ങി പുറപ്പെടുന്ന പലകാര്യങ്ങളും ശരിയായി നടന്നു എന്നുവരില്ല. പലതരത്തിലുള്ള തടസ്സങ്ങളുമുണ്ടാകാം. എന്നാൽ തുലാം രാശിയിലുള്ള ശനി, ലഗ്നാധിപനായ ശനി, നല്ലതേതരൂ. നല്ലതേതരുകയുള്ളൂ എന്നു എഴുതിയത് എല്ലാം നല്ലതു തരുമെന്നല്ല. ശനിഗ്രഹം പ്രതിനിധാനം ചെയ്യുന്ന നന്മകൾ തരുമെന്നാണ്. കൃഷി, ഭൂസ്വത്ത്, റിയൽ എസ്റ്റേറ്റ്, ഗ്രാമപദവി, രാഷ്ട്രീയ നേതൃത്വം, സമുദായ പദവി, അച്ചടക്കം, കൃത്യനിഷ്ഠ, അടുക്കും ചിട്ടയുമുള്ള ജീവിതം ഇത് സ്ഥാനബലമുള്ള ശനിയുടെ സംഭാവനയായിരിക്കും. എന്നാൽ ശനിക്ക് സ്ഥാനബലമില്ലെങ്കിൽ താഴ്ന്ന ജീവിതരീതിയിൽ ആനന്ദം കണ്ടെത്തി ആസ്വദിക്കുക, നീചമായി പണം സമ്പാദിക്കുക, വൃദ്ധരുമായി ലൈംഗീകബന്ധമുണ്ടാകുക, ദുർഗന്ധത്തോടും, പഴകിയ വസ്ത്രങ്ങളോടും, കറുത്ത നിറത്തോടും, എള്ളിനോടും, ഇരുമ്പു സംബന്ധമായ കർമ്മത്തോടും, താൽപര്യം തോന്നുക ഇവയെല്ലാം സാധാരണമായിരിക്കും.

ശനിയിലെ വിവരങ്ങൾ നൽകുമ്പോൾ ദശയിലെ അപഹാരങ്ങളെ



Scanned with CamScanner

ക്കുറിച്ച് പദാനുപദം ഗണിച്ചെടുത്തുവേണം വിവരിക്കാൻ. ചന്ദ്രൻ നിൽക്കുന്ന രാശിയുടെ 4, 7, 11 ഭാവത്തിൽ ശനി നിന്നാൽ മാതാവിനും, പിതാവിനും വളരെ ഏറെ ദോഷമത്രെ. ശനി ഓരോ ഭാവത്തിൽ നിൽക്കുമ്പോഴും, ഭാവാധിപത്യം വഹിച്ചു നിൽക്കുമ്പോഴുമുള്ള പ്രത്യകതകളും ഗുണവും ദോഷവും സ്വയം കണ്ടുപഠിച്ചത് നിങ്ങൾതന്നെ കണ്ടുപിടിച്ചെഴുതിവച്ച് ജാതകന് പറഞ്ഞുകൊടുക്കണം.

ബുധന്റെ ദശ 17 വർഷക്കാലമാണ്. ഒരു ശുഭഗ്രഹമാണ് ബുധൻ. മിഥുനം കന്നി രാശികളുടെ ആധിപത്യമുണ്ട്. ജ്യോതിഷം എന്ന വിഷയത്തിന്റെയും, ഗണിതം, ജ്യോതിശാസ്ത്രം, കോമേഴ്സ്, ബിസിനസ്, ഉദ്യോഗം, വിദ്വത്തം, ഭാഗ്യം, ഇങ്ങിനെ ധാരാളം കാര്യങ്ങളുടെ അധിപനാണ് ബുധൻ. മൗഢ്യമുള്ളപ്പോൾ അതായത് സൂര്യന്റെ 7 ഡിഗ്രിക്കുള്ളിൽ നിൽക്കുമ്പോൾ ബുധൻ ക്ഷീണിതനായിരിക്കുന്നതുകൊണ്ട് സത്ഫലങ്ങൾ കൂടുതലായി നൽകാനാവില്ല. കുറേ വിഘ്നങ്ങളും ധനനാശവും ഇക്കാലയളവിലുണ്ടാകും. നീചക്ഷേത്രത്തിൽ നിൽക്കുന്ന ബുധനേക്കാൾ മോശമായ ഫലം ശത്രുക്ഷേത്രത്തിൽ നിൽക്കുന്ന ബുധൻ തരുന്നതായിരിക്കും. മറ്റേതൊരു ശുഭഗ്രഹത്തിന് 3, 6 എന്നിവ നല്ല സ്ഥാനങ്ങളല്ല എന്നു സൂചിപ്പിച്ചതുപോലെയാണ് ശുഭഗ്രഹമായ ബുധൻ ഈ സ്ഥാനങ്ങളിൽ നിൽക്കുമ്പോൾ കുറേ ബുദ്ധിമുട്ടുകളും രോഗങ്ങളും പരാജയങ്ങളുമുണ്ടാകും. ശുഭഗ്രഹങ്ങൾക്ക് 11 പ്രശ്നകരമായ ആയം സ്ഥാനമാണെങ്കിലും (ആയം എന്നാൽ വരവ് ആയകർ = ഇൻകംടാക്സ്). ബുധന് സമ്പത്തിന്റേയും ബിസിനസ്സിന്റേയും വ്യാപാര വ്യവസായങ്ങളുടെയും കാരകനായതിനാൽ ഈ 11-ാം ഭാവത്തിലുള്ള ബുധന് നല്ലതു നൽകുന്നതാണ്. ബുധദശയിൽ 11ലിരിക്കുന്ന ബുധൻ നല്ലതുചെയ്യും.

കേതുദശ 7 വർഷമാണ്. കേതവും രാഹുവിനെപോലെ ദുഃഖം പ്രദാനം ചെയ്യുന്ന ഗ്രഹമാണ്. ദീനത, അനാരോഗ്യം, ബുദ്ധിമാദ്യം, ബാല്യകാലത്താണ് കേതുദശവരുന്നതെങ്കിൽ അസാധാരണമായ ബാലാരിഷ്ടകളനുഭവിക്കേണ്ടിവരും. ആയില്യം-തൃക്കേട്ട-രേവതി നക്ഷത്രത്തിന്റെ അവസാനഭാഗത്ത് ജനനം വരുമ്പോഴും, അശ്വതി-മകം-മൂലക്കാർക്കും ബാല്യകാലത്തായിരിക്കും കേതുദശവരിക. അവർക്കാണ് ബാലാരിഷ്ടകൾ ഒഴിഞ്ഞു മാറുന്ന സമയമുണ്ടാകില്ലെന്നു പറയുന്നത്. ശനിയുടെ ക്ഷേത്രത്തിൽ നിൽക്കുന്ന കേതു ശുഭകരമായ കുറേ ഫലങ്ങൾ തരുന്നതായിരിക്കും. അതായത് മകം കുംഭം രാശിയിൽ വരുന്ന കേതുവാണിപ്രകാരം ശുഭഫലം കേതു ദശയിൽ തരുന്നത്. കേതു പാപഗ്രഹമായതിനാൽ അത് 3, 6, 11 ൽ നിൽക്കുന്നത് രാഹുവി



Scanned with CamScanner

നെപ്പോലെ കുറെ നല്ലഫലങ്ങളും നൽകുന്നുണ്ടാകും. ഇതിനു കാരണമായ തത്വം എന്നത് - x - = + എന്നു സൂചിപ്പിച്ചുവല്ലോ.

ശുക്രൻ ഒരു ശുഭഗ്രഹമാണ്. വിവാഹം, പ്രേമം, കാമുകി, ഭക്ഷണം, മധുരം, ലൈംഗീകബന്ധം, ആഡംബര വസ്തുക്കൾ, സ്ത്രൈണ ഭാവം, നൃത്തം, സംഗീതം ഇവയെല്ലാം ശുക്രദശയിൽ നന്നായി ശോഭിക്കും. 20 വർഷമുള്ള ശുക്രദശ, ശുക്രന്റെ സ്ഥാനം, ഉച്ചനീചത്വം സ്വക്ഷേത്ര, ബന്ധുക്ഷേത്ര, ശത്രുക്ഷേത്രവുമായും ബന്ധപ്പെട്ടിരിക്കുന്നു എന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

പരമ ഉച്ചസ്ഥാന ഡിഗ്രി കഴിഞ്ഞയുടനെയുള്ള സ്ഥാനത്ത്, അതായത് മീനം രാശിയിൽ 27-ാം ഡിഗ്രി കഴിഞ്ഞ 28, 29, 30 ഡിഗ്രികളിലാണ് ശുക്രൻ ജാതകത്തിൽ നിൽക്കുന്നതെങ്കിൽ ആ ശുക്രന്റെ ദശയിൽ വേശ്യാവൃത്തി മൂലം ധനവും സ്ഥാനമാനങ്ങളും നഷ്ടപ്പെടുമെന്ന് പ്രത്യേകം ഓർമ്മിക്കണം. ശുക്രൻ, മദ്യത്തിന്റേയും, ഡയബറ്റിക്സിന്റെയും കൂടി കാരകനാണ്. അതും ശുക്രൻ പാപഗ്രഹങ്ങളുമായി ചേർന്നോ പാപദൃഷ്ടിയോടുകൂടിയോ, നീചത്തിലോ നിൽക്കുകയാണെങ്കിൽ ഈ രോഗങ്ങളും പ്രശ്നങ്ങളുമെല്ലാം അലട്ടുന്നകാലമായിരിക്കും ശുക്രദശാകാലം.

നല്ല രീതിയിൽ ചിന്തിച്ച് കാര്യങ്ങൾ കൂട്ടിച്ചേർത്ത് പറയാവുന്ന ജ്യോതിഷികൾക്ക് ഓരോ ഗ്രഹത്തിന്റേയും കാരകത്വവും, ഭാവാധിപത്യവും സ്ഥിതി ചെയ്യുന്ന രാശിയുടെ പ്രത്യേകതയുമെല്ലാം ചേർത്ത് പലതും പ്രവചിക്കാൻ സാധിക്കും. കൂട്ടിച്ചേർത്ത് വിവരിക്കാനാണ് ഈശ്വരാനുഗ്രഹവും ഉപാസനയും സാധനയും വേണമെന്ന് പറയുന്നത്. ലഭ്യമായി വിവരണങ്ങളിൽ നിന്ന് കാര്യങ്ങൾ പ്രവചിക്കുന്നത് ശരിയാകുന്നതാണ് ഈശ്വരാനുഗ്രഹമെന്നു പറയുന്നത്. ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം കൈപുണ്യമെന്നു പറയുന്നതുപോലെ. നമ്മുടെ അമ്മ അമ്മൂമ്മമാർ ലഭ്യമായതെല്ലാം ചേർത്ത് നല്ല ഭക്ഷണമുണ്ടാകുന്നതും അതു നന്നായിത്തീരുന്നതുമാണ് അവരുടെ കൈപുണ്യം. ലഭ്യമായ എല്ലാം നിരത്തി കോടതിയിൽ അഡ്വക്കേറ്റ് വാദിക്കുന്നത് ഫലിക്കുമ്പോഴാണ് അത് വക്കീലിന്റെ വാഗ്വിലാസമാകുന്നത്. അതുപോലെയെന്ന് ജ്യോതിഷനും സാധിക്കണമെന്ന നിശ്ചയദാർഢ്യത്തോടെ പഠിച്ചാലെ അതു സാധിക്കൂ. ഉദാഹരണത്തിന് ശുക്രൻ 10-ാം ഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. നീചത്തിലുമല്ല ഉച്ചത്തിലുമല്ല എന്നു വിചാരിക്കുക. ആ 10-ാം ഭാവവുമായി ബുധനും ബന്ധപ്പെട്ടിരിക്കുന്നു. 10-ാം ഭാവം പരോക്ഷമായോ, ശുക്രനോ ബുധനോ പരോക്ഷമായോ 11-ാം ഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ 10-ാം ഭാവ



Scanned with CamScanner

ത്തിൽ നിന്നു വരവുണ്ട്. ബുധൻ ബിസിനസുകാരനാണ്. 10-ാം ഭാവം കർമ്മഭാവവുമാണ്. ശുക്രൻ നീചത്തിലുമല്ല ഉച്ചത്തിലുമല്ല. അപ്പോൾ അവിടെ മദ്യമാകാം. ഇയാൾ ഒരു മദ്യനിർമ്മാതാവോ വിൽപനക്കാരനോ ആകാനാണ് സാദ്ധ്യത. ഇതേപ്രകാരം ചിന്തകൾ പഠിച്ചതിനെ കൂട്ടിയിണക്കി പറയുന്ന അവസ്ഥയിലെത്തണം.

**ഗ്രഹവക്രചലനം അൽപംകൂടി**

ഗ്രഹങ്ങൾ വക്രത്തിൽ വരുന്നതിനെക്കുറിച്ച് സൂചിപ്പിക്കുയുണ്ടായി. ഗ്രഹങ്ങൾ ഒരിക്കലും പുറകോട്ടു ചലിക്കില്ല. ഭൂമിയിൽ നിന്നു നോക്കുമ്പോൾ പുറകോട്ടു പോകുന്നതുപോലെ തോന്നാമല്ലോ. മുമ്പോട്ടു പോകുന്ന വാഹനത്തിലിരിക്കുന്ന വ്യക്തിക്ക് വശങ്ങളിലുള്ള മരങ്ങളും മറ്റും പുറകോട്ടു പോകുന്നതായി തോന്നുത് സ്വാഭാവികം. മുമ്പോട്ടു പോകുന്ന വാഹനം 80 കിലോമീറ്റർ വേഗത്തിലാണ് പോകുന്നതെങ്കിൽ 60 കിലോമീറ്റർ വേഗത്തിൽ പോകുന്ന മറ്റൊരു വാഹനത്തെ ഈ വാഹനം ഓവർടേക്ക് ചെയ്യുമ്പോൾ വേഗത കുറഞ്ഞ വാഹനം പുറകോട്ടുപോകുന്നതായി നമുക്കു തോന്നാറുണ്ട്. 80 കിലോമീറ്റർ വേഗതയിൽ പോകുന്ന നമ്മുടെ വാഹനം 100 കിലോമീറ്റർ വേഗത്തിൽ പോകുന്ന ട്രെയിനിന് സമാന്തരമായി പോയാലും നമ്മുടെ വാഹനം പുറകോട്ടു പോകുന്നതുപോലെ തോന്നും. ഇങ്ങിനെ സൂര്യനു ചുറ്റും പ്രദക്ഷിണം വെക്കുന്ന ഗ്രഹങ്ങൾ നിരന്തരം മുന്നോട്ടാണ് പോകുന്നതെങ്കിലും ഭൂമിയിൽ നിന്നു നോക്കുമ്പോൾ ഭൂമിയുടെ പല ദിക്കുകളിലായി നിൽക്കുന്ന ഗ്രഹങ്ങൾ മുമ്പോട്ടുപോകുന്ന വേളയിലും ആപേക്ഷികമായി ചിലവ പുറകോട്ടു പോകുന്നതായി കാണാം. ഇത് ആപേക്ഷികമാണെങ്കിലും കൃത്യമായി ഗണിച്ചെടുക്കാം. വരാഹമിഹിരാചാര്യൻ അതിഗഹനമായ ഗണിതത്തിലൂടെ പഞ്ചസിദ്ധാന്തികയിൽ ഇതെല്ലാം വിവരിക്കുന്നുണ്ട്. ജ്യോതിഷത്തിൽ ഇപ്രകാരം പുറകോട്ടു പോകുന്ന ഗ്രഹങ്ങൾക്ക് ബലം കൂടുതലാണ് എന്നു പറയാറുണ്ട്. അതിനാൽ വക്രത്തിലുള്ള (റിട്രോഗ്രഷനിലുള്ള) ഗ്രഹങ്ങൾ കൂടുതൽ സത്ഫലങ്ങൾ പ്രദാനം ചെയ്യുമത്രെ. മറ്റൊരു വീക്ഷണപ്രകാരം വക്രത്തിലുള്ള ഗ്രഹങ്ങൾ അവയുടെ ഉച്ചക്ഷേത്രത്തിന്റെ ദിശയിലേക്കാണ് പുറകോട്ടു പോകുന്നതെങ്കിൽ കൂടുതൽ ഫലപ്രദമാണെന്നും, വക്രചലനം നീചത്തിന്റെ ദിശയിലേക്കാണെങ്കിൽ വലിയ പ്രയോജനമില്ലെന്നും വിവരണമുണ്ട്. ഉദാഹരണത്തിന്, ഭൂമിയിൽ നിന്നു നോക്കുമ്പോൾ കർക്കിടകത്തിൽ നിൽക്കുന്ന ശനി വക്രത്തിലായി മിഥുനത്തിലേക്കു കടക്കുകയാണെങ്കിൽ ശനിയുടെ നീചക്ഷേത്രമായ മേടത്തിന്റെ ദിശയിലേക്കാണല്ലോ പ്രയാണം. ഈ വക്രത്തിലുള്ള ശനിയുടെ വക്രച

ലനം ഒരു പ്രയോജനവും ജാതകന് ചെയ്യില്ലത്രെ. അതേസമയം ധനുവിലുള്ള ശനി, ഭൂമിയിൽ നിന്നു നോക്കുമ്പോൾ വക്രത്തിലായി വൃശ്ചികത്തിലേക്കു ചലിക്കുന്നുവെങ്കിൽ ആ സഞ്ചാരം ശനിയുടെ ഉച്ചക്ഷേത്രമായ തുലാത്തിന്റെ ദിശയിലേക്കാണ്. ഈ വക്രം നല്ല ഫലം തരുമെന്നു ചുരുക്കം. ഇത് എല്ലാ ഗ്രഹങ്ങൾക്കും ബാധകമായ നിയമമാണ്.

**ആഴ്ചഫലം / വാരഫലം മാസഫലം അൽപംകൂടി**

ഇതെല്ലാം പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചു വരുന്നതിന്റെ അടിസ്ഥാനം **ഗ്രഹചാരം** അഥവാ **ഗോചരം,** ഗോചാരം എന്നു പറയുന്നതിന്റെ അടിസ്ഥാനത്തിലാണ്. ജാതകപ്രകാരം ചന്ദ്രൻ എവിടെ നിൽക്കുന്നു എന്നുനോക്കി ലഗ്നം ഗണിച്ച് ഒന്നാം ഭാവം കണ്ടതുപോലെ, ചന്ദ്രസ്ഥാനം സ്ഫുടം ചെയ്ത് ചന്ദ്രലഗ്നം അഥവാ ചന്ദ്രകൂറ് കാണണം. 15 ഡിഗ്രി മുമ്പോട്ടും പുറകോട്ടും എടുക്കുന്നതാണ് ചന്ദ്രലഗ്നം 1-ാം ഭാവം. ഇനി ആ ഭാവത്തിൽ നിന്ന് മറ്റു ഭാവങ്ങൾ ഗണിച്ചെടുത്ത് 2, 3, 4 ഭാവങ്ങളിലെത്തണം. അത് വളരെ എളുപ്പമുള്ളതെല്ലെന്നു സൂചിപ്പിച്ചു. അതിനാൽ അശ്വതി, ഭരണി, കാർത്തികക്കാല് വരുന്ന നക്ഷത്രക്കാരന് അത് ചന്ദ്രാൽ 1-ാം ഭാവമെന്നു എടുക്കുക. അപ്പോൾ ഇടവം രാശി 2-ാം ഭാവം, മിഥുനം, കർക്കിടകം, ചിങ്ങം.... യഥാക്രമം 3, 4, 5, 6 തുടങ്ങിയ ഭാവങ്ങളായി മാറും.

ഇനിയും ശ്രദ്ധിക്കുക. പുണർതം അവസാനപാദത്തിൽ ¼ ഭാഗത്തിലും പൂയം, ആയില്യം നക്ഷത്രങ്ങളിലും ജനിക്കുന്ന വ്യക്തിയുടെ ചന്ദ്രൻ കർക്കിടകത്തിൽ സ്ഥിതി ചെയ്യുന്നു. അതായത് കർക്കിടകം രാശി ചന്ദ്രാൽ 1-ാം ഭാവം; ചിങ്ങം, കന്നി, തുലാം, വൃശ്ചികം..... ചന്ദ്രാൽ 2, 3, 4, 5... ഭാവങ്ങൾ ആയിവരുമെന്നറിയുക. **ഗ്രഹചാരം** എന്നാൽ ജാതകത്തിലെ ചന്ദ്രനെ മാത്രമെടുത്ത് അതാതു ആഴ്ചകളിലെയും മാസത്തിലേയും ഗ്രഹസ്ഥിതിയുമെടുത്തുള്ള ഗണിച്ചെടുക്കലാണ്. ഗ്രഹചാരമെന്ന വാക്കിന്റെയർത്ഥം ഗ്രഹങ്ങളുടെ ചലനമെന്നാണ്. കൂടുതൽ വിവരണം നൽകിയിരിക്കുന്നത് പരിശോധിക്കുക.

ചന്ദ്രൻ നിൽക്കുന്ന ജന്മക്കൂറിൽ നിന്ന് (രാശിയിൽ നിന്ന്) എണ്ണിത്തുടങ്ങിയാൽ 3, 6, 10, 11 എന്നീ ഭാവങ്ങളിൽ (രാശിയിൽ) സൂര്യൻ ഗ്രഹചാരപ്രകാരം വന്നാൽ നല്ലഫലമായിരിക്കും. ബാക്കിയുള്ളത് നന്നല്ല. ജന്മക്കൂറിന്റെ 1, 3, 6, 7, 10, 11 ൽ ചന്ദ്രൻ വന്നാൽ നല്ല ഫലമായിരിക്കും ബാക്കി രാശികളിൽ ശുഭകരമല്ല. ജന്മക്കൂറിന്റെ (ചന്ദ്രൻ നിൽക്കുന്ന രാശിയുടെ) 3, 6, 11 രാശിയിൽ (ഭാവത്തിൽ / കുജൻ വന്നാൽ ജാതകന് ശുഭകരമാണ്. ജന്മക്കൂറിന്റെ 2, 4, 6, 8, 10, 11 ഭാവങ്ങളിൽ ബുധൻ വന്നാലും 2, 5, 7, 9, 11 ഭാവങ്ങളിൽ ഗുരു വന്നാലും, 1,



Scanned with CamScanner

2, 3, 4, 5, 8, 9, 11, 12 ഭാവങ്ങളിൽ ശുക്രൻ വന്നാലും 3, 6, 11 ൽ ശനി വന്നാലും ജാതകന് നല്ലതാണ് മറ്റെല്ലാ ഭാവങ്ങളിലും അതാതുഗ്രഹം വന്നാൽ ആ കാലയളവിൽ (ആഴ്ചയിൽ) നല്ലതല്ല. മറ്റൊരർത്ഥത്തിൽ ആ സമയത്ത് അത് നല്ലതല്ല എന്നു പറയാം.

ചന്ദ്രക്കൂറിന്റെ അടിസ്ഥാനത്തിൽ ഇങ്ങിനെ ഗണിച്ചെടുക്കുന്നത് താൽക്കാലികമായ ചില ഗുണദോഷ ഫലങ്ങൾ മാത്രമാണ്. ഇവയ്ക്ക് ജീവിതത്തിൽ ഏറെ പ്രാധാന്യമില്ല. ആ വ്യക്തി നല്ല ദശാകാലമാണ് അനുഭവിക്കുന്നതെങ്കിൽ ഗ്രഹചാരപ്രകാരമുള്ള വാരഫലവും മാസ ഫലവും ഗുണദോഷകരമാണെങ്കിൽപോലും അറിയുകയേയില്ല. ദശ പ്രകാരം ജാതകൻ മോശമായ കാലത്തിലൂടെയാണ് കടന്നുപോകുന്ന തെങ്കിൽ ഗ്രഹചാരപ്രകാരം (ഗോചാരപ്രകാരം) ഉണ്ടാകുന്ന ഗുണങ്ങളും അനുഭവിക്കാൻ പറ്റാതെ പോകും. ഇതാണ് വാരിക/ മാസിക ഫല ത്തിന്റെ അടിസ്ഥാനം.

**ഏഴരശനിയുടെ ഗ്രഹചാരദോഷം**

ഏഴരശനിയെന്നു പറഞ്ഞു കേൾക്കാറുണ്ടല്ലോ. ശനിഗ്രഹം ഒരു പ്രാവശ്യം രാശിചക്രത്തിലൂടെ തിരിയുന്നതിന് 29½ വർഷമാണ് വേണ്ടത്. അതുതന്നെയാണ് ശനി, സൂര്യനും ചുറ്റും പ്രദക്ഷിണം വയ്ക്കുന്ന കാലം എന്നത്. അതായത് ശനി ഒരു രാശിയിൽ 29½ ÷ 12 വർഷം സ്ഥിതി ചെയ്യും. അത് ഏകദേശം 2½ വർഷമാണ്. ജാതക ത്തിൽ ശനി ചന്ദ്രന്റെ കൂറിൽ, ചന്ദ്രൻ നിൽക്കുന്ന രാശിയിൽ 2½ വർഷ ക്കാലം, ചന്ദ്രൻ നിൽക്കുന്ന രാശിയുടെ 2-ാം ഭാവത്തിൽ 2½ വർഷ ക്കാലം, ചന്ദ്രൻ നിൽക്കുന്ന രാശിയുടെ 12 ഭാവത്തിൽ 2½ വർഷക്കാ ലം (മൂന്നും ചേർന്നാൽ 7½ വർഷം) നിൽക്കുന്നതിനെയാണ് (പ്രദ ക്ഷിണം ചെയ്യുന്ന വേളയിൽ കടന്നുപോകുന്നതെന്നർത്ഥം) 7½ ശനി യെന്നുപറയുന്നത്. 7½ എന്നത് ഏഴര വർഷത്തെയാണ് സൂചിപ്പിക്കു ന്നത്.

ഇത് ഗ്രഹചാരപ്രകാരം കാണാവുന്നതാണ്. അശ്വതി നക്ഷത്രക്കാ രന് മേടത്തിലോ, ഇടവത്തിലോ മീനത്തിലോ ഗ്രഹചാരമായി (കറ ങ്ങിക്കൊണ്ടിരിക്കുന്ന) ശനി വരുമ്പോൾ അത് 7½ ശനിയെന്നു പറയു ന്നു. അതായത് അശ്വതി നക്ഷത്രകാരന്, ശനി സൂര്യപ്രദക്ഷിണം ചെയ്യുന്ന വേളയിൽ കുംഭം രാശിയിൽ നിന്ന് മീനം രാശിയിലേക്ക് കട ന്നാൽ മീനം രാശിയിൽ ശനി 2½ വർഷമുണ്ടാകും. അതുകഴിഞ്ഞ് ശനി ചന്ദ്രാൽ 1-ാം ഭാവമായ (അശ്വതികാരന്) മേടം രാശിയിൽ കടന്ന് അവി ടേയും 2½ വർഷമുണ്ടാകും. മേടത്തിൽ നിന്ന് ശനി അശ്വതിക്കാരന്റെ രണ്ടാം ഭാവമായ ഇടവത്തിലേക്ക് കടന്നാൽ അവിടേയും 2½ വർഷമു



Scanned with CamScanner

ണ്ടാകും. അതായത് ചന്ദ്രാൽ 12,1, 2 ഭാവങ്ങളിൽ മൊത്തം 7½ വർഷം ശനി ഗ്രഹചാരത്തിലൂടെ വരുന്നത്. അത് ജാതകത്തിലെ ചന്ദ്രസ്ഥാനം നോക്കിയും പഞ്ചാംഗത്തിൽ ശനിയുടെ സ്ഥാനം അതാതു കാലത്തിൽ നോക്കിവേണം 7½ ശനിയെക്കുറിച്ചു പറയാൻ.

ഇവിടെ വാരഫലമെഴുതുന്നവർക്ക് ജാതകം നോക്കാതെ ഫലം പറയാൻ സാധിക്കുന്നു. അശ്വതി-ഭരണി-കാർത്തിക ¼ ലുള്ളവന്റെ കൂറ് മേടമാസമാണെന്നറിയാം. മേടത്തിൽ ആ ആഴ്ചയിൽ അല്ലെങ്കിൽ മാസത്തിൽ വരുന്ന ഗ്രഹങ്ങളും, മേടം മുതൽക്ക് കറങ്ങി മീനം വരെയുള്ള രാശികളിൽ വരുന്ന ഗ്രഹങ്ങളും നോക്കി ഗ്രഹങ്ങൾ ഇന്ന ഇന്ന ഭാവത്തിൽ വരുമ്പോൾ എന്തുസംഭവിക്കുമെന്ന്, പഠിച്ചതിൽ നിന്ന് പറഞ്ഞാൽ മതിയല്ലോ. വാരഫലം വായിക്കുന്നവർക്ക് അവരുടെ നക്ഷത്രവും അതിൽ നിന്ന് ആഴ്ചപ്പതിപ്പിൽ കൊടുത്തിരിക്കുന്ന കൂറും നോക്കി മനസ്സിലാക്കാനാവും. ഹോട്ടലിൽ മസാലദോശക്ക് ഓർഡർ കൊടുക്കുന്നതുപോലെ, വേണ്ടത് ആ വിഭവമാണെങ്കിൽ അതുണ്ടാക്കി നമ്മുടെ മുന്നിൽ വച്ചുതരും. അതുണ്ടാക്കാനായി എന്തെല്ലാമാണ് ഹോട്ടലുടമസ്ഥനും പാചകക്കാരനും ചെയ്തതെന്ന് തിന്നുന്നയാളറിയേണ്ടതില്ല. ഹോട്ടലുടമയുടേയും പാചകക്കാരന്റേയും ജോലി ഗ്രഹചാര വാര/മാസഫലം കണക്കാക്കുന്ന ജ്യോതിഷൻ ചെയ്തുകൊള്ളും. സപ്ലയറുടെ ജോലി മാസികയും വാരികയും ചെയ്തുകൊള്ളും (കളിയാക്കിയതല്ല)

പക്ഷേ ജാതകം നോക്കി കാര്യങ്ങൾ പ്രവചിക്കുന്നതിനോട് ഇതു താരതമ്യം ചെയ്യാനേ സാധിക്കില്ല. ചന്ദ്രൻ സ്ഥിതി ചെയ്യുന്ന ചന്ദ്രലഗ്നം അഥവാ ചന്ദ്രക്കൂറിനെ ആധരമാക്കി കറങ്ങുന്ന ഗ്രഹങ്ങൾ ഭാവങ്ങളിൽ/ രാശികളിലൂടെ കടന്നുപോകുമ്പോൾ ഈ ചന്ദ്രലഗ്നവുമായി ബന്ധപ്പെട്ടിരിക്കുന്നതിനെ അതാതു കാലയളവിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഗ്രഹങ്ങൾ അതുകടന്നുപോകുന്ന വേളയിൽ മാത്രം സ്വാധീനിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ ആഴ്ചപതിപ്പിലും മാസികയിലുമുള്ള പ്രവചനം. ഇതു ശരിയല്ലെന്നു പറഞ്ഞാലും പ്രയോഗത്തിലുണ്ടെന്ന വസ്തുതയാണ്.

### ഏഴരശനിയുടെ ഗുണദോഷങ്ങൾ

കഴിഞ്ഞ പേജുകളിൽ വിവരിച്ച ഏഴരശനിയുടെ ഗുണദോശഷങ്ങളെന്താണെന്നറിയേണ്ടേ. വിദേശവാസം, സ്ഥാനചലനം, സ്വജനങ്ങളുടെ വിരോധം, ധനനഷ്ടം, മാനഹാനി, ദാരിദ്ര്യം, നിരാശ എന്നിവയെല്ലാം ഉണ്ടാകും. എന്നാൽ ചില ദോഷങ്ങൾ നല്ലതായി ഭവിക്കും. ഉദ്യോഗത്തിനായി വിദേശവാസം, എന്നാൽ ഏഴരശനിയിൽ ജന്മരാശിയിൽ 2½



Scanned with CamScanner

വർഷം ശനി നിൽക്കുമ്പോഴാണ് ഏറ്റവും വിഷമതയുണ്ടാകുക. 7½ ശനിയിൽ ഏറ്റവും വിഷമത കുറഞ്ഞ കാലഘട്ടം എന്നത് 7½ വർഷത്തിലെ അവസാനത്തെ 2½ വർഷവും.

**കണ്ടകശനിയുടെ പ്രശ്നം**

കണ്ടകശനിയെന്നു പറഞ്ഞാൽ ചന്ദ്രന്റെ കണ്ടകസ്ഥാനത്ത് അഥവാ കേന്ദ്രസ്ഥാനത്ത് 4, 7, 10 ൽ ശനി കടന്നുപോകുന്ന 2½ വർഷങ്ങൾ വീതമാണ്. കണ്ടകശനിയും വിഷമകരമായ അവസ്ഥ നൽകുമത്രെ.

കണ്ടക ശനിയിൽ നാലാം ഭാവത്തിൽ ശനി സഞ്ചരിക്കുന്ന രണ്ടര വർഷം; കണ്ടകസ്ഥാനം കേന്ദ്രസ്ഥാനമായതിനാൽ അത് ഒരു വ്യക്തിയുടെ മാതാവ്, തറവാട്, കുലത്തൊഴിൽ എന്നിവയെല്ലാം പ്രതിനിധീകരിക്കുന്ന നാലാം ഭാവത്തിലും, അതേപ്രകാരം ജീവിതത്തിന്റെ ആശ്രയമായി ഭാര്യ/ഭർത്യ/പങ്കാളിയുടെ ഭാവമായ 7-ാം സ്ഥാനത്തും 10-ാം ഭാവമായ കർമ്മസ്ഥാനത്തിന്റെ വഴിയായ ഉപജീവനത്തിലും കേന്ദ്രീകരിച്ചിരിക്കുന്നു. ഇതിൽ ചന്ദ്രാൽ നാലാം ഭാവത്തിൽ ശനി നിന്നാൽ ശനിയുടേതായ എല്ലാ പ്രശ്നങ്ങളും നാലാം ഭാവത്തിനുണ്ടാകും. അതേപ്രകാരം 7-ാം ഭാവത്തിൽ ശനി 2½ വർഷം ചരിച്ചുകൊണ്ടിരുന്നാൽ ആ ഭാവത്തിന് അതിന്റേതായ ദോഷങ്ങളുണ്ടാകും. അതേപ്രകാരമാണ് 10-ാം ഭാവത്തിന് ശനിയുടെ ഗ്രഹചാരം അഥവാ ഗോചരം കൊണ്ട് സംഭവിക്കുന്നത്. (ഇവിടെ ലഗ്നത്തെ ആധാരമാക്കിയല്ല, ചന്ദ്രനെ ആധാരമാക്കിയാണ് ഭാവം വിവരിക്കുന്നത്)

വളരെ രസകരമായ ഒരു കാര്യം ശനി 12, 1, 2 ഭാവങ്ങളിൽ കടന്നുപോകുമ്പോൾ 7½ ശനി. 4, 7, 10 ഭാവങ്ങളിലൂടെ കടന്നുപോകുമ്പോൾ കണ്ടകശനിയെന്ന് ഓർമ്മിക്കുക. ജാതകത്തിൽ ശനി ഉച്ചത്തിലും നല്ല സ്ഥാനത്തും ലഗ്നാധിപനായും നിന്നാൽ ഈ 7½ ശനിയും കണ്ടകശനിയുമൊന്നും വലിയ പ്രശ്നക്കാരല്ലെന്നും ഓർമ്മിക്കണം.

ഇതെല്ലാം സയൻസുപരമായ വിശകലനം ചെയ്താൽ ഒരെത്തും പിടിയും കിട്ടുകയില്ല, കാരണം ഇത്ര വർഷങ്ങൾക്കു മുമ്പ് ജനിച്ച വ്യക്തിയിൽ അന്ന് ചന്ദ്രനെവിടെയുണ്ടായിരുന്നുവോ അതിന്റെ 4, 7, 10 ഭാവങ്ങളിലൂടെ ഇന്നു ശനി പോയാൽ അയാൾക്ക് കണ്ടകശനിയുടെ ദോഷമുണ്ടാകുമെന്നും, 12, 1, 2 ഭാവങ്ങളിലൂടെ ശനി 7½ വർഷംകൊണ്ടു കടന്നുപോകുമ്പോൾ 7½ ശനിയുടെ ദോഷമുണ്ടാകുമെന്നും പറഞ്ഞാൽ അതിനു സയൻസിന് ഉത്തരമുണ്ടാകില്ല. ജാതകൻ ജനിച്ച സമയത്ത് ചന്ദ്രനുണ്ടായിരുന്ന ഭാവത്തിന്റെ 4, 7, 10 ഭാവങ്ങളിലുള്ള വർക്ക് മാത്രമേ ഈ കണ്ടക പ്രശ്നമുണ്ടാകൂ എന്നും തൊട്ടടുത്ത നാളുകളിൽ ജനിച്ചവന് ഒരു പ്രശ്നവുമുണ്ടാകില്ലെന്നും പറയുന്നത് സയൻസിന് എങ്ങിനെ



Scanned with CamScanner

വിവരിക്കാൻ സാധിക്കും. ഭൂമിയിലുള്ളവരെ അവരുടെ നക്ഷത്രമനുസരിച്ച് തെരഞ്ഞെടുത്ത് ആ വ്യക്തികൾക്ക് 7½ ശനിയും വേറെ കുറേ പേർക്ക് കണ്ടകശനിയും മറ്റു കുറേ പേർക്ക് ഒരു പ്രശ്നവും ചെയ്യാത്ത ശനിയും എന്നതിൽ നിന്ന് സയൻസ് പിന്മാറും. പിന്നെയെങ്ങിനെയാണ് ഈ സംഭവത്തെ ന്യായീകരിക്കുക എന്നെന്നോടു ചോദിച്ചാൽ കൃത്യമായ ഒരുത്തരം പറയാനുണ്ട്. "എനിക്കറിഞ്ഞുകൂടാ".

ജാതകത്തിന്റെ പ്രവചനത്തിൽ സയൻസിനോ, ശാസ്ത്രയുക്തിക്കോ ശാസ്ത്ര ബുദ്ധിക്കോ, കാര്യമായിട്ടൊന്നും പറയാനില്ല. അനുഭവത്തിലൂടെ കണ്ടതാണ് എഴുതുന്നതെന്നാണ് പൂർവീകർ പറയുന്നത്. അല്ലെങ്കിൽ സാധനയിലൂടെ/യോഗയിലൂടെ അവർ ഉപാസിച്ചപ്പോൾ അവരുടെ മസ്തിഷ്കത്തിലുദിച്ചത് അവരെഴുതിവച്ചു. ഒരു വലിയ കാര്യംകൂടി നമ്മുടെ ആചാര്യന്മാർ എഴുതാതിരുന്നു. ഇതെല്ലാം ജീവിതത്തിൽ പകർത്തിയെ മതിയാകൂ എന്നവരെഴുതിയില്ല. ഇതെല്ലാം ജീവിതത്തിന്റേയും ആചാരനുഷ്ഠാനങ്ങളുടേയും ഭാഗമാക്കിയില്ലെങ്കിൽ ദൈവം കോപിക്കുമെന്നുമെഴുതിയില്ല. ഇങ്ങിനെയൊക്കെ ജീവിച്ചവൻ മാത്രമേ ഭാരതീയനും സനാതനധർമ്മ വിശ്വാസിയുമാവുകയുള്ളൂ എന്നുമവർ സൂചിപ്പിച്ചില്ല. ഇതാണ് നമ്മുടെ ഋഷിമാരുടെ മഹത്വം. വേണമെന്നുള്ളവർ സ്വീകരിക്കുക, വേണ്ടാത്തവർ സ്വീകരിക്കേണ്ട. സ്വീകരിച്ചാലും ഇല്ലെങ്കിലും നമ്മുടെ പൈതൃകത്തിനൊന്നും സംഭവിക്കില്ല.

**ജ്യോതിഷത്തിനെതിരായ വിമർശനം**

ചാണക്യനെപോലയുള്ളവരും ചാർവാക ശൃംഖലയിൽപെട്ട എല്ലാ ഋഷിമാരും ജ്യോതിഷത്തെ ഒരേപോലെ അതിനിശിതമായി വിമർശിച്ചിരുന്നു. ശ്രീരാമന്റേയും സീതയുടേയും വിവാഹപ്പൊരുത്തം നോക്കിയത് വസിഷ്ഠനാണ്. അതൊരുത്തമ ജാതകപ്പൊരുത്തമാണെന്ന് പറഞ്ഞുമിരുന്നു. എന്നിട്ടും രണ്ടുപേരും സ്വസ്ഥമായി ജിവിച്ച ലക്ഷണമില്ല. കുരുക്ഷേത്രഭൂമിയിൽ തളർന്നിരുന്ന അർജ്ജുനൻ "നിമിത്താനി ച പശ്യാമി വിപരീതാനി കേശവ: = അനവധി വിപരീതങ്ങളായ ശകുനങ്ങൾ ഞാൻ കാണുന്നു". എന്നു ശ്രീകൃഷ്ണനോട് പറഞ്ഞത് പൂർണമായും അവഗണിച്ചാണ് കൃഷ്ണൻ ജ്ഞാനയോഗം അർജ്ജുനന് വിവരിച്ചുകൊടുത്തത്. ശ്രീകൃഷ്ണനും, പാണ്ഡവരും, ആരും വിവാഹം കഴിച്ചതും ജാതകം നോക്കിയില്ല. നമ്മുടെ പുരാണങ്ങളിലും ഇതിഹാസങ്ങളിലും ജാതകത്തിന് വലിയ പ്രാധാന്യമൊന്നും കൊടുത്തിട്ടില്ല. പുരാണ കഥാപാത്രങ്ങളും ഇതിഹാസ പുരുഷന്മാരും സുഖദുഃഖങ്ങളനുഭവിക്കുമ്പോൾ അത് ശുക്രദശയാണെന്നോ കണ്ടകശനി



Scanned with CamScanner

യാണെന്നോ പറഞ്ഞിട്ടുമില്ല. യുദ്ധത്തിൽ ജയിക്കാൻ നല്ലദിവസം യുദ്ധ മാരംഭിക്കണമെന്ന് ഒരു രാജാവും പറഞ്ഞതുമായി ചരിത്രരേഖകളില്ല. സത്കർമ്മങ്ങൾ, യാഗങ്ങൾ, വിവാഹം, ഗൃഹപ്രവേശം എന്നിവക്ക് നല്ല സമയം നോക്കണമെന്നേ പറഞ്ഞിട്ടുള്ളൂ. നോക്കിയേ തീരൂ എന്നു ശഠി ച്ചിട്ടില്ല. ആ സമയ വിശകലനം ജ്യോതിർഗോളങ്ങളുടെ ഭ്രമണ പ്രദ ക്ഷിണങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു എന്നുമാത്രം. അതുകൊണ്ട് ജാതകത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചേ ജീവിക്കാവൂ എന്നൊന്നു മില്ല. ജാതകമേയില്ലാത്ത ജനകോടികൾ ഭാരതത്തിലുണ്ട്.

ജാതകത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യുന്നവർ ലോക ത്തിൽ 1 ശതമാനം പോലുമില്ല. അത്രക്കും കുറച്ചു മാത്രം സ്വാധീന മുള്ള ജാതകത്തിൽ വിശ്വസിക്കുന്നവരുപോലും എന്തെങ്കിലും ജീവിത പ്രശ്നങ്ങളുണ്ടാകുമ്പോൾ മാത്രമാണ് ജ്യോതിഷിയുടെ അടുത്തുപോ കുന്നത്. എല്ലാവരും എല്ലായിപ്പോഴും ഡോക്ടറുടെ അടുത്തേക്ക് പോകില്ലല്ലോ. പ്രശ്നങ്ങളുണ്ടാകുമ്പോൾ മാത്രമാണ് പോകാറുള്ളത്. അതുപോലെയാണ് ജ്യോതിഷവും വാസ്തുവുമെല്ലാം അത്യാവശ്യവേ ളയിൽ അത്യാവശ്യക്കാർ അന്വേഷിക്കുന്നു എന്നുമാത്രം.

ജാതകത്തിന് വളരെ സങ്കീർണമായ മറ്റൊരു പ്രശ്നം കൂടിയുണ്ട്. ഈ പുസ്തകത്തിന്റെ ആദ്യഭാഗത്തിൽ സൂചിപ്പിക്കുകയുണ്ടായി, സമയം വളരെ കൃത്യമായി ലഭിച്ചാലെ ജാതകരചന നന്നായി നടത്താൻ സാധിക്കൂ എന്ന്. മറ്റൊരർത്ഥത്തിൽ ജാതകരചനക്കായാലും കമ്പ്യൂ ട്ടർ ജാതകഗണനക്കായാലും സമയം കൃത്യമായിരിക്കണം. ആ സമയ ത്തിന്റെ അടിസ്ഥാനത്തിലാണ് ലഗ്നം ഗണിക്കുന്നത്. അതിന്റെ അടി സ്ഥാനത്തിലാണ് ചന്ദ്രസ്ഥിതി ഗണിക്കുന്നത്. ഇവയുടെ രണ്ടിന്റേയും അടിസ്ഥാനത്തിലാണ് ഭാവിനിരൂപണവും നക്ഷത്രഭാവവും ഗണിച്ചെ ടുത്ത് ദശാപഹാരനിരൂപണവും നടത്തുന്നത്. അതിനാൽ സമയം വളരെ കൃത്യമായിരിക്കണമെന്നു പറയാറുണ്ട്. പക്ഷേ ലോകത്തിലെ ഏതു സൂപ്പർ ക്ലോക്ക് എടുത്തുവച്ചാലും കൃത്യസമയമെന്നൊന്നില്ല. ജ്യോതിഷത്തിലെ ജന്മസമയനിർണ്ണയ നിർദ്ദേശങ്ങൾ അഞ്ചുതരത്തി ലുണ്ട് എന്നു പറഞ്ഞുവല്ലോ. ഈ അഞ്ചു നിർദ്ദേശങ്ങളുടെ അടിസ്ഥാ നത്തിലേതെങ്കിലും ഒന്നെടുത്താണ് ശിശുവിന്റെ ജനനസമയമെടുക്കു ന്നത്. ഒന്നാമത്തേത് ശീരോദർശനം, പിന്നെ രോദനം (കരയുന്നസമ യം) കടീബന്ധനഛേദനം (പൊക്കിൾകൊടി മുറിക്കുന്നത്) ഭൂസ്പർശനം (ഭൂമിസ്പർശിക്കുന്നത്) പിന്നെ ഒരിക്കലും സാധിക്കാ ത്തതായ അച്ഛന്റെ ബീജവും അമ്മയുടെ അണ്ഡവും ഗർഭപാത്രത്തിൽ ചേരുന്ന സമയം എടുക്കണം. ഈ അഞ്ചും, പ്രത്യേകിച്ച് ആദ്യം വിവ



Scanned with CamScanner

രിച്ച നാലും തമ്മിൽ കുറച്ചൊക്കെ വ്യത്യാസമുണ്ടാകുമെന്നതാണ് സത്യം. അതുകൊണ്ട് സമയം കൃത്യമായിട്ടെടുക്കണമെന്നതുതന്നെ അപ്രായോഗികമാണ്. അതുകൊണ്ടുതന്നെ ഭാവഗണനയിൽ വ്യത്യാസമുണ്ടാകും, ഗർഭശിഷ്ടദശ ഗണിക്കുന്നതിലും വ്യത്യാസമുണ്ടാകും. കമ്പ്യൂട്ടർ ഗണനയിലും മാറ്റം വരും. അതുകൊണ്ട് 99% ജാതകഗണനയും കൃത്യമാകുമെന്ന് പറയാനേ സാദ്ധ്യമല്ല. അത്രക്കും കൃത്യതയില്ലെങ്കിൽ ഉള്ളതുമായി മുന്നോട്ടു പോകാനേ സാധിക്കൂ എന്നു വെച്ചാൽ മതി. അതിന്റെ കുറവും കൂടുതലുമുണ്ടാകും.

**സിസേറിയൻ പ്രസവം**

ആധുനീക കാലഘട്ടത്തിൽ സർവസാധാരണമായിരിക്കുന്ന സിസേറിയൻ പ്രസവത്തിന് മേൽപറഞ്ഞ നാലു സമയവും അനുയോജ്യമാകില്ല. പലപ്പോഴും അവനവന് അനുയോജ്യമായ ദിവസം, നല്ല നക്ഷത്രത്തിൽ സിസ്സേറിയൻ നടത്തുന്നതുപോലും സാധാരണ സംഭവമായിത്തീർന്നിരിക്കുന്നു. ഇവിടെ മനുഷ്യന്റെ ഇച്ഛാനുസാരം ശിശുവിന്റെ ജനന സമയം തീരുമാനിക്കുന്നു. പ്രകൃതി തെരഞ്ഞെടുക്കുന്ന സമയമല്ല എന്നതുതന്നെ അയോഗ്യതക്കു കാരണമാകുന്നു. സാധാരണ ജ്യോതിഷികൾ ഇതൊന്നും അന്വേഷിക്കാറില്ല. സമയം പറഞ്ഞാൽ അതനുസരിച്ച് ഗണിച്ചുകൊടുക്കും.

**വിദേശ ജനനം**

വളരെ ശരിയല്ലാത്ത മറ്റൊരു കാര്യം കൂടിയെഴുതട്ടെ! അമേരിക്കയിലും, യൂറോപ്പിലും, ഗൾഫ് രാജ്യങ്ങളിലും, ജനിക്കുന്ന കുട്ടികളുടെ ജാതകം പലരും എഴുതാറുള്ളത് അവിടത്തെ സമയത്തിന് തുല്യമായ ഇന്ത്യയിലെ സമയം കണക്കാക്കിയാണ്. ഇതു തെറ്റാണ് കാരണം അവിടെ ജനിച്ച ശിശുവിന്റെ ജാതകം അവിടത്തെ ലാറ്റിറ്റ്യൂഡും ലോഞ്ചിറ്റ്യൂഡും സമയവും അനുസരിച്ചാണ് ഗണിക്കേണ്ടത്. അവിടെ ഓരോ രാശിയുടേയും ദൈർഘ്യം കാര്യമായി വ്യത്യാസപ്പെട്ടിരിക്കും. അതുകൊണ്ട് കേരളത്തിൽ വരക്കുന്ന രാശിചക്രത്തിന്റെ ദൈർഘ്യമല്ല എടുക്കേണ്ടത്. അമേരിക്കയിലേയും കാനഡയിലേയും രാശികളിലോരോന്നിന്റേയും ദൈർഘ്യം വ്യത്യാസപ്പെട്ടിരിക്കുന്നു. ഇത് കമ്പ്യൂട്ടർ ജാതകത്തിൽ വളരെ ശ്രദ്ധയോടെ ചേർത്തുവേണം ഗണിച്ചെടുക്കാൻ.

ഉദാഹരണത്തിന് കേരളത്തിലെ വ്യത്യാസം മാത്രം നോക്കുക. മീനം രാശിയുടെ ദൈർഘ്യം ദക്ഷിണ കേരളത്തിൽ 4 നാഴിക 19 വിനാഴികയാണ്. ഉത്തരകേരളത്തിൽ 4 നാഴിക 14 വിനാഴികയാണ്. എന്നാൽ ധനുരാശി ഉത്തരദക്ഷിണ കേരളത്തിലൊരുപോലെയാണ്. 5 നാഴിക 21 വിനാഴിക. തുലാം രാശി മീനം രാശിയുടെ വിപരീതമാണ്. ദക്ഷിണ



Scanned with CamScanner

കേരളത്തിൽ കുറവും (5 നാഴിക 8 വിനാഴിക) ഉത്തരകേരളത്തിൽ (5 നാഴിക 13 വിനാഴിക) കൂടുതലുമാണ് ഈ രാശി ദൈർഘ്യ വ്യത്യാസം. ഭൂമദ്ധ്യരേഖയിൽ നിന്ന് മുകളിലേക്കും ചുവട്ടിലേക്കുമുള്ള ദേശങ്ങളിൽ, ഭൂമദ്ധ്യരേഖയിൽ നിന്ന് അകലം കൂടുന്തോറും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഉത്തര ധ്രുവത്തിലും ദക്ഷിണ ധ്രുവത്തിലും ചില രാശികൾ ഇല്ലാത്തതുപോലെയാണ്. മറ്റുചില രാശികൾക്ക് അസാമാന്യ ദൈർഘ്യവുമുണ്ടാകും. അതിന്റെ അടിസ്ഥാനത്തിൽവേണം എല്ലാ ഗ്രഹങ്ങളുടേയും സ്ഫുടം എടുക്കാൻ. അതെങ്ങിനെയാണ് ഗണിച്ചെടുക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. കമ്പ്യൂട്ടറിലൂടെ സാധിക്കുമെന്നറിയാം.

ഭാരതത്തിൽതന്നെ സൂര്യോദയം (ലഗ്നം) അസാധാരണമായ വ്യത്യാസം ഇന്ത്യൻ സ്റ്റാന്റേർഡു സമയപ്രകാരമുണ്ട്. തൃപുര-മിസോറാമിൽ സൂര്യോദയം 4 മണിക്കാണെങ്കിൽ, ഗുജറാത്തിൽ സൂര്യോദയം 6.20 നായിരിക്കും. ഇതും സങ്കീർമായ പ്രശ്നമാണ്. അതുകൊണ്ട് ഇന്ത്യൻ സ്റ്റാന്റേർഡു സമയത്തിലേക്ക് സമയം ഗണിച്ചെടുത്താലും പോരാ ലോക്കൽ സമയത്തിലേക്ക് മാറ്റണം. ഇത് ഒരു ഗണിതജ്ഞന് മാത്രമേ സാധിക്കൂ! മറ്റുള്ളവർക്ക് സ്വയം ചെയ്യാൻ ഏറെ ബുദ്ധിമുട്ടാണ്. നല്ല സോഫ്ട്വെയറുപയോഗിച്ച് കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഗണിച്ചെടുക്കുന്നത് എളുപ്പമാണ്. സ്വയം ഗണിച്ചെടുക്കുന്നതും കമ്പ്യൂട്ടർ സൂക്ഷ്മമായി ഗണിച്ചെടുക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടെന്നതും പ്രശ്നമാണ്.

ചില പഞ്ചാംഗങ്ങളിൽ നക്ഷത്രത്തിന്റെ ദൈർഘ്യം വ്യത്യാസപ്പെട്ടുകാണുന്നു. മാതൃഭൂമി/മനോരമ കലണ്ടറുകളിൽ നക്ഷത്രം കൊടുത്തിരിക്കുന്നതിന്റെ വലതുവശത്ത് ഉദയാൽപരം ആ നക്ഷത്രത്തിന്റെ ദൈർഘ്യമെഴുതിയിട്ടുണ്ട്. നക്ഷത്ര ദൈർഘ്യം യഥാർത്ഥത്തിൽ നിന്ന് വ്യത്യാസം വന്നാൽ അതനുസരിച്ച് ഗർഭശിഷ്ട ദശയിൽ വ്യത്യാസം വരും. അതിനനുപാതികമായി ബാക്കിയുള്ള ദശകളിലും ഈ വ്യത്യാസം പ്രകടമാകും.

എല്ലാ കലണ്ടറുകളിലും, പഞ്ചാംഗങ്ങളിലും അതാതു മാസം 1-ാം തീയതിയിലേയോ മലയാളമാസം 1-ാം തീയതിയിലേയോ രാശിചക്രം കൊടുത്തിട്ടുണ്ടാകും. അതിൽ ഗ്രഹങ്ങളുടെ ഡിഗ്രിയളവ് ലഭിച്ചാലേ സ്ഫുടംചെയ്ത് ഓരോ ഗ്രഹത്തിന്റെ സ്ഥിതി അറിയാൻ സാധിക്കൂ. വക്രത്തിലുള്ള ഗ്രഹം സ്ഫുടം ചെയ്തെടുക്കാൻ വലിയ വിഷമമാണ്.

**ഗ്രഹചാരം അഥവാ ഗോചരം**

ജാതകത്തിലെ സ്ഥിതിയനുസരിച്ചുള്ള ബലങ്ങളും ഫലങ്ങളും വില

യിരുത്തുന്നതിന് നാം ആശ്രയിക്കുന്നത് സംക്ഷിപതമായി എഴുതിയാൽ (1) ഗ്രഹങ്ങൾക്ക് സ്വതസിദ്ധമായുള്ള ബലം. (2) അതിന്റെ രാശിയുടെ ബലം (3) ഗ്രഹത്തിന്റെ ഉച്ചസ്ഥിതി, (4) മൂലക്ഷേത്രസ്ഥിതി (5-9) (6) കേന്ദ്രസ്ഥിതി. (7) ബന്ധുക്ഷേത്രസ്ഥിതി (8) വർഗോത്തമ സ്ഥിതി (9) ത്രികോണ സ്ഥിതി (10) അതിബന്ധുസ്ഥിതി (11) നീചസ്ഥിതി (12) ശത്രുക്ഷേത്ര സ്ഥിതി (13) ഈ ഗ്രഹത്തിന് മറ്റു ഗ്രഹങ്ങളുടെ ദൃഷ്ടി (14) മറ്റു ഗ്രഹങ്ങളുടെ യോഗം (15) യോഗം ചെയ്യുന്ന ഗ്രഹങ്ങളുടെ പ്രത്യേകത (16) പക്ഷബലവും കാലബലവുമുള്ള ഗ്രഹസ്ഥിതി.... (17) മൗഢ്യമില്ലാത്ത അവസ്ഥ (18) പാപകർത്തരിയോഗം വരാതിരിക്കുക ഇവയെല്ലാം ജാതകവിശകലനത്തിൽ പ്രത്യേകമായി ശ്രദ്ധിക്കാറുണ്ട്. അതാതുകാലത്ത് എന്തു സംഭവിക്കുമെന്നറിയുന്നതിന് പ്രധാന്യം കുറഞ്ഞ ഗ്രഹചാരഫലവും ചിലർ ചിലപ്പോൾ നോക്കാറുണ്ട്. ഏഴര ശനി കണ്ടകശനി എന്നിവപോലെയാണിത്.

**ഗ്രഹയോഗങ്ങൾ**

ഇനി ഗ്രഹയോഗങ്ങൾകൂടി വിശകലനം ചെയ്യണം. നല്ല ഗുണമുള്ള രണ്ടോ അതിൽ കൂടുതലോ വ്യക്തികളൊരുമിച്ച ചേർന്നാൽ അവർക്കു ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ എന്നുപറയുന്നത് ഓരോ ആൾക്കും ചെയ്യാൻ സാധിക്കുന്ന കാര്യത്തിന്റെ ആകത്തുകയല്ല. അതുപോലെ എതിർചേരിയിലോ, ബന്ധുക്കളായോ, സുഹൃത്തുക്കളായോ, ശത്രുക്കളായോ ഒത്തുചേരുന്നവർ ചെയ്യുന്ന കാര്യങ്ങളും അവരൊരുമിച്ചു ചെയ്യുന്ന കർമ്മങ്ങളുടെ ഫലങ്ങളും വ്യത്യാസമുണ്ടാകും. അതുപോലെയാണ് രണ്ടിൽ കൂടുതൽ ഗ്രഹങ്ങൾ ഒരേഭാവത്തിൽ വരുമ്പോൾ ലഭ്യമാകുന്ന ഫലങ്ങൾ. അതുകൊണ്ട് ഗ്രഹയോഗങ്ങൾ പ്രത്യേകം പഠിപ്പിക്കാറുണ്ട്.

**രണ്ടു ഗ്രഹങ്ങളുടെ യോഗം**

പ്രത്യേക ഗ്രഹയോഗഫലം നോക്കുക. എല്ലാം എഴുതിയറിയിക്കുവാൻ ബുദ്ധിമുട്ടാണ്. അതിതേജസ്വിയായ സൂര്യനിരിക്കുന്ന ഭാവത്തിൽ അഥവാ രാശിയിൽ ചന്ദ്രൻ വന്നാൽ ചന്ദ്രന്റെ പക്ഷബലം കുറയുന്നു; പണം കുറഞ്ഞവനായും, മാനസീകമായി തളർന്നവനായും തീരും. സൂര്യകുജയോഗത്തിൽ പ്രതാപശാലിയും ബലമുള്ളവനുമാകും, സൂര്യബുധയോഗത്തിൽ വിദ്വാനും സുന്ദരനുമാകും. സൂര്യഗുരുയോഗത്തിൽ ധർമ്മിഷ്ഠനും ഭരണാധികാരികളുടെ പ്രീതി നേടിയവനുമാകും, സൂര്യനും, ശനിയും ചേ'ർന്നാൽ ബുദ്ധിയില്ലാത്തവനായും പാപിയായും തീരും.......... ഇങ്ങനെ രണ്ടു ഗ്രഹങ്ങൾ ചേർന്നാൽ രണ്ടിന്റേയും ഫലങ്ങൾ ചേരുന്നിടമുണ്ട്. ഒന്നിന്റെ സാന്നിദ്ധ്യത്തിൽ മറ്റേഗ്രഹത്തിന്റെ



Scanned with CamScanner

സംഭാവന വിളങ്ങുന്ന ഇടമുണ്ട്. ഒന്നിന്റെ സാന്നിദ്ധ്യത്തിൽ രണ്ടാമത്തേത് തളർന്നുപോകുന്നിടമുണ്ട്. ഇത് വിലയിരുത്താൻ നല്ല തഴക്കവും പഴക്കവും വേണം.

**മൂന്നു ഗ്രഹങ്ങളുടെ യോഗം**

ഗ്രഹരാശിയുടെ പ്രാധാന്യം അറിയണമെങ്കിൽ നേരത്തെ പറഞ്ഞതുപോലെ വിശകലനം ചെയ്യണം. സൂര്യചന്ദ്രകുജയോഗം ധനവാനും, നന്മയുള്ളവനുമാകുന്നു, സൂര്യ - കുജ - ശുക്ര യോഗത്തിൽ ധനവാനും + സമുദായനായകനും + നേത്രരോഗിയുമായിരിക്കും. ഇപ്രകാരം അനവധി നേട്ടങ്ങളും കോട്ടങ്ങളും ത്രിഗ്രഹ യോഗത്തിലൂടെ വിവരിക്കാം. ഇവിടെയെല്ലാം നന്മതിന്മകൾ ഒരുമിച്ചു ചേരുന്നതാണ് വ്യക്തമായി കാണാൻ സാധിക്കുക. ഇതുപോലെ ചതുർഗ്രഹയോഗങ്ങളുണ്ട്, പഞ്ചഗ്രഹയോഗങ്ങളുമുണ്ട്.

ചന്ദ്രനുമായുള്ള പ്രത്യേക ദൃഷ്ടിയോഗം ഒരു ഗ്രഹത്തിന്റെ ഉച്ചക്ഷേത്രത്തിലിരക്കുന്ന ചന്ദ്രനെ ആ ഗ്രഹം തന്റെ നീചക്ഷേത്രത്തിൽ നിന്നുകൊണ്ട് വീക്ഷിച്ചാൽ അത്യുജ്ജ്വലഫലമാണുണ്ടാവുക. കുജന്റെ ഉച്ചക്ഷേത്രമായ മകരത്തിലുള്ള ചന്ദ്രനെ കുജൻ, തന്റെ നീചക്ഷേത്രമായ കർക്കിടകത്തിലിരുന്നു നോക്കിയാൽ അതിഗംഭീരമായ ഫലങ്ങളുണ്ടാകും. ഇത് ചന്ദ്രനെ സംബന്ധിച്ചിടത്തോളം ഏതുഗ്രഹം ഉച്ചനീചബന്ധത്തിലൂടെ നോക്കിയാലും ലഭിക്കും.

**പഞ്ചമഹായോഗങ്ങൾ**

ഗ്രഹയോഗങ്ങളിൽ ശ്രദ്ധേയമായ യോഗങ്ങളുണ്ട്. പഞ്ചമഹായോഗങ്ങളെന്നു പറയുന്നത് ജ്യോതിഷത്തിലെ അഞ്ച് യഥാർത്ഥ ഗ്രഹങ്ങളെ (പ്ലാനറ്റ്സ്) ആധാരമാക്കി പറയുന്നതാണ്. രുചകം എന്ന യോഗം, കുജനുമായി ബന്ധപ്പെടുന്നു. ഭദ്രം ബുധനും, ഹംസം വ്യാഴവും, മാളവം ശുക്രനും, ശരം ശനിയുമായി ബന്ധപ്പെട്ട പഞ്ചമഹായോഗങ്ങളാണ്.

ജന്മസമയത്ത് കുജൻ ലഗ്നത്തിന്റെ 1, 4, 7, 10 സ്ഥാനങ്ങളിലോ 5, 9, സ്ഥാനങ്ങളിലോ ഉച്ചത്തിലോ, സ്വക്ഷേത്രത്തിലോ നിന്നാൽ ഉണ്ടാകുന്ന രുചകയോഗം ശാരീരികവും, സാമ്പത്തീകവും, സ്വഭാവപരവുമായ ഗുണങ്ങളുണ്ടാക്കും. ബുധനാണ് ഇപ്രകാരം തന്റെ തന്നെ ഉച്ച/സ്വക്ഷേത്രത്തിൽ നിൽക്കുന്നതെങ്കിലുണ്ടാകുന്ന ഭദ്രയോഗത്തിൽ എല്ലാം മംഗളകരമായ അവസ്ഥയുണ്ടാകും.

ഇത് ഗുരുവിന് ഗുരുവിന്റെ ഉച്ചം തുടങ്ങിയവയിൽ മേൽപറഞ്ഞതുപോലെ വന്നാൽ അവനവനും ഭാര്യക്കും സർവതും തികഞ്ഞ അവസ്ഥയുണ്ടാകും. ശുക്രനാണിത് ശുക്രക്ഷേത്രത്തിൽ സംഭവിക്കുന്നതെ



Scanned with CamScanner

ങ്കിൽ അതിലൂടെ കല, ശൃംഗാരം, നൃത്തം, സംഗീതം തുടങ്ങിയവയി ലെല്ലാം കെങ്കേമനാകുകയും ചെയ്യുന്നു.

ശനിക്കാണീ അവസ്ഥ ശനിയുടെ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ വരു ന്നതെങ്കിൽ പോലീസിലോ പട്ടാളത്തിലോ ഭരണ സംവിധാനത്തിലോ ഉയർന്ന പദവിയുള്ളവനായും അനേകം ഭൃത്യന്മാരുള്ളവനായും തീരു ന്നു.

**അതിവിരളമായ ചക്രവർത്തിയോഗം**

തികച്ചും വിരളമായ ഒരു മഹായോഗംകൂടിയുണ്ട്. ചക്രവർത്തിക്കു തുല്യനാകുന്ന ഈ യോഗത്തിൽ 3, 5, 7, 9, 11 എന്നീ ഭാവങ്ങളിലായി കുജൻ, ബുധൻ, ഗുരു, ശുക്രൻ, ശനി എന്നീ ഗ്രഹങ്ങളുണ്ടാകണം. അതേക്രമത്തിൽ വേണമെന്നില്ല.

**നീചഭംഗരാജയോഗം**

ജാതകത്തിലിതുവരെ വിവരിച്ചതിൽ നിന്നു ഭിന്നമായ വിധത്തി ലൊരുവിവരണം വരുന്നത് നീചഭംഗരാജയോഗങ്ങളിലാണ്. പലവിധ ത്തിലും നീചഭംഗരാജയോഗം വരാറുണ്ട്. ഗ്രഹത്തിന്റെ നീചസ്ഥി തിക്കും ഭംഗം വരുന്ന യോഗമാണിത്. ജനനസമയത്ത് ഒരു ഗ്രഹം നീച രാശിയിലുണ്ടെങ്കിൽ ആ നീചരാശിയുടെ അധിപനോ അല്ലെങ്കിൽ നീച രാശി ഉച്ചക്ഷേത്രമോ ആയ ഗ്രഹം ചന്ദ്രന്റെ കേന്ദ്രത്തിൽ വന്നാൽ ഒന്നാ മത്തെ നീചഭംഗരാജയോഗമായി. രണ്ടാമത്തെ നീചഭംഗരാജയോഗം എന്നത് ആ നീചരാശി ഉച്ചക്ഷേത്രമായിട്ടുള്ള ഗ്രഹമോ, നീചരാശിയുടെ അധിപനായ ഗ്രഹത്തിന്റെ ഉച്ചരാശ്യാധിപനോ ലഗ്നകേന്ദ്രത്തിൽ വന്നാലും ഉന്നത പദവി ലഭിക്കുന്ന ധർമ്മബോധമുള്ള ചക്രവർത്തിക്കു തുല്യനായിവരും.

**അവർണ്ണനീയമായ യോഗങ്ങൾ**

ചാമരയോഗം, ശംഖയോഗം, ലക്ഷ്മീയോഗം, തുടങ്ങി അനേകം യോഗങ്ങളുണ്ട്. ഇവയെല്ലാം പഴയ ജ്യോതിഷികൾക്ക് മനപ്പാഠമായി രുന്നു. അതുപോലെ ചില പ്രത്യേകയോഗങ്ങൾകൂടി മനസ്സിലാക്കാം. രാജാവോ മന്ത്രിയോ സൈന്യാധിപനോ ആകുന്ന അധിയോഗം ചന്ദ്രന്റെ ആറിലോ, ഏഴിലോ, എട്ടിലോ ആയി ഒന്നിച്ചോ അഥവാ വേറെ വേറെ രാശികളിലോ അല്ലെങ്കിൽ 6, 7, 8 ലെ ഏതെങ്കിലും രണ്ടു രാശി കളിലോ ശുഭഗ്രഹങ്ങളായ വ്യാഴം, ശുക്രൻ, ബുധൻ എന്നീ ഗ്രഹങ്ങൾ നിന്നാൽ ഈ അധിയോഗ ഫലം ലഭിക്കുന്നു.

ചന്ദ്രന്റെ രണ്ടിൽ കുജൻ, ബുധൻ, വ്യാഴം, ശുക്രൻ, ശനി ഈ അഞ്ചു പ്ലാനറ്റുകളിൽ ആരെങ്കിലും ഒറ്റക്കായിട്ടോ കൂട്ടായിട്ടോ നിന്നാൽ



Scanned with CamScanner

ധനം + ബുദ്ധി + കീർത്തിമാനായിത്തീരും. പണം കയ്യിൽ വന്നുകൊണ്ടേയിരിക്കുന്ന ധുരുധുരായോഗമെന്നത് പഞ്ചഗ്രഹങ്ങളിലാരെങ്കിലും ചന്ദ്രന്റെ ഇരുവശത്തുമായി 2, 12ൽ വന്നാൽ മതി. ചന്ദ്രന്റെ 2 ലോ 12 ലോ, മേൽപറഞ്ഞ പഞ്ചഗ്രഹങ്ങളിലാരുമില്ലെങ്കിൽ നിത്യദാരിദ്രത്തിന്റെ കേമുദ്രുമായോഗം വരുന്നു. ഈ കേമുദ്രുയോഗത്തിന് ഭംഗം വരുന്നതുമാണ് ചന്ദ്രൻ നിൽക്കുന്നതിന്റെ 4, 7, 10 ൽ മേൽ പഞ്ചഗ്രഹങ്ങൾ ആരെങ്കിലും നിന്നാലും ചന്ദ്രൻ ബലവാനായിരിക്കും. ആ ചന്ദ്രനെ ബലവാനായ വ്യാഴം നോക്കുകയും ചെയ്താലോ കേമുദ്രമായോഗത്തിനു ഭംഗം വരുകയും ദാരിദ്ര്യമനുഭവിക്കേണ്ടിവരാത്ത അവസ്ഥയുണ്ടാകുകയും ചെയ്യും.

പൂർണ ബലവാനായി ചന്ദ്രനെ പൂർണബലവാനായ ഗുരുനോക്കിയാലും, ചന്ദ്രൻ നിൽക്കുന്ന രാശിയിലോ, ഏഴാം ഭാവത്തിലോ ബുധനോ ശുക്രനോ നിൽക്കുകയും, ചെയ്താലും കേസരിയോഗം ഉണ്ടാകും. സർവവിധഭാഗ്യവും സമ്പത്തും ഐശ്വര്യവും ഉണ്ടായിരിക്കും.

ഇതുപോലെ ഓരോ കാര്യവും പരിശോധിക്കാനും ജാതകത്തിലെ വിഷയങ്ങളുടെ ഭാഗമായി ഈ യോഗങ്ങൾ പ്രയോജനപ്പെടുത്താറുണ്ട്. കീർത്തി, സമ്പത്ത്, ദാരിദ്ര്യം, ദീർഘായുസ്, അൽപായുസ്, മരണം, മരണകാരണം, കല, രോഗം, ഗൃഹം, മൂകത്വം, ബധിരത്വം, അന്ധത്വം, വിക്ക്, മാതൃ-പിതൃ-ഭാര്യ-ഭർതൃ-പുത്രമരണങ്ങൾ, അപകടം എന്നിവയെല്ലാം വിവരിക്കുന്നതിനും ഈ ഗ്രഹയോഗങ്ങൾ പ്രയോജനപ്പെടുത്താറുണ്ട്.

ഇന്നയോഗമുള്ള വ്യക്തിക്ക് പേരും പെരുമയുമുണ്ടാകാം. മറ്റൊരു യോഗം കാരണം അപകീർത്തിയുമുണ്ടാകാം. ഇങ്ങിനെ വന്നാൽ ജാതകന് ചിലപ്പോൾ രണ്ടും അനുഭവിക്കേണ്ടിവരും. ചിലപ്പോൾ ശരാശരി അനുഭവിക്കേണ്ടിവരും. ചിലപ്പോൾ നിത്യദാരിദ്ര്യത്തിന്റെ കേമുദ്രയോഗവും അതോടൊപ്പം ഗജകേസരിയോഗവും വരും. അപ്പോൾ അതാതു ഗ്രഹങ്ങളുടെ ദശയിൽ അവയെല്ലാം ഭാഗീകമായോ പൂർണമായോ അനുഭവപ്പെടാറുണ്ട്.

ഒരേ വ്യക്തിക്ക് പല പല യോഗങ്ങൾ ജാതകത്തിൽ വരാറുണ്ട്. ഇവയെല്ലാം പ്രത്യേകം പ്രത്യേകമായോ മിശ്രമായോ അതാതു ദിശകളിൽ അനുഭവിക്കേണ്ടിവരാറുണ്ട്.

ഇതെല്ലാം ഇവിടെ എഴുതിയത് വായനക്കാർക്ക് ഇത്തരത്തിലുള്ള വിഷയവും മനസ്സിലാക്കാനാണ്. ഈ വിവരണങ്ങളൊന്നും സയൻസുപരമായി തെളിയിക്കപ്പെട്ടിട്ടില്ല. സ്റ്റാറ്റിസ്റ്റിക്സ് പഠനങ്ങളും നടത്തിയിട്ടുള്ളതായി കേട്ടിട്ടില്ല. അതിനാൽ പൂർവീകർ പറഞ്ഞു, എഴുതിവച്ചു എന്ന



Scanned with CamScanner

തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഞാനെഴുതുന്നത്. ഇതിന് നമ്മുടെ സംസാര ഭാഷയിൽ പറഞ്ഞാൽ ശാസ്ത്രത്തിന്റെ പിൻബലമില്ല. സംസ്കൃതപദപ്രകാരം 'ശാസ്ത്രം' ഉപയോഗിച്ചാൽ ഇത് ശാസ്ത്രീയമാണ്. (എന്നാൽ സയന്റിഫിക്കല്ല). ഇതെല്ലാം ലോജിക്കലാണോ, യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതാണോ എന്നു ചോദിച്ചാലും, ഉത്തരം പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതൊക്കെ പ്രയോജനപ്പെടുത്തുക. അല്ലാത്തതൊക്കെ തിരസ്കരിക്കുക എന്നേ പറയാനുള്ളൂ.

**പണ്ഡിതമത വ്യത്യാസം**

ചില കാര്യങ്ങളിൽ പണ്ഡിതന്മാർ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഗജകേസരിയോഗത്തിലും അത് വ്യക്തമാണ്. ചില യോഗങ്ങളുടെ കാര്യത്തിലും ശ്രേഷ്ഠരായ ജ്യോതിഷികളെഴുതിയിരിക്കുന്ന പുസ്തകങ്ങളിൽ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടാകും. ചില പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ട്, ഭാരതത്തിലെ ജ്യോതിഷികൾ പറയുന്ന രാഹുകേതുക്കളാണ് അമേരിക്കൻ ജ്യോതിഷികളെടുക്കുന്ന നെപ്റ്റ്യൂണും പ്ലൂട്ടോയുമെന്ന്. ഭാരത ജ്യോതിഷത്തിലിതു രണ്ടുമില്ല. അതുകൊണ്ട് നെപ്റ്റ്യൂണും പ്ലൂട്ടോയും ഗ്രഹമാണെങ്കിലും അല്ലെങ്കിലും ഭാരതീയ ജ്യോതിഷത്തെ അതു ബാധിക്കില്ല. രാഹുകേതുക്കളുടെ ഉച്ചക്ഷേത്രത്തെക്കുറിച്ചും അഭിപ്രായ ഭിന്നതകളുണ്ട്.

ഭാരതീയ ജ്യോതിഷത്തിൽ ഭാവാധിപതിക്കാണ് പ്രാധാന്യം കൂടുതൽ. എന്നാൽ പാശ്ചാത്യ ജ്യോതിഷത്തിൽ ഭാവത്തിലുള്ള ഗ്രഹത്തിനാണ് പ്രാധാന്യം കൂടുതൽ എന്നു പറയാറുണ്ട്.

ഗുളികൻ എന്നത് കേരളത്തിനു പുറത്തുള്ള ജ്യോതിഷികളുപയോഗിക്കാറില്ലെന്നു തോന്നുന്നു. അതുപോലെ കേരളത്തിനു പുറത്ത് ദേവപ്രശ്നംവയ്ക്കലുമില്ലെന്നു തോന്നുന്നു. ജ്യോതിഷഗ്രന്ഥങ്ങൾ പ്രകാരം ഞായർ മുതൽ ശനിവരെ ഗുളികൻ ഉദിക്കുന്ന സമയം സൂര്യോദയത്തിനു ശേഷം 26, 22, 18, 14, 10, 2 നാഴിക കഴിഞ്ഞാണ്. ഗുളികാസ്തമയമാകട്ടെ ഇതേ ദിവസങ്ങളിൽ സൂര്യാസ്തമയം കഴിഞ്ഞ് യഥാക്രമം 10, 6, 2, 26, 22, 18, 14 നാഴികക്കു ശേഷവുമാണ്. ഈ അളവ് ഗുളികന്റെ ഉദായസ്തമയവും ആധുനിക ജ്യോതിശാസ്ത്രവുമായി ബന്ധമുണ്ടോ എന്നു പരിശോധിച്ചെങ്കിലും കൂടുതലായൊന്നും അറിയാൻ സാധിച്ചില്ല.

**കരണങ്ങൾ**

ജ്യോതിഷത്തിലെ കേരളീയ സമ്പ്രദായത്തിൽ മലയാളപ്പേരുകളുള്ള കരണങ്ങളുണ്ട്. 11 കരണങ്ങളാണുള്ളത്, അതിൽ 7 എണ്ണം ചരകരണം അവ യഥാക്രമം സിംഹക്കരണം, പുലിക്കരണം, പന്നിക്കരണം, കഴുകക്കരണം, ആനക്കരണം, പശുക്കരണം, വിഷ്ടിക്കരണമാണ്. സ്ഥിര



Scanned with CamScanner

കരണങ്ങളാകട്ടെ പുള്ളുക്കരണം, ചതുഷ്പാദ്കരണം, പാമ്പുകരണം, പുഴുക്കരണം. ഈ കരണങ്ങളുടെ പ്രത്യേകതയോ അവകൊണ്ടുദ്ദേശിക്കുന്നതോ എന്താണെന്നനിക്കൊരു പിടുത്തവുമില്ല.

**രാശിയുടെ വിഭജനം**

ഹോരദ്രേക്കാണം എന്നിവയുടെ പ്രത്യേകത : ഒരു രാശിയിലൂടെ ലഗ്നം ഏകദേശം രണ്ടു മണിക്കൂർ സമയം കൊണ്ടാണ് കടന്നുപോകുന്നത്. അപ്പോൾ 30 ഡിഗ്രയെ രണ്ടായി ഭാഗിച്ച് അതിൽ ഒന്നിലൂടെ ലഗ്നം കടന്നുപോകുന്ന സമയം ഹോര. ഇതൊരുപക്ഷേ അഹോരാത്രം എന്ന പദത്തിലെ ആദ്യത്തേയും അവസാനത്തേയും അക്ഷരങ്ങൾ കളഞ്ഞാൽ ലഭിക്കുന്ന പദമാണ്. ഹോര പദത്തിൽ നിന്നാണ് ഹവർ എന്ന ഇംഗ്ലീഷ് പദമുണ്ടായത്. ഇത് രാശിയെ രണ്ടായി തിരിച്ചപ്പോൾ ലഭിച്ചതാണ്. അപ്പോൾ ഒരു ഹോര രാശിയുടെ 15 ഡിഗ്രിയാണ്, ആദ്യഹോര. രണ്ടാമത്തേതാകട്ടെ അന്ത്യഹോരയും.

രാശിയെ മൂന്നു സമഭാഗമായിത്തിരിച്ചാൽ അതിൽ മൂന്ന് ഭാഗമുള്ളതിൽ ആദ്യത്തെ 10 ഡിഗ്രിയെ ആദ്യദേക്കാണം എന്നു പറയുന്നു. രണ്ടാമത്തെ 10 ഡിഗ്രി മധ്യദേക്കാണമെന്നും അവസാനത്തെ 10 ഡിഗ്രി അന്ത്യദേക്കാണമെന്നും പറയുന്നു. ഹോരക്കും അധിപന്മാരുള്ളതുപോലെ മൂന്നു ദ്രേക്കാണത്തിനും അധിപന്മാരുണ്ട്.

ഇവർക്കെല്ലാം ജാതക പ്രവചനത്തിൽ സ്വാധീനവുമുണ്ട്. നവാംശകം 30 ഡിഗ്രിയുള്ള ഒരു രാശിയെ 9 ഭാഗമാക്കിയാൽ ഓരോ ഭാഗവും ഓരോ നവാംശമായിരിക്കും. ഓരോ നവാംശവും $3^1/_3$ ഡിഗ്രിയാണ്. ഒരു ഗ്രഹത്തിന്റെ സ്ഫുടം പരിശോധിക്കുമ്പോൾ ആദ്യത്തെ 10 ഡിഗ്രിയിലാണെങ്കിൽ ഗ്രഹം ഒന്നാം ദ്രേക്കാണത്തിലാണ്. ആ ഗ്രഹം 3-ാം നവാംശത്തിലുമാണ് എന്നു പറയണം. പക്ഷേ 10 ഡിഗ്രി എന്ന പദത്തിൽ ആ രാശി 30 ഡിഗ്രിയുള്ളതാണെങ്കിൽ 10 എന്നത് സന്ധിപോലെയാണ്. ദേക്കാണത്തിനും, നവാംശത്തിനും. ജ്യോതിഷ പുസ്തകങ്ങളിൽ ഡിഗ്രിയെന്നായിരിക്കില്ല പറയുന്നത് ഭാഗ എന്നും മിനിറ്റിന് കലയെന്നുമായിരിക്കും എഴുതിയിരിക്കുന്നത്. ഇതെല്ലാം പഠിക്കാൻ എളുപ്പമല്ല. ഭാരതീയ ജ്യോതിഷ ഗ്രന്ഥങ്ങളിലൂടെ വായിച്ചു പോകുന്നതുപോലും അതികഠിന ജ്ഞാനയജ്ഞമാണ്.

വേദങ്ങളും, ബ്രാഹ്മണങ്ങളും ഉപനിഷത്തുക്കളുമെല്ലാമെല്ലാം വേദാംഗങ്ങളും, ഉപാംഗങ്ങളും, ഉപവേദങ്ങളുമെല്ലാം ഒന്നിറങ്ങിച്ചെല്ലുമ്പോഴേ അവയുടെ ആഴവും പരപ്പും അറിയുകയുള്ളൂ. ഒറക്കെ പറയുന്നവനും, ഒടുക്കം നിർത്തുന്നവനും ഒന്നുമറിയാത്തവനും ഇതൊക്കെ നിഷേധിക്കാനും പുച്ഛിക്കാനും എളുപ്പമാണ്. പഠിച്ചറിഞ്ഞ് അറിയിക്കലാണ് ശ്രമ



Scanned with CamScanner

കരവും ശ്രേയസ്കരവും.

ഞാൻ ജ്യോതിഷനല്ല. ആരാധ്യനായ പ്രൊഫ. മുത്തുസ്വാമിയുടെ കീഴിൽ കുറേക്കാലം ഈ വിഷയം പഠിക്കാൻ ശ്രമിച്ചു. ഇപ്പോഴും ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. അനന്തസാഗരംപോലെയുള്ള ജ്യോതിഷം മനസ്സിലാക്കാൻ ബുദ്ധിമുട്ടാണെന്നുമാത്രം മനസ്സിലാകുന്നുണ്ട്. എന്റെ ലഗ്നാധിപൻ ബുധനായതിനാൽ അതറിയാനും ജ്യോതിഷത്തെക്കുറിച്ചിങ്ങനെയൊരു പുസ്തകമെഴുതാനും യോഗമുള്ളതുകൊണ്ടായിരിക്കും ഇങ്ങിനെ ഒരു ചെറിയ പുസ്തകം എഴുതാൻ ഭാഗ്യമുണ്ടായത്. ഇങ്ങിനെയൊന്നു സാധിക്കുമെന്നു വിചാരിച്ചതുമല്ല. അമൃതാ ടിവിയിൽ എല്ലാ വ്യാഴാഴ്ചകളിലും നൽകിയ പൈതൃക സന്ദേശം ജ്യോതിഷത്തെക്കുറിച്ചായിരുന്നതിനാൽ അസാധാരണ താൽപര്യം ജനങ്ങൾക്കുണ്ടായതായി കണ്ടു. അതുകൊണ്ടാണ് ജ്യോതിഷത്തിന്റെ യഥാർത്ഥരൂപം എഴുതണമെന്നു തോന്നിയത്.

ഇതിൽ ഉൾപ്പെടുത്താത്ത അനവധി വിഷയങ്ങളിനിയുമുണ്ട്. ഇത്രമതിയെന്നു തോന്നിയതിനുള്ള കാരണം, ഈ പുസ്തകം ജ്യോതിഷവിദ്യാർത്ഥികൾക്ക് ഒരു പഠന സഹായിയായിട്ടല്ല എഴുതിയിരിക്കുന്നത്. മറിച്ച് ജ്യോതിഷത്തിന്റെ പുറകിലുള്ള ശ്രമകരമായ സയൻസും നോൺസയൻസും വിവരിച്ചു സാധാരണക്കാർക്കും, യുക്തിവാദികൾക്കും, ബുദ്ധിജീവികൾക്കുമൊക്കെ അറിയാനൊരവസരമുണ്ടാക്കലാണ് ലക്ഷ്യം. ഈ പുസ്തകത്തിൽ ആത്മീയതയില്ല, സാഹിത്യവുമില്ല. വിഷയവിവരണം മാത്രം. ചിലയിടങ്ങളിൽ പറഞ്ഞതിന്റെ ആവർത്തനമുണ്ട്. അത് അറിയാതെ സംഭവിച്ചതല്ല. അവിടെ അങ്ങിനെ ആവർത്തിച്ചാൽ കൂടുതൽ പ്രയോജനമുണ്ടെന്നറിഞ്ഞതുകൊണ്ടാണ് അപ്രകാരം ചെയ്തത്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾക്കും സി.ഡികൾക്കും മറ്റു പ്രസീദ്ധീകരണങ്ങൾക്കുമെല്ലാം ഒരു ലക്ഷ്യമേയുള്ളൂ. നമ്മുടെ നാടിന്റെ നന്മനിറഞ്ഞ പൈതൃകം വേണമെന്നുള്ളവർക്ക് അറിയാനവസരം സൃഷ്ടിക്കുക. പഠിക്കാനാഗ്രഹമുള്ളവർക്ക് ഇതൊക്കെ സാധാരണക്കാർക്ക് അപ്രാപ്യമല്ല എന്ന തോന്നലുണ്ടാക്കുക. നല്ലവണ്ണം പഠിച്ചവരുണ്ടെങ്കിൽ, അൽപം മാത്രം പഠിച്ച് സാധാരക്കാരെ പറ്റിക്കുന്നവരിൽ നിന്ന് മോചനം നേടിക്കൊടുക്കാനൊരവസരവുമുണ്ടാക്കിക്കൊടുക്കുക ഇതൊക്കെയാണ്.

ഇനിയുമെഴുതണമെന്നുണ്ട്. ജീവിതത്തിന്റെ അവസാന ശ്വാസം വരെ ശബ്ദം നിലക്കാതിരുന്നാൽ ക്ലാസെടുത്ത് പഠിപ്പിക്കണം. കൈകളനങ്ങുന്നതുവരെ എഴുതണം. ഈ പുസ്തകത്തിൽ കുറവുകളുണ്ടാകും.



Scanned with CamScanner

അക്ഷരത്തെറ്റുകളും വ്യാകരണത്തെറ്റുകളുമുണ്ടാകാം. പണ്ഡിതനല്ലാത്ത ഗോപാലകൃഷ്ണനിൽ നിന്ന് എന്റെ നാട്ടുകാർ അത്രക്കുള്ളതേ പ്രതീക്ഷിക്കാവൂ. ഇതെല്ലാം അവാർഡിനുള്ള രചനകളല്ല. അറിയാൻ മാത്രമുള്ളതാണ്.

ഇത്രയുംകാലം എഴുതിയ പുസ്തകങ്ങളെയെല്ലാം എന്റെ മാതൃഭൂമിയുടെ മക്കളായ സഹോദരീ സഹോദരന്മാർ സ്വീകരിച്ചനുഗ്രഹിച്ചു. ഇതും സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാം. ഞാനിത് സമർപ്പിക്കുന്നു. വിമർശന ബുദ്ധ്യാ വിശകലനംചെയ്ത് യുക്തംപോലെ ചെയ്യുക.

## ജ്യോതിഷം പ്രയോജനപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ശ്രദ്ധയോടെ എഴുതാത്ത ജാതകം പ്രയോജനപ്രദമല്ല എന്നു നാമറിയണം.
2. എത്ര ശ്രദ്ധയോടെയെഴുതിയാലും ജനനസമയം പലവിധത്തിൽ ഗണിക്കുന്നതുകൊണ്ട് കുറേയേറെ കാര്യങ്ങളിൽ വ്യത്യാസം വരാനിടയുണ്ട്. അതിനാൽ ജാതകത്തിലെ വിവരണം അവസാനത്തെ വാക്കാണെന്നു ധരിക്കരുത്.
3. പല ജാതകവും തട്ടിക്കൂട്ടിയുണ്ടാക്കുന്നതായതിനാൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അറിഞ്ഞിരിക്കണം. ജാതകം നോക്കാൻ മാത്രം വേണ്ടിയൊരു ജാതകപരിശോധന ഒഴിവാക്കണം.
4. സിസ്സേറിയൻ എന്ന സമ്പ്രദായം ജാതകത്തിലെങ്ങിനെ ബാധിക്കുമെന്ന അസന്നിഗ്ദമായി പറയാൻ സാധ്യമല്ല. മനുഷ്യനുണ്ടാക്കുന്ന ജനനസമയമാണത്.
5. ജാതകവിവരണം ഭയപ്പെടുത്താനല്ല. കാര്യങ്ങളറിയിക്കാനാണ്.
6. ജാതകത്തിലെ വേദനാജനകമായ വിവരങ്ങൾ യഥാർത്ഥമാവുകയാണെങ്കിൽ അതഭിമുഖീകരിക്കാനുള്ള മാനസികാവസ്ഥയുണ്ടാക്കാനാണ് നാം ജാതകവിഷയം അറിയേണ്ടതും വിശകലനം ചെയ്യേണ്ടതുമെല്ലാം എന്ന ബോധമുണ്ടാകണം.
7. ജാതകവിശകലനത്തിൽത്തന്നെ പലവീക്ഷണങ്ങളുമുണ്ട്. അതിൽ വേണ്ടതു സ്വീകരിക്കുക. അല്ലാത്തതു തിരസ്കരിക്കുക. ഒരേരോഗത്തിന് പല ഡോക്ടർമാർ പല അഭിപ്രായങ്ങൾ പറയുന്നതുപോലെ.
8. ജാതകം എന്നത് ഈശ്വരനുണ്ടാക്കിയതല്ല. മനുഷ്യനുണ്ടാക്കിയതാണ്. ഈശ്വരനുവേണ്ടിയുള്ളതുമല്ല, മനുഷ്യനുവേണ്ടിയുള്ളതാണ് എന്നറിയണം.



Scanned with CamScanner

9. ജാതകത്തിലും നന്മതിന്മകളുണ്ട്. അത് നമ്മുടെ ജീവിതത്തിലുള്ളതു തന്നെയാണ്. നിലവാരവും തലവും മാറുന്നു എന്നുമാത്രം. അതറിഞ്ഞുവേണം ജാതകപരിപശോധന നടത്താൻ.
10. ജാതകമെഴുതാതെ ജീവിക്കുന്നവരില്ലേ? എന്നു ചോദിച്ചാൽ ഉത്തരം ലോകജനസംഖ്യയുടെ 80 ശതമാനത്തിനും ജാതകമില്ല എന്നുതന്നെയാണ്. ജാതകമുണ്ടെങ്കിലേ ജീവിതമാകൂ എന്നു ധരിച്ചാൽ അത് അബദ്ധമാണ്. ജാതകമില്ലാതെയും ഭംഗിയായി ജീവിക്കാം എന്നു നേരത്തേ സൂചിപ്പിച്ചിരുന്നു.
11. ബാക്കി 20 ശതമാനത്തിലെ 90 ശതമാനവും ജാതകം നോക്കാറുമില്ല. അങ്ങിനെ നോക്കുമ്പോൾ 98 ശതമാനം ജനതയും ജാതകമില്ലാതെ ജീവിക്കുന്നതുപോലെ നമുക്കും ജീവിക്കാം.
12. ജാതകം പരിശോധിച്ച് സ്വന്തം കുഞ്ഞിന് സ്വരമാധുരിയുണ്ടെന്നറിഞ്ഞാൽ കുട്ടിയെ പാട്ടുപഠിപ്പിക്കാനായി അതൊരു മാർഗദർശനമായെടുക്കാം.
13. തല്ലി പഠിപ്പിച്ച് എഞ്ചിനീയറാക്കാനോ ഡോക്ടറാക്കാനോ തയ്യാറാകുന്നതിനുമുമ്പ് ജാതകത്തിലെ മാർഗദർശനം വേണമെങ്കിൽ സ്വീകരിക്കാം. ചാർട്ടേഡ് അക്കൗണ്ടന്റോ, സെക്രട്ടറിയോ ഈ ലോകത്തിൽ ജീവിക്കാനായി മറ്റെന്തെല്ലാം വഴിയുണ്ട്. അഭിരുചിക്കനുസരിച്ച് അതു സ്വീകരിക്കാം/സ്വീകരിക്കാനനുവദിക്കാം.
14. വ്യക്തികളിൽ നിറഞ്ഞിരിക്കുന്നതും ഒളിഞ്ഞിരിക്കുന്നതുമായ അനവധി ഗുണദോഷങ്ങൾ കണ്ടുപിടിക്കാൻ ആവശ്യക്കാർക്ക് ജാതകമൊരു ചൂണ്ടുപലകയായി ഉപയോഗിക്കാം.
15. ഇന്നലെവരെ എന്തു സംഭവിച്ചു എന്നറിയാനും ഇനി നാളെ എന്തു സംഭവിക്കുമെന്നറിയാനും ഇന്നും ലോകത്തിലുള്ള ഒരേഒരുപായമാണിത്. വേണമെന്നുള്ളവർക്ക് നല്ല ജ്യോതിഷനിലൂടെ ഇതു പ്രയോഗിക്കാം, ഉപയോഗിച്ചുനോക്കാം. അത് പ്രയോഗിക്കണമെന്നോ ഉപയോഗിക്കണമെന്നോ ഒരു നിർബന്ധവുമില്ല.
16. ജാതകദോഷത്തിന് പൂജാകർമ്മങ്ങൾ നടത്തുന്നത് ഒരുപക്ഷേ മനസ്സിനെതയ്യാറാക്കുന്നതിനുവേണ്ടിയുള്ള ഒരു മനശാസ്ത്രപന്ഥാവു മാത്രമാകാം. ഒരീശ്വരനെ സന്തോഷിപ്പിച്ചും അനുഭവിക്കാനുള്ളത് തീരില്ല എന്നതിനെക്കുറിച്ച് വ്യക്തമായ ബോധമുണ്ടാകണം.
17. അനുഭവിക്കാനുള്ളതു കാണിച്ചു തരുന്ന ജാതകഭൂപടത്തിൽ ഒരു ഈശ്വരനേയോ ഗ്രഹത്തിനേയോ പ്രീതിപ്പെടുത്തി ചിലത് ഇല്ലാതാക്കാൻ സാധ്യമല്ല എന്നതാണ് യുക്തിയുടെ ഭാഷ. ഏതു പരിഹാരകർമ്മങ്ങൾ നടത്തുമ്പോഴും അത് മാനസികമായ ആശ്വാസം മാത്രമായിരിക്കും നൽകുക. അതും ആവശ്യമായതിനാൽ ആ മാർഗത്തിനും പ്രയോജനമുണ്ട്.



Scanned with CamScanner

18. കണ്ടകശനി, ഏഴരശനിയെന്നെല്ലാം കേൾക്കുമ്പോൾ അതിനെത്തന്നെ ഭയന്ന് സ്വപ്നം കണ്ടു നടക്കാതിരിക്കണം. ലോകത്തിൽ ജനിച്ചവർക്കെല്ലാം 60 വയസ്സുവരെ ജീവിച്ചിട്ടുണ്ടെങ്കിൽ രണ്ടുപ്രാവശ്യം കണ്ടകശനിയും രണ്ടുപ്രാവശ്യം ഏഴരശനിയും കൂട്ടി പരമാവധി 30 വർഷം വരെ ഇതുരണ്ടും കൂടിയുണ്ടാകുമെന്നോർമ്മിക്കണം.

19. ഗ്രഹങ്ങൾ തിന്മയും തരുന്നില്ല നന്മയും തരുന്നില്ല. നന്മതിന്മകൾ നൽകുന്നു/തരുന്നു എന്നത് ജ്യോതിഷ ഭാഷാപ്രയോഗമാണ്. നന്മതിന്മകളുടെ പ്രതീകമായി ഈ ഗ്രഹങ്ങൾ രാശികളിലും ഭാവങ്ങളിലും നിൽക്കുന്നു എന്നുമാത്രം ചിന്തിക്കുക.

20 ഒരു ജാതകനും ജാതകത്തിലും പൂർണനന്മയോ പൂർണതിന്മയോ, എല്ലാക്കാലവും നന്മയോ തിന്മയോ ഇല്ലതന്നെ. അതുകൊണ്ട് ജാതകം ഒരു മാർഗരേഖമാത്രമാണ്. 'ഇതാണെന്റെ നരകതുല്യ ജീവിതം' എന്നു ധരിച്ചുപോയാൽ ആ മാനസീകാവസ്ഥ തന്നെ നമ്മെ രോഗിയാക്കും, ദുഃഖിതനാക്കും.

21. റോഡിൽ ഹമ്പ് ഉണ്ട് എന്നൊരു ബോർഡുണ്ടെങ്കിൽ അതിന്റെ സന്ദേശം വണ്ടിയോടിക്കരുതെന്നല്ല. അവിടെ സ്പീഡ് കുറച്ച് ഓടിക്കണമെന്നുമാത്രമാണ്. ജാതകത്തിലെ സൂചനകൾ കണ്ടു ജീവിക്കാൻ പഠിക്കണമെന്നാണതിന്റെ നിർദ്ദേശം.

22. ഒരു നക്ഷത്രത്തിൽ ജനിച്ചവരുടെ നക്ഷത്രം നോക്കി എന്തെല്ലാം പറഞ്ഞാലും അതൊരിക്കലും ശരിയാകമണെന്നില്ല. ജനിച്ച നക്ഷത്രം എന്നത് ജാതകത്തിന്റെ ഒരു ചെറിയ അംശം മാത്രമാണ്. ചന്ദ്രൻ നിൽക്കുന്ന രാശിചക്രത്തിലെ ഒരു ബിന്ദു മാത്രമാണ് നക്ഷത്രം.

23. അതുകൊണ്ടുതന്നെ കരിംപൂരാടം, മൂലം തുടങ്ങി നക്ഷത്രങ്ങൾ നന്മയുള്ളതല്ലെന്നോ പൂരം, പുണർതം, മകം നന്മനിറഞ്ഞ നക്ഷത്രമെന്നോ പറയുന്നതിൽ വലിയ അർത്ഥമില്ല. രാശിചക്രത്തിൽ നക്ഷത്രത്തിന്റെ സ്വാധീനം പ്രധാനമായും ദശാകാലം അറിയാനായിട്ടാണെന്ന് ജാതകം പഠിക്കുമ്പോൾ അറിയാം.

24. ചിലർ പറയുന്നതുപോലെ ശ്രീരാമന്റെ നക്ഷത്രമായതുകൊണ്ട് നല്ലതാണെന്നു പറഞ്ഞാലുള്ള അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കണം. ശ്രീരാമൻ എന്നെങ്കിലും സ്വസ്ഥമായി ജീവിച്ചിട്ടുണ്ടോ എന്നുമാത്രം പരിശോധിച്ചാൽ മതി. രോഹിണി നക്ഷത്രത്തിൽ ജനിച്ച ശ്രീകൃഷ്ണന് എന്നും ശത്രുക്കളുമായി പോരാടേണ്ടി വന്നില്ലേ!

25. കമ്പ്യൂട്ടർ ജാതകം പ്രവചനത്തിന് കാര്യമായി ഉപയോഗിക്കരുത് എന്നെഴുതണമെന്ന് തോന്നന്നു. കമ്പ്യൂട്ടറിന് മനുഷ്യന്റെ വിവേചനം ഇല്ലല്ലോ! രാശിചക്രം, ഭാവചക്രം, ഗർഭശിഷ്ടദശ, ദശാപഹാരം ഇവ



Scanned with CamScanner

ഗണിച്ചെടുക്കാൻ കമ്പ്യൂട്ടർ ഉത്തമമാണ്. നല്ല സോഫ്ടുവെയറുപ യോഗിച്ചാൽ ലോകത്തിലെവിടെ ജനിച്ച കുട്ടിയുടേയും സമ്പൂർണ ജാതകഗണിതക്രിയ കമ്പ്യൂട്ടറിലൂടെ എളുപ്പത്തിൽ കൃത്യമായി ചെയ്തെടുക്കാം. അടുത്തകാലത്ത്, എനിക്ക് നല്ല പരിചയമുള്ള വ്യക്തിയുടെ ഒരു എഡിറ്റു ചെയ്ത ജാതകവിശകലനം ചെയ്ത കമ്പ്യൂട്ടർ പ്രിന്റ്ഔട്ട് വായിക്കുവാനിടയായി. ആ വ്യക്തിയുടെ സമ ഗ്രമായ ജീവിതം അതിൽ വളരെയേറെ കാര്യമായി പ്രതിഫലിച്ചു കാണുകയും ചെയ്തു. കമ്പ്യൂട്ടർ ജാതകത്തിലൂടെ ഇത്രക്കും ഗഹ നമായി ഒരു വ്യക്തിയുടെ സമഗ്രവിശകലനം (ഓരോന്നായിട്ടുള്ള വിശകലനമല്ല) സാധിക്കുമെന്നറിഞ്ഞത് ആ ജാതകം വായിച്ചപ്പോ ഴായിരുന്നു. ഈ ഒരു പ്രത്യക്ഷ അനുഭവംകൂടി ജാതക പുസ്തക ത്തിൽ ചേർക്കണമെന്നു തോന്നി. പക്ഷേ ചില പ്രത്യേക കാര്യ ങ്ങൾ അതിൽ വിവരിച്ചിരിക്കുന്നതിൽ കാര്യമായ തെറ്റും കാണുക യുണ്ടായി. പക്ഷേ ആ കമ്പ്യൂട്ടർ ജാതകവിശകലനവും വ്യക്തിയുടെ സ്വഭാവ/പ്രവർത്തന/വീക്ഷണ/വ്യക്തിത്വങ്ങളും തമ്മിൽ 70 ശതമാ നത്തിന്റെ സാമ്യമുണ്ടായിരുന്നു. അതുകൊണ്ടെഴുതട്ടെ ജാതക ത്തിൽ വിവരിച്ചിരിക്കുന്ന എല്ലാ ഘടകങ്ങളും വസ്തുതകളും അനു യോജ്യമാംവിധത്തിൽ കമ്പ്യൂട്ടറിലെ സോഫ്ട്വെയറിലേക്ക് ചേർത്ത് സോഫ്ട്വെയർ കൂടുതൽ കൂടുതൽ നവീകരിച്ചാൽ ഒരുപക്ഷേ മനു ഷ്യനു സാധിക്കുന്നതിനേക്കാൾ വ്യക്തതയോടെ കമ്പ്യൂട്ടർ കാര്യ നിർവഹണം നടത്തിയെന്നുവരാം. വേണമെന്നുള്ളവർക്ക് അതും പ്രയോജനപ്പെടുത്താം.

26. ഞങ്ങൾ മുന്നാളാണ് എന്ന് പ്രയോഗത്തിനും വലിയ അർത്ഥമില്ല. ഇനി അർത്ഥമുണ്ടെന്ന് തോന്നിയാലും മുന്നാളുമായി ബന്ധമു ണ്ടെന്നു പറയുന്ന പ്രശ്നങ്ങളുണ്ടാകാതിരിക്കാനും ഉണ്ടാക്കാതിരി ക്കാനും പ്രത്യേകം ഈ മുന്നാളെന്ന അറിവിലൂടെ ശ്രദ്ധിക്കുക. (മുന്നാൾ = മൂന്നാമത്തെ നാൾ)

27. അവിട്ടം മുതൽ രേവതി വരെയുള്ള ധനിഷ്ടപഞ്ചകത്തിൽ ആരെ ങ്കിലും മരിച്ചാൽ അഞ്ചുമരണമുണ്ടാകുമെന്ന വാദം ശരിയല്ല. അതൊ രന്ധവിശ്വാസമാണ്. ജനനവും മരണവും പ്രകൃതിയുടെ വരദാന മാണ്. മനുഷ്യനല്ല അതു തീരുമാനിക്കേണ്ടത്.

28. ലോകജനത 27 നക്ഷത്രങ്ങലിലേതെങ്കിലും നക്ഷത്രത്തിലാണല്ലോ ജനിക്കുന്നത്. ഏകദേശം $\frac{1}{27}$ ഭാഗം ജനതയും ഒരു നക്ഷത്രത്തിൽ ജനിക്കാം. അങ്ങിനെയെങ്കിൽ അവിട്ടം മുതൽ രേവതി വരെ നക്ഷ ത്രമുള്ളവരുടെ എണ്ണം ലോകജനസംഖ്യയുടെ $\frac{5}{27}$ വരും. ഒരാളുടെ



Scanned with CamScanner

മരണത്തിന് 5 പേർവീതം ധനിഷ്ടാപഞ്ചകത്തിൽ മരിക്കണമെങ്കിൽ എത്രയോപേർ മരിച്ചിട്ടുണ്ടാകണം. $\frac{5 X 5}{27}$ അതായത് ലോകജനസംഖ്യയുടെ $\frac{25}{27}$. അപ്പോൾ ലോകജനസംഖ്യ എത്രയായിരിക്കും അവശേഷിക്കുക. ഇവിടെ ഇത്രയുമെഴുതിയത് ജാതകത്തെക്കുറിച്ചല്ല എന്നറിയാമല്ലോ. പക്ഷേ നക്ഷത്രവും തിഥിയുമെല്ലാം അന്ധവിശ്വാസം പ്രചരിപ്പിക്കാനുപയോഗിക്കുന്നവരുണ്ടെന്നറിയിക്കാൻ മാത്രമാണിതെഴുതിയത്.

29. അബദ്ധങ്ങൾ നിറഞ്ഞ ജാതകപ്പൊരുത്തമാണ് നാമിപ്പോൾ പരിശോധിക്കാറുള്ളത്. ജാതകപ്പൊരുത്തമെന്നു പറഞ്ഞാൽ വേണ്ടത് വിവാഹിതരാകാൻ പോകുന്നവരുടെ ജാതകം പഠിച്ച് പേഴ്സണാലിറ്റി സമ്പൂർണമായും വിശകലനം ചെയ്ത് അവർ തമ്മിൽ പേഴ്സണാലിറ്റിയിൽ പൊരുത്തപ്പെടുമോ എന്നു നോക്കുകയാണ് സമ്പൂർണ വ്യക്തിത്വ, വ്യക്തിത്വചേർച്ചാ വിശകലനം.

30. ചൊവ്വാദോഷം ആരോപിക്കുന്നതിലും വലിയ അർത്ഥമൊന്നുമില്ല. പല പല കാര്യങ്ങളും പരിശോധിച്ചുവേണം ദോഷമുണ്ടെന്നു പറയാൻതന്നെ, അതിന്നായി അനവധി ഘടകങ്ങൾ പരിശോധിക്കണം. എട്ടിലും ഏഴിലും ചൊവ്വ കണ്ടയുടനെ ചൊവ്വാദോഷമെന്നു പറയരുത്.

31. ചൊവ്വാദോഷം തന്നെ ഇന്നു വിവരിക്കുന്നമാതിരിയോ ഭയപ്പെടുന്നമാതിരിയോ ഉള്ള ഒന്നുമല്ല. വേണ്ടതിനും വേണ്ടാത്തതിനും നാം ഭയപ്പെടുന്നു എന്നതാണ് വേദനാജനകമായ വസ്തുത.

32. നമ്മെ ഭയപ്പെടുത്താൻ ജ്യോതിഷികളെന്നു പറയുന്നചിലരും ഭയപ്പെടാൻ നമ്മളും നിന്നുകൊടുക്കുന്നതുകൊണ്ടാണ് നമ്മിൽ പലരും വഞ്ചിതരാകുന്നത്. ജ്യോതിഷമല്ല പ്രശ്നമുണ്ടാക്കുന്നത്. പ്രശ്നമുണ്ടാകാൻ നിന്നുകൊടുക്കുന്ന പ്രശ്നക്കാർ നാം തന്നെയാണ്.

33. വിവാഹം കഴിഞ്ഞ പലരും കുറേക്കാലം കഴിഞ്ഞ് കുടുംബ പ്രശ്നമുണ്ടാകുമ്പോൾ ജാതകം പരിശോധിച്ച് അവ ചേരാത്തതുകൊണ്ടാണ് ഈ പ്രശ്നങ്ങളൊക്കെ ഉണ്ടായതെന്നു പറഞ്ഞുനടക്കാറുണ്ട്. എല്ലാ കുടുംബത്തിലും പ്രശ്നമുണ്ട്. ജാതകം ചേർന്നാലും ഇല്ലെങ്കിലും!

34. ശ്രീകൃഷ്ണൻ ജാതകം നോക്കിയല്ല വിവാഹം കഴിച്ചത്. ശ്രീരാമനും സഹോദരന്മാരും ജാതകം നോക്കിയാണ് വിവാഹം കഴിച്ചത് അവയെല്ലാം നല്ലചേർച്ചയുണ്ടെന്നു വസിഷ്ഠൻ പറഞ്ഞിട്ടും ശത്രുഘ്നനൊഴികെ മറ്റാരും സ്വസ്ഥമായി ജീവിച്ചിട്ടില്ല എന്നതാണ് സത്യം.

35. ജാതകം നോക്കി വിവാഹം കഴിച്ചാലും, അല്ലാതെ വിവാഹം കഴിച്ചാലും ജീവിതാനുഭവങ്ങളെല്ലാം കയ്പും മധുരവും ചേർന്നതായിരിക്കും എന്ന് ആദ്യാവസാനം ഓർമ്മിക്കണം.



Scanned with CamScanner

36. രോഗം വരുമ്പോൾ ഡോക്ടറെ കണ്ടു മരുന്നുകഴിക്കുന്ന ലാഘവത്തോടെ വേണം ജാതകം നോക്കാൻ പോകുന്നവർ ജാതകത്തെ അഭിമുഖീകരിക്കാനും. ജാതകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു മാർഗമേയുള്ളൂ. നിരന്തരമായി നന്മകൾ ചെയ്യുക. അനാഥർക്കും, അശരണർക്കും, വിശക്കുന്നവർക്കും, രോഗികൾക്കും, വൃദ്ധർക്കും കഴിയുന്നത്രയും സഹായങ്ങൾ (തിരിച്ചൊന്നും പ്രതീക്ഷിക്കാതെ) ചെയ്തുകൊണ്ടേയിരിക്കുക. അപ്രകാരം നമ്മുടെ ആർജ്ജിത പ്രാരബ്ധകർമ്മഫലങ്ങളിലുള്ള വേദനകളും ദുഃഖങ്ങളും ഇല്ലാതായാൽ നന്മയുണ്ടാകുകതന്നെ ചെയ്യും.

37. ശകുനവും അപശകുനവും അത്യാധുനീക ലോകത്തിൽ വിപരീതമായി എടുക്കേണ്ടതില്ല. അവയെല്ലാം നമ്മക്കായി പ്രയോജനപ്പെടുത്താനറിയാമെങ്കിൽ പ്രയോജനപ്പെടുത്തുക. അല്ലെങ്കിൽ അതൊന്നും ശ്രദ്ധിക്കാതെ സ്വതന്ത്രമായി നല്ല മനസ്സോടെ ജീവിക്കുക. മന്ഥരയാണ് രാമായണത്തിനും ശകുനിയാണ് മഹാഭാരതത്തിനും ജന്മം നൽകിയതെന്ന സത്യം നാമറിയണം. അതുകൊണ്ട് പ്രശ്നങ്ങളാണ് വളർച്ചക്കും വികാസത്തിനുമാധാരം.

38. ജാതകവും ശകുനവും വാസ്തുവുമൊക്കെ പലരേയും കാണിച്ച് മുറിവൈദ്യന്മാരെപ്പോലെയുള്ളവരുടെ ഉപദേശങ്ങൾകേട്ട് സ്വയം നരകത്തിലാകാതിരിക്കണം.

39. ഈ വിഷയങ്ങളിൽ കുറച്ചു പഠിച്ചവരെല്ലാം ഇപ്പോൾ വെളിച്ചപ്പാടന്മാരായി പലതും പറയാറുണ്ട്, പ്രവചിക്കാറുണ്ട്, തുള്ളാറുണ്ട്. അവരുടെ ചതിയിൽപെടുന്നവർ ഭൂരിഭാഗവും **സ്ത്രീകളാണ്** എന്നോർമ്മിക്കുക. പ്രത്യേകിച്ചും യുവതികൾ.

40. സ്ത്രീകളാണ് ഇപ്പോൾ ഭക്തിയുടെ അതിപ്രസരത്തിൽ പലകുടുക്കിലും കുരുക്കിലും ചെന്നുപെടുന്നത്. ഇന്ന് ആത്മീയത രോഗവും പഴിപാടുകൾ രോഗലക്ഷണവുമായിക്കൊണ്ടിരിക്കുന്നു.

41. സ്വാമി വേഷം കെട്ടിയവരും, കാവിയുടുത്തവരും ഭസ്മംതൊട്ടവരും ആത്മീയതയുടെ ഏഴൽവൽക്കത്തെത്താവരാണ്. അവർ ചെയ്തുകൂട്ടുന്ന ദുഷ്കർമ്മത്തിൽ ചെന്നുപെടുന്നവർ മിക്കവാറും സ്ത്രീകളാണ്. അതേപോലെ എല്ലാത്തിനും ജ്യോതിഷത്തിൽ പരിഹാരമുണ്ടെന്ന ധാരണയിൽ പോകുന്നവരും ധാരാളമുണ്ട്. എല്ലാത്തിനും എല്ലായിപ്പോഴും ജ്യോതിഷത്തിൽ പരിഹാരമില്ല.

42. ജാതകത്തിന്റെ കാര്യത്തിൽ നിന്ന് തികച്ചും ഭിന്നമാണ് പ്രശ്നം.

പ്രശ്നം വെക്കുന്നതും ജാതകവും തമ്മിൽ വളരെയേറെ ഭിന്നതകളുണ്ട്. ജാതകം വിശകലനം ചെയ്യുന്നതുപോലെയല്ല പ്രശ്നവിചാരം.

43. എന്തെങ്കിലും സംഭവിക്കുമ്പോൾ ആ സംഭവത്തെക്കുറിച്ച് അന്വേഷിക്കലാണ് 'പ്രശ്നം' (ചോദ്യം ചോദിക്കൽ എന്ന അർത്ഥവുമുണ്ട് പ്രൊബ്ളം എന്ന അർത്ഥവുമുണ്ട്). ഒരേ ജാതകം പലനല്ല ജ്യോതിഷികൾ നോക്കിയാലും മിക്കവാറും ഒരേപോലെ വിലയിരുത്തി പറയും. എന്നാൽ പ്രശ്നം, കവടിനിരത്തി പറയുന്നത് പലരും, പലതരത്തിലായിരിക്കും. ഒരാൾതന്നെ പല സമയത്ത് പലവിധത്തിൽ പറയും, ഒരേ കാര്യത്തിനുള്ള വിശകലനവും വ്യത്യാസമുണ്ടായിരിക്കും. ചോദിക്കുന്ന ചോദ്യത്തിന്നനുസരിച്ചായിരിക്കും മറുപടികൾ വരുന്നത്. അതുകൊണ്ടു തന്നെയാണ് അതിനെ പ്രശ്നം എന്നു പറയുന്നതും. അതിലും നന്മകളില്ലെന്നല്ല. അതെടുക്കാനറിയണമെന്നേ പറയുന്നുള്ളൂ.

44. സാമ്പത്തിക ബുദ്ധിമുട്ടുകളും, ദാരിദ്രദുഃഖവും, രോഗവും തൊഴിലില്ലായ്മയും, ഇൻഷ്വറൻസും, ഓഫീസിൽ നിന്ന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റുമെല്ലാമുള്ള ഇക്കാലത്ത് ഓരോ ചെറിയ ദുഃഖങ്ങൾ വരുമ്പോഴും നാം പ്രശ്നക്കാരനെ സമീപിക്കുന്നു. അദ്ദേഹം ഒരു പ്രശ്നത്തിനു പരിഹാരമായി മറ്റൊരു പ്രശ്നമുണ്ടാക്കിത്തരുന്നു. അങ്ങിനെ ജീവിതത്തിലെ ചെറിയ പ്രശ്നങ്ങൾ ജ്യോതിഷൻ തരുന്ന വലിയ പ്രശ്നത്താൽ പരിഹരിക്കപ്പെടുന്നു. അങ്ങിനെ സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

45. പ്രശ്നമായാൽപോലും അൽപം ബുദ്ധിയും യുക്തിയുമുപയോഗിച്ച് വിശകലനം ചെയ്താൽ അതിനെ കുറേയൊക്കെ പ്രയോജനപ്പെടുത്താം. മണിച്ചിത്രത്താഴ് എന്ന സിനിമയിൽ മന്ത്രവാദം പ്രയോജനപ്പെടുത്തിയതുപോലെയാണിതും.

46. പക്ഷേ സിനിമകളിൽ കാണുന്നതുപോലെ ജ്യോതിഷനെ കളിയാക്കാനായി കാട്ടിക്കൂട്ടുന്നതല്ല പ്രശ്നവും ജാതക വിശകലനവും. കുറേ അടിസ്ഥാനതത്വങ്ങളുടെ അടിത്തറയിലാണ് ജ്യോതിഷം പടുത്തുയർത്തിയിരിക്കുന്നത്.

47. എല്ലാത്തിലും നന്മതിന്മകളുണ്ട്. അതെല്ലാം കേൾക്കാനും കാണാനും കാതും കണ്ണും തുറന്നുവയ്ക്കുക. അതിലെ നന്മകളെടുക്കാനായി മാത്രം മനസ് തുറുന്നു വയ്ക്കുക.

ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ ചിന്തിച്ചും പ്രവർത്തിച്ചും ജീവിതത്തെ ധന്യമാക്കുക. ധന്യമായ ജീവിതത്തിന്നായി എല്ലാ നന്മകളുമെടുക്കുക. അതെവിടെ നിന്നായാലും സ്വീകരിക്കുക.



Scanned with CamScanner

ഭാരതീയ പൈതൃകത്തിന്റെ അവിഭാജ്യഘടകമാണ് ജ്യോതിഷം. ആറാമത്തെ വേദാംഗമാണിത്. ശുദ്ധഗണിതം, ശുദ്ധജ്യോതിശാസ്ത്രം പിന്നെ പ്രവചനം ഈ മൂന്നും ചേർന്നതാണ് ജാതകം. ഇത് പഠിച്ച്, ജീവിതത്തിൽ പകർത്തി ജീവിക്കണമെന്നാരും നിർദ്ദേശിച്ചിട്ടില്ല. ജീവിക്കാൻ ജാതകത്തിന്റെ ആവശ്യമേയില്ല. പിന്നെ ഭൂതകാലം, വർത്തമാനകാലം, ഭാവികാലം അറിയാൻ ഇന്നു നിലവിലുള്ള ഒരേഒരു മാർഗമിതാണ്. വിശ്വസിച്ചാലും ഇല്ലെങ്കിലും! ഉപയോഗിച്ചാലും ഇല്ലെങ്കിലും!

Scanned with CamScanner